No./775/2023/SRG/LSGD/CC(8)

**വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയോഗം**
**04.01.2024 ന് ഉച്ചകഴിഞ്ഞ് 2.30 മണിക്ക്- സെക്രട്ടേറിയറ്റ് അനക്സ് II – ലയം ഹാൾ**

**അജണ്ട**

**2 വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 08.03.2023, 15.06.2023, 22.06.2023, 03.07.2023, 26.09.2023, 26.10.2023, 14.11.2023 എന്നീ തീയതികളിൽ നടന്ന യോഗതീരുമാന പ്രകാരം തുടർനടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ**

**2.1 കോഓർഡിനേഷൻ കമ്മിറ്റിയുടെ 08.03.2023-ലെ യോഗ തീരുമാനപ്രകാരം നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ**

1

**2.1 ഖണ്ഡിക 4.22**

**ലൈഫ് ഭവന പദ്ധതി**

**ബഹു. ആലപ്പുഴ എം.എൽ.എ 06.12.2022 ൽ അവതരിപ്പിക്കുന്നതിന് അനുവദിച്ച സബ്മിഷൻ നം.2, ബഹു. ആലപ്പുഴ എം.എൽ.എ, കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ ജനറൽ സെക്രട്ടറി, ലൈഫ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ എന്നിവരുടെ കത്തുകളുടെ അടിസ്ഥാനത്തിലുള്ള 03.02.2023 ലെ സർക്കാർ ഫയൽ (SRG 268/2023 – LSGD – DE3/221/2022/LSGD).**

**വിഷയം:-** പ്രളയത്തിൽ വീടുതകർന്നവർക്ക് ധനസഹായം നൽകുന്നത് സംബന്ധിച്ച്.

ബഹു. തദ്ദേശസ്വയംഭരണ-എക്സൈസ് വകുപ്പ് മന്ത്രി 03.02.2023 ൽ നോട്ട് ഫയലിൽ (ഖണ്ഡിക 28) ഉത്തരവായതനുസരിച്ച് പ്രളയത്തിൽ തകർന്ന വീടുകൾക്ക് SDRF / CMDRF ൽ നിന്നു ധനസഹായം ലഭിക്കുകയും പിന്നീട് വീട്ടു വാസയോഗ്യമല്ലാതായതിനാൽ ലൈഫ് / പി.എം.എ.വൈ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവരുടെ ജില്ല തിരിച്ചുള്ള വിവരം താഴെ പറയും പ്രകാരം ശേഖരിച്ച് നൽകാൻ ലൈഫ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെ ചുമതലപ്പെടുത്തിയ പ്രകാരം റിപ്പോർട്ട് നൽകി.

**റിപ്പോർട്ട് :-**

| ക്രമ നം | ജില്ല | പ്രളയത്തിൽ തകർന്ന വീടുകളുടെ പുനരുദ്ധാരണത്തിന് CMDRF/SDRF ൽ നിന്ന് ധനസഹായം ലഭിച്ചതും പിന്നീട് ലൈഫ് ലിസ്റ്റിൽ ഉൾപ്പെട്ടവരുമായ കുടുംബങ്ങളുടെ എണ്ണം | പ്രളയത്തിൽ കൈപ്പറ്റിയ തുക | |
|---|---|---|---|---|
| | | | SDRF | CMDRF |
| 1 | തിരുവനന്തപുരം | 55 | 16,41,000 | 1,80,000 |
| 2 | പത്തനംതിട്ട | 83 | 31,09,300 | 40,93,000 |
| 3 | ആലപ്പുഴ | 2886 | 25,18,08,300 | |
| 4 | കോട്ടയം | 824 | 89,80,700 | 5,46,07,000 |
| 5 | എറണാകുളം | 246 | 93,62,900 | 2,74,83,350 |
| 6 | പാലക്കാട് | 9 | 7,92,500 | 4,60,500 |
| 7 | മലപ്പുറം | 127 | 2,58,00,000 | |
| 8 | കോഴിക്കോട് | 22 | 0 | 4,70,100 |
| 9 | വയനാട് | 2 | 0 | 1,00,000 |
| 10 | കണ്ണൂർ | 2 | 45,000 | 45,000 |
| | **ആകെ** | **4256** | **30,15,39,700** | **8,74,38,950** |

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **1)ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ<br>2)തദ്ദേശസ്വയംഭരണ (ഡി.ഇ) വകുപ്പ്** |

2

2.1 ഖണ്ഡിക 4.84

പുഴയ്ക്കൽ ബ്ലോക്ക് പഞ്ചായത്ത്

**തൃശ്ശൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 04.01.2023 ലെ കത്തും പുഴയ്ക്കൽ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 23.08.2022 ലെ C-299/2018-ാം നമ്പർ കത്തും (SRG 165/2023- CC /481/22)**

**വിഷയം:-** നിലവിലെ പ്ലാസ്റ്റിക് ഷ്രഡ്ഡിംഗ് മെഷീനു പകരം പുതിയ മെഷീൻ വാങ്ങുന്നതു സംബന്ധിച്ച്

| | | |
|---|---|---|
| *പ്രോ.നം: 76/2018* | *അടങ്കൽ* | *16,00,000/- രൂപ (വികസനഫണ്ട് - ജനറൽ )* |
| *പേര്* | **പ്ലാസ്റ്റിക് മാലിന്യ സംസ്കരണ പരിപാടി** | |

പുഴയ്ക്കൽ ബ്ലോക്ക് പഞ്ചായത്ത് 2017-18ൽ മാലിന്യ സംസ്കരണത്തിന്റെ ഭാഗമായി കൈപറമ്പ് ഗ്രാമപഞ്ചായത്തിൽ പ്ലാസ്റ്റിക് ഷ്രഡ്ഡിംഗ് യൂണിറ്റ് ആരംഭിച്ചിരുന്നു. ഇതിന്റെ ഭാഗമായി 4,54,000 രൂപ മുടക്കി പ്ലാസ്റ്റിക് ഷ്രഡ്ഡിംഗ് മെഷീൻ വാങ്ങി സ്ഥാപിച്ചു. 1,62,000 രൂപ ഇതുവരെ പ്രതിവർഷ അറ്റകുറ്റപ്പണിക്കായി ചെലവഴിച്ചിട്ടുണ്ട്. ഈ മെഷീന്റെ 6 ബ്ലേഡുകൾ പലതവണ മാറ്റിയെങ്കിലും പ്ലാസ്റ്റിക് പൊടിക്കാനാകുന്നില്ല. അതിനാൽ നിലവിലെ മെഷീൻ കണ്ടം ചെയ്ത് പുതിയ മെഷീൻ വാങ്ങാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**08.03.2023 ലെ തീരുമാനം** :-2017 ൽ വാങ്ങിയ മെഷീൻ പല പ്രാവശ്യം അറ്റകുറ്റപ്പണി നടത്തിയിട്ടും ഉപയോഗിക്കാൻ കഴിയാത്തത് പ്രത്യേകം പരിശോധിക്കേണ്ടതുണ്ട്. ക്ലീൻ കേരള കമ്പനി മുഖേനയാണോ മെഷീൻ വാങ്ങിയത് എന്നതടക്കം വിശദമായി പരിശോധിച്ച് റിപ്പോർട്ട് നൽകാൻ ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറെ ചുമതലപ്പെടുത്തി. ഇതനുസരിച്ച് ശുചിത്വമിഷൻ എക്സികൃൂട്ടീവ് ഡയറക്ടർ റിപ്പോർട്ട് നൽകിയെങ്കിലും റിപ്പോർട്ട് അപൂർണ്ണമായതിനാൽ പരിഗണിച്ചില്ല.

**25.04.2023 ലെ തീരുമാനം:-** അടുത്ത കോഓർഡിനേഷൻ കമ്മിറ്റിയിൽ താഴെ പറയുന്ന വിവരങ്ങൾ കൂടി ഉൾപ്പെടുത്തി വിശദമായ റിപ്പോർട്ട് നൽകാൻ ക്ലീൻകേരള കമ്പനിയുടെ മാനേജിംഗ് ഡയറക്ടറെ ചുമതലപ്പെടുത്തി. ക്ലീൻകേരള കമ്പനി മുഖേനയാണോ മെഷീൻ വാങ്ങിയത്, നിലവിലെ മെഷീനിന്റെ ടെക്നിക്കൽ പരിശോധന നടത്തിയതിന്റെ റിപ്പോർട്ട്, മെഷീൻ പല പ്രാവശ്യം അറ്റകുറ്റപ്പണി നടത്തിയിട്ടും പ്രവർത്തിക്കാൻ കഴിയാത്തതിന്റെ കാരണം എന്നിവ സംബന്ധിച്ച റിപ്പോർട്ട്.

ഇതനുസരിച്ച് റിപ്പോർട്ട് നൽകി.

**റിപ്പോർട്ട്:-** **1)** പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് മെഷീൻ 2017-18-ൽ ക്ലീൻ കേരള കമ്പനി മുഖേനയാണ് സ്ഥാപിച്ചത്. 2020 ഒക്ടോബർ മാസം കൈപറമ്പ് **RRF** യൂണിറ്റിന്റെ പ്രവർത്തന പരിപാലനത്തിന് ക്ലീൻ കേരള കമ്പനിയുമായി കരാറിൽ ഏർപ്പെട്ടിരുന്നു. തുടർന്ന് ഷ്രെഡ്ഡിംഗ് മെഷീന്റെ പരിപാലനവും കമ്പനി ഏറ്റെടുത്തിരുന്നു. മാലിന്യം ശരിയായി തരംതിരിക്കാതെ മെറ്റൽ അംശമുള്ള വേസ്റ്റ് മെഷീനിൽ ഇടുന്നതുകൊണ്ടും ബ്ലേഡ് കൃത്യമായി മൂർച്ച കൂട്ടാത്തതു കാരണവും മെഷീന്റെ ബ്ലേഡുകൾക്ക് കേടു സംഭവിച്ചിട്ടുണ്ട്. ഒരു വർഷത്തേയ്ക്ക് മാത്രമായാണ് കരാർ ഉണ്ടായിരുന്നതെങ്കിലും കാലവധിക്കുശേഷവും കേടുപാടുകൾ പരിഹരിച്ചു നൽകിയിട്ടുണ്ട്.

**2)** ക്ലീൻ കേരള കമ്പനിക്ക് ടെക്നിക്കൽ ടീം ഇല്ലാത്തതിനാൽ നിലവിലെ ക്യാമ്പയിൻ സെക്രട്ടേറിയറ്റിന്റെ ഭാഗമായി ജില്ലയിൽ രൂപീകരിച്ചിട്ടുള്ള ടെക്നിക്കൽ ടീമിനെയോ സർക്കാർ എഞ്ചിനീയറിംഗ് കോളേജിലെ ഇലക്ട്രിക്കൽ, മെക്കാനിക്കൽ വിഭാഗത്തെയോ

ഉപയോഗിച്ച് ടെക്നിക്കൽ ഇവാല്യവേഷൻ നടത്തിയശേഷം പുതിയ മെഷീൻ വാങ്ങുന്നത് പരിഗണിക്കാവു ന്നതാണെന്നറിയിച്ചിരിക്കുന്നു. 25.02.2022-ലെ 469/2019/തസ്വഭവ ഉത്തരവനുസരിച്ച് ഷ്രെഡ്ഡിംഗ് മെഷീനുകൾ സ്ഥാപിക്കേണ്ടതില്ല എന്ന വിവരം മാനേജിംഗ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **1)മാനേജിംഗ് ഡയറക്ടർ, ക്ലീൻ കേരള കമ്പനി<br>2)തദ്ദേശസ്വയംഭരണ (ഡബ്ളിയു.എം) വകുപ്പ്** |

**2.2 കോഓർഡിനേഷൻ കമ്മിറ്റിയുടെ 15.06.2023 ന കൂടിയ യോഗതീരുമാന പ്രകാരം നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ**

3

**2.2 ഖണ്ഡിക 3.3**

**ഹാപ്പിനസ്സ് പാർക്ക് :-** കേരളത്തിലെ എല്ലാ ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷനുകളിലും കുറഞ്ഞത് ഒന്ന് വീതം ഹാപ്പിനസ്സ് പാർക്കുകൾ എന്നതാണ് ലക്ഷ്യം. ഇതിനായി തദ്ദേശഭരണസ്ഥാപനങ്ങൾ 50 സെന്റ് സ്ഥലമെങ്കിലും കണ്ടെത്തണം. മാലിന്യനിക്ഷേപ കേന്ദ്രങ്ങളായിരുന്ന പ്രദേശങ്ങൾ, ക്രിമിറ്റോറിയത്തിനു സമീപമുള്ള ഭൂമി എന്നിവ ഇതിനായി ഉപയോഗിക്കാൻ മുൻഗണന നൽകേണ്ടതാണ്. താഴെ പറയുന്നതടക്കമുള്ള സൗകര്യങ്ങളുള്ള പാർക്കാണ് ഉണ്ടാക്കേണ്ടത്.

- ഭംഗിയും വൃത്തിയുമുള്ള പാർക്ക്, ഇരിപ്പിടം, സൗകര്യ ലഭ്യതയ്ക്കനുസരിച്ച് മറ്റ് വിനോദ ഉപാധികൾ എന്നിവ ഉണ്ടാകണം.
- സെൽഫി കോർണർ ഉണ്ടാകണം
- സ്നാക്ക്സ് & ഡ്രിംഗ്സ് (ടേസ്റ്റ് ദി വില്ലേജ് കോർണർ), മൊബൈൽ റീ ചാർജ്ജിംഗ് സംവിധാനം, വൈഫൈ, കുടിവെള്ളം, വൃത്തിയുള്ള ടോയിലറ്റ് എന്നീ സൗകര്യങ്ങൾ അനിവാര്യമാണ്.
- മാലിന്യശേഖരണ സംവിധാനം ഉണ്ടാകണം
- ഭംഗിയുള്ള ലൈറ്റിംഗ് സംവിധാനം വേണം
- സേവ് ദി ഡേറ്റ്, ബർത്ത് ഡേ പാർട്ടി പോലുള്ള ഇവന്റുകൾക്ക് വിനിയോഗിക്കുവാൻ കഴിയും വിധം ഭംഗിയുണ്ടാകണം.
- മാസത്തിൽ ഒരു ദിവസം ഹാപ്പിനസ്സ് ഡേ ഉണ്ടാകണം. പ്രദേശത്തെ തനത് കലാകാരന്മാർക്ക് അവസരം നൽകിക്കൊണ്ടുള്ള കലാപരിപാടികൾ, ഫുഡ് ഫെസ്റ്റ് എന്നിവ ആകാം.
- സ്ഥല ലഭ്യതയ്ക്കനുസരിച്ച് താഴെപ്പറയുന്ന അധിക സൗകര്യങ്ങൾ ഏർപ്പെടുത്തണം.
- ഡാൻസിംഗ് / സിംഗിംങ് ഫ്ലോർ
- മഴവെള്ള സംഭരണ സംവിധാനം
- വർക്ക് ഫ്രം പാർക്ക് സൗകര്യങ്ങൾ
- കമ്മ്യൂണിറ്റി യോഗ, മെഡിറ്റേഷൻ, ജോഗിംഗ് തുടങ്ങിയവയ്ക്കുള്ള സംവിധാനം
- ഡിജിറ്റൽ ബോർഡ് ത്രീഡി തിയേറ്റർ സിസ്റ്റം
- റേഡിയോ ഉൾപ്പെടെയുള്ള സംഗീത സംവിധാനം

- ഡ്രസ്സ് ചേഞ്ചിംഗ് സൗകര്യം, മുലയൂട്ടാനുള്ള സൗകര്യം, മൈലാഞ്ചി കോർണർ
- സൈക്കിൾ ട്രാക്ക്, നീന്തൽക്കുളം
- ഓപ്പൺ ജിം, കിഡ്സ് ലൈബ്രറി, പെറ്റ് സ്റ്റേഷൻ
- കൾച്ചറൽ കോർണർ, അതത് സ്ഥലത്തെ പ്രശസ്തരായ സാഹിത്യകാരന്മാരുടെ സൃഷ്ടികൾ തീം ആക്കിയുള്ള കൾച്ചറൽ കോർണർ
- ഹോബി കഫേ (ചെസ്സ്, കാരംസ്, ടേബിൾ ടെന്നീസ് തുടങ്ങിയവയുള്ള സൗകര്യം)
- വാൾ ആർട്ട്, ബട്ടർ ഫ്ലൈ പാർക്ക്, ആക്ട് ഹൗസ്, ഫിലിം ക്ലബ്

ഈ സൗകര്യങ്ങൾ ഒരുക്കുന്നതിന് ഭൂമി വാങ്ങുന്നതിനുൾപ്പെടെയുള്ളവയ്ക്കായി വികസന ഫണ്ട്, തനതുഫണ്ട് എന്നിവ ഉപയോഗിക്കാം. മാലിന്യ സംസ്കരണ മേഖലയ്ക്ക് മാറ്റി വയ്ക്കേണ്ട വിഹിതത്തിന്റെ ഒരു ഭാഗം വിനിയോഗിക്കാവുന്നതാണ്. നഗരങ്ങളിൽ അമൃത്, KSWMP പദ്ധതികളുടെ സാധ്യത കൂടി പ്രയോജനപ്പെടുത്തുന്നതോടൊപ്പം സ്പോൺസർഷിപ്പ്, സി.എസ്.ആർ എന്നിവയിലൂടെയും ഫണ്ട് കണ്ടെത്താവുന്നതാണ്. ഇതിനായി മോഡൽ പ്ലാനുകൾ തയ്യാറാക്കണം. ഇതിനായി ആർക്കിടെക്ചറൽ, എഞ്ചിനീയറിംഗ് വിദ്യാർത്ഥികളുടെ ഡ്രോയിംഗ് ക്യാമ്പ് സംഘടിപ്പിക്കാം. ഒപ്പം നിലവിലുള്ള പാർക്കുകളിൽ അധിക സംവിധാനം ഏർപ്പെടുത്തി ഹാപ്പിനസ്സ് പാർക്കായി മാറ്റാം.

ബന്ധപ്പെട്ടവരുമായി ഇത് വിശദമായി ചർച്ച ചെയ്ത് ഹാപ്പിനസ്സ് പാർക്ക് സ്ഥാപിക്കുന്നതിനുള്ള കരട് തയ്യാറാക്കി നൽകാൻ ചീഫ് ടൗൺ പ്ലാനറെ ചുമതലപ്പെടുത്തുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ തദ്ദേശഭരണസ്ഥാപനങ്ങൾക്ക് വാർഷിക പദ്ധതിയിൽ ഇതിനായി പ്രോജക്ട് തയ്യാറാക്കാവുന്നതാണ്.

ഹാപ്പിനസ് പാർക്ക് സ്ഥാപിക്കുന്നതിനുള്ള കരട് മാർഗ്ഗരേഖ സംബന്ധിച്ച റിപ്പോർട്ട്

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **1) ചീഫ് ടൗൺപ്ലാനർ<br>2)തദ്ദേശസ്വയംഭരണ(ഡി.ബി) വകുപ്പ്** |

**4**

**2.2 ഖണ്ഡിക 4.33**

**സുൽത്താൻ ബത്തേരി നഗരസഭ**

**വയനാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 17.05.2023 ലെ കത്തും സുൽത്താൻ ബത്തേരി നഗരസഭ സെക്രട്ടറിയുടെ 27.04.2023 ലെ** PC1/215/2023-24-ാം **നമ്പർ കത്തും (SRG 823/23 - CC** /359/**2023).**

**വിഷയം:-** അൺഓതറൈസ്ഡ് കെട്ടിട നമ്പർ ലഭിച്ചിട്ടുള്ള വീടുകൾക്ക് അറ്റകുറ്റപ്പണിക്ക് ധനസഹായം നൽകുന്നതു സംബന്ധിച്ച്.

| | | |
|---|---|---|
| *പ്രോ.നം:* 215/24 | ***അടങ്കൽ*** | *10,00,000 രൂപ (തനത് ഫണ്ട്)* |
| ***പേര്*** | **ചൂരിമല നിവാസികൾക്ക് പ്രത്യേക ഭവന പദ്ധതി** | |

സുൽത്താൻ ബത്തേരി നഗരസഭയിലെ ചൂരിമല പ്രദേശത്ത് പട്ടയം ഇല്ലാത്ത ഭൂമിയിലുള്ള അൺഓതറൈസ്ഡ് കെട്ടിട നമ്പർ ലഭിച്ചിട്ടുള്ള വീടുകൾക്ക് അറ്റകുറ്റപ്പണി നടത്താനാണ് പ്രോജക്ട്. ഇതിന് അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**15.06.2023 ലെ തീരുമാനം :-** ഇവർ അർഹരാണോ എന്നു പരിശോധിച്ച് റിപ്പോർട്ട് നൽകാൻ നഗരകാര്യ ഡയറക്ടറെ ചുമതലപ്പെടുത്തിയ പ്രകാരം റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്.

**റിപ്പോർട്ട്:- 1)** അൺ ഓതറൈസ്ഡ് കെട്ടിട നമ്പർ ലഭിച്ചിട്ടുള്ള വീടുകളുടെ അറ്റകുറ്റപ്പണിക്ക് അർഹതയുള്ള 65 പേരാണ് ഗുണഭോക്തൃ ലിസ്റ്റിൽ ഉള്ളത് (ലിസ്റ്റ് നൽകിയിട്ടുണ്ട്) ഇവർ 50

വർഷങ്ങളായി ഇവിടെ താമസിച്ചുവരുന്നു. ഏകദേശം 600 സ്ക്വയർ ഫീറ്റുള്ള ഷീറ്റ് മേഞ്ഞതും പൊട്ടിപൊളിഞ്ഞു വാസയോഗ്യമല്ലാത്തതുമായ കോൺക്രീറ്റ് കെട്ടിടമാണ് ഇവരുടേത്. ഈ പ്രദേശം മദ്ധ്യപ്രദേശ് സർക്കാരിന്റെ അധീനതയിലുള്ള 500 ഏക്കറുള്ള എസ്റ്റേറ്റ് മേഖലയാണ്. അതിനാൽ പട്ടയം ഇല്ല. കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട ചട്ടലംഘനത്തിന്റെ ഭാഗമായി നഗരസഭ നടപടിയൊന്നും സ്വീകരിച്ചിട്ടില്ല. ഒപ്പം, വിജിലൻസ്, കോടതി, ട്രൈബ്യൂണൽ, മറ്റേതെങ്കിലും സ്ഥാപനം വഴി നടപടി സ്വീകരിച്ചതായി അറിയില്ല.

2) അനധികൃത കെട്ടിടത്തിന് ആനുകൂല്യം നൽകുന്നത് സാധുവല്ല എങ്കിലും ഗുണഭോക്താക്കളുടെ പിന്നോക്കാവസ്ഥ കണക്കിലെടുത്താണ് നഗരസഭ പ്രോജക്ട് എടുത്തിരിക്കുന്നതെന്നറിയി ച്ചിട്ടുണ്ട്.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **1) നഗരകാര്യഡയറക്ടർ<br>2)തദ്ദേശസ്വയംഭരണ(ഡി.ഇ) വകുപ്പ്** |

**5**

**2.2 ഖണ്ഡിക 4.41**

**കേരള ഗ്രാമജ്യോതി ലൈറ്റിംഗ് പ്രൈവറ്റ് ലിമിറ്റഡ്**

**കേരള ഗ്രാമ ജ്യോതി ലൈറ്റിംഗ് പ്രൈവറ്റ് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടറുടെ 11.10.2021, 17.05.2023 എന്നീ തീയതികളിലെ കത്തുകളും, റൂറൽ ഡയറക്ടറുടെ 24.05.2023 ലെ LSGD/PP/35634/2023/EER2 നമ്പർ കത്തും (SRG 710/23)**

**വിഷയം:** തെരുവുവിളക്കു സ്ഥാപിക്കാൻ കേരളഗ്രാമജ്യോതി ലൈറ്റിംഗ് പ്രൈവറ്റ് ലിമിറ്റഡിനെ വിവിധ പ്രവൃത്തികൾ ഏല്പിക്കുന്നതു സംബന്ധിച്ച്

കേരളഗ്രാമജ്യോതി ലൈറ്റിംഗ് പ്രൈവറ്റ് ലിമിറ്റഡ് **(KGL)** തദ്ദേശഭരണസ്ഥാപനങ്ങളിൽ തെരുവുവിളക്കു സ്ഥാപിക്കുന്നതിനും പരിപാലനത്തിനുമുള്ള പദ്ധതി ഏറ്റെടുത്തു നടത്തിയിരുന്നു. 'നിലാവ്' പദ്ധതി വന്നതിനുശേഷം തദ്ദേശഭരണസ്ഥാപനങ്ങളിൽ നിന്ന് KGL ന് ഓർഡർ ലഭിക്കുന്നില്ല. 45 പേർക്ക് നേരിട്ടും 300-ഓളം പേർക്ക് പരോക്ഷമായും KGL മുഖേന ജോലി ലഭിക്കുന്നുണ്ടായിരുന്നു. ഈ സ്ഥാപനം മുന്നോട്ടു കൊണ്ടു പോകുന്നതിന് താഴെ പറയുന്ന ആവശ്യങ്ങൾ പരിഗണിക്കുന്നത് സംബന്ധിച്ച്.

I. തദ്ദേശഭരണസ്ഥാപനങ്ങളിൽ നിലവിലുള്ള എല്ലാത്തരം ലൈറ്റുകളുടേയും വാർഷിക പരിപാലന ചുമതല KGL നെ ഏൽപ്പിക്കണം.

II. തദ്ദേശഭരണസ്ഥാപനങ്ങളിൽ നടത്തി വരുന്ന വിവിധ സോളാർ പ്രവൃത്തികളുടെ നിർവ്വഹണ ഏജൻസിയായി KGL നെ ചുമതലപ്പെടുത്തണം.

III. **MPLAD/MLASDF** പദ്ധതിയിൻ കീഴിൽ വരുന്ന ഹൈമാസ്റ്റ്, മിനിമാസ്റ്റ് പ്രവർത്തികളുടെ നിർവ്വഹണത്തിനും പരിപാലനത്തിനും **KGL** ന് അനുമതി നൽകണം.

**15.06.2023 ലെ തീരുമാനം :-**

**1)** മുകളിൽ പറഞ്ഞവയിൽ ക്രമ നമ്പർ 1,3 എന്നിവയിലെ ആവശ്യങ്ങൾ അംഗീകരിക്കുന്നു.

**2)** ക്രമനമ്പർ രണ്ടിൽ പറയുന്ന സോളാർ പ്രവൃത്തികളുടെ നിർവ്വഹണ ഏജൻസിയായി **KGL** നെ ചുമതലപ്പെടുത്തണമെന്ന ആവശ്യത്തിന്മേൽ **EMC (Energy Management Centre)** ന്റെ റിപ്പോർട്ട് തേടാനും റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീടു പരിഗണിക്കാനും തീരുമാനിച്ചു. ഇതനുസരിച്ച് EMC രജിസ്ട്രാർ റിപ്പോർട്ട് നൽകി.

**26.09.2023-ൽ നൽകിയ റിപ്പോർട്ട്** – സോളാർ പ്രവൃത്തികളുമായി ബന്ധപ്പെട്ട വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിന്റെ നോഡൽ ഏജൻസിയായി അനെർട്ടിനെയാണ്

ചുമതലപ്പെടുത്തിയിരിക്കുന്നത് എന്നും അതിനാൽ ഇത് അനെർട്ടിനെ ഏല്പിക്കാവുന്നതാണെന്നും അറിയിച്ചു.

**26.09.2023-ലെ തീരുമാനം :-** സോളാർ പ്രവൃത്തികളുടെ നിർവ്വഹണ ഏജൻസിയായി KGLനെ ചുമതലപ്പെടുത്തണമെന്ന ആവശ്യത്തിന്മേൽ പരിശോധിച്ച് റിപ്പോർട്ട് നൽകാൻ **ANERT** ഡയറക്ടറെ ചുമതലപ്പെടുത്തിയ പ്രകാരം റിപ്പോർട്ട് നല്കി.

**റിപ്പോർട്ട്:-** സൗരോർജ്ജ പദ്ധതികൾ സംസ്ഥാനത്ത് നടപ്പിലാക്കുന്നതിനുള്ള സംസ്ഥാന സർക്കാരിന്റെയും കേന്ദ്ര സർക്കാരിന്റെയും നോഡൽ ഏജൻസിയാണ് അനെർട്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതികൾ ഡിപ്പോസിറ്റ് പ്രവൃത്തിയായും പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടൻസിയായും ഏറ്റെടുത്ത് നടത്തുന്നു. ഇത്തരത്തിൽ പദ്ധതി നടപ്പാക്കുമ്പോൾ സൈറ്റ് ഫീസിബിലിറ്റി സർവ്വേ നടത്തുക, പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുക, ഇ-ടെണ്ടർ മുഖേന സൗരോർജ്ജ പവർപ്ലാന്റുകൾ സ്ഥാപിക്കുന്ന ഏജൻസിയെ തെരഞ്ഞെടുത്ത് അനെർട്ടിന്റെ മേൽനോട്ടത്തിൽ പദ്ധതി പൂർത്തീകരിച്ചു നൽകുക എന്നീ പ്രവൃത്തികളാണ് ചെയ്യുന്നത്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നേരിട്ട് സൗരോർജ്ജ പദ്ധതികൾ നടപ്പിലാക്കുകയാണെങ്കിൽ അതിനുള്ള സാങ്കേതിക സഹായം അനെർട്ട് നൽകുന്നുണ്ട്. **KGL**-ന് അനെർട്ടിന്റെ എം.പാനൽ ഏജൻസിയാക്കുന്നതിന് **KGL**-ന് നടപടി സ്വീകരിക്കാവുന്നതാണ്.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **1) ഡയറക്ടർ,** ANERT<br>**2)തദ്ദേശസ്വയംഭരണ(ഡി.ബി) വകുപ്പ്** |

6

**2.2 ഖണ്ഡിക 4.46**

**ആലപ്പുഴ മുനിസിപ്പാലിറ്റി**

**ആലപ്പുഴ ജില്ലാപ്ലാനിംഗ് ഓഫീസറുടെ 06.02.2023 ലെ കത്തും ആലപ്പുഴ മുനിസിപ്പൽ സെക്രട്ടറിയുടെ 02.01.2023 ലെ E2-22502/21-ാം നമ്പർ കത്ത് (SRG 330/23 - CC/85/2023)**

**വിഷയം:-** അമൃത് പദ്ധതിയിൽ ലോൺ എടുത്ത തുക സി.എഫ്.സി (ടൈഡ്) ഗ്രാന്റിൽ നിന്നും തിരികെ അടയ്ക്കുന്നതിനു അനുമതി സംബന്ധിച്ച്.

ആലപ്പുഴ നഗരസഭയ്ക്ക് അമൃത് 1.0 പദ്ധതിയിൽ 222.7 കോടി രൂപ അനുവദിച്ചിരുന്നു. ഈ തുക 50:30:20 അനുപാതത്തിൽ കേന്ദ്രം, സംസ്ഥാനം, നഗരസഭാ വിഹിതമായാണ് കണക്കാക്കുന്നത്. ഇതിൽ ലോൺ വിഹിതം 23.85 കോടി രൂപയാണ്. 10 തുല്യ ഗഡുക്കളായി 7.5 ശതമാനം പലിശയോടെ പ്ലാൻ ഫണ്ടിൽ നിന്നാണ് ഈ തുക തിരികെ അടയ്ക്കുന്നത്. എന്നാൽ വെള്ളപ്പൊക്കം, കൊവിഡ് എന്നിവ മൂലം യഥാസമയം ലോൺ തിരികെ അടച്ചിട്ടില്ല. ആകെ 56.00 ലക്ഷം രൂപയാണ് തിരികെ അടച്ചത്. ഈ സാഹചര്യത്തിൽ ലോൺ തുകയുടെ ഗഡുക്കൾ ധനകാര്യകമ്മീഷൻ ഗ്രാന്റ് (ടൈഡ്) ൽ നിന്ന് അടയ്ക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**15.06.2023 ലെ തീരുമാനം :-** ഈ പദ്ധതിയിലെ മാനദണ്ഡങ്ങൾ, നിബന്ധന തുടങ്ങിയവ സംബന്ധിച്ച് റിപ്പോർട്ട് നൽകാൻ അമൃത് പ്രോജക്ട് ഡയറക്ടറെ ചുമതലപ്പെടുത്തി.

ഇതു സംബന്ധിച്ച റിപ്പോർട്ട്

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **1) ഡയറക്ടർ, അമൃത് പ്രോജക്ട്**<br>**2)തദ്ദേശസ്വയംഭരണ(ഡി.സി) വകുപ്പ്** |

**<u>2.3 കോഓർഡിനേഷൻ കമ്മിറ്റിയുടെ 22.06.2023 ന കൂടിയ യോഗതീരുമാന പ്രകാരം നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ</u>**

7

**<u>2.3 ഖണ്ഡിക 4.41</u>**

**<u>കോടോം ബേളൂർ ഗ്രാമപഞ്ചായത്ത്</u>**

**കാസർകോഡ് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 02.05.2023 ലെ കത്ത് (SRG 699/23 – CC/299)**

**വിഷയം:-** ലൈഫ് ഭവന പദ്ധതി പ്രകാരം വീട്ടു നൽകുന്നതു സംബന്ധിച്ച്

| *പ്രോ.നം: 125/24* | *അടങ്കൽ* | *1,49,00,000 രൂപ* |
|---|---|---|
| | *വികസനഫണ്ട് ജനറൽ* | *33,00,000 രൂപ* |
| | *സി.എഫ്.സി ബെയ്സിക് ഗ്രാന്റ്* | *1,00,000 രൂപ* |
| | *സർക്കാർ വിഹിതം* | *5,00,000 രൂപ* |
| | *ലോൺ* | *1,00,00,000 രൂപ* |
| | *ബ്ലോക്ക് പഞ്ചായത്ത് വിഹിതം* | *5,00,000 രൂപ* |
| | *ജില്ലാ പഞ്ചായത്ത് വിഹിതം* | *5,00,000 രൂപ* |
| ***പേര് - ലൈഫ് ഭവനപദ്ധതി ജനറൽ 2023-24*** | | |

കോടോം ബേളൂർ ഗ്രാമപഞ്ചായത്തിലെ 5-ാം വാർഡിലുള്ള ശ്രീമതി ഗിരിജ കുമാരി, പുളിക്കൽ ഹൗസ് എന്ന വ്യക്തി ലൈഫ് ഭവന പദ്ധതിയുടെ ഗുണഭോക്തൃ ലിസ്റ്റിൽ ഉണ്ട്. ലൈഫ് ഭവനപദ്ധതി പ്രകാരം 25 സെന്റിൽ താഴെ സ്വന്തമായി സ്ഥലമുള്ളവർക്കാണ് ധനസഹായം നൽകുന്നത്. ഈ കുടുംബത്തിന് 28 സെന്റ് സ്ഥലമുണ്ട്. ഇവർക്ക് തലാസീമിയ എന്ന രോഗം ബാധിച്ച മകനുണ്ടെന്നും മാസത്തിൽ മൂന്നു പ്രാവശ്യം രക്തം മാറ്റിവയ്ക്കേണ്ടതുണ്ടെന്നും അറിയിച്ചിരിക്കുന്നു. വാസയോഗ്യമായ ഭവനമില്ലാത്തതിനാൽ അണുബാധ ഉണ്ടാകാതിരിക്കാൻ ബന്ധുവീട്ടിലാണ് ഇവർ താമസിക്കുന്നതെന്നറിയിച്ചുകൊണ്ട് 25 സെന്റ് ഭൂമി എന്നതിൽ ഇളവു നൽകണമെന്നതു സംബന്ധിച്ച്.

**<u>22.06.2023 ലെ തീരുമാനം</u>:-** ഇതു പരിശോധിച്ച് റിപ്പോർട്ട് നൽകാൻ ലൈഫ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെ ചുമതലപ്പെടുത്തിയ പ്രകാരം റിപ്പോർട്ട് നൽകി.

**<u>റിപ്പോർട്ട് :-</u>** ശ്രീമതി. ഗിരിജയുടെ പേരിൽ കോടോം ബേളൂർ ഗ്രാമപഞ്ചായത്തിൽ 13.5 സെന്റ് ഭൂമിയും ഭർത്താവിന്റെ പേരിൽ പുല്ലൂർപെരിയ ഗ്രാമപഞ്ചായത്തിൽ 12 സെന്റ് ഭൂമിയും നിലവിലുണ്ട്. ലൈഫ് ഭവന പദ്ധതിയുടെ അർഹതാ മാനദണ്ഡങ്ങൾ പ്രകാരം ഗ്രാമപ്രദേശങ്ങളിൽ 25 സെന്റിൽ കൂടുതൽ ഭൂമിയുള്ള കുടുംബത്തിന് ഭവന നിർമ്മാണാനുകൂല്യത്തിന് അർഹതയില്ല. എന്നാൽ ശ്രീമതി.ഗിരിജയുടെ കുടുംബത്തിന്റെ പ്രത്യേക സാഹചര്യം പരിഗണിച്ച് ഭൂപരിധി മാനദണ്ഡത്തിൽ ഇളവ് അനുവദിച്ചാൽ മാത്രമേ ലൈഫ് ഭവന പദ്ധതിയിൽ ടി കുടുംബത്തിന് വീട് അനുവദിക്കുന്നതിന് കഴിയുകയുള്ളൂ.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **1)ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ<br>2)തദ്ദേശസ്വയംഭരണ(ഡി.ഇ) വകുപ്പ്** |

8

**<u>2.3 ഖണ്ഡിക 4.47</u>**

**<u>പെരുമ്പാവൂർ നഗരസഭ</u>**

**പെരുമ്പാവൂർ നഗരസഭാ സെക്രട്ടറിയുടെ 26.05.2023-ലെ PH3- S097/23-ാം നമ്പർ കത്തും അനുബന്ധരേഖകളും (SRG 835/23).**

**വിഷയം:-** പുറമ്പോക്കു ഭൂമിയിൽ താമസിക്കുന്നവർക്ക് ഭവനപുനരുദ്ധാരണത്തിനു ധനസഹായം നൽകുന്നതു സംബന്ധിച്ച്.

ഭവനപുനരുദ്ധാരണത്തിന് കഴിഞ്ഞ വർഷം (2022-23) പ്രോജക്ട് ഏറ്റെടുത്തിരുന്നു. ഗുണഭോക്തൃ ലിസ്റ്റിലുള്ള താഴെ പറയുന്ന പട്ടികജാതി വിഭാഗത്തിൽപ്പെടുന്ന കുടുംബങ്ങൾ താമസിക്കുന്നത് പുറമ്പോക്ക് ഭൂമിയിലാണ്.

1) ശ്രീമതി ഉഷ കുട്ടപ്പൻ, കണ്യാറപറമ്പിൽ, വാർഡ് 23
2) ശ്രീമതി ശാന്ത സുനിൽ, കരവട്ട്, വാർഡ് 26
3) ശ്രീമതി ഉഷരാജൻ, പാറപ്പുറത്ത്, വാർഡ് 15
4) ശ്രീ. ഷിബു എ, എരേക്കാട്ടു കുടി, വാർഡ് 26
5) ശ്രീമതി സുജ ശിവദാസ്, തേലക്കാട്ടു കുടി, വാർഡ് 9

ഇവർ റവന്യൂ അധികാരികളിൽ നിന്നു കൈവശരേഖ ഹാജരാക്കിയിട്ടുണ്ട്. കൈവശ രേഖയുടെ അടിസ്ഥാനത്തിൽ ഭവനപുനരുദ്ധാരണത്തിന് ധനസഹായം നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്

**22.06.2023 ലെ തീരുമാനം:-** ഇതു പരിശോധിച്ച് റിപ്പോർട്ട് നൽകാൻ നഗരകാര്യ ഡയറക്ടറെ ചുമതലപ്പെടുത്തിയ പ്രകാരം റിപ്പോർട്ട് നൽകി.

**റിപ്പോർട്ട്:-**ഈ കുടുംബങ്ങൾ സാമ്പത്തികമായി പിന്നോക്കാവസ്ഥയിൽ നിൽക്കുന്നവരാണെന്നും ഇവർക്ക് മുകളിൽപറഞ്ഞ രീതിയിലുള്ള ആനുകൂല്യത്തിന് അർഹരാണെന്നും അറിയിച്ചിരിക്കുന്നു.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **1) നഗരകാര്യ ഡയറക്ടർ<br>2)തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്** |

**2.4 കോഓർഡിനേഷൻ കമ്മിറ്റിയുടെ 03.07.2023 ന് കൂടിയ യോഗതീരുമാന പ്രകാരം നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ**

9

**2.4 ഖണ്ഡിക 4.13**

**കോട്ടയം നഗരസഭ**

**ശ്രീ കെ. ചന്ദ്രൻപിള്ള, പ്രതീക്ഷ, കാരാപ്പുഴയുടെ 12.05.2023 ലെ കത്ത് (SRG 802/23)**

**വിഷയം:-** കോട്ടയം നഗരസഭയിലെ പുത്തൻ തോടിൽ നിർമ്മിച്ച പാലത്തിനു ബിൽതുക നൽകുന്നത് സംബന്ധിച്ച്.

കോട്ടയം നഗരസഭയിൽ 2006-2011 കാലഘട്ടത്തിൽ MLASDF സ്കീമിൽ രണ്ടാം വാർഡിൽ പുത്തൻതോടിന് കുറുകെ താൽക്കാലിക നടപ്പാലം നിർമ്മിച്ചു. നിർമ്മാണം പൂർത്തീകരിച്ച് നഗരസഭയുടെ ശുപാർശയോടെ ഫൈനൽ ബിൽ ജില്ലാ കളക്ടർക്കു നൽകിയിരുന്നു. എന്നാൽ പ്രകൃതിക്ഷോഭം മൂലം നടപ്പാലത്തിന് കേടു വന്നതിനാൽ ബിൽ തുക നൽകിയില്ല. ഇപ്പോൾ ഹൈക്കോടതി ഇതു സംബന്ധിച്ച വിഷയത്തിൽ സ്റ്റേ നൽകിയിട്ടുണ്ടെന്നറിയിച്ചിരിക്കുന്നു. നടപ്പാലം നിർമ്മിച്ച 74 വയസ്സുള്ള ശ്രീ. കെ.ചന്ദ്രൻപിള്ള വിവിധ രോഗങ്ങളാലും കടുത്ത സാമ്പത്തിക ബുദ്ധിമുട്ടുകളാലും വലിയ പരാധീനത അനുഭവിക്കുന്നു. ഈ സാഹചര്യത്തിൽ ബിൽതുകയും പലിശയും അനുവദിച്ചു നൽകുന്നതിന് നടപടി സ്വീകരിക്കണമെന്നതു സംബന്ധിച്ച്.

**03.07.2023 ലെ തീരുമാനം :-** പ്രളയംമൂലം നടപ്പാലത്തിനു കേടുപാടുകൾ വന്നത് പാലം നിർമ്മിച്ച കരാറുകാരന്റെ വീഴ്ചയല്ലെന്ന് യോഗം നിരീക്ഷിച്ചു. ഇത് കോഓർഡിനേഷൻ കമ്മിറ്റി പരിഗണിക്കേണ്ട വിഷയമല്ലെങ്കിലും കോട്ടയം നഗരസഭ സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായ പ്രവൃത്തി ആയതിനാലും അപേക്ഷകൻ പ്രായാധിക്യത്തിന്റെ അവശതകൾ അനുഭവിക്കുന്ന വ്യക്തിയാണെന്നത് പരിഗണിച്ചും ഇതിന്മേൽ പ്രത്യേക പരിഗണന നൽകി നടപടി സ്വീകരിക്കാൻ കോട്ടയം ജില്ലാ കളക്ടറോട് നിർദ്ദേശിക്കുന്നു.

ഇതിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച റിപ്പോർട്ട്.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **1) ജില്ലാ കളക്ടർ, കോട്ടയം<br>2)തദ്ദേശസ്വയംഭരണ(ഡി.ബി) വകുപ്പ്** |

**2.5 കോഓർഡിനേഷൻ കമ്മിറ്റിയുടെ 26.09.2023-ൽ നടന്ന യോഗ തീരുമാന പ്രകാരം നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ**

10

**2.5 ഖണ്ഡിക 4.7**

**ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹ്യൂമൻ റിസോഴ്സ് ഡെവലപ്മെന്റ്**

**ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹ്യൂമൻ റിസോഴ്സ് ഡെവലപ്മെന്റ് (IHRD) ഡയറക്ടറുടെ 27.06.2022 ലെ IHRD/2084/22/DC1, 28.06.2022 ലെ IHRD/2088/22-Dc1, 31.10.2022-ലെ IHRD/2084/22- DC നമ്പർ കത്തുകളും അനുബന്ധരേഖകളും (SRG 892/23 - DA1/248/2022 - LSGD)**

**വിഷയം:-** തദ്ദേശഭരണസ്ഥാപനങ്ങളുടെ വികേന്ദ്രീകൃതാസൂത്രണ പ്രക്രിയയിൽ പദ്ധതി ആസൂത്രണത്തിലും നിർവ്വഹണത്തിലും IHRDയുടെ പങ്കാളിത്തം ഉൾപ്പെടുത്തണമെന്നു സംബന്ധിച്ച്

കേരളത്തിൽ എഞ്ചിനീയറിംഗ് കോളേജുകൾ, പോളിടെക്നിക്കുകൾ, അപ്ലൈഡ് സയൻസ് കോളേജുകൾ, ടെക്നിക്കൽ സ്കൂളുകൾ എന്നിവയായി ആകെ 87 സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ IHRDയുടെ കീഴിലുണ്ട്.

I. തദ്ദേശഭരണസ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണ നിർവ്വഹണ പ്രക്രിയയിൽ താഴെ പറയുന്നതടക്കമുള്ളവയിൽ IHRDയുടെ പങ്കാളിത്തത്തിനും ഇടപെടലിനും അവസരമൊരുക്കണമെന്നും ഇതിനായി നിർദ്ദേശം നൽകണമെന്നതും സംബന്ധിച്ച്.

IHRD-ക്ക് സഹകരിക്കാവുന്ന മേഖലകൾ

1) തൊഴിലധിഷ്ഠിത നൈപുണ്യ പരിശീലനപരിപാടികളുടെ നടത്തിപ്പ്
2) പട്ടികജാതി / പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള വിവിധ തൊഴിലധിഷ്ഠിത പരിശീലന പരിപാടികൾ
3) വിവിധ സർവ്വേകൾ
4) വെബ് സൈറ്റ്, മൊബൈൽ ആപ്ലിക്കേഷൻസ് തുടങ്ങിയവയുടെ വികസനം
5) മുതിർന്ന പൗരന്മാർക്കുള്ള ഡിജിറ്റൽ സാക്ഷരതാ പരിശീലന പരിപാടികളുടെ നടത്തിപ്പ്
6) മുതിർന്ന പൗരന്മാർക്കുള്ള മെഡിക്കൽ എയ്ഡ് ഉപകരണങ്ങൾ
7) നൂതന ആശയങ്ങൾ കണ്ടെത്തുന്നതിൽ അദ്ധ്യാപകരുടേയും വിദ്യാർത്ഥികളുടേയും പങ്കാളിത്തം
8) ഇലക്ട്രോണിക്സ് ഉപകരണങ്ങൾ നന്നാക്കുന്നതും നവീകരിക്കുന്നതും
9) തദ്ദേശഭരണസ്ഥാപനങ്ങളിലെ ഇ-വേസ്റ്റ് സമാഹരണം
10) വിവിധ സ്ഥാപനങ്ങളിലെ കമ്പ്യൂട്ടർ ഉപകരണങ്ങൾ നന്നാക്കൽ
11) സ്കിൽ ഗ്യാപ് അനാലിസിസ് നടത്തുന്നതിനു വേണ്ടിയുള്ള സാങ്കേതിക സഹായം

**26.09.2023-ലെ തീരുമാനം** :- സാങ്കേതിക സ്ഥാപനം എന്ന നിലയിൽ IHRDക്ക് നൽകാൻ കഴിയുന്ന മുകളിൽ പറഞ്ഞ സേവനങ്ങൾ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പ്രയോജനകരമാണ് എന്ന് യോഗം വിലയിരുത്തി. ഇതിനായി IHRD ഡയറക്ടറുമായി ചർച്ച ചെയ്ത് വിശദമായ റിപ്പോർട്ട് കോഓർഡിനേഷൻ കമ്മിറ്റിക്ക് നൽകാൻ സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പിനെ ചുമതലപ്പെടുത്തിയിരുന്നു. ഇതനുസരിച്ച് 25.11.2023-ൽ IHRD ഡയറക്ടറുമായി സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ് ഓഫീസിൽ ചർച്ച ചെയ്തിരുന്നു. ചർച്ചയുടെ അടിസ്ഥാനത്തിൽ വിശദമായ കുറിപ്പ് IHRD ഡയറക്ടർ നൽകിയിട്ടുണ്ട്.

**റിപ്പോർട്ട് :-** ഇതനുസരിച്ച് താഴെപ്പറയുന്ന മേഖലകളിൽ തദ്ദേശഭരണസ്ഥാപനങ്ങളുടെ പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് IHRDക്ക് സഹകരിക്കാൻ കഴിയുമെന്നറിയിച്ചിട്ടുണ്ട്.

1) പദ്ധതി രൂപീകരണത്തിലും നടത്തിപ്പിലും പ്രവർത്തനങ്ങളുടെ ഏകോപനങ്ങളിലും പ്രൊഫഷണലിസം ഉറപ്പ് വരുത്തുന്നതിനായി ഐ.എച്ച്.ആർ.ഡി.യുടെ അനുബന്ധ സ്ഥാപനങ്ങളിലെ സാങ്കേതിക വിദഗ്ധരുടെ സഹായം ഉപയോഗിക്കാവുന്നതാണ്.

2) നൈപുണ്യ പരിശീലന പദ്ധതികളിൽ ഐ.എച്ച്.ആർ.ഡിയുടെ സേവനം ഉപയോഗിക്കാവുന്നതാണ്.
3) തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ ഇലക്ട്രിക്കൽ/ഇലക്ട്രോണിക്സ് പദ്ധതികളുടെ വർക്കുകളുടെ പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടന്റായി (PMC) ഐ.എച്ച്.ആർ.ഡി.യെ ചുമതലപ്പെടുത്തുന്നത് പരിഗണിക്കണം.
4) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട നടത്തുന്ന വിവിധതരം സർവ്വേകൾ വെബ്സൈറ്റുകളുടെയും മൊബൈൽ ആപ്പുകളുടെയും നിർമ്മാണവും വാർഷിക പരിപാലനവും തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ ഉപയോഗിക്കുന്ന കമ്പ്യൂട്ടറു കളുടെയും അനുബന്ധ ഉപകരണങ്ങളുടെയും വാർഷിക പരിപാലന കരാർ (AMC)എന്നീ മേഖലകളിൽ ഐ.എച്ച്. ആർ.ഡി.യെ പങ്കാളിയാക്കണം
5) ഉപയോഗയോഗ്യമല്ലാത്ത കമ്പ്യൂട്ടറുകളുടെയും അനുബന്ധ ഉപകരണങ്ങളുടെയും ശേഖരണത്തിനും അവയുടെ പുനരുപയോഗത്തിനുള്ള പദ്ധതിക്കും ഐ.എച്ച്. ആർ.ഡി.യെ പങ്കാളിയാക്കി പരിഗണിക്കണം
6) ഉപയോഗയോഗ്യമല്ലാത്ത ഉപകരണങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ നിന്ന് എഴുതി മാറ്റുന്നതടക്കമുള്ള വിവിധ നടപടിക്രമങ്ങളിൽ ഐ.എച്ച്.ആർ.ഡിയെ പങ്കാളിയാക്കി പരിഗണിക്കണം.
7) വിവിധ രംഗത്ത് ഉപയോഗിക്കുന്ന ഉപകരണങ്ങൾ/യന്ത്രങ്ങൾ എന്നിവയുടെ പരിപാലനം എന്നിവയ്ക്ക് ഐ.എച്ച്.ആർ.ഡി.യുടെ സഹകരണം ഉപയോഗിക്കണം
8) തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ ആവശ്യമായ താൽക്കാലിക ജീവനക്കാരെ (മനുഷ്യ വിഭവശേഷി വിതരണം) സർവ്വീസ് പ്രൊവൈഡർ എന്ന നിലയ്ക്ക് ഐ.എച്ച്.ആർ.ഡിയുടെ സേവനം പ്രയോജനപ്പെടുത്തണം.
9) തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥരുടെ നൈപുണ്യശേഷി വർദ്ധിപ്പിക്കുന്നതിന് വേണ്ടിയുള്ള വിവിധതരം പരിശീലന പദ്ധതികളിൽ ഐ.എച്ച്.ആർ.ഡി യെ പങ്കാളിയാക്കണം.
10) മുതിർന്ന പൗരന്മാരുടെ ക്ഷേമം ഉറപ്പാക്കുന്നതിന് വിവിധ ആരോഗ്യ സുരക്ഷാ ഉപകരണങ്ങളുടെ നിർമ്മാണത്തിൽ ഐ.എച്ച്.ആർ.ഡിയുടെ സേവനം ഉപയോഗപ്പെടുത്തണം.
11) തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ അസറ്റ് മാപ്പിംഗ് (Asset Mapping) നടത്തുന്നതിന് ഐ.എച്ച്.ആർ.ഡി.യുടെ സേവനം ഉപയോഗപ്പെടുത്തണം.

ഓരോ മേഖലകളിലും ഐ.എച്ച്.ആർ.ഡി.യുമായി സഹകരിച്ച് പദ്ധതി നടപ്പിലാക്കുമ്പോൾ ഐ.എച്ച്.ആർ.ഡിക്ക് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുവേണ്ടി ജില്ലാതല പ്രോജക്ട് കോഓർഡിനേറ്റർ ഉൾപ്പെടെയുള്ള സൗകര്യങ്ങൾ ഐ.എച്ച്.ആർ.ഡി ഒരുക്കുന്നതാണ്.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | 1) **സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്**<br>2) **തദ്ദേശസ്വയംഭരണ (ഡി.എ)വകുപ്പ്** |

11

**2.5 ഖണ്ഡിക 4.15**

**അതിയന്നൂർ ബ്ലോക്ക് പഞ്ചായത്ത്**

**അതിയന്നൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 15.07.2023-ലെ കത്തും 15.06.2023 ലെ യോഗ തീരുമാനവും (SRG 1088/23)**

**വിഷയം:-** മൊബൈൽ മെഡിക്കൽ യൂണിറ്റിനുള്ള പ്രോജക്ടിന്റെ നിർവ്വഹണം സംബന്ധിച്ച്

അതിയന്നൂർ ബ്ലോക്ക് പഞ്ചായത്ത് 2022-23 വർഷം മൊബൈൽ മെഡിക്കൽ യൂണിറ്റ് തുടങ്ങാൻ 21.00 ലക്ഷം രൂപയുടെ പ്രോജക്ട് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തുകയും നൂതന പ്രോജക്ടുകൾക്കുള്ള ജില്ലാതല കമ്മിറ്റിയുടെ 07.11.2022 ന കൂടിയ യോഗം അംഗീകാരം നൽകുകയും ചെയ്തു. ഈ വർഷം ഈ പ്രോജക്ട് സ്പിൽ ഓവറായി തുടരുന്നു. മൊബൈൽ മെഡിക്കൽ യൂണിറ്റിന്റെ പ്രവർത്തനത്തിനായി അലോപ്പതി ഡോക്ടർ, നേഴ്സ്, ഫാർമസിസ്റ്റ്,

ലാബ് ടെക്നീഷ്യൻ എന്നിവരിൽ ഒരാളെ വീതം നിയമിക്കാൻ ഉദ്ദേശിക്കുന്നു. ഇവരെ നിയമിക്കാൻ അനുമതി ആവശ്യപ്പെട്ടിരുന്നു. കൊവിഡ് പ്രവർത്തനങ്ങൾക്കായി ബ്ലോക്ക് പഞ്ചായത്ത് ഒരു അക്കൗണ്ട് തുടങ്ങിയിട്ടുണ്ട്. ഈ അക്കൗണ്ട് മൊബൈൽ മെഡിക്കൽ യൂണിറ്റിന്റെ ആവശ്യത്തിനായി ഉപയോഗിക്കാനും അനുമതി ആവശ്യപ്പെട്ടിരുന്നു.

മൊബൈൽ മെഡിക്കൽ യൂണിറ്റിന്റെ ചെലവു സംബന്ധിച്ച വിവരങ്ങൾ താഴെ പറയുന്നവയാണ്.

| **പ്രതീക്ഷിക്കുന്ന പ്രാരംഭ ചെലവ്** | | |
|---|---|---|
| **ക്രമ നം** | **ഇനം** | **തുക** |
| 1 | വാഹനം (ചെയ്സ്) | 14,00,000 |
| 2 | മൊബൈൽ മെഡിക്കൽ യൂണിറ്റ് സൗകര്യമൊരുക്കൽ (വാഹനത്തിൽ) | 20,00,000 |
| 3 | ലാബ് ഉപകരണങ്ങൾ ഒരുക്കൽ | 10,00,000 |
| 4 | ഡോക്ടർ, പാരാമെഡിക്കൽ സ്റ്റാഫ്, ഡ്രൈവർ തുടങ്ങിയ ജീവനക്കാരുടെ വേതനം | 12,00,000 |
| 5 | ലാബ് റീ ഏഡന്റ് | 1,00,000 |
| 6 | മരുന്നുകൾ | 2,00,000 |
| 7 | മറ്റുള്ളവ | 1,00,000 |
| | **ആകെ** | **60,00,000** |

| **പ്രതിവർഷം പ്രതീക്ഷിക്കുന്ന ആവർത്തന ചെലവ്** | | |
|---|---|---|
| **ക്രമനം** | **ഇനം** | **തുക** |
| 1 | 1 ഡോക്ടർ – വേതനം | 7,20,000 |
| 2 | 1 നേഴ്സ് – വേതനം | 2,40,000 |
| 3 | 1 ഫാർമസിസ്റ്റ് – വേതനം | 2,40,000 |
| 4 | 1 ലാബ് ടെക്നീഷ്യൻ – വേതനം | 2,40,000 |
| 5 | 1 ഡ്രൈവർ കം ഹെൽപ്പർ – വേതനം | 2,40,000 |
| 6 | ലാബ് റീ ഏജന്റ് | 1,50,000 |
| 7 | മരുന്നുകൾ | 5,00,000 |
| 8 | ഇന്ധനം, മറ്റുള്ളവ | 1,70,000 |
| | ആകെ | 25,00,000 |

ഇതു കോഓർഡിനേഷൻ കമ്മിറ്റിയുടെ 15.06.2023 ലെ യോഗം പരിഗണിക്കുകയും താഴെ പറയുന്ന തീരുമാനമെടുക്കുകയും ചെയ്തു.

**1)** 'ബ്ലോക്ക് പ്രദേശത്തുള്ള **CHC, PHC** മുഖേന നിലവിലെ ഡോക്ടർമാരെയും പാരാമെഡിക്കൽ സ്റ്റാഫിനേയും ഉപയോഗിച്ച് പരിശോധന നടത്താവുന്നതാണ്. കൂടാതെ ആരോഗ്യ വകുപ്പ് എല്ലാ സി.എച്ച്.സി, എഫ്.എച്ച്.സി, പി.എച്ച്.സികളിലും Non Communicable Disease (NCD) കണ്ടെത്തുന്നതിന് പ്രത്യേക പ്രോഗ്രാം നടത്തുന്നുണ്ട്. ഈ സാഹചര്യത്തിൽ മൊബൈൽ മെഡിക്കൽ യൂണിറ്റ് എന്ന പ്രോജക്ട് നടപ്പാക്കേണ്ടതില്ല' എന്നു തീരുമാനിച്ചു.

**2)** 'ഇതിനകം ആംബുലൻസ് വാങ്ങിയിട്ടുണ്ട് എന്നറിയിച്ചിട്ടുണ്ട്. വാങ്ങിയ വാഹനം ആംബുലൻസ് ആക്കി ആവർത്തന ചെലവ് സ്വയം കണ്ടെത്തുന്ന രീതിയിൽ **CHC**യുടെ **HMC** യെ ഏല്പിക്കാവുന്നതാണെന്ന് നിർദ്ദേശിക്കുന്നു. ആവർത്തന ചെലവ് സംബന്ധിച്ച് 15.06.2023 ലെ പൊതു തീരുമാനം ഖണ്ഡിക 10 ലെ നിർദ്ദേശം പാലിക്കണം'.

ആംബുലൻസായി പ്രവർത്തിക്കണമെന്ന കോഓർഡിനേഷൻ കമ്മിറ്റിയുടെ നിർദ്ദേശം പുനഃപരിശോധിക്കണമെന്ന് ആവശ്യപ്പെട്ടിരിക്കുന്നു. ഇതൊരു സഞ്ചരിക്കുന്ന ആശുപത്രിയാണെന്നും അതിനാൽ ഈ പ്രോജക്ട് ഇതേ രീതിയിൽ തന്നെ ആരംഭിക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**26.09.2023 –ലെ തീരുമാനം :–** 15.06.2023–ലെ കോഓർഡിനേഷൻ കമ്മിറ്റി തീരുമാനം കൂടി പരിഗണിച്ച് മൊബൈൽ മെഡിക്കൽ യൂണിറ്റിന്റെ ആവശ്യകത സംബന്ധിച്ച് റിപ്പോർട്ട്

നൽകാൻ ആരോഗ്യവകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തി. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് പരിഗണിക്കും.

ഇതു സംബന്ധിച്ച റിപ്പോർട്ട്

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **1) ഡയറക്ടർ, ആരോഗ്യ വകുപ്പ്<br>2)തദ്ദേശസ്വയംഭരണ (ഡി.ബി)വകുപ്പ്** |

12

**<u>2.5 ഖണ്ഡിക 4.16</u>**

**<u>മലപ്പുറം ജില്ലാ പഞ്ചായത്ത്</u>**

**മലപ്പുറം ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 08.09.2023-ലെ DP/MPM/32/2023 ലെ കത്തും മലപ്പുറം ജില്ലാ പഞ്ചായത്ത് ഭരണസമിതിയുടെ 23.08.2023-ലെ 16(1)-ാം നമ്പർ തീരുമാനവും (SRG 1285/23).**

***വിഷയം :- മെൻസ്ട്രുവൽ കപ്പ് വിതരണം ചെയ്തതിന് സാധൂകരണം നൽകുന്നതു സംബന്ധിച്ച്***

| | | |
|---|---|---|
| ***പ്രോ.നം: 154/23*** | ***അടങ്കൽ*** | ***1,61,73,000രൂപ*** |
| | | *(വികസനഫണ്ട് - ജനറൽ)* |
| ***പ്രോ.നം. 398/24*** | ***അടങ്കൽ*** | *1,99,99,788 രൂപ* |
| | | *വികസനഫണ്ട് - ജനറൽ* |
| ***പേര്*** | ***മെൻസ്ട്രുവൽ ഹൈജീനിക് കിറ്റ് വിതരണം*** | |

**(i)** മലപ്പുറം ജില്ലാ പഞ്ചായത്ത് 2022-23 വർഷം ജില്ലയിലെ കുടുംബശ്രീ അംഗങ്ങൾക്ക് മെൻസ്ട്രുവൽ കപ്പ് വിതരണം ചെയ്തിരുന്നു. കുടുംബശ്രീ ജില്ലാ മിഷൻ കോഓർഡിനേറ്റർ മുഖേനയാണ് പ്രോജക്ട് നടപ്പാക്കിയത്. പ്രോജക്ടിന് വകയിരുത്തിയ മുഴുവൻ തുകയും ചെലവഴിച്ചു. മാർഗ്ഗരേഖ പ്രകാരം ഈ പ്രോജക്ട് ബന്ധപ്പെട്ട മെഡിക്കൽ ഓഫീസർമാർ മുഖേനയാണ് നടപ്പാക്കേണ്ടത്. കുടുംബശ്രീ ജില്ലാ മിഷൻ കോഓർഡിനേറ്റർ മുഖേന ഈ പ്രോജക്ട് നടപ്പാക്കിയതിന് സാധൂകരണം നൽകണമെന്നതു സംബന്ധിച്ച്

**(ii)** ഈ പ്രോജക്ട് 2023-24 വർഷവും എടുത്തിട്ടുണ്ട്. ജില്ലാ മെഡിക്കൽ ഓഫീസറും ജില്ലാ വനിതാ വികസന ഓഫീസറും ഈ പ്രോജക്ട് നടപ്പാക്കാൻ തയ്യാറാകുന്നില്ല എന്നറിയിച്ചുകൊണ്ട് 2023-24 ലും ഈ പ്രോജക്ട് കുടുംബശ്രീ ജില്ലാ മിഷൻ കോഓർഡിനേറ്റർ മുഖേന നടപ്പാക്കാൻ അനുമതി സംബന്ധിച്ച്.

**<u>26.09.2023-ലെ തീരുമാനം</u> : -** 1) മെൻസ്ട്രുവൽ കപ്പിന്റെ വിശ്വാസ്യതയും, ഉപയോഗിക്കുന്നതു സംബന്ധിച്ച സംശയ നിവാരണത്തിനും, വിവിധ അളവുകൾ വാങ്ങുന്നത് സംബന്ധിച്ചും ഉപയോഗിക്കുന്നവരുടെ ആരോഗ്യസ്ഥിതി സംബന്ധിച്ചും ബോധവൽക്കരണം ആവശ്യമാണെന്ന് സർക്കാർ വിലയിരുത്തിയതിന്റെ ഭാഗമായാണ് ഇത് ബന്ധപ്പെട്ട മെഡിക്കൽ ഓഫീസർമാർ മുഖേന നടപ്പാക്കണമെന്ന് മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിരുന്നത്. UPHC/FHC/ PHC/CHC ഡോക്ടർമാരുടെ നേതൃത്വത്തിൽ ബോധവൽക്കരണം നടത്തണമെന്ന് മാർഗ്ഗരേഖയിൽ പ്രത്യേകം നിർദ്ദേശിച്ചിരുന്നതാണ്. ഒപ്പം ഈ പ്രോജക്ട് ഗ്രാമപഞ്ചായത്തുകൾ/ നഗരസഭകൾ മുഖേന നടപ്പാക്കണമെന്നാണ് മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിരുന്നത്. എന്നാൽ മാർഗ്ഗരേഖയ്ക്ക് വിപരീതമായി മെഡിക്കൽ ഓഫീസർക്ക പകരം കുടുംബശ്രീ ജില്ലാ മിഷൻ കോഓർഡിനേറ്റർ മുഖേന നിർവ്വഹണം നടത്തുക, ഗ്രാമപഞ്ചായത്തിനു പകരം ജില്ലാ പഞ്ചായത്ത് നിർവ്വഹണം നടത്തുക എന്നീ രീതികൾ ജില്ലാ പഞ്ചായത്ത് സ്വീകരിച്ചത് വീഴ്ചയാണെന്ന് യോഗം വിലയിരുത്തി. ഇതു പരിശോധിച്ച് റിപ്പോർട്ട് നൽകാൻ റൂറൽ ഡയറക്ടറെ ചുമതലപ്പെടുത്തി. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് തീരുമാനം എടുക്കുന്നതാണ്.

2) മെൻസ്ട്രവൽ കപ്പ് വിതരണത്തിനായി 2023-24 വർഷത്തെ പ്രോജക്ട് അതത് ഗ്രാമപഞ്ചായത്തിന് വിഹിതം കൈമാറി ബന്ധപ്പെട്ട മെഡിക്കൽ ഓഫീസർമാർ മുഖേന നിർവ്വഹണം നടത്താൻ നിർദ്ദേശിക്കുന്നു.

തീരുമാനം 1 സംബന്ധിച്ച റിപ്പോർട്ട്

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **1)റൂറൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്<br>2)തദ്ദേശസ്വയംഭരണ (ഡി.എ)വകുപ്പ്** |

13

**2.5 ഖണ്ഡിക 4.18**

**പത്തനംതിട്ട ജില്ലാ പഞ്ചായത്ത്**

**പത്തനംതിട്ട ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 31.07.2023 ലെ കത്തും പത്തനംതിട്ട ജില്ലാ പഞ്ചായത്ത് ഭരണസമിതിയുടെ 15.05.2023 ലെ 3(5-1)-ാം നമ്പർ തീരുമാനവും (SRG 1056/23 - CC/514/2023).**

**വിഷയം:-** പട്ടികജാതി വിഭാഗത്തിലെ അഭ്യസ്തവിദ്യരായ യുവജനങ്ങൾക്ക് സർക്കാർ സ്ഥാപനങ്ങളിൽ പരിശീലനം നൽകുന്നതു സംബന്ധിച്ച്

| | | |
|---|---|---|
| ***പ്രോ.നം:* 60/24** | ***അടങ്കൽ*** | ***90,00,000 രൂപ (എസ്.സി.പി)*** |
| ***പേര്*** | **പട്ടികജാതി വിഭാഗത്തിലെ അഭ്യസ്തവിദ്യരായ യുവതികൾക്ക് അപ്രന്റീസ്ഷിപ്പ് പ്രോഗ്രാം** | |

മാർഗ്ഗരേഖ പ്രകാരം പട്ടികജാതി/പട്ടികവർഗ്ഗവിഭാഗത്തിൽപ്പെട്ട അഭ്യസ്തവിദ്യരായ യുവജനങ്ങൾക്ക് യോഗ്യതയുടെ അടിസ്ഥാനത്തിൽ ജില്ലാ പഞ്ചായത്തിന്റേയും നഗരഭരണ സ്ഥാപനങ്ങളിലേയും എഞ്ചിനീയറിംഗ് വിഭാഗം, ആശുപത്രികൾ, മറ്റ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ പരിശീലനം നൽകുന്നതിന് പ്രോജക്ട് ഏറ്റെടുക്കാൻ അനുമതിയുണ്ട്.

മാർഗ്ഗരേഖയിൽ ബി.എസ്.സി നേഴ്സിംഗ്, ജനറൽ നഴ്സിംഗ്, എം.എൽ.റ്റി (പിന്നീട് DMLT കൂടി ചേർത്തു). ഫാർമസി, റേഡിയോഗ്രാഫർ തുടങ്ങിയ പാരാമെഡിക്കൽ യോഗ്യതയുള്ളവർ, എഞ്ചിനീയറിംഗ്, പോളി ടെക്നിക്, ഐ.റ്റി.ഐ, അംഗീകൃത തെറാപ്പിസ്റ്റുകൾ, സ്പെഷ്യൽ എഡ്യൂകേറ്റേഴ്സ് എന്നീ യോഗ്യതയുള്ളവർക്കാണ് പരിശീലനം നൽകാവുന്നത്. ഇതോടൊപ്പം ഹെൽത്ത് ഇൻസ്പെക്ടർ, സാനിറ്ററി വർക്കർ, എൽ.എൽ.ബി, ബി.എൽ.ഐ.എസ് (ലൈബ്രറി സയൻസ്), ആയുർവേദ നഴ്സിംഗ്, ഹോമിയോ നഴ്സിംഗ്, ബി.ആർക്ക് തുടങ്ങിയ കോഴ്സുകൂടി ഉൾപ്പെടുത്തണമെന്നു സംബന്ധിച്ച്.

നിലവിൽ 7000 രൂപ മുതൽ 10000 രൂപവരെയാണ് പ്രതിമാസം സ്റ്റൈപന്റ് നൽകുന്നത്. ഇത് 10000 മുതൽ 15,000 രൂപവരെയായി വർദ്ധിപ്പിക്കണമെന്ന ആവശ്യം സംബന്ധിച്ച്.

**26.09.2023-ലെ തീരുമാനം :-1)** ഹെൽത്ത് ഇൻസ്പെക്ടർ കോഴ്സ് പാസായവരെ മുകളിൽ പറഞ്ഞ പരിശീലനത്തിന് പ്രതിമാസം 7000 രൂപ സ്റ്റൈപ്പന്റ് നിരക്കിൽ ഉൾപ്പെടുത്താൻ അനുമതി നൽകുന്നു.

2) മാർഗ്ഗരേഖ പരിഷ്കരിക്കുന്ന സമയത്ത് സ്റ്റൈപ്പന്റ് വർദ്ധിപ്പിക്കുന്നത് പരിഗണിക്കുന്നതാണ്. ആയുർവേദ നേഴ്സിംഗ്, ഹോമിയോ നേഴ്സിംഗ് പാസ്സായവരെ ഉൾപ്പെടുത്തുന്നതു സംബന്ധിച്ച് പരിശോധിച്ച് റിപ്പോർട്ട് നൽകാൻ ആയുഷ് മിഷൻ ഡയറക്ടറെ ചുമതലപ്പെടുത്തി. ഈ കോഴ്സുകളുടെ കാലാവധി എത്രയാണ്, ഈ കോഴ്സുകൾ പാസ്സായവരെ ജില്ലയിൽ ഏതൊക്കെ സ്ഥാപനത്തിലാണ് പരിശീലനത്തിനായി നിയമിക്കുന്നത് എന്നതു സംബന്ധിച്ചും റിപ്പോർട്ടിൽ വിവരങ്ങൾ ഉൾപ്പെടുത്തണം.

ക്രമനമ്പർ 2 സംബന്ധിച്ച റിപ്പോർട്ട്

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | 1) **ഡയറക്ടർ, ആയുഷ് മിഷൻ**<br>2) **തദ്ദേശസ്വയംഭരണ (ഡി.എ)വകുപ്പ്** |

14

**2.5 ഖണ്ഡിക 4.30**

**നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്ത്**

**തിരുവനന്തപുരം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 10.03.2023 ലെ Plg 1040/2022-23/DPC/DPO/ തിരു CC നമ്പർ കത്തും നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 03.03.2023-ലെ കത്തും അനുബന്ധ രേഖകളും (SRG 1036/23).**

**വിഷയം:–** ലൈഫ് ഭവനപദ്ധതിയിൽ വീട് അനുവദിക്കണമെന്നത് സംബന്ധിച്ച്.

ആനാട് ഗ്രാമപഞ്ചായത്തിലെ ശ്രീമതി ആതിര എ, ചേലയിൽ വടക്കുംകര വീട് എന്ന വ്യക്തിക്ക് ലൈഫ് ഭവനപദ്ധതി പ്രകാരം വീട്ട അനുവദിച്ച നൽകണമെന്ന് ആവശ്യപ്പെട്ടിരുന്നു. ശ്രീമതി ആതിരയുടെ പിതാവ് ലൈഫ് ഭവന പദ്ധതിയിൽ വീടിന് അപേക്ഷിച്ചിരുന്നു. എന്നാൽ 2020 ലെ കരട്ട ലിസ്റ്റിൽ ഉൾപ്പെട്ടില്ല. ഒന്നാംഘട്ട അപ്പീൽ സമയത്ത് ഈ വ്യക്തി ആശുപത്രിയിലായിരുന്നു. പിന്നീട്ട മരണപ്പെട്ടു. അതിനാൽ ശ്രീമതി ആതിരയുടെ അമ്മയെക്കൊണ്ട ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിക്ക് അപ്പീൽ ഫയൽ ചെയ്യാനും അപ്പീൽ ചെയ്യുന്ന മുറയ്ക്ക് സർക്കാരിന്റെ അനുമതിയോടു കൂടിയോ ബ്ലോക്ക പഞ്ചായത്തു തലത്തിൽ തന്നെ പ്രത്യേക കേസായി പരിഗണിച്ചോ വിഷയം പരിഹരിക്കണമെന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ബഹു. ഓംബുഡ്സ്മാൻ 09.02.2022 ൽ ഉത്തരവായിട്ടുണ്ട്. ഈ കുടുംബം ലൈഫ് മാനദണ്ഡ പ്രകാരം അർഹതയുള്ളതാണെന്ന് അറിയിച്ചുകൊണ്ട് ലൈഫ് മിഷൻ മുഖേന വീട്ട നിർമ്മിക്കുന്നതിന് അനുമതി നൽകണമെന്നതു സംബന്ധിച്ച്

<u>**26.09.2023-ലെ തീരുമാനം :-**</u> ഇത് പരിശോധിച്ച് റിപ്പോർട്ട് നൽകാൻ ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഡയറക്ടറെ ചുമതലപ്പെടുത്തിയ പ്രകാരം റിപ്പോർട്ട് നൽകി.

<u>**14.11.2023 ൽ നൽകിയ റിപ്പോർട്ട് :-**</u> തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക വേണ്ടിയുള്ള ഓംബുഡ്സ്മാന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിലും ലൈഫ് 2020 അർഹതാ മാനദണ്ഡങ്ങളുടെയും ക്ലേശഘടകങ്ങളുടെയും അടിസ്ഥാനത്തിൽ ശ്രീമതി. ആതിരയുടെ അപ്പീൽ തീർപ്പാക്കി വിശദമായ റിപ്പോർട്ട് സമർപ്പിക്കുന്നതിന് നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിക്ക് നിർദ്ദേശം നൽകി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർനടപടി സ്വീകരിക്കാവുന്നതാണ്.

<u>**14.11.2023 ലെ തീരുമാനം:-**</u> ഇതനുസരിച്ച് നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ റിപ്പോർട്ട് അടുത്ത കോഓർഡിനേഷൻ കമ്മിറ്റിയോഗത്തിന് മുൻപ് വാങ്ങി നൽകാൻ ലൈഫ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെ ചുമതലപ്പെടുത്തിയ പ്രകാരം ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ റിപ്പോർട്ട് നൽകി.

<u>റിപ്പോർട്ട്:-</u> ഓംബുഡ്സ്മാന്റെ ഉത്തരവു പ്രകാരം അപേക്ഷകയായ ശ്രീമതി. ആതിര എ യുടെ മാതാവായ ശ്രീമതി അജിത എൽ. ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിക്ക് അപ്പീൽ നൽകിയതനുസരിച്ച് അന്വേഷണം നടത്തി. ഈ വ്യക്തിയുടെ വീട് ശോചനീയാവസ്ഥ യിലാണെന്നും ലൈഫ് മാനദണ്ഡ പ്രകാരം വീടിന് അർഹതയുണ്ട്. അതിനാൽ ലൈഫ് ലിസ്റ്റിൽ ഉൾപ്പെടുത്താവുന്നതാണെന്നും നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | 1) സി.ഇ.ഒ. ലൈഫ് മിഷൻ<br>2) തദ്ദേശസ്വയംഭരണ (ഡി.ഇ)വകുപ്പ് |
|---|---|

15

<u>**2.5 ഖണ്ഡിക 4.38**</u>

<u>**കുറ്റിക്കോൽ ഗ്രാമപഞ്ചായത്ത്**</u>

**കാസർഗോഡ് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 14.08.2023 ലെ കത്തും കുറ്റിക്കോൽ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 27.06.2023 ലെ 4(1)-ാം നമ്പർ തീരുമാനവും (SRG 1167/23 – CC/493/23).**

**വിഷയം:–** ലൈഫ് ഭവനപദ്ധതിയിൽ ഗുണഭോക്താക്കളെ ഉൾപ്പെടുത്തുന്നതു സംബന്ധിച്ച്.

കുറ്റിക്കോൽ ഗ്രാമപഞ്ചായത്തിലെ താഴെ പറയുന്ന നാലു ഗുണഭോക്താക്കൾ യഥാസമയം ലൈഫ് ഭവന പദ്ധതിക്കായി അപേക്ഷ നൽകിയിരുന്നില്ല. ഈ വിഷയം 27.05.2023 ൽ നടന്ന 'കരുതലും കൈത്താങ്ങും' പരാതി പരിഹാര അദാലത്തിൽ വന്നിരുന്നു. അദാലത്തിൽ പരിഗണിച്ച വിഷയം എന്ന നിലയിൽ ഇവരെ ലൈഫ് ഭവനപദ്ധതിയുടെ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടുത്തണമെന്നതു സംബന്ധിച്ച്

1) ശ്രീ മോഹൻ.കെ, പുളുവിഞ്ചി വീട്, കരിവേടകം
2) ശ്രീമതി ഓമന.സി, കക്കച്ചാൽ, ബന്തടുക്ക
3) ശ്രീ ശങ്കരൻ, കക്കച്ചാൽ ഹൗസ്, ബന്തടുക്ക
4) ശ്രീമതി രോഹിണി. എച്ച്, കക്കച്ചാൽ ഹൗസ്, ബന്തടുക്ക

**26.09.2023-ലെ തീരുമാനം :-** ഇവരുടെ അർഹത സംബന്ധിച്ച് പരിശോധിച്ച് റിപ്പോർട്ട് നൽകാൻ ലൈഫ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെ ചുമതലപ്പെടുത്തിയ പ്രകാരം റിപ്പോർട്ട് നൽകി.

**14.11.2023-ന് നൽകിയ റിപ്പോർട്ട് :-** കുറ്റിക്കോൽ ഗ്രാമപഞ്ചായത്തിലെ അസിസ്റ്റന്റ് എഞ്ചിനീയർ മുകളിൽ പറഞ്ഞവരുടെ വീടുകൾ പരിശോധിച്ച് നിലവിൽ വാസയോഗ്യമല്ലായെന്ന് സാക്ഷ്യപത്രം ലഭ്യമാക്കുന്ന മുറയ്ക്ക് ലൈഫ് മാനദണ്ഡ പ്രകാരം ഈ കുടുംബങ്ങളെ ലൈഫ് 2022 ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നത് പരിഗണിക്കാവുന്നതാണ്.

**14.11.2023-ലെ തീരുമാനം:-** ഇതനുസരിച്ച് തുടർനടപടി സ്വീകരിച്ച് റിപ്പോർട്ട് നൽകാൻ ലൈഫ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെ ചുമതലപ്പെടുത്തി.

ഇതു സംബന്ധിച്ച റിപ്പോർട്ട്

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **1) ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ**<br>**2) തദ്ദേശസ്വയംഭരണ (ഡി.ഇ)വകുപ്പ്** |

16

**2.5 ഖണ്ഡിക 4.43**

**Assert Farming Solution Pvt. Ltd.**

**Assert Farming Solution Pvt. Ltd. മാനേജിംഗ് ഡയറക്ടറുടെ 09.08.2022 ലെ കത്തും കോഓർഡിനേഷൻ കമ്മിറ്റിയുടെ 14.02.2023 ലെ യോഗ തീരുമാനവും ഖണ്ഡിക 2.3 – 4.1) (SRG 833/23)**

**വിഷയം:-** സ്റ്റാർട്ടപ്പ് കമ്പനികളിൽ നിന്ന് ടെണ്ടർ ഒഴിവാക്കി ഉല്പന്നങ്ങൾ / സേവനങ്ങൾ വാങ്ങുന്നതു സംബന്ധിച്ച്.

സ്റ്റോർപർച്ചേസ് ഡിപ്പാർട്ട്മെന്റിന്റെ 05.07.2022 ലെ 2/2022/SPD നമ്പർ ഉത്തരവു പ്രകാരം സ്റ്റേറ്റ് യൂണിക്ക് ഐ.ഡിയുള്ള സ്റ്റാർട്ടപ്പുകളിൽ നിന്ന് 50 ലക്ഷം രൂപവരെയുള്ള എല്ലാതരം ഉല്പന്നങ്ങളും സേവനങ്ങളും സർക്കാർ സ്ഥാപനങ്ങൾക്ക് ടെണ്ടർ കൂടാതെ വാങ്ങാവുന്നതാണ്. എന്നാൽ തദ്ദേശഭരണസ്ഥാപനങ്ങളിലെ നിർവ്വഹണ ഉദ്യോഗസ്ഥർ ഇത് തദ്ദേശഭരണസ്ഥാപനങ്ങൾക്ക് ബാധകമല്ല എന്ന് ചൂണ്ടി കാണിച്ച് ASERT – ൽ നിന്നും ടെണ്ടറില്ലാതെ വാങ്ങാൻ തയ്യാറാകുന്നില്ല. അതിനാൽ തദ്ദേശഭരണസ്ഥാപനങ്ങളുടെ വാങ്ങൽ നടപടി ക്രമങ്ങളിൽ ഈ ഉത്തരവു ബാധകമാക്കണമെന്ന് ASERT ആവശ്യപ്പെട്ടിരുന്നു. ഇതു പരിശോധിച്ച് റിപ്പോർട്ട് നൽകാൻ മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തിയ പ്രകാരം ASERT മരുന്ന് ഉല്പാദിപ്പിക്കുന്നില്ലെന്നും വിതരണക്കാർ മാത്രമാണെന്നും മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ അറിയിച്ചു. ഒപ്പം ASERT എന്ന സ്ഥാപനത്തിന് ഡ്രഗ് ലൈസൻസ് ഇല്ലെന്നും മറ്റു കമ്പനികൾ ഉല്പാദിപ്പിക്കുന്ന മരുന്നുകളുടെ വില്പന ഏജൻസി മാത്രമാണെന്നും മൃഗസംരക്ഷണ വകുപ്പ 14.02.2023 ലെ യോഗത്തിൽ അറിയിച്ചു. മൃഗസംരക്ഷണ വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ASERT Farming Solution Pvt. Ltd ന്റെ ആവശ്യം 14.02.2023 ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗം നിരസിച്ചു.

എന്നാൽ ഡ്രഗ് ലൈസൻസ് ASERT ന് ഉണ്ടെന്നും ഇതടക്കമുള്ള രേഖകൾ മൃഗസംരക്ഷണവകുപ്പിനു നൽകിയിട്ടുണ്ടെന്നും കമ്പനി അറിയിച്ചിരിക്കുന്നു. ഡ്രഗ് ലൈസൻസിന്റെയടക്കമുള്ള രേഖകളുടെ കോപ്പി കോഓർഡിനേഷൻ കമ്മിറ്റിയുടെ അറിവിലേയ്ക്കും നൽകിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ 5.07.2022 ലെ 2/2022/SPD നമ്പർ ഉത്തരവിൽ നിഷ്കർഷിച്ചിരിക്കുന്നതു പോലെ ടെണ്ടർ കൂടാതെ ASERT Farming Solution Pvt. Ltd ൽ നിന്ന് ഉല്പന്നങ്ങൾ വാങ്ങാൻ തദ്ദേശഭരണസ്ഥാപനങ്ങൾക്ക് അനുമതി നൽകണമെന്ന ആവശ്യം സംബന്ധിച്ച്

**26.09.2023-ലെ തീരുമാനം:-** 1) 5.07.2022 ലെ 2/2022/SPD നമ്പർ ഉത്തവിന്റെ തുടർച്ചയായി 22.05.2023 ലെ GO(P)No. 5/2023/SPD നമ്പർ ഉത്തരവു പ്രകാരം സ്റ്റേറ്റ് യൂണിക്ക് ഐ.ഡിയുള്ള സ്റ്റാർട്ടപ്പകളിൽ നിന്ന് ഉല്പന്നങ്ങൾ വാങ്ങുന്നതിന് വ്യക്തതവരുത്തിയിട്ടുണ്ട്. ഈ ഉത്തരവിൽ തദ്ദേശഭരണസ്ഥാപനങ്ങളേയും ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് യോഗം നിരീക്ഷിച്ചു. എന്നാൽ ASERT ന്റെ ആവശ്യം മൃഗസംരക്ഷണവകുപ്പ് ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 14.02.2023 ലെ കോഓർഡിനേഷൻ കമ്മിറ്റി നിരസിച്ച സ്ഥിതിക്ക് തദ്ദേശഭരണ സ്ഥാപനങ്ങൾ ASERT ൽ നിന്ന് ഉല്പന്നങ്ങൾ വാങ്ങുന്നതിന് തടസ്സമുണ്ട്.

2) മൃഗസംരക്ഷണവകുപ്പ് വസ്തുതകൾ മറച്ച് വച്ച് തെറ്റായ വിവരങ്ങൾ മനഃപൂർവ്വം കോഓർഡിനേഷൻ കമ്മിറ്റിക്ക് നൽകിയെന്ന് ASERT അറിയിച്ച സ്ഥിതിക്ക് രേഖകൾ പരിശോധിച്ച് റിപ്പോർട്ട് നൽകാൻ തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറെ ചുമതലപ്പെടുത്തി. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് പരിഗണിക്കുന്നതാണ്

ഇതു സംബന്ധിച്ച റിപ്പോർട്ട്

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **1)പ്രിൻസിപ്പൽ ഡയറക്ടർ, തസ്വഭവ<br>2) തദ്ദേശസ്വയംഭരണ (ഡി.എ)വകുപ്പ്** |

17 **2.6 കോഓർഡിനേഷൻ കമ്മിറ്റിയുടെ 26.10.2023-ലെ യോഗ തീരുമാനപ്രകാരം നടപടി സ്വീകരിക്കേണ്ട വിഷയം**

**2.6 ഖണ്ഡിക 3.2**

കോഓർഡിനേഷൻ കമ്മിറ്റിയുടെ 15.06.2023-ലെ യോഗ തീരുമാനം (ഖണ്ഡിക 3.10) പ്രകാരം കേരളത്തിൽ ഇപ്പോൾ പ്രവർത്തിക്കുന്ന ആംബുലൻസിന്റെ വിവരം പുതുക്കിയ പ്രൊഫോർമയിൽ എടുക്കാൻ യോഗം തീരുമാനിച്ചു.

ആംബുലൻസുകളുടെ എണ്ണമടക്കമുള്ള വിവരങ്ങൾ ശേഖരിച്ച് നിലവിലെ ആംബുലൻസുകളുടെ പരിപാലനം, പുതിയത് ആവശ്യമുള്ള പ്രദേശത്ത് എങ്ങനെ വാങ്ങാം/ലഭ്യമാക്കാം എന്നതു സംബന്ധിച്ച് പരിശോധിച്ച് റിപ്പോർട്ട് നൽകാൻ താഴെപ്പറയും പ്രകാരം കമ്മിറ്റി രൂപീകരിക്കാൻ തീരുമാനിച്ചു.

| | |
|---|---|
| ആരോഗ്യ വകുപ്പ് ഡയറക്ടർ | കൺവീനർ |
| ശ്രീമതി. ജോൽസന മോൾ<br>(ജോയിന്റ് ഡയറക്ടർ, പ്രിൻസിപ്പൽ ഡയറക്ടറേറ്റ്) | കോ കൺവീനർ |
| ഡയറക്ടർ ഓഫ് മെഡിക്കൽ എഡ്യൂക്കേഷൻ | അംഗം |
| തദ്ദേശസ്വയംഭരണ വകുപ്പ് റൂറൽ ഡയറക്ടർ | അംഗം |
| തദ്ദേശസ്വയംഭരണ വകുപ്പ് അർബൻ ഡയറക്ടർ | അംഗം |
| ട്രാൻസ്പോർട്ട് കമ്മീഷണർ | അംഗം |
| കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ | അംഗം |
| എസ്.ആർ.ജി കൺവീനർ | അംഗം |

മുകളിൽ പറഞ്ഞ കമ്മിറ്റി കൂടി റിപ്പോർട്ട് നൽകിയിട്ടില്ല എങ്കിലും 15.06.2023-ലെ കോഓർഡിനേഷൻ കമ്മിറ്റി തീരുമാനപ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് നൽകിയിട്ടുണ്ട്.

റിപ്പോർട്ട്:-

**തദ്ദേശഭരണ സ്ഥാപനങ്ങളുടെയും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയ ആരോഗ്യസ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള ആംബുലൻസുകൾ സംബന്ധിച്ച വിവരം**

| ക്രമ നം | ജില്ല | തദ്ദേശഭരണ സ്ഥാപനത്തിന്റെ ഉടമസ്ഥതയിലുള്ളത് (എണ്ണം) | | | | | PHC/FHCയുടെ ഉടമസ്ഥത യിലുള്ളത് (എണ്ണം) | CHC യുടെ ഉടമസ്ഥത യിലുള്ളത് (എണ്ണം) | താലൂക്ക്, ജനറൽ ജില്ലാ ആശുപത്രി യുടെ ഉടമസ്ഥത യിലുള്ളത് (എണ്ണം) |
|---|---|---|---|---|---|---|---|---|---|
| | | GP | BP | DP | Mty | Cor | | | |
| 1 | തിരുവനന്തപുരം | 24 | 1 | | 4 | 12 | 39 | 27 | 12 |
| 2 | കൊല്ലം | 14 | | | 3 | 2 | 13 | 12 | 17 |
| 3 | പത്തനംതിട്ട | 6 | | | 1 | | 18 | 11 | 15 |
| 4 | ആലപ്പുഴ | 5 | 1 | | 4 | | 5 | 12 | 25 |
| 5 | കോട്ടയം | 36 | | | 5 | | 10 | 3 | 8 |
| 6 | ഇടുക്കി | 10 | 5 | | 1 | | 17 | 12 | 7 |
| 7 | എറണാകുളം | 43 | 1 | | 12 | | 16 | 3 | 9 |
| 8 | തൃശ്ശൂർ | 27 | 3 | | 4 | | 12 | 7 | 15 |
| 9 | പാലക്കാട് | 23 | 2 | | | | 8 | 10 | 7 |
| 10 | മലപ്പുറം | 4 | 2 | | 1 | | 12 | 6 | 15 |
| 11 | കോഴിക്കോട് | 16 | | | 1 | 2 | 26 | 2 | 12 |
| 12 | വയനാട് | 5 | 1 | | 2 | | 6 | 8 | 10 |
| 13 | കണ്ണൂർ | 7 | 1 | | 2 | | 4 | 9 | 20 |
| 14 | കാസർഗോഡ് | 9 | 2 | | | | 3 | 5 | 6 |
| **ആകെ** | | **229** | **19** | | **40** | **16** | **189** | **127** | **178** |

ആംബുലൻസ് ഇല്ലാത്ത ആരോഗ്യ സ്ഥാപനങ്ങളുടെ വിവരം കുടുംബാരോഗ്യകേന്ദ്രം, സാമൂഹ്യാരോഗ്യ കേന്ദ്രം ആരോഗ്യ വകുപ്പ് ഡയറക്ടർ 26.10.2023-ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗത്തിൽ നൽകിയിരുന്നു. അതിന്റെ സംക്ഷിപ്ത വിവരം താഴെ ചേർക്കുന്നു.

| Sl No | Name of District | Number of Institutions without Ambulances | District-wise Percentage in Total number of Institutions without ambulances |
|---|---|---|---|
| 1 | Thiruvananthapuram | 21 | 3.41 |
| 2 | Kollam | 31 | 5.04 |

| | | | |
|---|---|---|---|
| 3 | Pathanamthitta | 20 | 3.25 |
| 4 | Alappuzha | 70 | 11.38 |
| 5 | Kottayam | 27 | 4.39 |
| 6 | Idukki | 21 | 3.41 |
| 7 | Ernakulam | 79 | 12.84 |
| 8 | Thrissur | 78 | 12.68 |
| 9 | Palakkad | 78 | 12.68 |
| 10 | Malappuram | 40 | 6.50 |
| 11 | Kozhikkod | 42 | 6.82 |
| 12 | Wayanad | 23 | 3.73 |
| 13 | Kannur | 42 | 6.82 |
| 14 | Kasargod | 43 | 6.99 |
| | Total | 615 | 100 |

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | 1) റൂറൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്<br>2)അർബൻ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്<br>3)ആരോഗ്യവകുപ്പ് ഡയറക്ടർ<br>4)തദ്ദേശസ്വയംഭരണ(ഡി.ബി) വകുപ്പ് |

18

**2.6 ഖണ്ഡിക 4.3**

**വേങ്ങര ഗ്രാമപഞ്ചായത്ത്**

**വേങ്ങര ഗ്രാമപഞ്ചായത്ത് 17-ാം വാർഡു മെമ്പറുടെ കത്തും വേങ്ങര ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 26.04.2023 ലെ 10(1)-ാം നമ്പർ തീരുമാനവും മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 10.07.2023 ലെ കത്തും** (SRG 948/23, CC-433/23, SRG 965/23)

**വിഷയം:-** കുടിവെള്ള പൈപ്പ് ലൈൻ നീട്ടുന്നതു സംബന്ധിച്ച്

വേങ്ങര ഗ്രാമപഞ്ചായത്തിൽ നിലവിൽ തട്ടാഞ്ചേരി കുടിവെള്ള പദ്ധതിയുണ്ട്. ഈ പദ്ധതിയിൽ നിന്ന് പൈപ്പ് ലൈൻ നീട്ടി കൂടുതൽ കുടുംബത്തിന് പൈപ്പ കണക്ഷൻ നൽകാൻ ഉദ്ദേശിക്കുന്നു. നിലവിൽ വേങ്ങര ഗ്രാമപഞ്ചായത്തിൽ ജലനിധി കുടിവെള്ള പദ്ധതിയുണ്ട്. പൈപ്പ് ലൈൻ നീട്ടാനും പുതിയ പൈപ്പകണക്ഷൻ നൽകാനുമായി 10.00 ലക്ഷം രൂപയുടെ പ്രോജക്ട് ഏറ്റെടുക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**26.10.2023-ലെ തീരുമാനം :-** പൈപ്പ് ലൈൻ നീട്ടാൻ ഇപ്പോൾ ഉദ്ദേശിച്ചിരിക്കുന്ന പ്രദേശത്ത് ജലജീവൻ പദ്ധതി നടപ്പാക്കുന്നുണ്ടോ എന്നും പൈപ്പലൈൻ നീട്ടുന്നതിന് ജലസ്രോതസ്സ് ഉണ്ടോ എന്നതടക്കമുള്ള ഫീസിബിലിറ്റിയും പരിശോധിച്ച് റിപ്പോർട്ട് നൽകാൻ **KWA** ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തി. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് പരിഗണിക്കുന്നതാണ്

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **1)ചീഫ് എഞ്ചിനീയർ, കേരളവാട്ടർ അതോറിറ്റി<br>2)തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്** |

19

**2.6 ഖണ്ഡിക 4.5**

**കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്ത്**

**കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 24.07.2023 ലെ കത്തും ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 08.08.2023 ലെ LSGD/BOKHD (KSD)/36/2023 -ാം നമ്പർ കത്തും (SRG 1093/23).**

**വിഷയം:-** മാലിന്യ സംസ്കരണവും മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്നതും സംബന്ധിച്ച്

| | | |
|---|---|---|
| *പ്രോ.നം: 76/24* | ***അടങ്കൽ*** | *23,85,914 രൂപ* |
| | *ശുചിത്വമിഷൻ വിഹിതം* | *18,85,914 രൂപ* |

| | *സി.എഫ്.സി റൈഡ് ഗ്രാന്റ്* | ***5,00,000 രൂപ*** |
|---|---|---|
| ***പേര്*** | **RRF ലേക്ക് ആവശ്യമായ യന്ത്രങ്ങൾ വാങ്ങുന്നത് സംബന്ധിച്ച്.** | |

കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്തിലെ അഞ്ചു ഗ്രാമപഞ്ചായത്തുകളിൽ നിന്നും അജൈവ മാലിന്യങ്ങൾ ശേഖരിച്ച് പള്ളിക്കര ഗ്രാമപഞ്ചായത്തിലെ വെള്ളത്തോളി റിസോഴ്സ് റിക്കവറി ഫെസിലിറ്റി സെന്ററിൽ ശേഖരിക്കാനും മാലിന്യ സംസ്കരണത്തിനുമാണ് പ്രോജക്ട്. ഇവിടെ 2022-23 ൽ RRF കെട്ടിട നിർമ്മാണവും അനുബന്ധ സൗകര്യങ്ങളും പൂർത്തീകരിച്ചിട്ടുണ്ട്. ഒപ്പം ഇങ്ങനെ ശേഖരിക്കുന്ന മാലിന്യങ്ങളിൽ നിന്നും പി.വി.സി പൈപ്പപോലുള്ള മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിച്ച് വരുമാനദായക പദ്ധതിയായി വിപുലീകരിക്കാൻ ഉദ്ദേശിക്കുന്നു. ഇതിനായി യന്ത്രസാമഗ്രികൾ വാങ്ങുന്നതിനാണ് പ്രോജക്ട്. ഇതിന് അനുമതി നൽകണമെന്നതു സംബന്ധിച്ച്

**26.10.2023-ലെ തീരുമാനം :-** ഈ പ്രോജക്ടിന്റെ സാങ്കേതിക സാമ്പത്തിക സാധ്യത പരിശോധിച്ച് റിപ്പോർട്ട് നൽകാൻ ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറെ ചുമതലപ്പെടുത്തി.

ഇതു സംബന്ധിച്ച റിപ്പോർട്ട്

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **1) എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വമിഷൻ<br>2)തദ്ദേശസ്വയംഭരണ(ഡബ്ല്യു.എം) വകുപ്പ്** |

20

**2.6 ഖണ്ഡിക 4.6**

**ആര്യനാട് ഗ്രാമപഞ്ചായത്ത്**

**തിരുവനന്തപുരം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 25.07.2023 ലെ കത്തുകൾ (2എണ്ണം) ആര്യനാട് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 30.06.2023 ലെ 1(10)-ാം നമ്പർ തീരുമാനവും (SRG 1034/23 - CC/478/23).**

**വിഷയം:-** ഹരിതകർമ്മ സേനയെ ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച്.

| ***പ്രോ.നം:*** 187/23 | ***അടങ്കൽ*** | ***50,000 രൂപ***<br>*(തനത് ഫണ്ട്)* |
|---|---|---|
| ***പേര്*** | **ഹരിതകർമ്മസേനയ്ക്ക് ഇൻഷ്വറൻസ്** | |

ഹരിതകർമ്മ സേനാംഗങ്ങൾ അപകടകരമായ ജോലിയാണ് ചെയ്യുന്നത് എന്നതിനാൽ അവർക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകാനുള്ള ഈ പ്രോജക്ടിന് അനുമതി നൽകണമെന്നതു സംബന്ധിച്ച്

**26.10.2023-ലെ തീരുമാനം :-** ഇത് പരിശോധിച്ച് റിപ്പോർട്ട് നൽകാൻ കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറെ ചുമതലപ്പെടുത്തി.

ഇതു സംബന്ധിച്ച റിപ്പോർട്ട്

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **1)എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ<br>2)തദ്ദേശസ്വയംഭരണ(ഡബ്ല്യു.എം) വകുപ്പ്** |

21

**2.6 ഖണ്ഡിക 4.7**

**കായംകുളം നഗരസഭ**

**കോട്ടയം ഷാരോൺ വാട്ടർസൊല്യൂഷൻ ഉടമയുടെ 03.08.2023 ലെ കത്തും നഗരകാര്യ ഡയറക്ടർ സർക്കാരിനു നൽകിയ 16.03.2022 ലെ DC1-5101/2021-ാം നമ്പർ കത്തും (SRG - 1092/23).**

**വിഷയം:-** കായംകുളം നഗരസഭയിൽ സ്ഥാപിച്ച Effluent Treatment Plant ൽ അധികമായി ചെയ്ത പ്രവൃത്തിയുടെ ബിൽതുക നൽകുന്നതു സംബന്ധിച്ച്.

കായംകുളം നഗരസഭയിൽ 2018-19 ൽ അറവുശാലയിൽ Effluent Treatment Plant (ETP) സ്ഥാപിക്കുന്നതിന് 33,85,000 രൂപയുടെ അടങ്കൽ തുകയിൽ പ്രോജക്ട് എടുത്തിരുന്നു. ഇത് ടെണ്ടർ ചെയ്തപ്പോൾ 23,50,000 രൂപ ക്വാട്ട് ചെയ്ത കോട്ടയം ഷാരോൺ വാട്ടർ സൊല്യൂഷൻ എന്ന സ്ഥാപനത്തെ പ്രവൃത്തി ഏല്പിച്ചു. ഇതനുസരിച്ച് 31.01.2019 ൽ കരാറുകാരനുമായി എഗ്രിമെന്റ് വച്ചു. പ്രവൃത്തി പൂർത്തിയാക്കി 28.03.2019 ന് ബിൽതുക കരാറുകാരന് നൽകി. എന്നാൽ നഗരസഭ ആവശ്യപ്പെട്ട പ്രകാരം ഇ.റ്റി.പിയോടനുബന്ധിച്ച് 11.50 ലക്ഷം രൂപയുടെ അധിക പ്രവൃത്തി ചെയ്തു. ഇതിന്റെ ബിൽതുക കരാറുകാരന് ലഭിച്ചില്ല. പ്രോജക്ടിന്റെ ആകെ അടങ്കൽ തുകയായ 33.85 ലക്ഷം രൂപയിൽ പരിമിതപ്പെടുത്തി ചെലവായ തുക നൽകണമെന്നതു സംബന്ധിച്ച്

**26.10.2023 തീരുമാനം** :- നഗരസഭ രേഖാമൂലം ആവശ്യപ്പെട്ടിട്ടാണോ കരാറുകാരൻ അധിക പ്രവൃത്തി ചെയ്തതെന്നതടക്കമുള്ള വിവരങ്ങൾ, അധിക പ്രവൃത്തി ചെയ്തതിന്റെ വാല്യുവേഷൻ തുക എത്രയാണെന്ന് മുനിസിപ്പൽ എഞ്ചിനീയർ പരിശോധിച്ച് അതിന്റെ റിപ്പോർട്ട് എന്നിവ സഹിതം നൽകാൻ നഗരകാര്യ ഡയറക്ടറെ ചുമതലപ്പെടുത്തി.

ഇതു സംബന്ധിച്ച റിപ്പോർട്ട്

| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | 1) നഗരകാര്യ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ് 2)തദ്ദേശസ്വയംഭരണ(ഡി.ബി) വകുപ്പ് |
|---|---|

22

**2.6 ഖണ്ഡിക 4.13**

**കൊല്ലം കോർപ്പറേഷൻ**

**കൊല്ലം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 3.10.2023 ലെ കത്തും കൊല്ലം കോർപ്പറേഷൻ സെക്രട്ടറിയുടെ 21.08.2023 ലെ PC4/25890/17-ാം നമ്പർ കത്തും (SRG/1365/23 -** CC/697/2023)

**വിഷയം:-** കൊല്ലം കോർപ്പറേഷനിൽ ചിന്നക്കടയിൽ അമിനിറ്റി സെന്ററിനു വേണ്ടി ഭാഗികമായി പൂർത്തീകരിച്ച കെട്ടിടം വഴിയോര വിശ്രമ കേന്ദ്രത്തിനു നൽകുന്നതു സംബന്ധിച്ച്

കൊല്ലം കോർപ്പറഷൻ 2018-19 വർഷം ചിന്നക്കട ക്ലോക്ക് ടവറിനു സമീപം അമിനിറ്റി സെന്റർ നിർമ്മിക്കുന്നതിനായി പ്രോജക്ട് എടുത്തിരുന്നു. (പ്രോജ.നം. 774/18- അടങ്കൽ 1.10 കോടി രൂപ). 80.50 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പിനെ പ്രവൃത്തി ഏല്പിച്ചു. ഗ്രൗണ്ട് ഫ്ലോറിന്റെ റൂഫ്, ഒന്നാം നിലയുടെ പില്ലറുകൾവരെ സ്ട്രക്ചറൽ വർക്ക് പൂർത്തിയാക്കി. ഈ കെട്ടിടം മാസ്റ്റർ പ്ലാൻ പ്രകാരം നാഷണൽ ഹൈവേയുടെ 25 മീറ്റർ വൈഡനിംഗിൽ ഉൾപ്പെടുന്നതിനാലും KMBR ചട്ടം പാലിക്കുന്നില്ലാത്തതിനാലും നിർമ്മാണം നിർത്തിവെച്ചിരിക്കുകയാണ്. KMBR ചട്ടത്തിൽ ഇളവനുവദിക്കാൻ കഴിയില്ല എന്ന് 30.07.2022 ൽ സർക്കാർ കോർപ്പറേഷനെ അറിയിച്ചിട്ടുണ്ട്. ഈ കെട്ടിടത്തിന്റെ നിർമ്മാണത്തിനായി 17,41,884 രൂപ ചെലവഴിച്ചിട്ടുണ്ട്. ഇനി 1,91,809 രൂപ കൂടി നിർമ്മാണ ഏജൻസിക്ക് നൽകണം. നിർമ്മാണം നിർത്തിവച്ചിരിക്കുന്ന ഈ കെട്ടിടം ജനോപകാരപ്രദമായ രീതിയിൽ നിർമ്മിച്ച് വഴിയോര വിശ്രമകേന്ദ്രമാക്കി മാറ്റാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**26.10.2023-ലെ തീരുമാനം** :- ഇത് അർബൻ ഡയറക്ടറും തദ്ദേശസ്വയംഭരണവകുപ്പ് ചീഫ് എഞ്ചിനീയറും സംയുക്തമായി പരിശോധിച്ച് റിപ്പോർട്ട് നൽകാൻ നിർദ്ദേശിച്ചു. ഇതനുസരിച്ച് റിപ്പോർട്ട് നൽകി.

**റിപ്പോർട്ട് :-** ഇത് മാസ്റ്റർ പ്ലാനിൽ ഉൾപ്പെട്ടതായതിനാൽ ഈ വിഷയത്തിന്മേൽ ചീഫ് ടൗൺ പ്ലാനറുടെ അഭിപ്രായം കൂടി തേടി തീരുമാനമെടുക്കുന്നതാണ് ഉചിതമെന്നറിയിച്ചിട്ടുണ്ട്.

**23**

**2.6 ഖണ്ഡിക 4.15**

**വെളിയങ്കോട് ഗ്രാമപഞ്ചായത്ത്**

**മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 25.07.2023 ലെ കത്തും വെളിയങ്കോട് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 29.11.2022 ലെ 1(10)-ാം നമ്പർ തീരുമാനവും അനുബന്ധ രേഖകളും (SRG 1016/23- CC/143/23)**

**വിഷയം:-** നടപടി ക്രമം പാലിക്കാതെ റോഡ് നിർമ്മാണം നടത്തിയതിന്റെ ബിൽ തുക നൽകുന്നതു സംബന്ധിച്ച്.

| | | |
|---|---|---|
| ***പ്രോ.നം:*** 185/24 | ***അടങ്കൽ*** | ***4,95,000 രൂപ*** |
| *പഴയ നമ്പർ 275/22, 81/23* | *വികസനഫണ്ട് - ജനറൽ* | *2,50,000 രൂപ* |
| | *മെയിന്റനൻസ് ഗ്രാന്റ് - റോഡ്* | *2,45,000 രൂപ* |
| ***പേര്*** | **ചങ്ങാടം റോഡ് വെസ്റ്റ് ഭാഗം കോൺക്രീറ്റ് പൂർത്തീകരണം** | |

വെളിയങ്കോട് ഗ്രാമപഞ്ചായത്തിന്റെ 2021-22 വാർഷിക പദ്ധതിയിൽ ഉൾപ്പെട്ട 254/22 (പേര് - ചങ്ങാടം റോഡ് മെയിന്റനൻസ്) 54/22 (പേര് ചങ്ങാടം റോഡ് റീ ടാറിംഗ്) എന്നീ പ്രവർത്തികൾ ചങ്ങാടം പാലത്തിന്റെ ഇരു വശങ്ങളിലുമായി ചെയ്തു. ഈ പ്രവൃത്തി നടന്നുകൊണ്ടിരിക്കുമ്പോൾ നാട്ടുകാരുടെ ആവശ്യം കൂടി പരിഗണിച്ച് പ്രോ.നം 54/22-ൽ പറയുന്ന റോഡ് റീ ടാറിംഗ് എന്ന പ്രവൃത്തി കോൺക്രീറ്റിംഗ് ആയി മാറ്റി പ്രവൃത്തി ചെയ്തു. നടപടിക്രമങ്ങൾ കൂടാതെ പഴയ കരാറുകാരനെ കൊണ്ടാണ് ഈ പ്രവൃത്തി ചെയ്യിപ്പിച്ചത്. പിന്നീട് ഇതിനായി 2021-22 ൽ 4.95 ലക്ഷം രൂപ വകയിരുത്തി 275/22-ാം നമ്പറായി പ്രോജക്ട് എടുത്തു. ഇതിന്റെ ബിൽ തുക 4,41,670 + GST ആണ്. ബിൽ തുക നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**26.10.2023-ലെ തീരുമാനം:-** ഇതു പരിശോധിച്ച് റിപ്പോർട്ട് നൽകാൻ തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തി. ഇതനുസരിച്ച് റിപ്പോർട്ട് നൽകി.

**റിപ്പോർട്ട്:-** നടപടിക്രമങ്ങൾ പാലിക്കാതെ ക്രമവിരുദ്ധമായാണ് പ്രവൃത്തി പൂർത്തിയാക്കിയത് എന്നത് ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ഭൗതികനേട്ടം കൈവരിച്ച സാഹചര്യത്തിൽ ഇത്തരം വീഴ്ചകൾ ആവർത്തിക്കരുതെന്ന് താക്കീത് നൽകിക്കൊണ്ട് ബിൽ തുക നൽകാൻ ശുപാർശ ചെയ്തിട്ടുണ്ട്.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **1) ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ് 2)തദ്ദേശസ്വയംഭരണ(ഡി.ബി) വകുപ്പ്** |

**24**

**2.6 ഖണ്ഡിക 4.17**

**കൊയിലാണ്ടി നഗരസഭ**

**കോഴിക്കോട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 31.07.2023 ലെ കത്തും കൊയിലാണ്ടി നഗരസഭ സെക്രട്ടറിയുടെ 28.02.2023, 10.07.2023 എന്നീ തീയതികളിലെ PWI-3680/ 2023-ാം നമ്പർ കത്തുകളും (2 എണ്ണം) അനുബന്ധരേഖകളും (SRG 1059/23 - CC/277/23)**

**വിഷയം:-** 2018-ലെ പ്രളയ സമയത്ത് തകർന്ന റോഡുകളുടെ പുനർനിർമ്മാണ ത്തിന്റെ ബിൽ തുക നൽകുന്നതു സംബന്ധിച്ച്.

കൊയിലാണ്ടി നഗരസഭയിൽ 2018 ലെ പ്രളയത്തിൽ തകർന്ന 16 വിവിധ നിർമ്മാണ പ്രവൃത്തികളുടേയും റോഡുകളുടേയും പുനരുദ്ധാരണ പ്രവൃത്തികൾ ചെയ്തു. കൗൺസിലർമാർ ആവശ്യപ്പെട്ട പ്രകാരമാണ് ഈ പ്രവൃത്തികൾ ചെയ്തത്. പ്രവൃത്തികൾ ചെയ്തതിനുശേഷമാണ് ഇതിനായി പ്രോജക്ട് തയ്യാറാക്കി ജില്ലാ ആസൂത്രണ സമിതിക്ക് നൽകിയത്. സാങ്കേതികാനുമതി, ടെണ്ടർ തുടങ്ങിയ നടപടി ക്രമങ്ങൾ നഗരസഭ പാലിച്ചില്ല. അതിനാൽ കരാറുകാർക്ക് തുക അനുവദിക്കാൻ കഴിയുന്നില്ല. ഈ പ്രവൃത്തികളുടെ വാല്യുവേഷന്റെ അടിസ്ഥാനത്തിൽ ബിൽ തുക നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്. റോഡുകളുടെ പേരും വാല്യുവേഷൻ തുകയും താഴെ ചേർത്തിരിക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തികളുടെ പേര് | വാല്യുവേഷൻ തുക |
|---|---|---|
| 1 | നഗരസഭ വരാന്തഭാഗം നവീകരണം | 3,99,808 രൂപ |
| 2 | നരനിറങ്ങി ഫുട് പാത്ത് ബാക്കി ഭാഗം നിർമ്മാണം | 1,99,324 രൂപ |
| 3 | നെല്ലൂളി താഴെ അങ്കണവാടി ഫുട്പാത്ത് നിർമ്മാണം | 3,19,831 രൂപ |
| 4 | ചെനിയേരി അങ്കണവാടി ഫുട്പാത്ത് നിർമ്മാണം | 2,72,551 രൂപ |
| 5 | GMVHSS നവീകരണം | 4,89,914 രൂപ |
| 6 | ചൂരോളിക്കുനി ഫുട്പാത്ത് ഡ്രെയിനേജ് വാർഡ് 30 | 4,99,940 രൂപ |
| 7 | പന്തലായനി വിയ്യൂർ റോഡ് | 2,99,845 രൂപ |
| 8 | കന്മനിലം റോഡ് | 3,99,583 രൂപ |
| 9 | കുറുവങ്ങാട് പോസ്റ്റ് ഓഫീസ് സെൻട്രൽ സ്കൂൾ റോഡ് | 6,26,374 രൂപ |
| 10 | മാവിൻചുവട് മണക്കുളങ്ങര റോഡ് | 4,99,511 രൂപ |
| 11 | അണേല ഐ.റ്റി.ഐ റോഡ് ടാറിംഗ് | 4,99,897 രൂപ |
| 12 | കുന്ന്യോറമല ഫുട് പാത്ത് | 4,22,205 രൂപ |
| 13 | കാഞ്ഞിരക്കണ്ടി റോഡ് 2–ാം ഘട്ടം | 1,96,846 രൂപ |
| 14 | വരകുന്ന് വനിതാ പരിശീലന കേന്ദ്രം നവീകരണം | 4,99,940 രൂപ |
| 15 | വരകുന്ന് വനിതാ പരിശീലന കേന്ദ്രം ചുറ്റമതിൽ | 4,98,620 രൂപ |
| 16 | ചെറിയ പറമ്പത്ത് റോഡ് ടാറിംഗ് | 1,44,745 രൂപ |
| | ആകെ | 62,73,934 |

1) **26.10.2023-ലെ തീരുമാനം :-1)** നടപടിക്രമങ്ങൾ ഒന്നും പാലിക്കാതെയും നഗരസഭാ തീരുമാനമില്ലാതെയും നഗരസഭാ കൗൺസിലർമാർ ആവശ്യപ്പെട്ട പ്രകാരം ആകെ 62,73,934 രൂപയുടെ പ്രവൃത്തികൾ ചെയ്തത് ഗുരുതര വീഴ്ചയാണ് എന്ന് യോഗം വിലയിരുത്തി.

2) ഇത് പരിശോധിച്ച് റിപ്പോർട്ട് നൽകാൻ ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തി. ഇത് സംബന്ധിച്ച റിപ്പോർട്ട്.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **1) ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ് 2)തദ്ദേശസ്വയംഭരണ(ഡി.ബി) വകുപ്പ്** |

25

**2.6 ഖണ്ഡിക 4.18**

**വട്ടവട ഗ്രാമപഞ്ചായത്ത്**

**തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 22.06.2023 ലെ LSGD/PD/42807/2023/DPLAI നമ്പർ കത്തും വട്ടവട ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 06.06.2023 ലെ DGPM09/GPO/23/856–ാം നമ്പർ കത്തും (SRG 918/23).**

**വിഷയം:-** വട്ടവട ഗ്രാമപഞ്ചായത്തിൽ നിർമ്മാണ പ്രവൃത്തികൾക്ക് അധിക നിരക്ക് നിശ്ചയിക്കണമെന്നത് സംബന്ധിച്ച്.

വട്ടവട ഗ്രാമപഞ്ചായത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾക്ക് നിലവിൽ മൂന്നാർ കോസ്റ്റ് ഇൻഡക്സിന്റെ അടിസ്ഥാനത്തിൽ 10 ശതമാനം അധികനിരക്കിലാണ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നത്. നിർമ്മാണ സാമഗ്രികൾ ഇവിടെയെത്താൻ ദൂരക്കൂടുതലുള്ളതു കൊണ്ട് 20 ശതമാനമെങ്കിലും അധിക നിരക്ക് ലഭ്യമായെങ്കിൽ മാത്രമേ കരാറുകാർ പ്രവൃത്തി ഏറ്റെടുക്കാൻ തയ്യാറാവൂ എന്നറിയിച്ചിരിക്കുന്നു. അതിനാൽ വട്ടവട ഗ്രാമപഞ്ചായത്തിന് തദ്ദേശസ്വയംഭരണവകുപ്പ് ചീഫ് എഞ്ചിനീയർ പ്രത്യേകം കോസ്റ്റ് ഇൻഡക്സ് നിശ്ചയിച്ച് നൽകണമെന്നത് സംബന്ധിച്ച്

**26.10.2023-ലെ തീരുമാനം :-** ഈ പ്രദേശത്തെ മാർക്കറ്റ് നിരക്ക് കൂടി പരിശോധിച്ച് റിപ്പോർട്ട് നൽകാൻ തദ്ദേശസ്വയംഭരണവകുപ്പ് ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തി.

ഇതു സംബന്ധിച്ച റിപ്പോർട്ട്

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **1) ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്**<br>**2)തദ്ദേശസ്വയംഭരണ(ഡി.ബി) വകുപ്പ്** |

26

**2.6 ഖണ്ഡിക 4.33**

**റബ്ഫാം പ്രൊഡ്യൂസർ കമ്പനി (RUBFARM)**

**റബ്ഫാം പ്രൊഡ്യൂസർ കമ്പനി ചെയർമാന്റെ 20.06.2023 ലെ കത്ത് (SRG** 1050**/23)**

**വിഷയം:-** റബ്ബർ നിർമ്മിതമായ ചെടിച്ചട്ടികൾ കൃഷി ആവശ്യത്തിനും മറ്റും ഉപയോഗിക്കുന്നതു സംബന്ധിച്ച്.

റബ്ബർ ഉല്പാദന മേഖലയിലെ ഒരു ഫാർമർ പ്രൊഡ്യൂസർ കമ്പനിയാണ് RUBFARM. ചെറുകിട റബ്ബർ കർഷകരുടെ കൂട്ടായ്മ എന്ന നിലയിലാണ് ഇതു രൂപീകരിച്ചിരിക്കുന്നത്. പ്രകൃതിദത്ത റബ്ബർ ഉപയോഗിച്ചു കൊണ്ടുള്ള റബ്ബർ ചെടിചട്ടികൾ RUBFARM ഉല്പാദിപ്പിക്കുന്നുണ്ട്. കുറഞ്ഞത് 10 വർഷമെങ്കിലും ഇത് ഉപയോഗിക്കാമെന്നറിയിച്ചിട്ടുണ്ട്. കൃഷി ആവശ്യത്തിന് ഗ്രോബാഗിനു പകരം റബ്ബർ ചെടിചട്ടികൾ ഉപയോഗിക്കാൻ പ്രോത്സാഹിപ്പിക്കണമെന്നും ഇതിന് സബ്സിഡി നൽകാൻ നടപടി സ്വീകരിക്കണമെന്നുമുള്ള ആവശ്യം സംബന്ധിച്ച്.

**26.10.2023-ലെ തീരുമാനം :-** റബ്ബർ ബോർഡിന്റെയും കൃഷി ഡയറക്ടറുടെയും അഭിപ്രായം തേടി റബ്ബർ ചട്ടിയുടെ ഉപയോഗം സംബന്ധിച്ച സാങ്കേതിക വശം കൂടി പരിശോധിച്ചും സ്പെസിഫിക്കേഷൻ, വലുപ്പം തുടങ്ങിയവ സംബന്ധിച്ചും റിപ്പോർട്ട് നൽകുവാൻ ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറെ ചുമതലപ്പെടുത്തി.

ഇതു സംബന്ധിച്ച റിപ്പോർട്ട്

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **1) എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ**<br>**2)തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്** |

**2.7 കോഓർഡിനേഷൻ കമ്മിറ്റിയുടെ 14.11.2023-ലെ യോഗ തീരുമാനപ്രകാരം നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ**

27

**2.7 ഖണ്ഡിക 3.6**

നിർമ്മാണ മേഖലയിൽ പ്രീ ഫാബ് സാങ്കേതികവിദ്യ ഉപയോഗിക്കുന്ന സ്ഥാപനങ്ങളുടെ ഒരു പാനൽ തദ്ദേശസ്വയംഭരണ ചീഫ് എഞ്ചിനീയർ തയ്യാറാക്കണം. ഈ സാങ്കേതികവിദ്യ എവിടെയൊക്കെ ഉപയോഗിക്കാമെന്നതടക്കമുള്ള ചട്ടക്കൂട് തയ്യാറാക്കണം. ഇതിനായി കിലയുടെ സഹായവും തേടാവുന്നതാണ്.

ഇതു സംബന്ധിച്ച റിപ്പോർട്ട്

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **1)ചീഫ് എഞ്ചിനീയർ, തസ്വഭവ**<br>**2)ഡയറക്ടർ ജനറൽ, കില**<br>**3)തദ്ദേശസ്വയംഭരണ (ഡി.ബി)വകുപ്പ്** |

28

**2.7 ഖണ്ഡിക 4.21**

**പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്ത്**

**പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 26.06.2023ലെ കത്തും അനുബന്ധ രേഖകളും (SRG** 974**/23, SRG 925/23)**

**വിഷയം:-** വടക്കുമ്പാട് ജി.എൽ.പി സ്കൂൾ കെട്ടിടത്തിന്റെ വൈദ്യുതീകരണം സംബന്ധിച്ച്.

പേരാമ്പ്ര ബ്ലോക്ക് പരിധിയിൽപ്പെട്ട ചങ്ങോരത്ത് ഗ്രാമപഞ്ചായത്തിലെ വടക്കുമ്പാട് ജി.എൽ.പി സ്കൂൾ കെട്ടിട നിർമ്മാണത്തിന് 2018-19ൽ MPLAD- യിൽ 13.20 ലക്ഷം രൂപ

അനുവദിച്ചിരുന്നു. കെട്ടിടത്തിന്റെ വൈദ്യുതീകരണവും ഉൾപ്പെടുത്തിയിരുന്നു. 01.11.2021 ൽ ഈ കെട്ടിടത്തിന്റെ ഫൈനൽ ബിൽ സമർപ്പിക്കുകയും 24.03.2023 ന് ബിൽ തുകയായ 7,70,078 രൂപ കരാറുകാരന് കൈമാറുകയും ചെയ്തു. എന്നാൽ ഈ കെട്ടിടത്തിൽ വൈദ്യുതീകരണ പ്രവൃത്തി ചെയ്തിരുന്നില്ല. ഫൈനൽ ബിൽ നൽകുന്നതിന് മുമ്പ് (19.03.2022) വൈദ്യുതീകരണത്തിന് ടെണ്ടർ ചെയ്ത് കരാറുകാരനെ ഏല്പിക്കുകയും ജോലി പൂർത്തിയാക്കി 1,68,714 രൂപയുടെ ബിൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ബഹു.രാജ്യസഭാ എം.പി ശ്രീ കെ.കെ രാഗേഷിന്റെ കാലാവധി കഴിഞ്ഞതിനാലും കെട്ടിടത്തിന്റെ ഫൈനൽ ബിൽ നൽകിയതിനാലും MPLADയിൽ നിന്ന് ഇനി തുക നൽകാൻ കഴിയില്ല എന്നറിയിച്ചിട്ടുണ്ട്.

ഈ സാഹചര്യത്തിൽ കെട്ടിടം വൈദ്യുതീകരിച്ചതിന്റെ ബിൽ തുകയായ 1,68,714 രൂപ ബ്ലോക്ക് പഞ്ചായത്തിൽ നിന്നു നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**<u>14.11.2023 -ലെ തീരുമാനം :-</u>** 1) എസ്റ്റിമേറ്റിലുള്ള വൈദ്യുതീകരണം നടത്താതെ ഫൈനൽ ബിൽ ജില്ലാ പ്ലാനിംഗ് ഓഫീസർക്കു നൽകിയത് നിർവ്വഹണ ഉദ്യോഗസ്ഥനായ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടേയും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടേയും വീഴ്ചയാണെന്നും ബിൽ തുക നൽകുന്നതിനു മുമ്പ് ഇലക്ട്രിഫിക്കേഷൻ നടത്തിയിട്ടുണ്ടെന്ന് ജില്ലാ പ്ലാനിംഗ് ഓഫീസർ ഉറപ്പുവരുത്തേണ്ടതായിരുന്നുവെന്നും യോഗം നിരീക്ഷിച്ചു

2) ഇതിന്മേൽ വിശദമായ റിപ്പോർട്ട് നൽകാൻ കോഴിക്കോട് ജില്ലാ പ്ലാനിംഗ് ഓഫീസറെ ചുമതലപ്പെടുത്തിയ പ്രകാരം റിപ്പോർട്ട് നൽകി.

**<u>റിപ്പോർട്ട് :-</u>** ബഹു. രാജ്യസഭാ എം.പി ശ്രീ. കെ.കെ. രാഗേഷ് ന്റെ 2018-19 വർഷത്തെ **MPLAD** പദ്ധതിയിൽ വടക്കുമ്പാട് **GLPS** കെട്ടിട നിർമ്മാണത്തിനും വൈദ്യുതീകരണത്തിനായി 75,000 രൂപ ഉൾപ്പെടെ ആകെ 13.20 ലക്ഷം രൂപയുടെ ഭരണാനുമതി 22.02.2019-ന് നൽകിയിരുന്നു. ക്ലാസ്സ് റൂമിനോടൊപ്പം സ്റ്റെയർകേസ്, വൈദ്യുതീകരണവും ഉൾപ്പെടുത്തിയിരുന്നു. എന്നാൽ പിന്നീട് വൈദ്യുതീകരണം, സ്റ്റെയർകേസ് എന്നിവ ഒഴിവാക്കി ഒരു ക്ലാസ്സ് റൂം കൂടി അധികമായി ഉൾപ്പെടുത്തി 7,70,108 രൂപയുടെ പുതുക്കിയ ഭരണാനുമതി 09.10.2021-നു നൽകി. പുതിയ സ്റ്റെയർകേസ് ഒഴിവാക്കിയെങ്കിലും പഴയ മറ്റൊരു സ്റ്റെയർകേസ് ഉണ്ട്. ഇതനുസരിച്ച് സിവിൾ വർക്ക് പൂർത്തീകരിക്കുകയും 04.01.2022-ന് ബിൽ ഫിനാൻസ് ഓഫീസർക്ക് നൽകി. പിന്നീട് 06.01.2022-ന് 4,90,977 രൂപയ്ക്ക് വൈദ്യുതീകരണം കൂടി ഉൾപ്പെടുത്തി 13.20 ലക്ഷം രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റ് പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി നൽകി. പുതിയ ക്ലാസ്സ് മുറിക്ക് പകരം സ്കൂളിന്റെ മൊത്തം വൈദ്യുതീകരണത്തിനാണ് എസ്റ്റിമേറ്റ് നല്കിയത്. ബഹു. എം.പി.യുടെ കാലാവധി 2021 ഏപ്രിൽ അവസാനിച്ചു. അക്കൗണ്ട് ക്ലോസ് ചെയ്തു. വൈദ്യുതീകരണം ഉൾപ്പെടുത്തിയ പുതുക്കിയ എസ്റ്റിമേറ്റിന് ഭരണാനുമതി ലഭിച്ചില്ല. എന്നാൽ ബ്ലോക്ക് പഞ്ചായത്തിൽ നിന്ന് എഗ്രിമെന്റ് വച്ചു വൈദ്യുതീകരണം പൂർത്തിയാക്കി ഇതിന്റെ ബിൽ ജില്ലാ പ്ലാനിംഗ് ഓഫീസിൽ സമർപ്പിച്ചിട്ടില്ല.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | 1) **ജില്ലാ പ്ലാനിംഗ് ഓഫീസർ, കോഴിക്കോട്**<br>**2) തദ്ദേശസ്വയംഭരണ (ഡി.ബി)വകുപ്പ്** |

29

**<u>2.7 ഖണ്ഡിക 4.37</u>**

**<u>കുന്നുമ്മൽ ബ്ലോക്ക് പഞ്ചായത്ത്</u>**

**കോഴിക്കോട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 27.09.2023 ലെ കത്തും കുന്നുമ്മേൽ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 18.09.2023, 12.10.2023 എന്നീ തീയതികളിലെ കത്തുകളും അനുബന്ധരേഖകളും (SRG/1338/23** - CC/**734**/2023)

**വിഷയം:-** ഭിന്നശേഷി വിഭാഗക്കാരുടെ ക്ഷേമത്തിനുവേണ്ടിയുള്ള എനേബ്ലിംഗ് കോഴിക്കോട് പദ്ധതി നടപ്പാക്കുന്നത് സംബന്ധിച്ച്

| പ്രോ.നം: 42/24 | അടങ്കൽ | 10,00,000/- രൂപ |
|---|---|---|
| | വികസനഫണ്ട് ജനറൽ | 7,00,000 രൂപ |
| | ജില്ലാപഞ്ചായത്ത് വിഹിതം | 3,00,000 രൂപ |
| **പേര്** | **എനേബ്ലിംഗ് കോഴിക്കോട് - കുന്നുമ്മൽ CDMC ഓണറേറിയം** | |

കോഴിക്കോട് ജില്ലയിലെ ഭിന്നശേഷി വിഭാഗക്കാരുടെ ക്ഷേമത്തിനു വേണ്ടി കുട്ടികളുടെ ശാരീരികവും മാനസികവുമായ കഴിവുകൾ പരിപോഷിപ്പിക്കുന്നതിന് എനേബ്ലിംഗ് കോഴിക്കോട് എന്ന പദ്ധതി എല്ലാ സി.എച്ച്.സി തലത്തിലും നടപ്പാക്കാൻ 2021-22ൽ ജില്ലാ കളക്ടർ നിർദ്ദേശിച്ചിരുന്നു. എനേബ്ലിംഗ് കോഴിക്കോട് പദ്ധതിയുടെ ഭാഗമായി കുന്നുമ്മൽ ബ്ലോക്ക് പഞ്ചായത്ത് Community Disability Management Centre (CDMC) ലേക്ക് ഓണറേറിയം വ്യവസ്ഥയിൽ താഴെ പറയുന്നവരെ നിയമിക്കാൻ പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്. 2021-22, 2022-23 വർഷം നൂതന പ്രോജക്ടായി ഇതിന് അനുമതി നൽകിയെങ്കിലും ഈ വർഷം ഈ പദ്ധതിക്ക് അനുമതി നൽകിയില്ല. താഴെ പറയും പ്രകാരമാണ് നിയമനം നടത്താൻ ഉദ്ദേശിക്കുന്നത്.

| തസ്തിക | പ്രതിമാസ വേതനം |
|---|---|
| സൈക്കോ തെറാപ്പിസ്റ്റ് | 26,400 രൂപ |
| സ്പീച്ച് തെറാപ്പിസ്റ്റ് | 26,400 |
| സ്പെഷ്യൽ എഡ്യൂക്കേറ്റർ | 17,250 രൂപ |

മുകളിൽ പറഞ്ഞ പ്രകാരം വേതനം നൽകുന്നതിന് അനുമതി നൽകണമെന്നതു സംബന്ധിച്ച്

**<u>14.11.2023-ലെ തീരുമാനം:-</u> 1)** തനത് ഫണ്ടുപയോഗിച്ച് മുകളിൽ പറഞ്ഞ വിഭാഗത്തിൽപ്പെട്ട ഒരാളെ വീതം ഈ വർഷത്തേയ്ക്ക് നിയമിക്കാൻ അനുമതി നൽകുന്നു.

**2)** ഈ പ്രോജക്ട് ജില്ലയിലാകെ നടപ്പാക്കുന്ന പ്രോജക്ടാണെന്ന് യോഗം നിരീക്ഷിച്ചു. ഏതൊക്കെ സി.എച്ച്.സി കളിലാണ് ഈ പ്രോജക്ട് 2021-22 മുതൽ നടപ്പാക്കുന്നത്, ഇതിന് ഏതൊക്കെ രീതിയിലാണ് ഫണ്ട് കണ്ടെത്തുന്നത്, ഓരോ സ്ഥാപനത്തിലും എത്രപേർ (വർഷം തിരിച്ച്) സേവനം നൽകുന്നുണ്ട്, എത്രപേരെ വീതമാണ് നിയമിച്ചിട്ടുള്ളത് വേതന നിരക്ക് എത്രയാണ്, നിർവ്വഹണ ഉദ്യോഗസ്ഥൻ ആരാണ്, ത്രിതല തദ്ദേശഭരണസ്ഥാപനങ്ങൾ സംയുക്തമായാണോ ഇത് നടപ്പാക്കുന്നത് എന്നതടക്കമുള്ള വിശദമായ റിപ്പോർട്ട് നൽകാൻ കോഴിക്കോട് ജില്ലാ പ്ലാനിംഗ് ഓഫീസറെ ചുമതലപ്പെടുത്തിയ പ്രകാരം റിപ്പോർട്ട് നൽകി.

**റിപ്പോർട്ട് :-** കോഴിക്കോട് ജില്ലയിൽ ഭിന്നശേഷിക്കാരുടെ ക്ഷേമത്തിനും കുട്ടികളുടെ ശാരീരികവും മാനസികവുമായ കഴിവുകൾ പരിപോഷിപ്പിക്കുന്നതിനുമായി എനേബ്ലിംഗ് കോഴിക്കോട് എന്ന പേരിൽ ജില്ലയിൽ 6 ബ്ലോക്ക് സി.എച്ച്.സി.കളിൽ കമ്മ്യൂണിറ്റി ബേസ്ഡ് ഡിസെബിലിറ്റി മാനേജ്മെന്റ് സെന്റർ (CDMC) പ്രവർത്തിക്കുന്നുണ്ട്. കോഴിക്കോട് ജില്ലാ പഞ്ചായത്ത്, ജില്ലാ ഭരണകൂടം, സാമൂഹ്യനീതി വകുപ്പ് എന്നിവരുടെ സംയുക്താഭിമുഖ്യത്തിലാണ് പദ്ധതി നടപ്പാക്കുന്നത്. ബ്ലോക്ക് പഞ്ചായത്തിന്റെ നേതൃത്വത്തിൽ ഗ്രാമപഞ്ചായത്തുകളുടെ പദ്ധതി വിഹിതം കൂടി ഉപയോഗിച്ചാണ് പ്രോജക്ട് നടപ്പാക്കുന്നത്. കോഴിക്കോട് ജില്ലയിൽ 12 ബ്ലോക്ക് പഞ്ചായത്തുകളിൽ കോഴിക്കോട്, കൊടുവള്ളി, ചേളന്നൂർ, കുന്നുമ്മൽ, ബാലുശ്ശേരി, വടകര എന്നീ ബ്ലോക്കുകളിലെ CHC കളിൽ CDMC കൾ ആരംഭിച്ചിട്ടുണ്ട്. ഈ ബ്ലോക്കുകളിലെ (6 എണ്ണം) CDMC കളിൽ ക്ലിനിക്കൽ സൈക്കോളജിസ്റ്റ്, റിഹാബിലിറ്റേഷൻ സൈക്കോളജിസ്റ്റ്, ഫിസിയോ തെറാപ്പിസ്റ്റ്, സ്പീച്ച് തെറാപ്പിസ്റ്റ്, സ്പെഷ്യൽ എഡ്യുക്കേറ്റർ എന്നിവരെ നിയമിക്കേണ്ടതാണെന്ന് 15.06.2021-ലെ 1/2021/DPC/DPO/KKD നമ്പർ പ്രകാരം കോഴിക്കോട് ജില്ലാ കളക്ടർ ഉത്തരവായിട്ടുണ്ട്. ഇവരുടെ ദിവസ വേതനം/കരാർ ജീവനക്കാരുടെ വേതനം 11.02.2021 -ലെ 29/2021/ധന നമ്പർ സർക്കാർ ഉത്തരവു പ്രകാരമായിരിക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ജില്ലാ മിനറൽ ഫൗണ്ടേഷൻ ട്രസ്റ്റിന്റെ CSR ഫണ്ട് ഉപയോഗിച്ച് NHM -ന്റെ മേൽനോട്ടത്തിലാണ് സെന്ററുകൾ പൂർത്തിയാക്കിയിട്ടുള്ളത്. ഇനി ആറ് ബ്ലോക്ക് പഞ്ചായത്ത് CHC - കളിൽ കൂടി CDMC കൾ ആരംഭിക്കാനുണ്ട്. CDMC കളുടെ പ്രവർത്തനം മെച്ചപ്പെട്ട രീതിയിൽ നടക്കുന്നുണ്ട് എന്ന് ജില്ലാ പ്ലാനിംഗ് ഓഫീസർ അറിയിച്ചിട്ടുണ്ട്.

ബ്ലോക്ക് പഞ്ചായത്ത് നടപ്പാക്കുന്ന ഈ പ്രോജക്ടിൽ ജില്ലാ പഞ്ചായത്തും ഗ്രാമപഞ്ചായത്തും വിഹിതം നൽകുന്നുണ്ട്. കഴിഞ്ഞ വർഷങ്ങളിൽ വകയിരുത്തിയിരുന്ന വിഹിതം സംബന്ധിച്ച് താഴെചേർക്കുന്നു. ഓരോ CDMCസംബന്ധിച്ചും വിശദമായ റിപ്പോർട്ട് ജില്ലാ പ്ലാനിംഗ് ഓഫീസർ നൽകിയിട്ടുണ്ട്.

| ക്രമ നം | ബ്ലോക്ക് പഞ്ചായത്തിന്റെ പേര് | വകയിരുത്തിയിരിക്കുന്ന വിഹിതം | | |
|---|---|---|---|---|
| | | ബ്ലോക്ക് പഞ്ചായത്ത് | ജില്ലാ പഞ്ചായത്ത് | ഗ്രാമപഞ്ചായത്ത് |
| 1 | കോഴിക്കോട് (2021-22 മുതൽ 2023-24 വരെ) | 55,45,814 | 8,00,000 | 16,00,000 |
| 2 | കുന്നമ്മൽ (2021-22 മുതൽ 2023-24 വരെ) | 21,19,111 | 3,00,000 | 0 |
| 3 | വടകര (2021-22 മുതൽ 2023-24 വരെ) | 30,79,975 | 5,40,000 | 1,67,425 |
| 4 | ചേളന്നൂർ (2021-22 മുതൽ 2023-24 വരെ) | 23,57,312 | 5,85,000 | 5,85,000 |
| 5 | ബാലുശ്ശേരി (2021-22 മുതൽ 2023-24 വരെ) | 21,00,000 | 4,50,000 | 10,50,000 |
| 6 | കൊടുവള്ളി (2021-22 മുതൽ 2023-24 വരെ) | 8,40,100 | 4,70,000 | 6,00,000 |

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | 1) **ജില്ലാ പ്ലാനിംഗ് ഓഫീസർ, കോഴിക്കോട്** **2)തദ്ദേശസ്വയംഭരണ (ഡി.ഇ)വകുപ്പ്** |

30

**2.7 ഖണ്ഡിക 4.55**
**ദേവികുളം ബ്ലോക്ക് പഞ്ചായത്ത്**
**ഇടുക്കി ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 07.10.2023-ലെ കത്ത് (SRG/ 1304/23 – CC/789/2023)**

**വിഷയം:-** ഇടമലക്കുടി ഗ്രാമപഞ്ചായത്തിൽ സോളാർ ലാമ്പ് വിതരണം ചെയ്യുന്നത് സംബന്ധിച്ച്

ഇടമലക്കുടി ഗ്രാമപഞ്ചായത്തിലെ കുടുംബങ്ങൾക്ക് ദേവികുളം ബ്ലോക്ക് പഞ്ചായത്തിൽ നിന്ന് നേരിട്ട് സോളാർ ലാമ്പ് വിതരണം ചെയ്യാൻ ഉദ്ദേശിക്കുന്നു. ഇതിനുള്ള പ്രോജക്ട് തയ്യാറാക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**14.11.2023-ലെ തീരുമാനം :-** ഇടമലക്കുടിയിൽ ഇനി സോളാർ ലാമ്പു നൽകണമോ എന്നു പരിശോധിച്ച് റിപ്പോർട്ട് നൽകാൻ പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തിയ പ്രകാരം റിപ്പോർട്ട് നൽകി.

**റിപ്പോർട്ട്:-** ഇടമലക്കുടി ഗ്രാമപഞ്ചായത്തിലെ ഷെഡ്കുടി, ഇഡലിപ്പാറക്കുടി, പുതുക്കുടി, നടുക്കുടി എന്നിവിടങ്ങൾ പൂർണ്ണമായും വൈദ്യുതീകരിച്ചിട്ടുണ്ട്. ആണവൻകുടി, അമ്പലപ്പടിക്കുട, അമ്പലപ്പാറക്കുടി, കണ്ടത്തിക്കുടി എന്നിവിടങ്ങൾ വൈദ്യുതീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. പരപ്പയാർക്കുടി, വെള്ളവരക്കുടി, പെരുങ്കടവ്കുടി, പാറക്കുടി, നൂറടിക്കുടി, മീങ്കത്തിക്കുടി, കവക്കാട്ടുക്കുടി, കൂടല്ലൂർക്കുടി, നെൻമണൽക്കുടി, മുളക് തറക്കുടി, മേൽപ്പട്ടംകുടി, കീഴ്പ്പട്ടംക്കുടി, ഇരുപ്പുകല്ലുംക്കുടി, കീഴ്വളയാപ്പാറക്കുടി എന്നിവിടങ്ങൾ താരതമ്യേന വിദൂര സ്ഥലങ്ങളാണ്. അതിനാൽ ഈ സ്ഥലങ്ങളിൽ സോളാർ ലാമ്പ് വിതരണം ചെയ്യാൻ അനുമതി നൽകാവുന്നതാണ്.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | 1) **പട്ടികവർഗ്ഗവികസന വകുപ്പ് ഡയറക്ടർ** **2)തദ്ദേശസ്വയംഭരണ (ഡി.ഇ)വകുപ്പ്** |

31

**2.7 ഖണ്ഡിക 4.56**

**കാറളം ഗ്രാമപഞ്ചായത്ത്**

**തൃശ്ശൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 13.07.2023 ലെ കത്തും കാറളം ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 10.02.2023 ലെ 29(1)-ാം നമ്പർ തീരുമാനവും അനുബന്ധരേഖകളും (SRG 1011/23 – CC/190/23).**

**വിഷയം-** കുടുംബശ്രീ യൂണിറ്റിൽ നിന്നും LED ലൈറ്റുകൾ വാങ്ങുന്നതു സംബന്ധിച്ച്.

| | | |
|---|---|---|
| ***പ്രോ.നം:*** 160/23<br>(പുതിയ നമ്പർ 145/24) | ***അടങ്കൽ*** | ***60,000 രൂപ***<br>*(വികസനഫണ്ട് ജനറൽ)* |
| ***പേര്*** | **കാറളം ഗ്രാമപഞ്ചായത്തിലെ കുടുംബശ്രീയിൽ നിന്നും LED ബൾബ് വാങ്ങൽ** | |

കാറളം ഗ്രാമപഞ്ചായത്തിൽ സൂര്യപ്രഭ LED യൂണിറ്റ് എന്ന പേരിൽ ഒരു സംരംഭക യൂണിറ്റ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. RAY-2 എന്ന പേരിൽ ബൾബു നിർമ്മിച്ച വിതരണം ചെയ്യാനുള്ള തയ്യാറെടുപ്പിലാണ്. 06.09.2018 ലെ 2385/2018/LSGD നമ്പർ ഉത്തരവു പ്രകാരം കുടുംബശ്രീ വനിതകളുടെ നേതൃത്വത്തിൽ ആരംഭിച്ചിട്ടുള്ള ബൾബ് നിർമ്മാണം / സ്ട്രീറ്റ് ലൈറ്റ് റിപ്പയറിംഗ് യൂണിറ്റുകളിൽ നിന്ന് ടെണ്ടർനടപടി കൂടാതെ LED ബൾബുകൾ വാങ്ങുന്നതിനും സ്ട്രീറ്റ് ലൈറ്റ് റിപ്പയറിംഗ് വർക്കുകൾ ഈ യൂണിറ്റുകളെ ഏല്പിക്കുന്നതിനും അനുമതിയുണ്ട്. മുകളിൽ പറഞ്ഞ ഉത്തരവിൽ ഓരോ ജില്ലകളിലേയും അംഗീകരിച്ച കുടുംബശ്രീ യൂണിറ്റുകളുടെ പേര് പറഞ്ഞിട്ടുണ്ട്. പുതിയ യൂണിറ്റായതിനാൽ മുകളിൽ പറഞ്ഞ യൂണിറ്റിന്റെ പേര് ഉത്തരവിൽ ഇല്ല. ഈ യൂണിറ്റിന്റെ ഗുണനിലവാര പരിശോധന നടത്തി തൃശ്ശൂർ ഗവ.എഞ്ചിനീയറിംഗ് കോളേജിൽ നിന്നു സാക്ഷി പത്രം ലഭിച്ചിട്ടുണ്ട്. ഈ യൂണിറ്റിൽ നിന്ന് ടെണ്ടർ ഒഴിവാക്കി LED ബൾബ് വാങ്ങാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**14.11.2023 ലെ തീരുമാനം :-** ഇതു പരിശോധിച്ച് റിപ്പോർട്ട് നൽകാൻ കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറെ ചുമതലപ്പെടുത്തി.

ഇതു സംബന്ധിച്ച റിപ്പോർട്ട്

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | 1) **എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ**<br>2) **തദ്ദേശസ്വയംഭരണ (ഡി.ബി)വകുപ്പ്** |

32

**2.7 ഖണ്ഡിക 4.63**

**എടവക ഗ്രാമപഞ്ചായത്ത്**

**വയനാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 07.08.2023-ലെ കത്തും എടവക ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 08.05.2023-ലെ 11(1)-ാം നമ്പർ തീരുമാനവും 30.06.2023 -ലെ 6(5)-ാം നമ്പർ തീരുമാനവും (SRG/ 1109/23 - CC/521/23).**

**വിഷയം:-** പത്മശ്രീ ജേതാവായ ശ്രീ. ചെറുവയൽ രാമന് വീട് നിർമ്മിച്ച നൽകുന്നത് സംബന്ധിച്ച്

| | | |
|---|---|---|
| ***പ്രോ.നം:*** 397/24 | ***അടങ്കൽ*** | ***20,00,000 രൂപ***<br>*(TSP)* |
| ***പേര്*** | **സമഗ്ര കോളനി വികസനം** | |

പാരമ്പര്യ നെൽവിത്തുകളുടെ സംരക്ഷകനും പ്രചാരകനുമാണ് പത്മശ്രീ ജേതാവായ ശ്രീ. ചെറുവയൽ രാമൻ. ശ്രീ.ചെറുവയൽ രാമൻ ഇപ്പോൾ താമസിക്കുന്ന വീടിന് നൂറു വർഷത്തിലധികം പഴക്കമുണ്ട്. പുരസ്കാരങ്ങൾ സൂക്ഷിക്കാനും വീട്ടിലുള്ളവർക്ക് താമസിക്കാനും മതിയായ സൗകര്യം ഇവിടെയില്ല. ലൈഫ് ഭവന പദ്ധതിയടക്കമുള്ള ഭവനപദ്ധതിയിലൊന്നും ഇദ്ദേഹം ഉൾപ്പെട്ടിട്ടില്ല. കുറിച്യ സമുദായാംഗമായ ശ്രീ. ചെറുവയൽ രാമൻ നിലവിൽ താമസിക്കുന്ന വീട് കൂട്ടുകുടുംബ വ്യവസ്ഥയിലുള്ള സ്ഥലത്താണ്. സ്ഥല സംബന്ധമായി കോടതി വ്യവഹാരങ്ങൾ കാരണം ഇവിടെ വീടു നിർമ്മിക്കുന്നതിന് സാധിക്കുകയില്ല. അതിനാൽ സമഗ്ര കോളനി വികസനം പദ്ധതിയിലെ 20.00 ലക്ഷം രൂപ

ഉപയോഗിച്ച് സ്ഥലം വാങ്ങി കേരളത്തിന്റെ പൈതൃക മാതൃകയിലുള്ള വീട് നിർമ്മിച്ചു നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**14.11.2023 ലെ തീരുമാനം :-** പ്രത്യേക പരിഗണന നൽകി പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നും സ്ഥലവും വീടും നൽകാൻ കഴിയുമോ എന്നു പരിശോധിച്ചു റിപ്പോർട്ട് നൽകാൻ പട്ടികവർഗ്ഗവികസനവികുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തിയ പ്രകാരം റിപ്പോർട്ട് നൽകി.

**റിപ്പോർട്ട്:-** ശ്രീ. ചെറുവയൽ രാമന് സ്ഥലം വാങ്ങി വീട് നിർമ്മിക്കുന്നതിന് പട്ടികവർഗ്ഗ വികസന വകുപ്പിലേയ്ക്കുള്ള അദ്ദേഹത്തിന്റെ അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് വിഷയം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി സർക്കാർ അനുമതി ലഭിക്കുന്ന മുറയ്ക്ക് ധനസഹായം നൽകുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **1) ഡയറക്ടർ, പട്ടികവർഗ്ഗവികസന വകുപ്പ്<br>2)തദ്ദേശസ്വയംഭരണ (ഡി.ഇ) വകുപ്പ്** |

33

**2.7 ഖണ്ഡിക 4.71**

**കണ്ണൂർ ജില്ലാ പഞ്ചായത്ത്**

**കണ്ണൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 05.08.2023 ലെ കത്തും കണ്ണൂർ ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 29.07.2023 ലെ B8-1407/2023-ാം നമ്പർ കത്തും (SRG 1113/23 - CC/567/23).**

**വിഷയം:-** ജന്റർ റിസോഴ്സ് സെന്ററിന്റെ നടത്തിപ്പിനായി വാച്ച്മാനടക്കമുള്ളവരെ നിയമിക്കുന്നത് സംബന്ധിച്ച്.

| | | |
|---|---|---|
| ***പ്രോ.നം:*** 100/24 | ***അടങ്കൽ*** | ***8,00,000 രൂപ*** |
| | *വികസനഫണ്ട് - ജനറൽ* | *5,00,000 രൂപ* |
| | *തനത് ഫണ്ട്* | *3,00,000 രൂപ* |
| ***പേര്*** | **ജന്റർ റിസോഴ്സ് സെന്റർ തുടർ പ്രവർത്തനം** | |

കണ്ണൂർ ജില്ലാ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ചുട്ടകപ്പാറയിലെ ആസ്ഥാനത്തിൽ പ്രവർത്തിക്കുന്ന ജന്റർ റിസോഴ്സ് സെന്ററിലേക്ക് കൗൺസിലർ കം കോഓർഡിനേറ്റർ, വാച്ച്മാൻ, കാഷ്വൽ സ്വീപ്പർ എന്നിവരെ 2021-22 വർഷം നിയമിച്ചിരുന്നു. ഇതിന്മേൽ ഓഡിറ്റ് കുറിപ്പുണ്ട്. അതിനാൽ ഇപ്രകാരം നിയമിച്ചതിന് സാധൂകരണം നൽകണമെന്നും ഈ വർഷവും ഇവരെ നിയമിക്കുന്നതിനുള്ള പ്രോജക്ടിന് അനുമതി നൽകണമെന്നതു സംബന്ധിച്ച്. ജന്റർ റിസോഴ്സ് സെന്ററിനോട് ചേർന്ന് 2400 ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ള ഒരു പരിശീലന കേന്ദ്രവും ഉണ്ട്.

**14.11.2023-ലെ തീരുമാനം :-** 1)ഓഡിറ്റ് കുറിപ്പുള്ള വിഷയം (2021-22 വർഷത്തെ) വകുപ്പുതല പരിഗണനയ്ക്ക് നൽകാൻ നിർദ്ദേശിക്കുന്നു.

2) ഈ വർഷം മുകളിൽ പറഞ്ഞ രീതിയിൽ നിയമനം നടത്തുന്നതു സംബന്ധിച്ച് പരിശോധിച്ചു റിപ്പോർട്ട് നൽകാൻ കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറെ ചുമതലപ്പെടുത്തി.

ഇതു സംബന്ധിച്ച റിപ്പോർട്ട്.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **1) എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ<br>2)തദ്ദേശസ്വയംഭരണ (എ.എ/ഐ.എ)വകുപ്പ്** |

34

**2.7 ഖണ്ഡിക 4.77**

**തൂണേരി ബ്ലോക്ക് പഞ്ചായത്ത്**

**കോഴിക്കോട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 07.10.2023 ലെ കത്ത് (SRG/1392/23 - CC/318/23).**

**വിഷയം:-** സ്വയംതൊഴിൽ കണ്ടെത്തുന്നതിന് മൊബൈൽ ലാബ് തുടങ്ങാൻ ധനസഹായം നൽകുന്നതു സംബന്ധിച്ച്.

| | | |
|---|---|---|
| *പ്രോ.നം: 6/24* | *അടങ്കൽ* | *11,00,000 രൂപ* |
| | *വികസനഫണ്ട് – ജനറൽ* | *3,00,000 രൂപ* |
| | *ലോൺ* | *8,00,000 രൂപ* |
| ***പേര്*** | **സായൂജ്യം – മൊബൈൽ ലാബ്** | |

ബ്ലോക്ക പഞ്ചായത്തിലെ ഓരോ ഗ്രാമപഞ്ചായത്തിൽ നിന്നും രണ്ടു വനിതകളെ വീതം കണ്ടെത്തി ജീവിതശൈലി രോഗങ്ങളുടെ പരിശോധനയ്ക്കായി മൊബൈൽ യൂണിറ്റ തുടങ്ങുകയാണ് ലക്ഷ്യം. സ്വയംതൊഴിൽ സംരംഭം എന്ന നിലയിൽ രണ്ടു പേർക്ക് വീതം പരിശീലനം നൽകുന്നു. നിശ്ചിത ഫീസ് ഈടാക്കി സ്വയംതൊഴിൽ സംരംഭം എന്ന നിലയിലുള്ള ഈ പ്രോജക്ട് മാർഗ്ഗരേഖ പ്രകാരം ഗ്രാമപഞ്ചായത്തുകൾക്കും നഗരസഭകൾക്കുമാണ് നടപ്പാക്കാവുന്നത്. ഈ പ്രോജക്ട് ബ്ലോക്ക് പഞ്ചായത്തിൽ നിന്ന് നേരിട്ട് നടപ്പാക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്

**<u>14.11.2023 ലെ തീരുമാനം :-</u>** മൊബൈൽ യൂണിറ്റുകളുടെ ബയോമെഡിക്കൽ വേസ്റ്റ് എങ്ങനെ കൈകാര്യം ചെയ്യണം, യൂണിറ്റ് തുടങ്ങുന്നവരുടെ യോഗ്യത എന്താണ്, എന്തൊക്കെ സുരക്ഷാ മാർഗ്ഗങ്ങളാണ് സ്വീകരിക്കേണ്ടത് തുടങ്ങിയവ സംബന്ധിച്ച് റിപ്പോർട്ട് നൽകാൻ ആരോഗ്യവകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തി.

ഇതു സംബന്ധിച്ച റിപ്പോർട്ട്

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | 1) **ഡയറക്ടർ, ആരോഗ്യവകുപ്പ്**<br>2) **തദ്ദേശസ്വയംഭരണ (ഡി.എ)വകുപ്പ്** |

**4. പ്രത്യേക വിഷയം**

=============

37

**4.1 <u>ആലപ്പുഴ ജില്ലാ ആസൂത്രണസമിതി</u>**

**ആലപ്പുഴ ജില്ലാ കളക്ടറുടെ 27.09.2023 ലെ കത്ത് (SRG/ 1319/23).**

**വിഷയം:-** വയോജനങ്ങൾക്ക് കട്ടിൽ നൽകുന്നതിന് ഗുണഭോക്താക്കളെ നിശ്ചയിക്കുന്നതു സംബന്ധിച്ച്

പതിനാലാം പഞ്ചവത്സരപദ്ധതി സബ്സിഡി-ധനസഹായ മാർഗ്ഗരേഖ പ്രകാരം നിരാലംബരായ 60 വയസ്സ് കഴിഞ്ഞ വയോജനങ്ങൾക്കും ശയ്യാവലംബരായ വയോജനങ്ങളല്ലാത്ത നിർദ്ധന രോഗികൾക്കും കട്ടിൽ നൽകാൻ അനുമതിയുണ്ട്. ഗുണഭോക്താക്കളിൽ "നിരാലംബർ" "ശയ്യാവലംബർ" എന്നിവരെ നിശ്ചയിക്കുന്നതു സംബന്ധിച്ച് സ്പഷ്ടീകരണം നൽകണമെന്നാവശ്യപ്പെട്ടിരിക്കുന്നു. ഒപ്പം ഇതു സംബന്ധിച്ച ഓഡിറ്റ് പരാമർശങ്ങൾ ക്രമീകരിക്കണമെന്നും ആവശ്യപ്പെട്ടിരിക്കുന്നു.

38

**<u>4.2 കിഴക്കമ്പലം ഗ്രാമപഞ്ചായത്ത്</u>**

**എറണാകുളം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 12.12.2023-ലെ കത്തുകളും (2 എണ്ണം) കഴിക്കമ്പലം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 25.11.2023-ലെ C3- 7984/2023 -ാം നമ്പർ കത്തുകളും (2 എണ്ണം) കിഴക്കമ്പലം ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 10.11.2023-ലെ 2(1) – ാം നമ്പർ തീരുമാനവും (SRG/1657/23 – CC/943/23)**

**വിഷയം:-** വയോജനങ്ങൾക്ക് കട്ടിൽ നൽകുന്നതിന് ഗുണഭോക്താക്കളെ നിശ്ചയിക്കുന്നത് സംബന്ധിച്ച്

.

| | | |
|---|---|---|
| *പ്രോ.നം: 4/24* | ***അടങ്കൽ*** | *6,61,200 രൂപ (വികസന ഫണ്ട് ജനറൽ)* |
| ***പേര്*** | ***വയോജനങ്ങൾക്ക് കട്ടിൽ*** | |

മാർഗ്ഗരേഖ പ്രകാരം കട്ടിൽ നൽകാവുന്നത് നിരാലംബരായ 60 വയസ്സ് കഴിഞ്ഞ വയോജനങ്ങൾക്കും ശയ്യാവലംബരായ വയോജനങ്ങളല്ലാത്ത നിർദ്ധന രോഗികൾക്കു മാണ്. കിഴക്കമ്പലം ഗ്രാമപഞ്ചായത്ത് പ്രോജക്ട് തയ്യാറാക്കിയിരിക്കുന്നത് 60 വയസ്സ് കഴിഞ്ഞ വയോജനങ്ങൾക്ക് കട്ടിൽ നൽകുന്ന രീതിയിലാണ്. ഗ്രാമസഭയിൽ നിന്നും ഗുണഭോക്തൃ ലിസ്റ്റ് തയ്യാറാക്കിയപ്പോൾ 'നിരാലംബർ' എന്ന് പ്രത്യേകം പരിഗണിച്ചിട്ടില്ല. ICDS സൂപ്പർ വൈസർ അറിയിച്ച പ്രകാരം ഈ കാര്യത്തിൽ വ്യക്തത വരുത്തണ മെന്നാവശ്യപ്പെട്ടിരിക്കുന്നു.

39

### 4.3 അയ്യമ്പുഴ ഗ്രാമപഞ്ചായത്ത്

**അയ്യമ്പുഴ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് നവകേരള സദസ്സിൽ (എറണാകുളം) നൽകിയ കത്ത് (SRG/1709/23)**

**വിഷയം:-** വനിതാ ഘടകപദ്ധതിയിലെ പ്രോജക്ടുകൾ നടപ്പാക്കുന്നത് സംബന്ധിച്ച്

(i) വനിതാ ഘടക പദ്ധതിയിലെ പ്രോജക്ടുകൾ നടപ്പാക്കുമ്പോൾ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് മാർഗ്ഗരേഖയിലും കോഓർഡിനേഷൻ കമ്മിറ്റി യോഗങ്ങളിലും മാർഗ്ഗനിർദ്ദേശം നൽകിയിട്ടുണ്ട്. വനിതാ ഘടകപദ്ധതിയിലെ പ്രോജക്ടുകളിലെ ഗുണഭോക്താക്കൾ വനിതകൾ തന്നെ ആയിരിക്കണമെന്നും അതനുസരിച്ചുള്ള അർഹത മുൻഗണനാ മാനദണ്ഡ പ്രകാരമായിരിക്കണം പ്രോജക്ടെന്നും കോഓർഡിനേഷൻ കമ്മിറ്റിയോഗം നിർദ്ദേശിച്ചിരുന്നു. ഉദാ:- വിധവകൾ കുടുംബനാഥയായിട്ടുള്ള കുടുംബം, മാറാരോഗം പിടിപെട്ട/ കിടപ്പുരോഗിയായ ഭർത്താവുള്ള കുടുംബം തുടങ്ങിയവരായിരിക്കണം ഗുണഭോക്താക്കൾ എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഈ നിബന്ധനകൾ പാലിക്കാതെ പല തദ്ദേശഭരണ സ്ഥാപനങ്ങളും വനിതാ ഘടക പദ്ധതിയിൽ പ്രോജക്ടുകൾ തയ്യാറാക്കി വെറ്റിംഗ് ഓഫീസർക്ക് നൽകിയിട്ടുണ്ട്. മുകളിൽപ്പറഞ്ഞ നിബന്ധനകൾ ഒഴിവാക്കി പ്രോജക്ട് നടപ്പാക്കാൻ അനുവദിക്കണമെന്ന് ചില തദ്ദേശഭരണ സ്ഥാപനങ്ങൾ ആവശ്യപ്പെട്ടിരുന്നു. ഈ വർഷത്തെ പദ്ധതി നിർവ്വഹണം സുഗമമാക്കണമെന്ന കാഴ്ചപ്പാടോടെ താഴെപറയുന്ന നിർദ്ദേശം 26.10.2023-ലെ കോഓർഡിനേഷൻ കമ്മറ്റിയിൽ നൽകിയിട്ടുണ്ട്.

'ഈ വർഷം ഇത്തരം പ്രോജക്ടുകളിലെ ഗുണഭോക്താക്കളെ തെരഞ്ഞെടുത്ത് വെറ്റിംഗ് നടപടികളിലേയ്ക്ക് കടന്ന പ്രോജക്ടുകളിൽ ഗുണഭോക്താക്കളെ എപ്രകാരമാണോ തെരഞ്ഞെടുത്തിരിക്കുന്നത് അതേ രീതിയിൽ നടപ്പാക്കാവുന്നതാണ്. ഈ പ്രോജക്ടുകളിലെ ഗുണഭോക്തൃ ഭവനങ്ങളിലെ വനിതകൾക്ക് ഈ പ്രോജക്ടിന്റെ പ്രയോജനം ലഭിക്കുമെന്ന് ഇംപ്ലിമെന്റിംഗ് ഓഫീസർ ഉറപ്പാക്കുകയും വനിതാ ഗുണഭോക്താക്കൾക്ക് ഇതിൽ പരിശീലനം നൽകുകയും വേണമെന്ന നിബന്ധനയോടെ 2023-24 വർഷം പ്രോജക്ടുകൾ നടപ്പാക്കാവുന്നതാണ്. എന്നാൽ വരും വർഷങ്ങളിൽ വനിതകൾക്ക് നേരിട്ട് പ്രയോജനം ലഭിക്കുന്ന രീതിയിൽ അർഹതാ മുൻഗണനാ മാനദണ്ഡം കൃത്യമായി പാലിക്കേണ്ടതാണെന്ന് ' 26.10.2023-ലെ കോഓർഡിനേഷൻ കമ്മിറ്റി നിർദ്ദേശിച്ചിരുന്നു.

എന്നാൽ അയ്യമ്പുഴ ഗ്രാമപഞ്ചായത്തിൽ തനത് ഫണ്ട് കുറവായതിനാൽ തുടർന്നുള്ള വർഷങ്ങളിലും (2023-24) ക്ലേശ ഘടകം നിഷ്കർഷിക്കാതെ വനിതാ ഗുണഭോക്താക്കളായ എല്ലാവർക്കും പ്രയോജനം ലഭിക്കുന്ന രീതിയിൽ ആനുകൂല്യം നൽകുന്നതിന് അനുമതി നൽകണമെന്നാവശ്യപ്പെട്ടിരിക്കുന്നു.

(ii) സബ്സിഡി ധനസഹായ മാർഗ്ഗരേഖ പ്രകാരം 60 വയസ്സ കഴിഞ്ഞ വയോജനങ്ങൾക്ക് കട്ടിൽ നൽകാം. കട്ടിൽ നൽകാവുന്നത് നിരാലംബരായ വയോജനങ്ങൾക്കും ശയ്യാലംബരായ നിർദ്ധന രോഗികൾക്കും ആണ്. ഈ നിബന്ധന ഒഴിവാക്കി അയ്യമ്പുഴ ഗ്രാമപഞ്ചായത്തിൽ 60 വയസ്സുകഴിഞ്ഞ വയോജനങ്ങൾക്ക് കട്ടിൽ നൽകാൻ അനുമതി നൽകണമെന്നാവശ്യപ്പെട്ടിരിക്കുന്നു.

40

## 4.4 AYURVEDA MEDICAL ASSOCIATION OF INDIA THRISSUR DISTRICT COMMITTEE

**ആയുർവ്വേദ മെഡിക്കൽ അസോസിയേഷൻ ഓഫ് ഇന്ത്യയുടെ തൃശ്ശൂർ ജില്ലാ കമ്മിറ്റി പ്രസിഡന്റ് നവകേരള സദസ്സിനു നൽകിയ കത്ത് (തൃശ്ശൂർ ജില്ല) (SRG 1708/23)**

**വിഷയം:-** തദ്ദേശഭരണ സ്ഥാപനങ്ങളിലെ ആയുർവ്വേദ ആശുപത്രി മുഖേന വിവിധ സേവനങ്ങൾ നൽകുന്നത് സംബന്ധിച്ച്.

(i) സംസ്ഥാന സർക്കാരിന്റെ പ്ലാൻഫണ്ടിൽ ഭാരതീയ ചികിത്സാ വകുപ്പ് നടപ്പിലാക്കുന്ന പ്രത്യേക പദ്ധതികൾക്ക് ആവശ്യമായ മനുഷ്യ വിഭവശേഷി നൽകുന്നതിന് തദ്ദേശ ഭരണ സ്ഥാപനങ്ങളെ അനുവദിക്കണമെന്ന് ആവശ്യപ്പെട്ടിരിക്കുന്നു.

(ii) ആയുർവേദ ചികിത്സയിലെ പ്രധാനപ്പെട്ട വിഭാഗമാണ് പഞ്ചകർമ്മ ചികിത്സാ രീതിയിലെ ആയുർ കർമ്മ. ഇതു കൂടി നടപ്പാക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകണമെന്നും മാർഗ്ഗരേഖയിൽ കൂട്ടിച്ചേർക്കണമെന്നും ആവശ്യപ്പെട്ടിരിക്കുന്നു.

(iii) ആരോഗ്യ സ്ഥാപനങ്ങളുടെ പരിപാലനത്തിനുള്ള HMC ചട്ടങ്ങൾ 2010 ൽ നിലവിൽ വന്നതാണ്. ഫണ്ട് വരുമാനം സംബന്ധിച്ചും വിനിയോഗം സംബന്ധിച്ചും മാറ്റങ്ങൾ വന്നു. എത്ര തുക വരെ ഉപയോഗിക്കാം, എന്തിനൊക്കെ ഉപയോഗിക്കാം, എസ്റ്റിമേറ്റ് എടുക്കുന്ന രീതി, ടെണ്ടർ നടപടികൾ എന്നിവ പരിഷ്കരിക്കേണ്ടതുണ്ട്. അതിനാൽ HMC ചട്ടത്തിൽ ഭേദഗതി കൊണ്ടുവരണമെന്നാവശ്യപ്പെട്ടിരിക്കുന്നു.

(iv) എല്ലാ വിഭാഗത്തിലുംപ്പെട്ട ആരോഗ്യ സ്ഥാപനത്തിലും ആവശ്യ സമയത്ത് അധിക മനുഷ്യ വിഭവശേഷി അനുവദിക്കുന്നതിന് തദ്ദേശ സ്ഥാപനത്തിന് അധികാരം നൽകണമെന്നാവശ്യപ്പെട്ടിരിക്കുന്നു.

(v) ചികിത്സാ സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകുന്ന സമയത്ത് അംഗീകൃത യോഗ്യത ഉള്ളവരാണോ ചികിത്സ നടത്തുന്നത് എന്ന് ഉറപ്പുവരുത്തണം. തദ്ദേശഭരണ സ്ഥാപനത്തിന്റെ അനുമതി ഇല്ലാതെ പ്രവർത്തിക്കുന്ന മസാജ് പാർലറുകൾ, വെൽനസ് സെന്ററുകൾ, റെയ്കി, ഹിജാമ, അക്യുപങ്ചർ തുടങ്ങിയവയ്ക്കെതിരെ ശക്തമായ നടപടികൾ സ്വീകരിക്കണം.

41

## 4.5 കൾച്ചറൽ പാർക്കുകൾ

**എറണാകുളം മഹാരാജാസ് കോളേജിലെ അദ്ധ്യാപകനും ചലച്ചിത്ര ഗാന രചയിതാവുമായ ഡോ.മധു വാസുദേവൻ നവകേരള സദസ്സിനു നൽകിയ കത്ത് - (എറണാകുളം ജില്ല) (SRG/1707/23)**

**വിഷയം:-** തദ്ദേശഭരണ സ്ഥാപനങ്ങളിൽ കൾച്ചറൽ പാർക്കുകൾ സ്ഥാപിക്കുന്നത് സംബന്ധിച്ച്

പഞ്ചായത്തുകളിൽ കലാ-സാഹിത്യ- സംഗീത- സാംസ്കാരിക പരിപാടികൾ അവതരിപ്പിക്കുന്നതിനും ആസ്വദിക്കുന്നതിനും ആശയ വിനിമയം നടത്തുന്നതിനും വിശ്രമിക്കുന്നതിനും ഉതകുന്ന തരത്തിൽ ഓപ്പൺ സ്പേസുകൾ, കൾച്ചറൽ പാർക്കുകൾ എന്ന നിലയിൽ ആരംഭിക്കണമെന്നതാണ് ആവശ്യം. ജനകീയ പങ്കാളിത്തത്തോടെ ചെലവു കുറഞ്ഞ നിർമ്മാണ രീതികൾ അവലംബിച്ചുകൊണ്ട് പ്രകൃതി സൗഹാർദ്ദമായ അന്തരീക്ഷത്തിൽ നിർമ്മിക്കപ്പെടുന്ന മേൽക്കൂരയോടുകൂടിയവയായിരിക്കണം ഇവ. ഇത്തരം കൾച്ചറൽ പാർക്കുകൾ കൊണ്ടുള്ള ലക്ഷ്യങ്ങൾ താഴെപറയുന്നവയാണ്.

1) നവ മാധ്യമങ്ങളുടെ അതിപ്രസരത്തെ നിയന്ത്രിക്കുന്നതിന് ആവശ്യമായ ബദൽ മാർഗ്ഗത്തെ വളർത്തുക.
2) പ്രാദേശിക തലത്തിൽ സർഗ്ഗാത്മകതയെയും സാമൂഹിക പ്രതിബദ്ധതയെയും പ്രോത്സാഹിപ്പിക്കുക.
3) പ്രാദേശിക കലാകാരന്മാർക്ക് വളർന്നു വരാൻ അവസരമൊരുക്കുക
4) പ്രാദേശിക തലത്തിൽ ജനങ്ങൾക്കിടയിൽ സുദൃഢമായ ഹൃദയ ബന്ധങ്ങൾ വളർത്തുക

5) വീട്ടമ്മമാർക്കും മുതിർന്ന പൗരന്മാർക്കും കുട്ടികൾക്കും അവരുടെ കഴിവുകൾ പ്രകടിപ്പിക്കാനുള്ള അവസരവും മാനസികോല്ലാസവും അതുവഴി മാനസികാരോഗ്യവും പ്രദാനം ചെയ്യുക.
6) വിദ്യാർത്ഥികളുടെ പാഠ്യേതര പ്രവർത്തനങ്ങൾക്ക് വേദി ഒരുക്കുക
7) ജീവിതത്തിലെ വിരസതയെ മറികടക്കാനും കർമനിരതവും സന്തോഷപ്രദവുമായ ജീവിതം നയിക്കാനും സാധാരണക്കാരെ സഹായിക്കുക.

42

**4.6 <u>കിഡ്നി കെയർ കേരള – കണ്ണൂർ</u>**

**കണ്ണൂർ കിഡ്നി കെയർ കേരള ചെയർമാന്റെ 21.11.2023, 29.11.2023 എന്നീ തീയതികളിലെ കത്ത് (SRG/1710/23)**

**വിഷയം:-** കിഡ്നി രോഗികൾക്കുള്ള ഡയാലിസിസിന് സഹായം നൽകുന്നത് സംബന്ധിച്ച്

(i) മാരക രോഗങ്ങൾക്ക് സർക്കാർ ഡോക്ടർമാർ നിർദ്ദേശിക്കുന്ന മരുന്നുകൾ ബന്ധപ്പെട്ട ആശുപത്രി മുഖേന രോഗികൾക്ക് മുടക്കം കൂടാതെ നൽകുന്നതിന് പ്രോജക്ട് ഏറ്റെടുക്കാമെന്ന് സബ്സിഡി ധനസഹായ മാർഗ്ഗരേഖയിൽ പറയുന്നുണ്ട്. (28.05.2022–ലെ 115/2022/തസ്വഭവ ഉത്തരവ്) എന്നാൽ കഴിഞ്ഞ വർഷം ആകെ 79 തദ്ദേശഭരണസ്ഥാപനങ്ങൾ മാത്രമാണ് ഇതിനായി പ്രോജക്ട് ഏറ്റെടുത്തിട്ടുള്ളത്. അതിനാൽ രോഗിയെ ചികിത്സിക്കുന്ന അംഗീകൃത ഡോക്ടർമാർ നിർദ്ദേശിക്കുന്ന മരുന്നുകൾ തദ്ദേശഭരണസ്ഥാപനത്തിന്റെ നിയന്ത്രണത്തിലുള്ള ആശുപത്രികൾ മുഖേന വാങ്ങി വിതരണം ചെയ്യണമെന്നാവശ്യപ്പെട്ടിരിക്കുന്നു.

(ii) മാർഗ്ഗരേഖ പ്രകാരം ഡയാലിസിസ് നടത്തുന്ന രോഗികൾക്ക് പ്രതിമാസം 4000 രൂപ വീതം ഡയാലിസിസ് ചെയ്യുന്ന ആശുപത്രികളിലേയ്ക്ക് (സർക്കാർ/സ്വകാര്യ ആശുപത്രി) നൽകാവുന്നതാണ്. എന്നാൽ 2023–24 വർഷം ആകെ 151 തദ്ദേശഭരണസ്ഥാപനങ്ങൾ മാത്രമാണ് ഇതിനായി പ്രോജക്ട് ഏറ്റെടുത്തിരിക്കുന്നത്. ഡയലിസിസ് നടത്തുന്ന ആശുപത്രിയിലേയ്ക്ക് തദ്ദേശഭരണസ്ഥാപനം ഈ തുക മുൻകൂട്ടി കൃത്യമായി നൽകാത്തതിനാൽ രോഗികൾക്ക് ബുദ്ധിമുട്ടുണ്ടാകുന്നു. അതിനാൽ ആവശ്യമായ രേഖകൾ സമർപ്പിക്കുമ്പോൾ രോഗിയുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് തുക കൈമാറണമെന്നാവശ്യപ്പെട്ടിരിക്കുന്നു.

(iii) ഡയാലിസിസ് രോഗികൾക്ക് ധനസഹായം നൽകുന്ന പ്രോജക്ടുകൾ നിർവ്വഹണം നടത്താൻ പല ഡോക്ടർമാരും തയ്യാറാകുന്നില്ല. ഡോക്ടർമാർ തന്നെ നിർവ്വഹണം നടത്താൻ വേണ്ട നിർദ്ദേശം നൽകണമെന്ന് ആവശ്യപ്പെട്ടിരിക്കുന്നു.

43

**4.7 <u>യുണൈറ്റഡ്ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡ്</u>**

**യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡ് ചെയർമാന്റെ 20.10.2023 ലെ കത്ത് (SRG/1475/23).**

**വിഷയം:-** യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് മുഖേന തദ്ദേശഭരണസ്ഥാപനങ്ങളിലെ തെരുവുവിളക്കുകളുടെ പരിപാലനം നടത്തുന്നതു സംബന്ധിച്ച്

യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് എൽ.ഇ.ഡി ലൈറ്റ് ഉല്പാദിപ്പിക്കുന്നുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് തെരുവുവിളക്ക് വിതരണം ചെയ്യുന്നുമുണ്ട്. ഇതോടൊപ്പം തദ്ദേശഭരണസ്ഥാപനങ്ങളിൽ സ്ഥാപിച്ചിട്ടുള്ള മിനിമാസ്റ്റ്, ഹൈമാസ്റ്റ്, എൽ.ഇ.ഡി തെരുവു വിളക്കുകളുടെ പരിപാലനം എന്നിവ ചെയ്യാനുള്ള അനുവാദം നൽകണമെന്നാവശ്യപ്പെട്ടിരിക്കുന്നു.

44

4.8 <u>യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ്</u>

**യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ചെയർമാന്റെ 30.11.2013-ലെ കത്ത് (SRG/1640/23)**

**വിഷയം:-** യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ഉല്പാദിപ്പിക്കുന്ന വെഹിക്കിൾ ട്രാക്കിംഗ് സിസ്റ്റം (VTS) തദ്ദേശഭരണസ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള വാഹനങ്ങളിൽ ഘടിപ്പിക്കുന്നത് സംബന്ധിച്ച്

യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് വെഹിക്കിൾ ട്രാക്കിംഗ് സിസ്റ്റം (VTS) നിർമ്മിക്കുന്നുണ്ട്. KSRTC-ക്കടക്കം ഇതിനകം 12000 VTS നിർമ്മിച്ചു നൽകിയിട്ടുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങൾ കുടിവെള്ള വിതരണം നടത്തുന്ന ടാങ്കർ ലോറികൾ, തദ്ദേശഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള ആംബുലൻസുകൾ, മറ്റു വാഹനങ്ങൾ എന്നിവയ്ക്ക് VTS ഘടിപ്പിക്കാനും പരിപാലിക്കാനും കമ്പനി തയ്യാറാണെന്ന് അറിയിച്ചിട്ടുണ്ട്. യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ഉല്പാദിപ്പിക്കുന്ന VTS തദ്ദേശഭരണസ്ഥാപനങ്ങൾക്ക് വാങ്ങുന്നതിന് അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

45

4.9 <u>ആലപ്പുഴ ജില്ലാ പഞ്ചായത്ത്</u>

**ആലപ്പുഴ ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 05.09.2023-ലെ HL – 1208/2023 ലെ കത്ത് (SRG/1243/23)**

**വിഷയം:-** കരുണ പെയിൻ & പാലിയേറ്റീവ് സൊസൈറ്റിക്ക് മലിനജല സംരക്ഷണ പ്ലാന്റ് നിർമ്മിക്കാൻ ധനസഹായം നല്കുന്നത് സംബന്ധിച്ച്.

ആലപ്പുഴ ജില്ലയിൽ ചെങ്ങന്നൂർ ആസ്ഥാനമായി പ്രവർത്തിച്ചു വരുന്ന കരുണ പെയിൻ & പാലിയേറ്റീവ് കെയർ സൊസൈറ്റയിലെ കിടപ്പുരോഗികളുടെ പുനരധിവാസ കേന്ദ്രത്തിൽ മലിനജല സംരക്ഷണ പ്ലാന്റ്(സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് – STP) നിർമ്മിക്കുന്നതിന് 50.00 ലക്ഷം രൂപ അനുവദിക്കണമെന്ന് സൊസൈറ്റി ആവശ്യപ്പെട്ടിരുന്നു. ഇതനുസരിച്ച് ഈ സ്ഥാപനത്തിന് STP സ്ഥാപിച്ചു നൽകാൻ ജില്ലാ പഞ്ചായത്ത് തീരുമാനിക്കുകയും കോഓർഡിനേഷൻ കമ്മിറ്റിയുടെ അനുമതി ആവശ്യപ്പെടുകയും ചെയ്തു. ചെങ്ങന്നൂർ നഗരസഭയ്ക്കു കൂടി STP യുടെ പ്രയോജനം ലഭ്യമാക്കണമെന്ന നിബന്ധനയോടെ 15.06.2023-ലെ കോഓർഡിനേഷൻ കമ്മിറ്റി അനുമതി നൽകുകയും ചെയ്തു.

എന്നാൽ നഗരസഭ ആയതിനാൽ ചെങ്ങന്നൂർ മുനിസിപ്പാലിറ്റിക്കു പകരം വെണ്മണി ഗ്രാമപഞ്ചായത്തിനെ ഉൾപ്പെടുത്തി കരുണ പെയിൻ ആന്റ് പാലിയേറ്റീവ് കെയർ സൊസൈറ്റിയിൽ മലിനജല സംസ്കരണ പ്ലാന്റ് നിർമ്മിക്കുന്നതിനും ഇതിനായി 2023-24 വർഷം പ്രോജക്റ്റ് ഏറ്റെടുക്കുന്നതിന് അനുമതി നൽകണമെന്നാവശ്യപ്പെട്ടിരിക്കുന്നു.

46

4.10 <u>കേരള ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ</u>

**കേരള ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ പ്രസിഡന്റും സെക്രട്ടറിയും നൽകിയ 22.07.2023 ലെ കത്ത് (SRG/1217/23).**

**വിഷയം:-** ബ്ലോക്ക് പഞ്ചായത്തിന് വാഹനം വാങ്ങുന്നതു സംബന്ധിച്ച്

നിലവിലെ ഉത്തരവു പ്രകാരം ബ്ലോക്ക് പഞ്ചായത്തിന്റെ ഔദ്യോഗികാവശ്യത്തിന് വാഹനം വാങ്ങുന്നതിനുള്ള പരിധി 13.00 ലക്ഷം രൂപയാണ്. ഇത് 15.00 ലക്ഷം രൂപയായി വർദ്ധിപ്പിക്കണമെന്നാവശ്യപ്പെട്ടിരിക്കുന്നു.

47

4.11 <u>അമ്പലപ്പുഴ വടക്ക് ഗ്രാമപഞ്ചായത്ത്</u>

**അമ്പലപ്പുഴ വടക്ക് ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 18.08.2023-ലെ കത്തും അമ്പലപ്പുഴ വടക്ക് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 07.08.2023-ലെ 8(1) -ാം നമ്പർ തീരുമാനവും ആലപ്പുഴ പ്ലാനിംഗ് ഓഫീസറുടെ 30.09.2023-ലെ കത്തും (SRG/1266/23 – CC/657/23)**

**വിഷയം:-** ഗ്രാമപഞ്ചായത്തിന് പുതിയ വാഹനം വാങ്ങുന്നത് സംബന്ധിച്ച്

അമ്പലപ്പുഴ ഗ്രാമപഞ്ചായത്തിന്റെ നിലവിലെ സ്കോർപിയോ വാഹനം (KL- 04 - AD - 7007) 10 വർഷം പഴക്കമുള്ളതാണ്. ഈ വാഹനം ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയറുടെ ആവശ്യത്തിനും ഈ വർഷം ആരംഭിക്കാൻ പോകുന്ന ബഡ്സ് സ്കൂളിന്റെ ആവശ്യത്തിനും വിട്ടുകൊടുത്തുകൊണ്ട് പുതിയ വാഹനം വാങ്ങാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

48 4.12 <u>പെരുമാട്ടി ഗ്രാമപഞ്ചായത്ത്</u>

**പാലക്കാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 31.10.2023 ലെ കത്ത് (SRG/ 1530/23 - CC/844/2023)**

**വിഷയം:-** ഗ്രാമപഞ്ചായത്ത് ഓഫീസ് ആവശ്യത്തിന് വാഹനം വാങ്ങുന്നത് സംബന്ധിച്ച്

പെരുമാട്ടി ഗ്രാമപഞ്ചായത്തിന്റെ ഓഫീസ് വാഹനം ബൊലിറോ ജീപ്പ് 2012 മോഡലാണ്. 5 ലക്ഷം കിലോമീറ്റർ ഓടിയ ഈ വാഹനത്തിന് റിപ്പയർ ചെലവ് കൂടുതലാണ്. വാഹനം കണ്ടം ചെയ്യുന്നതിനു പകരം ഈ വാഹനം പാലിയേറ്റീവ് കെയർ രോഗികളുടെ വീട്ടു സന്ദർശനത്തിന് വിട്ടു നൽകികൊണ്ട് പുതിയ വാഹനം വാങ്ങാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

49 4.13 <u>റാന്നി പഴവങ്ങാടി ഗ്രാമപഞ്ചായത്ത്</u>

**റാന്നി പഴവങ്ങാടി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 02.06.2023-ലെ കത്തും റാന്നി പഴവങ്ങാടി ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയറുടെ 16.03.2023-ലെ കത്തും അസിസ്റ്റന്റ് എഞ്ചിനീയർ അനുബന്ധമായി നൽകിയ കുറിപ്പും (SRG/1647/23)**

**വിഷയം:-** റാന്നി പഴവങ്ങാടി ഗ്രാമപഞ്ചായത്തിൽ നിർമ്മിച്ച ഗ്യാസ് ക്രിമിറ്റോറിയത്തിന്റെ ബിൽ തുക നൽകുന്നത് സംബന്ധിച്ച്

റാന്നി പഴവങ്ങാടി ഗ്രാമപഞ്ചായത്തിൽ 2015-16-ൽ ഗ്യാസ് ക്രിമിറ്റോറിയം നിർമ്മിക്കാൻ പ്രോജക്ട് ഏറ്റെടുത്തിരുന്നു. റാന്നി പഴവങ്ങാടി, റാന്നി അങ്ങാടി, റാന്നി, ചെറുകോൽ എന്നീ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ 20.00 ലക്ഷം രൂപ വീതവും MLA SDF-ൽ നിന്ന് 1.20 ലക്ഷം രൂപയും ചേർത്ത് ആകെ 81.20 ലക്ഷം രൂപയാണ് പ്രോജക്ട് അടങ്കൽ. ശ്മശാന നിർമ്മാണത്തിന് 29.09.2015-ന് കോസ്റ്റ് ഫോർഡുമായി അസിസ്റ്റന്റ് എഞ്ചിനീയർ കരാറിൽ ഏർപ്പെട്ട് നിർമ്മാണം ആരംഭിച്ചു. 2018-ൽ ഉണ്ടായ മഹാപ്രളയവും തുടർന്നുണ്ടായ കൊവിഡ് മഹാമാരിയും ക്രിമിറ്റോറിയത്തിന്റെ നിർമ്മാണത്തെ ബാധിച്ചു. കൂടാതെ ക്രിമിറ്റോറിയത്തിന്റെ ബറിയൽ ചേമ്പറിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് നാട്ടുകാർ പല തവണ നിർമ്മാണം തടഞ്ഞു. 2023 മാർച്ചിൽ ശ്മശാനത്തിന്റെ നിർമ്മാണം പൂർത്തിയാവുകയും പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. ആകെ ബിൽ തുക 77,28,815 രൂപ. 2016-17-ൽ 16.00 ലക്ഷം രൂപ, 2017-18-ൽ 16.00 ലക്ഷം രൂപ, 2021-22 വർഷം 10.00 ലക്ഷം രൂപ വീതം നൽകി. ആകെ 42.00 ലക്ഷം രൂപയാണ് നൽകിയത്. ഇനി 35,28,815 രൂപ കൂടി നൽകണം. കരാർ പ്രകാരമുള്ള സമയത്ത് നിർമ്മാണം പൂർത്തിയാക്കിയില്ല എന്നതിനാൽ ഫൈൻ ഈടാക്കേണ്ടതുണ്ട്. എന്നാൽ കരാറുകാരന്റെ മാത്രം വീഴ്ചകൊണ്ടല്ല താമസമുണ്ടായതെന്ന് തദ്ദേശസ്വയംഭരണവകുപ്പ് അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. ഇതു പരിഗണിച്ച് ഫൈൻ ഈടാക്കുന്നതൊഴിവാക്കി ബാക്കി ബിൽ തുക നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

50 4.14 (i) <u>കൊച്ചി കോർപ്പറേഷൻ</u>

**എറണാകുളം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 16.08.2023 ലെ കത്തുകളും (2 എണ്ണം) ബഹു.കൊച്ചി കോർപ്പറേഷൻ മേയറുടെ 08.08.2023 ലെ കത്തും കോഓർഡിനേഷൻ കമ്മിറ്റിയുടെ 14.11.2023-ലെ യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ബഹു.കൊച്ചി കോർപ്പറേഷൻ മേയർ 25.11.2023-നു നൽകിയ കത്തും. (SRG/1127/23 - CC/602/2023, SRG/1638/23)**

**വിഷയം:-** ഹൈസ്കൂളിൽ പ്രഭാത ഭക്ഷണം നൽകുന്നതു സംബന്ധിച്ച്.

| *പ്രോ.നം:* 151/24 | ***അടങ്കൽ*** | ***10,00,000 രൂപ*** *(വികസനഫണ്ട് – ജനറൽ)* |
|---|---|---|
| ***പേര്*** | **സർക്കാർ സ്കൂളുകളിൽ പ്രഭാതഭക്ഷണ പരിപാടി** | |

നഗരസഭാ പ്രദേശത്തെ സർക്കാർ സ്കൂളുകളിൽ പ്രഭാത ഭക്ഷണം നൽകുന്നതിന് പ്രോജക്ട് എടുത്തിട്ടുണ്ട്. സർക്കാർ ഹൈസ്കൂളുകളിൽ കൂടി പ്രഭാത ഭക്ഷണം നൽകാൻ ഉദ്ദേശിക്കുന്നു. നൂതന പ്രോജക്ടിനു വേണ്ടിയുള്ള ജില്ലാതല വിദഗ്ധസമിതി ഇതിന് അനുമതി നിരസിച്ചു. നിലവിൽ ഏഴാം ക്ലാസ്സുവരെയുള്ള കുട്ടികൾക്കാണ് പ്രഭാത ഭക്ഷണം നൽകാവുന്നത്. ഇതോടൊപ്പം സർക്കാർ ഹൈസ്കൂളുകളിൽ കൂടി പ്രഭാത ഭക്ഷണം നൽകാൻ അനുമതി നൽകണമെന്ന ആവശ്യം കോഓർഡിനേഷൻ കമ്മിറ്റിയുടെ 14.11.2023–ലെ യോഗം പരിഗണിക്കുകയും ഇനി പറയുന്ന വിശദാംശം സഹിതം നൽകാൻ നിർദ്ദേശിക്കുകയും ചെയ്തു. ഏതൊക്കെ സ്കൂളിലാണ് പ്രഭാത ഭക്ഷണം നൽകാൻ ഉദ്ദേശിക്കുന്നത്, എത്ര കുട്ടികൾ ഉണ്ട്, പ്രതീക്ഷിക്കുന്ന ചെലവ് എത്ര എന്നീ വിശദാംശങ്ങൾ നൽകാനാണ് കോഓർഡിനേഷൻ കമ്മിറ്റി നിർദ്ദേശിച്ചിരുന്നത്. ഇതനുസരിച്ച് താഴെപ്പറയും പ്രകാരം ബഹു.കൊച്ചി കോർപ്പറേഷൻ മേയർ വിവരങ്ങൾ നല്കിയിട്ടുണ്ട്.

| **ക്രമ നം** | **സ്കൂളിന്റെ പേര്** | **കുട്ടികളുടെ എണ്ണം** |
|---|---|---|
| 1 | എറണാകുളം ഗവ. ഗേൾസ് സ്കൂൾ | 330 |
| 2 | ഇടപ്പള്ളി ഗവ. യു.പി. സ്കൂൾ | 92 |
| 3 | വെണ്ണല ഗവ. എൽ.പി. സ്കൂൾ | 250 |
| 4 | വെണ്ണല ഗവ.യു.പി. സ്കൂൾ | 175 |
| 5 | പൊന്നുരുന്നി ഗവ. എൽ.പി. സ്കൂൾ | 212 |
| | **ആകെ** | **1059** |

മുകളിൽ പറഞ്ഞ 1059 വിദ്യാർത്ഥികൾക്ക് പ്രഭാത ഭക്ഷണം നൽകാൻ 10.00 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്നു.

**(ii) എറണാകുളം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 16.08.2023 ലെ കത്തുകളും (2 എണ്ണം) ബഹു.കൊച്ചി കോർപ്പറേഷൻ മേയറുടെ 08.08.2023 ലെ CCPC/16/00211/23–ലെ കത്തും കോഓർഡിനേഷൻ കമ്മിറ്റിയുടെ 14.11.2023–ലെ യോഗ തീരുമാനവും ബഹു. കൊച്ചി കോർപ്പറേഷൻ മേയറുടെ 25.11.2023–ലെ CCPC – 16/00211/23–ാം നമ്പർ കത്തും (SRG/1208/23 – CC/601/2023, SRG/1638/23)**

**വിഷയം:–** വയോജനങ്ങൾക്ക് പോഷകാഹാര കിറ്റ് നൽകുന്നതു സംബന്ധിച്ച്

| *പ്രോ.നം:* 546/24 | ***അടങ്കൽ*** | ***1,70,00,000 രൂപ*** *(വികസനഫണ്ട് – ജനറൽ)* |
|---|---|---|
| ***പേര്*** | **വയോജനങ്ങൾക്ക് പോഷകാഹാര വിതരണ പദ്ധതി** | |

ഡയറ്റീഷ്യന്റെ നിർദ്ദേശാനുസരണം നുറുക്ക് ഗോതമ്പ്, ചെറുപയർ, റാഗി പൗഡർ, ഓട്സ്, പൊടിയരി, സ്കീമ്ഡ് മിൽക്ക്, ശർക്കര, മുതിര എന്നിവയടങ്ങുന്ന ഭക്ഷണ സാധനങ്ങളടങ്ങിയ കിറ്റ് ബി.പി.എൽ കുടുംബത്തിൽപ്പെട്ട 60 വയസ്സുകഴിഞ്ഞ വയോജനങ്ങൾക്ക് നൽകുന്നതിനാണ് പ്രോജക്ട്. 2022–23 ൽ 1.50 കോടി രൂപ വകയിരുത്തി 6200 പേർക്ക് ഇതേ രീതിയിൽ പോഷകാഹാരം വിതരണം നടത്തിയിരുന്നു.നൂതന പ്രോജക്ടുകൾക്കു വേണ്ടിയുള്ള ജില്ലാതല വിദഗ്ധ സമിതി ഇതിന് അനുമതി നിരസിച്ചു. ഈ പ്രോജക്ട് നടപ്പാക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച് താഴെപ്പറയും പ്രകാരം 14.11.2023–ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗത്തിൽ തീരുമാനമെടുത്തു.

**"അതിദരിദ്ര കുടുംബങ്ങളുടെ അംഗീകരിച്ച ലിസ്റ്റിൽപ്പെട്ടവർക്കു മാത്രം പോഷകാഹാര കിറ്റ് നൽകാൻ അനുമതി നൽകുന്നു. മറ്റു രീതിയിൽ ഈ കുടുംബങ്ങൾക്ക് പോഷകാഹാര കിറ്റ് ലഭിക്കുന്നില്ല എന്നുറപ്പാക്കി വേണം കിറ്റ് നൽകേണ്ടത്".**

എന്നാൽ ലോകാരോഗ്യ സംഘടനയുടെ കീഴിലുള്ള ആഗോള വയോജന സൗഹൃദ നഗരങ്ങളുടെ ശൃംഖലയുടെ ഭാഗമാകാനുള്ള ശ്രമത്തിനാണ് കൊച്ചി കോർപ്പറേഷനെന്നും വയോജനക്ഷേമത്തിനായി നൂതനങ്ങളായ വിവിധ പദ്ധതികൾ കോർപ്പറേഷൻ നടപ്പാക്കുന്നുണ്ട് എന്നറിയിച്ചുകൊണ്ട് മുകളിൽപ്പറഞ്ഞ തീരുമാനം പുനഃപരിശോധിച്ച് ബി.പി.എൽ കുടുംബത്തിൽപ്പെട്ട 60 വയസ്സ് കഴിഞ്ഞ എല്ലാ വയോജനങ്ങൾക്കും പോഷകാഹാരം നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

51

**4.15 <u>കേരള സംസ്ഥാന കളിമൺപാത്ര നിർമ്മാണ വികസന ക്ഷേമ കോർപ്പറേഷൻ</u>**

**കേരള സംസ്ഥാന കളിമൺ പാത്ര നിർമ്മാണ വികസന കോർപ്പറേഷൻ ചെയർമാന്റെ 30.10.2023-ലെ KSP/CM/01/2023-ാം നമ്പർ കത്ത് (SRG/ 1539/23)**

**വിഷയം:-** HDPE/പ്ലാസ്റ്റിക് ചെടിചട്ടികൾക്കു പകരം മൺചട്ടികൾ ഉപയോഗിക്കണ മെന്നതു സംബന്ധിച്ച്

കേരളത്തിലാകെ 20,000 കുടുംബങ്ങൾ മൺപാത്ര നിർമ്മാണത്തിൽ ഏർപ്പെട്ടിട്ടുണ്ട്. ചെടിച്ചട്ടികൾക്കായി ഗ്രോബാഗ് പോലുള്ള പ്ലാസ്റ്റിക്കുകൾ നിരോധിച്ചുവെങ്കിലും HDPE ചെടിചട്ടികൾ ഉപയോഗിക്കാൻ സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ജൈവമാലിന്യ സംസ്കരണത്തിനും കുടിവെള്ളം സൂക്ഷിക്കുന്നതിനും ചെടികൾ വയ്ക്കുന്നതിനും മറ്റും മൺപാത്രങ്ങൾ കേരള സംസ്ഥാന കളിമൺ പാത്രനിർമ്മാണ വികസനക്ഷേമ വികസന കോർപ്പറേഷനിൽ നിന്നു വാങ്ങാൻ സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ഇവ പരിഗണിച്ച് HDPE ചെടിചട്ടിക്കു പകരം മൺപാത്രമുപയോഗിക്കണ മെന്നാവശ്യപ്പെട്ടിരിക്കുന്നു. മൺചട്ടികളുടെ വില താഴെ ചേർക്കുന്നു.

| | | |
|---|---|---|
| 1 | 8" ചെടിചട്ടി | 80 രൂപ |
| 2 | 9" ചെടിചട്ടി | 106 രൂപ |
| 3 | 10" ചെടിചട്ടി | 117 രൂപ |
| 4 | 11" ചെടിചട്ടി | 129 രൂപ |
| 5 | 12" ചെടിചട്ടി | 184 രൂപ |
| 6 | ശുചിത്വ മിഷൻ നിശ്ചയിച്ച മുച്ചട്ടികമ്പോസ്റ്റ് | 1500 രൂപ |
| 7 | 10" ചട്ടിയിൽ ചെടിയും വളവും നിറച്ച് ഒന്നിന്റെ വില | 185 രൂപ |

പ്ലാസ്റ്റിക് ബയോബിന്നിനും HDPE ചെടിച്ചട്ടിക്കും മൺചട്ടിയേക്കാൾ വില കൂടുതലാണ്.

52

**4.16 <u>കേരള സംസ്ഥാന കളിമൺപാത്ര നിർമ്മാണ തൊഴിലാളി യൂണിയൻ</u>**

**കേരള സംസ്ഥാന കളിമൺപാത്ര നിർമ്മാണ തൊഴിലാളി യൂണിയൻ കോഴിക്കോട് ജില്ലാ പ്രസിഡന്റും സെക്രട്ടറിയും ചേർന്ന് നൽകിയ കത്ത് (SRG 1583/23)**

**വിഷയം:-** HDPE ചെടിച്ചട്ടികൾക്കു പകരം കളിമൺ ചെടി ചട്ടികൾ ഉപയോഗിക്കണമെന്നതു സംബന്ധിച്ച്

കേരളത്തിലാകെ 20,000 മൺപാത്ര നിർമ്മാണ തൊഴിലിലേർപ്പെട്ടിരിക്കുന്ന കുടുംബങ്ങൾ ഉണ്ട്. പച്ചക്കറികൃഷിക്കും മറ്റും HDPE ചെടിച്ചട്ടികൾ ഉപയോഗിക്കാൻ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ട്. ഇത് മൺപാത്ര നിർമ്മാണ തൊഴിലാളികളെ ബാധിക്കുന്നു. മൺപാത്ര നിർമ്മാണ വിപണന ക്ഷേമ കോർപ്പറേഷനിൽ നിന്നും മണ്ണുകൊണ്ടുള്ള ചെടിച്ചട്ടികൾ വാങ്ങി ഉപയോഗിക്കാൻ തദ്ദേശസ്വയംഭരണ വകുപ്പ് അനുമതി നൽകിയിട്ടുണ്ടെങ്കിലും മിക്ക കൃഷി ഭവനുകളും HDPE ചെടിച്ചട്ടികളാണ് വാങ്ങുന്നതെന്നറിയിച്ചിരിക്കുന്നു. അതിനാൽ HDPE ചെടിച്ചട്ടികൾ പ്രോത്സാഹിപ്പിക്കുന്ന സർക്കാർ ഉത്തരവ് പിൻവലിക്കണമെന്ന് ആവശ്യപ്പെട്ടിരിക്കുന്നു.

53

### 4.17 കൊടുവള്ളി ബ്ലോക്ക് പഞ്ചായത്ത്

**കൊടുവള്ളി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 13.10.2023 ലെ BPKDLY/879/2023/c നമ്പർ കത്തും ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 26.09.2023 ലെ 53(4)/2023-24-ാം നമ്പർ തീരുമാനവും (SRG/1474/23).**

**വിഷയം:-** കാർഷിക ഉല്പന്ന വിതരണത്തിനായി സഞ്ചരിക്കുന്ന വിപണന കേന്ദ്രത്തിനു ധനസഹായം നൽകുന്നതു സംബന്ധിച്ച്

| *പ്രോ.നം:* 103/24 | ***അടങ്കൽ*** | ***1,00,000 രൂപ*** |
|---|---|---|
| | *വികസന ഫണ്ട്* | *75,000 രൂപ* |
| | *ഗുണഭോക്തൃ വിഹിതം* | *25,000 രൂപ* |
| ***പേര്*** | **കാർഷിക ഉത്പന്ന വിതരണത്തിനായി സഞ്ചരിക്കുന്ന വിപണനകേന്ദ്രം** | |

കൊടുവള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിലുള്ള അഗ്രോ സർവ്വീസ് സെന്ററിന്റെ വാഹനം ഉപയോഗപ്പെടുത്തി സഞ്ചരിക്കുന്ന കാർഷിക ഉത്പന്ന വിതരണ കേന്ദ്രം ആരംഭിക്കാൻ ഉദ്ദേശിക്കുന്നു. കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന ചെറുകിട നാമമാത്ര കാർഷിക ഉല്പാദക സംഘത്തിനാണ് പ്രവർത്തന ചുമതല. പച്ചക്കറികൾ, തേങ്ങ, വെളിച്ചെണ്ണ, കൂൺ, തേൻ, പാൽ, തൈര്, പഴവർഗ്ഗങ്ങൾ, മൂല്യവർദ്ധിത ഉല്പന്നങ്ങൾ തുടങ്ങിയവയുടെ വിപണനമാണുദ്ദേശിക്കുന്നത്. ചെലവ് വിവരം താഴെ പറയും പ്രകാരമാണ്.

| ക്രമ നമ്പർ | പ്രവർത്തന ഇനങ്ങൾ | വികസന ഫണ്ട് | സ്വയം വഹിക്കുന്നത് | ആകെ |
|---|---|---|---|---|
| 1 | വാഹനത്തിന്റെ ഇന്ധനം, ഡ്രൈവറുടെ വേതനം, മറ്റിനങ്ങൾ | 60,000 | 20,000 | 80,000 |
| 2 | ത്രാസ്, ട്രേ, സ്റ്റാന്റ് | 15,000 | 5000 | 20,000 |
| | ആകെ | 75,000 | 25,000 | 1,00,000 |

ഈ പ്രോജക്ട് നടപ്പാക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

54

### 4.18 റാന്നി ബ്ലോക്ക് പഞ്ചായത്ത്

**റാന്നി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 22.11.2023 ലെ കത്തും റാന്നി ബ്ലോക്ക് പഞ്ചായത്ത് ഭരണ സമിതിയുടെ 13.11.2023 ലെ 3(1)-ാം നമ്പർ തീരുമാനവും ഉള്ളടക്കം ചെയ്തിരിക്കുന്ന കുറിപ്പും (SRG/1576/23)**

**വിഷയം:-** ബ്ലോക്ക് ലെവൽ ഫെഡറേറ്റഡ് ഓർഗനൈസേഷന് മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിന് സഹായം സംബന്ധിച്ച്.

കാർഷികോല്പന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിന് ബ്ലോക്ക് ലെവൽ ഫെഡറേറ്റഡ് ഓർഗനൈസേഷൻ (BLFO) റാന്നിയിൽ 2017 സമൃദ്ധി എന്ന പേരിൽ ആരംഭിച്ചു. തിരുവനന്തപുരത്തെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഇന്റർ ഡിസിപ്ലിനറി സയൻസ് ആന്റ് ടെക്നോളജി എന്ന സ്ഥാപനത്തിന്റെ സഹായത്തോടെ ആവശ്യമായ മെഷിനറികൾ വാങ്ങി റാന്നി ആസ്ഥാനമായി വാടക കെട്ടിടത്തിൽ സ്ഥാപിച്ചു. ഇതിനായി ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷനായി (FPO) ഗ്രീൻ റാന്നി ഫാർമർ പ്രൊഡ്യൂസർ കമ്പനി ലിമിറ്റഡ് എന്ന പേരിൽ കമ്പനി രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഈ സ്ഥാപനത്തിന്റെ ഓഫീസ് വാടക, കറന്റ് ചാർജ്ജ്, ഓഫീസ് ഉപകരണങ്ങൾ, CEO യുടേയും അക്കൗണ്ടന്റിന്റേയും വേതനം എന്നിവ മൂന്ന് വർഷത്തേക്ക് നബാർഡ് ആണ് നൽകുന്നത്.

ഈ സ്ഥാപനത്തിൽ മെഷീൻ അടക്കമുള്ള സാമഗ്രികൾ സ്ഥാപിക്കുന്നതിനായി 2021-22 വർഷം 13,79,968 രൂപയും 2022-23 വർഷം 26,53,032 രൂപയും വികസന ഫണ്ട് (ജനറൽ) ഇനത്തിൽ ആകെ 40,33,000 രൂപ ചെലവഴിച്ചു. ജില്ലാ പഞ്ചായത്തും 2022-23 ൽ 24,94,204 രൂപ ഇതിനായി ചെലവഴിച്ചിട്ടുണ്ട്. നൂതന പ്രോജക്ട് എന്നതിനു പകരം സാധാരണ പ്രോജക്ടായാണ് നടപ്പാക്കിയത്. കൃഷി അസിസ്റ്റന്റ് ഡയറക്ടർ നടപ്പാക്കിയ ഈ പ്രോജക്ടിന് സാധൂകരണം നൽകണമെന്നാവശ്യപ്പെട്ടിരിക്കുന്നു.

55

**4.19 <u>പാലക്കാട് ജില്ലാ പഞ്ചായത്ത്</u>**

**പാലക്കാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 27.09.2023-ലെ കത്തും പാലക്കാട് ജില്ലാ പഞ്ചായത്ത് ഭരണസമിതിയുടെ 16.09.2023-ലെ 8(3) -ാം നമ്പർ തീരുമാനവും (SRG/1336/23 – CC/739/23)**

**വിഷയം:-** ജില്ലയിലെ ജലസേചന കനാൽ വൃത്തിയാക്കുന്നത് സംബന്ധിച്ച്

പാലക്കാട് ജില്ലയിലെ ജലസേചന കനാലുകൾ വൃത്തിയാക്കാത്തതുമൂലം ചിറ്റൂർ, കാഞ്ഞിരപ്പുഴ, മലമ്പുഴ ഡാമുകളിൽ നിന്ന് ജലവിതരണം കുറഞ്ഞിട്ടുണ്ട്. ജില്ലയിൽ രണ്ടാംവിള നെൽക്കൃഷിക്ക് ജല വിതരണം നടത്തുന്നതിന് മുന്നോടിയായി ജലസേചന കനാലുകളുടെ ശുചീകരണ പ്രവർത്തനങ്ങളും അറ്റകുറ്റപ്പണികളും അനിവാര്യമാണ്. ഇതിനായി ജില്ലാ പഞ്ചായത്തിന്റെ വികസനഫണ്ടിൽ നിന്ന് (ജനറൽ) വിഹിതം വകയിരുത്തി പ്രോജക്ട് ഏറ്റെടുക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു. കഴിഞ്ഞ വർഷം മലമ്പുഴ ഡിവിഷന് 60.00 ലക്ഷം രൂപയും ചിറ്റൂർ കാഞ്ഞിരപ്പുഴ ഡിവിഷന് 20.00 ലക്ഷം രൂപയും ജില്ലാ പഞ്ചായത്ത് ഈ ആവശ്യത്തിന് കൈമാറിയിരുന്നു.

56

**4.20 <u>റബ്ബർ ചെടിചട്ടികൾ</u>**

**ബഹു.ഗവ.ചീഫ് വിപ്പ് നൽകിയ 23.08.2023 ലെ കത്ത് (SRG/1296/23).**

**വിഷയം:-** കൃഷി ആവശ്യത്തിനും മറ്റും റബ്ബർ ചട്ടികൾ ഉപയോഗിക്കുന്നതു സംബന്ധിച്ച്

കൃഷി ആവശ്യത്തിനും നേഴ്സറികളിലും പ്ലാസ്റ്റിക് ഗ്രോബാഗിനു പകരം റബ്ബർ ഗ്രോ ബാഗുകളും ചെടിചട്ടികളും പ്രചരിപ്പിക്കുന്നതിന് തദ്ദേശഭരണസ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകണമെന്നാവശ്യപ്പെട്ടിരിക്കുന്നു.

57

**4.21 <u>പത്തനംതിട്ട ജില്ലാ പഞ്ചായത്ത്</u>**

**പത്തനംതിട്ട ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 08.12.2023-ലെ കത്തും പത്തനംതിട്ട ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 20.10.2023-ലെ P6-70/21-ാം നമ്പർ കത്തും പത്തനംതിട്ട ജില്ലാ പഞ്ചായത്ത് ഭരണസമിതിയുടെ 10.10.2023-ലെ 1(4)-ാം നമ്പർ തീരുമാനവും (SRG/1507/23 CC/977/23)**

**വിഷയം:-** പട്ടികജാതി വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് പഠനമുറി നൽകുന്നത് സംബന്ധിച്ച്

| | | |
|---|---|---|
| ***പ്രോ.നം: 444/24*** | ***അടങ്കൽ*** | ***1,27,50,000 രൂപ (എസ്.സി.പി)*** |
| ***പേര്*** | ***പട്ടികജാതി കുട്ടികൾക്ക് പഠനമുറി*** | |

കഴിഞ്ഞവർഷം (2022-23) പട്ടികജാതി വിഭാഗത്തിലെ കുട്ടികൾക്ക് പഠനമുറി നിർമ്മിച്ച നൽകുന്നതിന് പ്രോജക്ട് ഏറ്റെടുത്തിരുന്നു. ഈ പ്രോജക്ട് ഈ വർഷം സ്പിൽഓവർ ആയി തുടരുന്നു. ഗ്രാമപഞ്ചായത്ത് നൽകിയ ഗുണഭോക്തൃ ലിസ്റ്റ് പ്രകാരം കഴിഞ്ഞ വർഷം എട്ടാം ക്ലാസ് മുതൽ ഡിഗ്രി തലം വരെ പഠിക്കുന്ന കുട്ടികൾക്ക് ആനുകൂല്യം നൽകിയിരുന്നു. ഈ ലിസ്റ്റിൽ ഉൾപ്പെടുമ്പോൾ +2 തലത്തിൽ പഠിച്ചിരുന്ന ചില വിദ്യാർത്ഥികൾ ഇപ്പോൾ ഡിഗ്രി തലത്തിലാണ് പഠിക്കുന്നത്. തദ്ദേശസ്വയംഭരണ വകുപ്പിന്റെ 28.03.2023-ലെ 738/23/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം 5 മുതൽ 12 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കാണ് പഠനമുറിക്ക് ധനസഹായം നൽകാവുന്നത്. 2022-23 ൽ കരാറിലേർപ്പെട്ടതും എന്നാൽ ധനസഹായം ലഭിക്കാത്തവരും ഇപ്പോൾ ഡിഗ്രി തലത്തിൽ പഠിക്കുന്നവർക്കും പഠനമുറി നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

58

**4. 22 <u>കോട്ടയം ജില്ലാ പഞ്ചായത്ത്</u>**

**കോട്ടയം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 18.08.2023-ലെ കത്തും കോട്ടയം ജില്ലാ പഞ്ചായത്ത് ഭരണസമിതിയുടെ 19.07.2023-ലെ 13(1)-ാം നമ്പർ തീരുമാനവും (SRG/ 1193/23 - CC/590/23).**

**വിഷയം:-** എസ്.എസ്.എൽ.സി. വിദ്യാർത്ഥികളുടെ ലേണിംഗ് ഡിസെബിലിറ്റി കണ്ടെത്തുന്നതിനുള്ള സ്ക്രീനിംഗ് ടെസ്റ്റ് നടത്തുന്നത് സംബന്ധിച്ച്.

| | | |
|---|---|---|
| *പ്രോ.നം: 819/24* | ***അടങ്കൽ*** | ***10,00,000 രൂപ*** |
| | | *(തനത് ഫണ്ട്)* |
| ***പേര്*** | ***നൈർമല്യം - എസ്.എസ്.എൽ.സി വിദ്യാർത്ഥികളുടെ ലേണിംഗ് ഡിസെബിലിറ്റി സ്ക്രീനിംഗ് - ക്യാമ്പ്*** | |

പഠന വൈകല്യമുള്ള എസ്.എസ്.എൽ.സി. വിദ്യാർത്ഥികൾക്ക് പത്താം ക്ലാസ് പരീക്ഷ എഴുതുന്നതിന് പ്രത്യേക പരിഗണന നൽകാറുണ്ട്. കോട്ടയം ജില്ലയിൽ വർഷം ശരാശരി 1500 വിദ്യാർത്ഥികളെ സ്ക്രീൻ ചെയ്ത് 700 പേർക്ക് ലേണിംഗ് ഡിസ് എബിലിറ്റി സർട്ടിഫിക്കറ്റ് (LD സർട്ടിഫിക്കറ്റ്) മെഡിക്കൽ ബോർഡ് നൽകുന്നുണ്ട്. സർക്കാർ തലത്തിൽ ക്ലിനിക്കൽ സൈക്കോളജിസ്റ്റിന്റെ സേവനം ലഭിക്കുക ബുദ്ധിമുട്ടാണ്. പഠന പിന്നോക്കാവസ്ഥയുള്ള വിദ്യാർത്ഥികൾ ഭൂരിപക്ഷവും നിർദ്ധനരായ കുടുംബത്തിൽ നിന്നു വരുന്നവരാണ്. ഇതിന്റെ പശ്ചാത്തലത്തിലാണ് കോട്ടയം ജില്ലാ പഞ്ചായത്ത് LD സ്ക്രീനിംഗ് പൂർത്തീകരിക്കുന്നതിന് 'നൈർമല്യം' പദ്ധതി ഏറ്റെടുത്തിരിക്കുന്നത്. ക്ലിനിക്കൽ സൈക്കോളജിസ്റ്റിനെ ആരോഗ്യവകുപ്പിന്റെ സഹായത്തോടെ നിയമിച്ച് ഒരു വിദ്യാർത്ഥിക്ക് 1000 രൂപാ നിരക്കിൽ സ്ക്രീനിംഗിന് ആവശ്യമായ എല്ലാ വിദ്യാർത്ഥികളെയും സ്ക്രീനിംഗ് നടത്തുന്നു. അർഹരായ വിദ്യാർത്ഥികളെ ഡിസംബർ ആദ്യവാരം മെഡിക്കൽ ബോർഡ് മുമ്പാകെ ഹാജരാക്കുന്നു. ഈ പ്രോജക്ടിന് അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

59

**4.23 <u>താനൂർ ബ്ലോക്ക് പഞ്ചായത്ത്</u>**

**മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 08.09.2023-ലെ കത്തും അനുബന്ധരേഖകളും (SRG/ 1273/23 - CC/662/23).**

**വിഷയം:-** വിവിധ തലത്തിലുള്ള സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ നാപ്കിൻ വെന്റിംഗ് മെഷീനും നാപ്കിൻ ഡിസ്ട്രോയറും സ്ഥാപിക്കുന്നതു സംബന്ധിച്ച്

| | | |
|---|---|---|
| *പ്രോ.നം: 74/24* | ***അടങ്കൽ*** | ***17,25,600 രൂപ*** |
| | | *(CFC -Tied Grant - 17,25,500 രൂപ)* |
| | | *തനത് ഫണ്ട് - 100 രൂപ )* |
| ***പേര്*** | ***ഗവ/എയ്ഡഡ് യു.പി. സ്കൂൾ, ഹൈസ്കൂൾ, ഹയർ സെക്കന്ററി സ്കൂളുകളിൽ നാപ്കിൻ വെന്റിംഗ് മെഷീനും നാപ്കിൻ ഡിസ്ട്രോയറും സ്ഥാപിക്കൽ*** | |

താനൂർ ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ സർക്കാർ/എയ്ഡഡ് യു.പി.സ്കൂൾ, ഹൈസ്കൂൾ, ഹയർസെക്കന്ററി സ്കൂൾ എന്നിവിടങ്ങളിൽ നാപ്കിൻ വെന്റിംഗ് മെഷീനും നാപ്കിൻ ഡിസ്ട്രോയറും സ്ഥാപിക്കാൻ 2022-23 വർഷം പ്രോജക്ട് ഏറ്റെടുത്തിരുന്നു. ഈ വർഷം സ്പിൽ ഓവറായി തുടരുന്നു. മുകളിൽപറഞ്ഞ സ്കൂളുകൾ ബ്ലോക്ക് പഞ്ചായത്തുകൾക്ക് കൈമാറിയതല്ല. ബ്ലോക്ക് പഞ്ചായത്തിന് നേരിട്ട് ഈ പ്രോജക്ട് നടപ്പാക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

60

**4.24 <u>കാവശ്ശേരി ഗ്രാമപഞ്ചായത്ത്</u>**

**പാലക്കാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 17.08.2023 ലെ കത്തും കാവശ്ശേരി ഗ്രാമപഞ്ചായത്തു ഭരണസമിതിയുടെ 05.05.2023 ലെ 2(2)-ാം നമ്പർ തീരുമാനവും (SRG/ 1185/23 - CC/615/23).**

**വിഷയം:-** പട്ടികജാതി വിഭാഗത്തിലെ പഠനം പൂർത്തിയാക്കിയ വിദ്യാർത്ഥികൾക്ക് ലാപ് ടോപ് നൽകുന്നതു സംബന്ധിച്ച്

| പ്രോ.നം: 182/23 | അടങ്കൽ | 13,20,000 രൂപ |
|---|---|---|
| | വികസന ഫണ്ട് - ജനറൽ | 38,651 രൂപ |
| | എസ്.സി.പി | 12,81,349 രൂപ |
| പേര് | എസ്.സി വിദ്യാർത്ഥികൾക്ക് ലാപ് ടോപ് | |

കാവശ്ശേരി ഗ്രാമപഞ്ചായത്തിൽ 2022-23 വർഷം പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ് നൽകുന്നതിന് പ്രോജക്ട് ഏറ്റെടുത്തിരുന്നു. ആകെയുള്ള 40 ഗുണഭോക്താക്കളിൽ താഴെ പറയുന്ന 10 പേർ പഠനം പൂർത്തിയാക്കി. ഇവർക്കു കൂടി ലാപ് ടോപ് നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

| | |
|---|---|
| 1 | സ്നേഹ D/o ശ്രീ സുരേഷ്, കാരക്കാട്ട് പറമ്പ് |
| 2 | ലമ്യ.എം D/o ശ്രീ മഹേന്ദ്രൻ, വള്ളിക്കാട് വീട് |
| 3 | ജിജി. എസ് D/o ശ്രീ ശിവരാമൻ, എടപറമ്പ് പെരിങ്ങോട്ടുകണ്ട് |
| 4 | മേഖ എം D/o ശ്രീ മണി, ഇടപറമ്പ് |
| 5 | മീര D/o ശ്രീമതി. രമണി, പടിഞ്ഞാറെ വീട് |
| 6 | അഞ്ജന കെ.സി D/o ശ്രീ ചന്ദ്രൻ, കാരകുളം |
| 7 | സോജ മോൾ D/o ശ്രീ സുന്ദരൻ, മുത്താനോട് |
| 8 | ഷിജിൻ കെ S/o ശ്രീ. രവീന്ദ്രൻ, മുത്താനോട് |
| 9 | ജിഷ്ണു എൻ, S/o ലക്ഷ്മണൻ, ഇടത്തിൽ കോളനി |
| 10 | പ്രണവ് S/o ശ്രീ. മണി, ഇരട്ടക്കുളം |

61

**4.25 മൺറോതുരുത്ത്**

**കൊല്ലം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 05.07.2023 ലെ കത്ത് (SRG/1222/23 - CC/465/2023).**

**വിഷയം:-** പട്ടികജാതി വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് ലാപ് ടോപ് നൽകുന്നതു സംബന്ധിച്ച്

മൺറോതുരുത്ത് ഗ്രാമപഞ്ചായത്ത് 2021-22 വാർഷിക പദ്ധതിയിൽ ലാപ് ടോപ് നൽകുന്നതിന് പ്രോജക്ട് എടുത്തിരുന്നു. 2022-23 ലാണ് ലാപ് ടോപ് വാങ്ങി നൽകിയത് ഗുണഭോക്തൃലിസ്റ്റിലുള്ള 5 പേരിൽ ശ്രീലാൽ, ശിവമന്ദിരം പേഴം തുരുത്ത് എന്ന വിദ്യാർത്ഥി ഇതിനകം പഠനം പൂർത്തിയാക്കിയിരുന്നു. ഈ വിദ്യാർത്ഥിക്കു കൂടി ലാപ് ടോപ് നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

62

**4.26 കോട്ടയം ജില്ലാ പഞ്ചായത്ത്**

**കോട്ടയം ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 08.09.2023-ലെ കത്തുകളും (2എണ്ണം) അനുബന്ധരേഖകളും(SRG/1552/23 - CC/402/23)**

**വിഷയം:-** വെച്ചൂർ ഹൈസ്കൂളിൽ റെക്കാർഡിംഗ് സ്റ്റുഡിയോ സ്ഥാപിക്കുന്നത് സംബന്ധിച്ച്

| പ്രോ.നം: 151/23 | അടങ്കൽ | 32,66,000 രൂപ (തനത് ഫണ്ട്) |
|---|---|---|
| പേര് | തലയാഴം ഡിവിഷൻ-വെച്ചൂർ ഹൈസ്കൂൾ റെക്കാർഡിംഗ് സ്റ്റുഡിയോ നിർമ്മാണം | |

വെച്ചൂർ ഹൈസ്കൂളിൽ ആധുനിക രീതിയിൽ മൾട്ടി മീഡിയ തിയേറ്റർ കം വീഡിയോ റെക്കാർഡിംഗ് സ്റ്റുഡിയോ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നു. ഇതിനായി 2022-23 വർഷം

23,99,294 രൂപ വികസനഫണ്ട് (ജനറൽ) ഇനത്തിൽ ചെലവഴിച്ച് റൂം പൂർത്തിയാക്കിയിട്ടുണ്ട്. ഇന്റർ ആക്ടീവ് വീഡിയോകൾ, ക്വിസ്, ഗെയിം എന്നിവ സൃഷ്ടിക്കാൻ പ്രാപ്തരായ അദ്ധ്യാപകർ ഉള്ളതിനാൽ പുതിയ ടെക്നീഷ്യനെ നിയമിക്കേണ്ടതില്ല.

പ്രോജക്ടിന്റെ വിശദമായ ധനകാര്യ വിശകലനം നൽകിയിട്ടുണ്ട്. സ്റ്റുഡിയോയിൽ കസേരയ്ക്കും ഇലക്ട്രോണിക് ഉപകരണങ്ങൾക്കും 16,31,000 രൂപയും സിവിൽ വർക്കിന് 8,26,753 രൂപയും ആണ് ചെലവ്. (ആകെ 27.07 ലക്ഷം രൂപയും നികുതിയും) ഈ പ്രോജക്ട് നടപ്പാക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

63

**4.27 കൽപ്പറ്റ മുനിസിപ്പാലിറ്റി**

**വയനാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 18.10.2023-ലെ കത്തും കല്പറ്റ മുനിസിപ്പാലിറ്റിയുടെ 26.09.2023-ലെ 25/25/23 -ാം നമ്പർ തീരുമാനവും (SRG/1514/23 – CC/847/23)**

**വിഷയം:-** എസ്റ്റേറ്റ് വക സ്ഥലത്ത് അങ്കണവാടി കെട്ടിടം നിർമ്മിക്കുന്നത് സംബന്ധിച്ച്

| | | |
|---|---|---|
| *പ്രോ.നം:* 305/23 | ***അടങ്കൽ*** | *20,00,000 രൂപ (വികസനഫണ്ട് ജനറൽ – 10,00,000 രൂപ കേന്ദ്ര വിഹിതം – 4,00,000 രൂപ തനത് ഫണ്ട് – 6,00,000 രൂപ)* |
| ***പേര്*** | ***പുൽപ്പാറ അങ്കണവാടി നിർമ്മാണം*** | |

കൽപ്പറ്റ മുനിസിപ്പൽ പ്രദേശത്തെ പുൽപ്പാറ, പെരുന്തട്ട, വെള്ളാരംകുന്ന് എന്നീ പ്രദേശങ്ങളിൽ അങ്കണവാടി കെട്ടിടത്തിനു കണ്ടെത്തിയ സ്ഥലം എസ്റ്റേറ്റ് ഭൂമിയാണ്. ഈ പ്രദേശങ്ങളിൽ 5 സെന്റ് സ്ഥലം വീതം അങ്കണവാടി കെട്ടിടം നിർമ്മിക്കുന്നതിന് എസ്റ്റേറ്റ് ഉടമകൾ NOC നൽകിയിട്ടുണ്ട്. ഈ പ്രദേശങ്ങളിൽ അങ്കണവാടി കെട്ടിടം നിർമ്മിക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

64

**4.28 ഇലഞ്ഞി ഗ്രാമപഞ്ചായത്ത്**

**എറണാകുളം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 29.09.2023, 27.09.2023 എന്നീ തീയതികളിലെ കത്തുകളും (2 എണ്ണം) ഇലഞ്ഞി ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 10.08.2023-ലെ 1(5) – ാം നമ്പർ തീരുമാനവും (SRG/1339/23 – CC/645/23)**

**വിഷയം:-** ഗ്രാമപഞ്ചായത്തിലെ സർക്കാർ എയ്ഡഡ് സ്കൂളികളിൽ കായികോപകരണങ്ങൾ നൽകുന്നത് സംബന്ധിച്ച്

| | | |
|---|---|---|
| *പ്രോ.നം:* 49/24 | ***അടങ്കൽ*** | *1,00,000 രൂപ (വികസനഫണ്ട് ജനറൽ)* |
| ***പേര്*** | ***ഗവൺമെന്റ് സ്കൂളുകളിൽ കായികോപകരണങ്ങൾ വാങ്ങൽ*** | |

ഇലഞ്ഞി ഗ്രാമപഞ്ചായത്ത് സ്പോർട്സ്/ഗെയിംസ് ഇനങ്ങളായ ഫുട്ബോൾ, ക്രിക്കറ്റ്, വോളിബോൾ, ബാഡ്മിന്റൺ, ചെസ്, കാരംസ് തുടങ്ങിയവയ്ക്ക് കായികോപകരണങ്ങൾ വാങ്ങി നൽകാൻ പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്. സർക്കാർ എൽ.പി. സ്കൂൾ കൂടാതെ എയ്ഡഡ് മേഖലയിലെ LP/UP സ്കൂളുകൾക്കു കൂടി ഈ ഉപകരണങ്ങൾ നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു. രണ്ട് സർക്കാർ LP സ്കൂളുകളും എയ്ഡഡ് മേഖലയിൽ ഏഴ് LP/UPസ്കൂളുകളുമാണ് ഉള്ളത്.

65

**4.29 ഏറ്റുമാനൂർ ബ്ലോക്ക് പഞ്ചായത്ത്**

**കോട്ടയം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 29.09.2023-ലെ കത്തും ഏറ്റുമാനൂർ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 11.08.2023-ലെ P/584/23-ാം നമ്പർ കത്തും (SRG/1340/23 – CC/618/23)**

**വിഷയം:-** ശിശുക്ഷേമ സമിതിയുടെ മാന്നാനം ക്രഷ് ശിശു സൗഹൃദമാക്കുന്നതിനുള്ള പ്രവർത്തനത്തിന് അനുമതി സംബന്ധിച്ച്

| | | |
|---|---|---|
| *പ്രോ.നം:* 87/24 | *അടങ്കൽ* | *1,00,000 രൂപ (വികസനഫണ്ട് ജനറൽ)* |
| *പേര്* | *ശിശുക്ഷേമസമിതി മാന്നാനം ക്രഷ് ശിശു സൗഹൃദമാക്കുക* | |

ശിശുക്ഷേമസമിതിയുടെ കീഴിലുള്ള മാന്നാനം ക്രഷിൽ 25 കുട്ടികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ക്രഷിൽ കുട്ടികൾക്കാവശ്യമായ കളിയുപകരണങ്ങളോ ചിത്രങ്ങളോ ഇല്ല. കുട്ടികളെ ക്രഷിലേയ്ക്ക് ആകർഷിക്കുന്നതിന് ക്രഷ് പെയിന്റ് ചെയ്ത് ചിത്രങ്ങൾ വരയ്ക്കുന്നതിനും കളിയുപകരണങ്ങൾ വാങ്ങുന്നതിനുമാണ് പ്രോജക്റ്റ്. ഇതിന് അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

66

**4.30 പാലക്കാട് ജില്ലാ പഞ്ചായത്ത്**

**പാലക്കാട് ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 25.10.2023, 27.10.2023 എന്നീ തീയതികളിലെ കത്തുകൾ (2 എണ്ണം) (SRG/1499/23)**

**വിഷയം:-** സംസ്ഥാന സ്കൂൾ കായിക മേളയിൽ വിജയികളായ പ്രതിഭകൾക്ക് ക്യാഷ് പ്രൈസ് നൽകാൻ അനുമതി സംബന്ധിച്ച്

ദേശീയ-സംസ്ഥാന സ്കൂൾ കായിക മേളകളിൽ വിജയം കരസ്ഥമാക്കുന്നവർക്ക് ക്യാഷ് പ്രൈസ് നൽകുന്നതിന് 10.00 ലക്ഷം രൂപ തനത് ഫണ്ട് വിഹിതം ഉൾപ്പെടുത്തി 2023-24 വർഷം പ്രോജക്റ്റ് ഏറ്റെടുത്തിട്ടുണ്ട് (പ്രോ.നം. 238/24) സംസ്ഥാനതല മത്സരത്തിൽ ഒന്ന്, രണ്ട്, മൂന്ന് സ്ഥാനക്കാർക്ക് യഥാക്രമം 3000, 2000, 1000 രൂപ എന്ന നിരക്കിൽ മുൻകാലങ്ങളിൽ നൽകിയതുപോലെ ക്യാഷ് പ്രൈസ് നൽകാനാണ് ഉദ്ദേശിക്കുന്നത്. ഇതിന് അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

67

**4.31 National Institute of Physical Medicine & Rehabilitation (NIPMR) എക്സിക്യൂട്ടീവ് ഡയറക്ടറുടെ 12.07.2023-ലെ കത്ത് (SRG/1637/23)**

**വിഷയം:-** ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട കുട്ടികൾക്കുള്ള സ്ഥാപനങ്ങളിൽ അടിസ്ഥാന സൗകര്യമൊരുക്കുന്നതിന് ചുമതല നൽകണമെന്നത് സംബന്ധിച്ച്

സാമൂഹ്യനീതി വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഒരു സ്വയംഭരണസ്ഥാപനമാണ് National Institute of Physical Medicine & Rehabilitation (NIPMR) ഫിസിയോതെറാപ്പി, സ്പീച്ച് തെറാപ്പി, ഒക്യുപേഷണൽ തെറാപ്പി, ഓഡിയോ ടെസ്റ്റുകൾ, ഡെവലപ്മെന്റ് തെറാപ്പി, ഡയറ്റീഷ്യന്റെ സേവനം എന്നിവ നൽകുന്നതോടൊപ്പം സെറിബ്രൽ പാൾസി, ഓട്ടിസം, ഇന്റലക്ച്വൽ ഡിസെബിലിറ്റി ബാധിതരായ കുട്ടികൾക്കായുള്ള സ്പെഷ്യൽ സ്കൂൾ സൗകര്യവും NIPMR നൽകുന്നു. ഒപ്പം ഫിസിയാട്രിസ്റ്റ്, ഡെവലപ്മെന്റൽ പീഡിയാട്രീഷ്യൻ എന്നിവരുടെ സേവനവും ഇവിടെയുണ്ട്. ഒപ്പം ഭിന്നശേഷിക്കാർക്കായി എല്ലാ രീതിയിലുമുള്ള പ്രോസ്തറ്റിക്സ് & ഓർത്തോട്ടിക്ക് ഉപകരണങ്ങളും നിർമ്മിക്കുന്നു. ഇതോടൊപ്പം തദ്ദേശഭരണസ്ഥാപനങ്ങൾ നടത്തി വരുന്നതും പുതിയതായി ആരംഭിക്കുന്നതുമായ ബഡ്സ് സ്കൂളുകൾ, ബഡ്സ് റിഹാബിലിറ്റേഷൻ സെന്ററുകൾ, സ്കൂളുകളിലെ ഭിന്നശേഷിക്കാർക്കുള്ള റിസോഴ്സ് റൂമുകൾ എന്നിവയ്ക്കാവശ്യമായ ഉപകരണങ്ങൾ നൽകുന്നതിനും ആവശ്യമായ സജ്ജീകരണങ്ങൾ

ഒരുക്കുന്നതിനും NIPMR ൽ പ്രവർത്തിക്കുന്ന സെന്റർ ഫോർ മൊബിലിറ്റി ആന്റ് അസിസ്റ്റീവ് ടെക്നോളജി (C MAT) ന് കഴിയും. അതിനാൽ ഇത്തരം സൗകര്യമൊരുക്കുന്നതിന് NIPMR നെ ചുമതലപ്പെടുത്തി നടപ്പാക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകണമെന്ന് ആവശ്യപ്പെട്ടിരിക്കുന്നു.

68 4.32 ഒളുക്കങ്ങൽ ഗ്രാമപഞ്ചായത്ത്

**ബഹു. വേങ്ങര എം.എൽ.എ.യുടെ 02.11.2023-ലെ കത്തും ഒളുക്കങ്ങൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 07.10.2023-ലെ A3-10/22-ാം നമ്പർ കത്തും ഒളുക്കങ്ങൽ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 26.08.2023-ലെ 9(1)-ാം നമ്പർ തീരുമാനവും (SRG/1498/23)**

**വിഷയം:-** പാലിയേറ്റീവ് കെയറിനായി രണ്ടാമത് ആരംഭിക്കുന്ന യൂണിറ്റിന് നഴ്സിനെ നിയമിക്കുന്നത് സംബന്ധിച്ച്

ഒളുക്കങ്ങൽ ഗ്രാമപഞ്ചായത്തിൽ ഒരു പാലിയേറ്റീവ് യൂണിറ്റ് ഉണ്ട്. 300 ലധികം പാലിയേറ്റീവ് രോഗികൾ ഉണ്ട്. രണ്ടാമത് ഒരു യൂണിറ്റു കൂടി ആരംഭിക്കാൻ ഉദ്ദേശിക്കുന്നു. ഇതിനായി നിശ്ചിത യോഗ്യതയുള്ള നഴ്സിനെ നിയമിക്കാൻ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയും പത്രപരസ്യം വഴിയും ആളുകളെ കണ്ടെത്താൻ നടപടി സ്വീകരിച്ചുവെങ്കിലും യോഗ്യതയുള്ളവരെ ലഭിച്ചില്ല. അതിനാൽ പാലിയേറ്റീവ് നഴ്സായി പ്രവർത്തിക്കാൻ താല്പര്യമുള്ളതും കാര്യക്ഷമതയുള്ള ഉദ്യോഗാർത്ഥിയുമായ ശ്രീമതി.പ്രമീള.സി, കാർത്തിക, ചേരിമുണ്ടപറമ്പ് എന്ന വ്യക്തിയെ കണ്ടെത്തിയിട്ടുണ്ട്. എന്നാൽ ഇവർക്ക് സർക്കാർ ഉത്തരവു പ്രകാരമുള്ള യോഗ്യതയില്ല. ഈ വ്യക്തിയെ പാലിയേറ്റീവ് നഴ്സായി നിയമിക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

69 4.33 ഒറ്റപ്പാലം ബ്ലോക്ക് പഞ്ചായത്ത്

**പാലക്കാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 08.08.2023 ലെ കത്തും ഒറ്റപ്പാലം ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 01.08.2023 2(4)-ാം നമ്പർ തീരുമാനവും ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 05.08.2023 ലെ BDOOTP/421/2023-C നമ്പർ കത്തും (SRG/ 1105/23 - CC/588/23, SRG/ 1106/23 - CC/589/23, SRG 1104/23-CC/587/23).**

**വിഷയം:-** ഡയാലിസിസിനു ധനസഹായം നൽകുന്നത് സംബന്ധിച്ച്

ഒറ്റപ്പാലം ബ്ലോക്ക് പഞ്ചായത്ത് 2022-23ൽ വൃക്ക രോഗികൾക്ക് ഡയാലിസിസിനു ധനസഹായം നൽകുന്നതിന് രണ്ടു പ്രോജക്ടുകൾ നടപ്പാക്കി. ഇതിനു സാധൂകരണം നൽകണമെന്നും 2023-24 ൽ ഡയാലിസിസിനു ധനസഹായം നൽകാനുള്ള പ്രോജക്ട് നടപ്പാക്കാൻ അനുമതി നൽകണമെന്നും ആവശ്യപ്പെട്ടിരിക്കുന്നു. പ്രോജക്ട് വിവരങ്ങൾ താഴെ പറയും പ്രകാരമാണ്.

**2022-23 വർഷം**

| | | |
|---|---|---|
| *പ്രോ.നം:* 67/23 | ***അടങ്കൽ*** | ***12,07,863 രൂപ*** |
| | *വികസന ഫണ്ട്* | *5,00,000 രൂപ* |
| | *ഗ്രാമപഞ്ചായത്ത് വിഹിതം* | *7,07,863 രൂപ* |
| *പ്രോ.നം:* 79/23 | ***അടങ്കൽ*** | ***14,00,000 രൂപ*** |
| | *വികസന ഫണ്ട്* | *6,00,000 രൂപ* |
| | *ഗ്രാമപഞ്ചായത്ത് വിഹിതം* | *8,00,000 രൂപ* |

**2023-24 വർഷം**

| | | |
|---|---|---|
| *പ്രോ.നം:* 11/24 | ***അടങ്കൽ*** | ***40,07,863 രൂപ*** |
| | *വികസന ഫണ്ട്* | *11,00,000 രൂപ* |
| | *ഗ്രാമപഞ്ചായത്ത് വിഹിതം* | *16,00,000 രൂപ* |
| | *സംഭാവന* | *10,00,000 രൂപ* |
| | *ബാങ്ക് ബാലൻസ്* | *3,07,863 രൂപ** |

70

4.34 കോഴിക്കോട് ജില്ലാ പഞ്ചായത്ത്

**കോഴിക്കോട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 16.08.2023 ലെ കത്തും കോഴിക്കോട് ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 26.07.2023 ലെ CA – 38/2023 നമ്പർ കത്തും കോഓർഡിനേഷൻ കമ്മിറ്റിയുടെ 09.01.2023 – ലെ യോഗ തീരുമാനവും (ഖണ്ഡിക 4.2) അനുബന്ധ രേഖകളും (SRG/1183/23 – CC/556/2023).**

**വിഷയം:–** കോഴിക്കോട് ജില്ലയിൽ നടപ്പാക്കുന്ന സ്നേഹസ്പർശം പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ച്

| *പ്രോ.നം:* 283/24 | ***അടങ്കൽ*** | *50,00,000 രൂപ (വികസനഫണ്ട് – ജനറൽ)* |
|---|---|---|
| ***പേര്*** | **സ്നേഹസ്പർശം** | |

കോഴിക്കോട് ജില്ലയിലെ മുഴുവൻ തദ്ദേശഭരണസ്ഥാപനങ്ങളേയും ഉൾപ്പെടുത്തി 2011 മുതൽ ജില്ലാ പഞ്ചായത്തു നടപ്പാക്കുന്ന ആരോഗ്യ പരിരക്ഷാ പദ്ധതിയാണ് സ്നേഹസ്പർശം. 2017–19 മുതൽ സർക്കാരിന്റെ അനുമതിയോടെയാണ് ഈ പദ്ധതി നടപ്പാക്കുന്നത്. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും ജില്ലാ കളക്ടർ ചീഫ് കോഓർഡിനേറ്ററും ജില്ലാ പഞ്ചായത്ത് സെക്രട്ടറി കൺവീനറുമായ സ്നേഹസ്പർശം കിഡ്നി പേഷ്യന്റ് വെൽഫയർ സൊസൈറ്റി എന്ന സംഘടനയാണ് നടത്തുന്നത്. ഡയാലിസിസ് രോഗികൾക്ക് ധനസഹായം, വൃക്ക മാറ്റിവച്ചവർക്ക് സൗജന്യമായി മരുന്ന്, മാനസിക രോഗികൾക്ക് ചികിത്സയും മരുന്നും, എച്ച്.ഐ.വി ബാധിതർക്ക് കെയർസെന്റർ, വൃക്കരോഗ – അവയവദാന ബോധവത്ക്കരണം, ഏർലി ഡിറ്റക്ഷന് വേണ്ടിയുള്ള മെഡിക്കൽ ക്യാമ്പ് എന്നിവ നടത്തുന്നു. ഇവയ്ക്കു പുറമെ സ്വകാര്യ ആശുപത്രിയുമായി സഹകരിച്ചു വൃക്കമാറ്റി വയ്ക്കൽ ശസ്ത്രക്രിയ ജീവജ്യോതി പദ്ധതിയിലൂടെ പൂർണ്ണമായും സൗജന്യമായി നടപ്പാക്കുന്നു. ഈ പ്രോജക്ട് ഈ വർഷവും തുടരുന്നു. പൊതുജനങ്ങളിൽ നിന്നുള്ള മുൻകാല വിഭവസമാഹരണത്തിൽ ലഭ്യമായ തുക ഉപയോഗിച്ചാണ് ജീവജ്യോതി പദ്ധതി നടപ്പിലാക്കികൊണ്ടിരിക്കുന്നത്. സർക്കാർ ഉത്തരവു പ്രകാരം ഈ പ്രോജക്ടിന്റെ നടത്തിപ്പ് ചാർട്ടേഡ് അക്കൗണ്ടന്റ്, അക്കൗണ്ടന്റ് ജനറൽ, കേരള സ്റ്റേറ്റ് ആഡിറ്റ് എന്നീ ഏജൻസി / വകുപ്പിന്റെ പരിശോധനയ്ക്ക് വിധേയമാക്കുന്നുണ്ട്. താഴെ പറയും പ്രകാരം തദ്ദേശഭരണസ്ഥാപനങ്ങളിൽ നിന്ന് വിഹിതം ശേഖരിച്ച് ഈ വർഷവും പ്രോജക്ട് ഇതേ രീതിയിൽ നടപ്പാക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

| | |
|---|---|
| ഗ്രാമപഞ്ചായത്തുകൾ | 4.00 ലക്ഷം രൂപ വീതം |
| ബ്ലോക്ക് പഞ്ചായത്തുകൾ | 7.00 ലക്ഷം രൂപ വീതം |
| ജില്ലാ പഞ്ചായത്ത് | 50.00 ലക്ഷം രൂപ |
| നഗരസഭകൾ | 7.00 ലക്ഷം രൂപ വീതം |
| കോഴിക്കോട് കോർപ്പറേഷൻ | 100.00 ലക്ഷം രൂപ |

71

4. 35 എടവനക്കാട് ഗ്രാമപഞ്ചായത്ത്

**എറണാകുളം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 14.09.2023, 13.09.2023 എന്നീ തീയതികളിലെ കത്തും അനുബന്ധരേഖകളും (SRG/1282/23 – CC/701/23).**

**വിഷയം:–** എടവനക്കാട് ഗവ.ആയുർവേദ ഡിസ്പെൻസറിയിൽ പഞ്ചകർമ്മ ചികിത്സാ സൗകര്യമൊരുക്കുന്നതു സംബന്ധിച്ച്.

| *പ്രോ.നം: 35/24* | ***അടങ്കൽ*** | *5,00,000 രൂപ (തനത് ഫണ്ട്)* |
|---|---|---|
| ***പേര്*** | ***എടവനക്കാട് ഗവ.ആയുർവേദ പഞ്ചകർമ്മ ചികിത്സ സൗകര്യം ലഭ്യമാക്കൽ*** | |

എടവനക്കാട് ഗവ. ആയുർവേദ ഡിസ്പെൻസറിയിൽ 2019-20 മുതൽ ഗ്രാമപഞ്ചായത്ത് പഞ്ചകർമ്മ സൗകര്യം ഏർപ്പെടുത്തുന്നുണ്ട്. ആദ്യവർഷത്തെ ചെലവ് സംഭവാനയിൽ നിന്ന് കണ്ടെത്തി. 2021-22 മുതൽ നൂതന പ്രോജക്ടായാണ് നടപ്പാക്കുന്നത്. ആറു മാസത്തേയ്ക്ക് മാത്രം വേതനം നൽകാനാണ് അനുമതി നൽകുന്നത്. യോഗ്യരായ വനിത-പുരുഷ തെറാപ്പിസ്റ്റുകളെ നിയമിച്ച് (2 പേർ) പ്രതിമാസം ഒരാൾക്ക് 20,385 രൂപയിൽ കവിയാത്ത വേതനം നൽകുന്നു. (പ്രതിദിനം 755 രൂപ). വർഷം മുഴുവൻ ഈ സേവനം നൽകുന്ന രീതിയിൽ സ്ഥിരമായി തെറാപ്പിസ്റ്റുകളുടെ നിയമിക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു. എടവനക്കാട് ഗ്രാമപഞ്ചായത്തു കൂടാതെ ചൂർണ്ണിക്കര, മുളന്തുരുത്തി, മണീട്, ശ്രീമൂലനഗരം, മുളവുകാട്, എന്നീ ഗ്രാമപഞ്ചായത്തുകളും ഇതേ രീതിയിൽ പഞ്ചകർമ്മ ചികിത്സ നടത്തുന്നുണ്ടെന്നും ഈ ഗ്രാമപഞ്ചായത്തുകൾക്കും ഇതേ രീതിയിൽ തെറാപ്പിസ്റ്റുകളെ നിയമിക്കാൻ അനുമതി നൽകണമെന്നും ജില്ലാ പ്ലാനിംഗ് ഓഫീസർ ആവശ്യപ്പെട്ടിട്ടുണ്ട്.

72

### 4.36 <u>ളാലം ബ്ലോക്ക് പഞ്ചായത്ത്</u>

**കോട്ടയം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 21.09.2023 ലെ കത്തും ളാലം ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 24.07.2023-ലെ 1(2) -ാം നമ്പർ തീരുമാനവും (SRG/ 1316/23 - CC/649/23).**

**വിഷയം:-** വൃക്ക രോഗികൾക്ക് ഡയാലിസിസിനു ധനസഹായം നൽകുന്നത് സംബന്ധിച്ച്

| | | |
|---|---|---|
| ***പ്രോ.നം:*** 36/24 | ***അടങ്കൽ*** | ***5,00,000 രൂപ (അവർഡ് തുക )*** |
| ***പേര്*** | **വൃക്കരോഗികൾക്ക് ഡയാലിസിസിന് ധനസഹായം** | |

വൃക്ക രോഗികൾക്ക് ഡയാലിസിസിന് ധനസഹായം നൽകാനുള്ള പ്രോജക്ട് ബ്ലോക്ക് പഞ്ചായത്ത് നേരിട്ട് നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതിന് ജില്ലാ ആസൂത്രണസമിതി അനുമതി നിരസിച്ചു. പ്രത്യേകാനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

73

### 4.37 <u>ചിറയിൻകീഴ് ബ്ലോക്ക് പഞ്ചായത്ത്</u>

**തിരുവനന്തപുരം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 26.09.2023-ലെ കത്തുകൾ - 2 എണ്ണം (SRG/1333/23 CC/625/23)**

**വിഷയം:-** വക്കം RHC യിൽ ഡോക്ടറെയും സെക്യൂരിറ്റി ജീവനക്കാരെയും നിയമിക്കുന്നത് സംബന്ധിച്ച്

| | | |
|---|---|---|
| ***പ്രോ.നം:*** 164/24 | ***അടങ്കൽ*** | ***7,00,000 രൂപ (തനത് ഫണ്ട്)*** |
| ***പേര്*** | ***വക്കം RHC യിൽ ഡോക്ടർ, സെക്യൂരിറ്റി നിയമനം*** | |

ചിറയിൻകീഴ് ബ്ലോക്ക് പഞ്ചായത്തിൽ വക്കം RHC പ്രവർത്തിക്കുന്നുണ്ട്. RHC യുടെ പ്രവർത്തനം ഉച്ചകഴിഞ്ഞു കൂടി ലഭ്യമാക്കാൻ ഒരു ഡോക്ടറെയും ജീവനക്കാരുടെ സുരക്ഷയ്ക്കും മറ്റുമായി ഒരു സെക്യൂരിറ്റി ജീവനക്കാരനെയും നിയമിക്കാനുള്ള പ്രോജക്ടിന് ജില്ലാ ആസൂത്രണസമിതി അനുമതി നിരസിച്ചു. കോഓർഡിനേഷൻ കമ്മിറ്റിയുടെ പ്രത്യേക അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

74

**4.38 പാലക്കാട് മുനിസിപ്പാലിറ്റി**

**പാലക്കാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 27.09.2023-ലെ കത്തും പാലക്കാട് നഗരസഭാ സെക്രട്ടറിയുടെ 05.09.2023-ലെ H3-42881/2022-ാം നമ്പർ കത്തും (SRG/1337/23 - CC/750/23)**

**വിഷയം:-** അർബൻ ഹെൽത്ത് വെൽനെസ്സ് സെന്ററിന്റെ വാടക നിശ്ചയിക്കുന്നത് സംബന്ധിച്ച്

പാലക്കാട് നഗരസഭയിൽ അർബൻ ഹെൽത്ത് സെന്ററിന്റെ കീഴിൽ അർബൻ ഹെൽത്ത് ആന്റ് വെൽനെസ്സ് സെന്ററിനായി കെട്ടിടം വാടകയ്ക്കെടുക്കാൻ ഉദ്ദേശിക്കുന്നു. ഇതിനായി 6/33-ാം നമ്പർ കെട്ടിടം കണ്ടെത്തിയിട്ടുണ്ട്. 184.65 ചതുരശ്ര മീറ്ററാണ് വിസ്തീർണ്ണം. ഇതിന് PWD നിശ്ചയിച്ചിരിക്കുന്ന വാടക പ്രതിമാസം 16211 രൂപയാണ്. കെട്ടിട ഉടമയായ ഡോ. അനുപമ രാമചന്ദ്രൻ, തോണിവിളയം വാടകയായി പ്രതിമാസം 35,000 രൂപയാണ് ആവശ്യപ്പെട്ടിരിക്കുന്നത്. നഗരസഭയും കെട്ടിട ഉടമയുമായി സംസാരിച്ച് 33,000 രൂപയായി കുറവു ചെയ്തിട്ടുണ്ട്. ഈ നിരക്കിൽ വാടക നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

75

**4.39 വടകര ബ്ലോക്ക് പഞ്ചായത്ത്**

**കോഴിക്കോട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 29.09.2023-ലെ കത്തും വടകര ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 26.09.2023-ലെ 4(1) -ാം നമ്പർ തീരുമാനവും ഉള്ളടക്കം ചെയ്തിരിക്കുന്ന റിപ്പോർട്ടും (SRG/1342/23 – CC/755/23)**

**വിഷയം:-** ബ്ലോക്ക് പഞ്ചായത്തിലെ കമ്മ്യൂണിറ്റി ബേസ്ഡ് ഡിസബിലിറ്റി മാനേജ്മെന്റിൽ നിയമിച്ചവർക്ക് വേതനം നൽകുന്നത് സംബന്ധിച്ച്

| | | |
|---|---|---|
| *പ്രോ.നം: 41/24* | *അടങ്കൽ* | *7,58,700 രൂപ (വികസനഫണ്ട് ജനറൽ - 5,40,000 ഗ്രാമപഞ്ചായത്ത് വിഹിതം - 83,700 ജില്ലാ പഞ്ചായത്ത് വിഹിതം - 1,35,000 രൂപ )* |
| *പേര്* | *കമ്മ്യൂണിറ്റി ഡിസബിലിറ്റി മാനേജ്മെന്റ് സെന്റർ സ്റ്റാഫിന് വേതനം നൽകൽ, മറ്റു ചെലവുകൾ* | |

കോഴിക്കോട് ജില്ലാ പഞ്ചായത്ത്, ജില്ലാ ഭരണകൂടം, സാമൂഹ്യനീതി വകുപ്പ് എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ നടത്തിവരുന്ന സമഗ്ര പദ്ധതിയാണ് എനേബ്ലിംഗ് കോഴിക്കോട്.

ഭിന്നശേഷി കുട്ടികൾക്ക് ആവശ്യമായ സമഗ്ര ചികിത്സാ പുനരധിവാസ പദ്ധതിയാണ് ഇതിന്റെ ലക്ഷ്യം. ഇതിന്റെ ഭാഗമായി വടകര ബ്ലോക്ക് പഞ്ചായത്ത് ഓർക്കാട്ടേരി CHC യിൽ കമ്മ്യൂണിറ്റി ഡിസബിലിറ്റി മാനേജ്മെന്റ് സെന്റർ (CDMC) ആരംഭിച്ചു. ഈ സെന്ററിലേയ്ക്ക് താഴെപ്പറയും പ്രകാരമാണ് താൽക്കാലികമായി നിയമനം നടത്തിയിരിക്കുന്നത്.

| ക്രമ നം | തസ്തിക | പ്രതിമാസ വേതനം |
|---|---|---|
| 1 | റിഹാബിലിറ്റേഷൻ സൈക്കോളജിസ്റ്റ് (1) | 30,000 രൂപ |
| 2 | ഫിസിയോ തെറാപ്പിസ്റ്റ് (1) | 26,400 രൂപ |
| 3 | സ്പീച്ച് തെറാപ്പിസ്റ്റ് (2 പേർ) | 26,400 രൂപ വീതം |
| 4 | സ്പെഷ്യൽ എഡ്യൂക്കേറ്റർ | 17,250 രൂപ |

ഇവർക്ക് വേതനം നൽകുന്നതിന് ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾ സംയുക്തമായി 15,17,400 രൂപയുടെ പ്രോജക്റ്റ് തയ്യാറാക്കി, നൂതന പ്രോജക്ടിനുള്ള ജില്ലാതല വിദഗ്ധ സമിതിക്ക് നൽകി. 6 മാസത്തേയ്ക്ക് മാത്രം വേതനം നൽകുന്നതിന് DLEC അംഗീകാരം നൽകി. ഇതനുസരിച്ച്

പ്രോജക്ട് ഭേദഗതി ചെയ്ത് 6 മാസത്തെ വേതനം നൽകി. തുടർന്നുള്ള 6 മാസത്തെ വേതനം നൽകുന്നതിന് അനുമതി നൽകണമെന്നും വരും വർഷങ്ങളിലും ത്രിതല തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിഹിതം വാങ്ങി പ്രോജക്ട് നടപ്പാക്കാൻ അനുമതി നൽകണമെന്നും ആവശ്യപ്പെട്ടിരിക്കുന്നു.

76

**4.40 ഒല്ലൂക്കര ബ്ലോക്ക് പഞ്ചായത്ത്**

**തൃശ്ശൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 26.09.2023-ലെ കത്തും ഒല്ലൂക്കര ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 24.07.2023-ലെ 6(8) -ാം നമ്പർ തീരുമാനവും (SRG/1327/23- CC/ 632/23, SRG/1328/23 –CC 670/23)**

**വിഷയം:-** വെള്ളാനിക്കര സാമൂഹികാരോഗ്യ കേന്ദ്രത്തിൽ അധികമായി ഒരു ഫിസിയോതെറാപ്പിസ്റ്റിനെ നിയമിക്കുന്നത് സംബന്ധിച്ച്

| | | |
|---|---|---|
| *പ്രോ.നം:* 113/24 | *അടങ്കൽ* | *2,00,000 രൂപ (തനത് ഫണ്ട്)* |
| *പേര്* | *ജനറൽ ഫിസിയോതെറാപ്പിസ്റ്റ് നിയമനം* | |

ഒല്ലൂക്കര ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിലുള്ള വെള്ളാനിക്കര CHC യിൽ ബ്ലോക്ക് പഞ്ചായത്ത് വിഹിതവും പവർ ഗ്രിഡിന്റെ CSR ഫണ്ടും ഉപയോഗിച്ച് 10 ലക്ഷം രൂപയുടെ ഫിസിയോ തെറാപ്പി ഉപകരണങ്ങൾ വാങ്ങി സ്ഥാപിച്ചിട്ടുണ്ട്. പുത്തൂർ, നടത്തറ, പാണഞ്ചേരി, മടക്കത്തറ എന്നീ ഗ്രാമപഞ്ചായത്തുകളിൽ നിന്നുള്ളവർ ഇവിടെ ഫിസിയോതെറാപ്പിക്കായി വരുന്നുണ്ട്. NHM മുഖാന്തിരം (വേതനം നൽകി) ഒരു ഫിസിയോതെറാപ്പിസ്റ്റിനെ ഇവിടെ നിയമിച്ചിട്ടുണ്ട്. ഈ തെറാപ്പിസ്റ്റ് ആഴ്ചയിൽ 3 ദിവസം ആശുപത്രിയിലും 3 ദിവസം ഫീൽഡിലും സേവനം നൽകുന്നു. 30-40 പേർ ദിവസവും വരുന്നതിനാൽ തിരക്കുണ്ട്. ഈ സാഹചര്യത്തിൽ ബ്ലോക്ക് പഞ്ചായത്ത് വിഹിതം ഉപയോഗിച്ച് ഒരു ഫിസിയോതെറാപ്പിസ്റ്റിനെ കൂടി നിയമിക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

77

**4.41 വടകര ബ്ലോക്ക് പഞ്ചായത്ത്**

**കോഴിക്കോട് ജില്ലാപ്ലാനിംഗ് ഓഫീസറുടെ 17.08.2023 ലെ കത്തും അനുബന്ധ രേഖകളും (SRG/ 1189/23 - CC/515/23).**

**വിഷയം:-** മാനസിക വെല്ലുവിളി നേരിടുന്ന തൊഴിൽ പരിശീലനാർത്ഥികൾക്ക് യാത്രാബത്ത നൽകുന്നതു സംബന്ധിച്ച്

| | | |
|---|---|---|
| *പ്രോ.നം:* 25/24 | *അടങ്കൽ* | *14,00,000 രൂപ (വികസനഫണ്ട് - ജനറൽ)* |
| *പേര്* | റീ ബോൺ ഭിന്നശേഷി സമഗ്ര വികസന പദ്ധതി | |

വടകര ബ്ലോക്ക് പഞ്ചായത്ത് 2019-20 സാമ്പത്തിക വർഷം മുതൽ റീബോൺ ഭിന്നശേഷി സമഗ്രവികസന പദ്ധതി എന്ന പേരിൽ മാനസിക വെല്ലുവിളി നേരിടുന്നവർക്ക് വേണ്ടിയുള്ള തൊഴിൽ പരിശീലനം നൽകുന്നുണ്ട്. ബ്ലോക്ക് പരിധിയിലുള്ള 18 വയസ്സിനു മുകളിലുള്ള മാനസിക വെല്ലുവിളി നേരിടുന്ന വ്യക്തികളെ ഉൾപ്പെടുത്തി ഓരോരുത്തരുടേയും കഴിവിനെ അടിസ്ഥാനപ്പെടുത്തി പരിശീലനം നൽകി തൊഴിൽ നേടാൻ സഹായിക്കുന്നതിനാണ് പ്രോജക്ടുകൊണ്ട് ഉദ്ദേശിക്കുന്നത്. ഒരു ബാച്ചിന് ഒരു വർഷത്തേക്കാണ് പരിശീലനം നൽകുന്നത്. ഇവർക്കാവശ്യമായ വാഹനസൗകര്യവും ഭക്ഷണവും നൽകുന്നുണ്ട്. എന്നാൽ വാഹനത്തിന്റെ വാടക കണ്ടെത്തുന്നതിനുള്ള തുക നിർധന കുടുംബത്തിൽപ്പെട്ടരിൽ നിന്നു വാങ്ങാൻ കഴിയുന്നില്ല. അതിനാൽ ഡേ സ്കോളർ വിദ്യാർത്ഥികൾക്ക് ഗ്രാമപഞ്ചായത്ത് നൽകുന്ന 1000 രൂപക്കു പുറമെ ആവശ്യമുള്ള അധിക തുക ഈ വർഷവും തുടർന്നുള്ള വർഷവും പ്രോജക്ടിൽ നിന്ന് (ബ്ലോക്കു പഞ്ചായത്തിൽ നിന്ന്) ചെലവഴിക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു. ബ്ലോക്ക് പഞ്ചായത്ത് കോമ്പൗണ്ടിലുള്ള കെട്ടിടത്തിലാണ് പരിശീലനം നടത്തുന്നത്.

78 **4.42 <u>താനൂർ ബ്ലോക്ക് പഞ്ചായത്ത്</u>**

**മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 08.09.2023 ലെ കത്തും അനുബന്ധരേഖകളും (SRG/1274/23)**

**വിഷയം:-** ക്ഷീരവികസന ഓഫീസിലേയ്ക്ക് UPS വാങ്ങുന്നത് സംബന്ധിച്ച്

| *പ്രോ.നം:* 57/24 | *അടങ്കൽ* | *50,000 രൂപ (മെയിന്റനസ് ഗ്രാന്റ് നോൺ റോഡ്)* |
|---|---|---|
| *പേര്* | **ക്ഷീര വികസന ഓഫീസിലേയ്ക്ക് UPS വാങ്ങൽ** | |

നോൺ റോഡ് മെയിന്റനൻസ് ഗ്രാന്റുപയോഗിച്ച് ക്ഷീരവികസന ഓഫീസിലേയ്ക്ക് UPS വാങ്ങാൻ അനുമതി നൽകണമെന്നാവശ്യപ്പെട്ടിരിക്കുന്നു.

79 **4.43 <u>പന്തലായനി ബ്ലോക്ക് പഞ്ചായത്ത്</u>**

**കോഴിക്കോട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 27.09.2023-ലെ കത്തും പന്തലായിനി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 25.09.2023-ലെ BPPLY/2101/2022- Bനമ്പർ കത്തും. പന്തലായിനി ക്ഷീരവികസന ഓഫീസറുടെ 12.09.2023-ലെ കത്തും (SRG/1335/23 CC/753/23)**

**വിഷയം:-** ക്ഷീര സംഘങ്ങൾക്ക് റിവോൾവിംഗ് ഫണ്ട് നൽകുന്നത് സംബന്ധിച്ച്

| *പ്രോ.നം:* 19/23 | *അടങ്കൽ* | *6,00,000 രൂപ (വികസനഫണ്ട് ജനറൽ)* |
|---|---|---|
| *പേര്* | ***ക്ഷീര സംഘങ്ങൾക്ക് റിവോൾവിംഗ് ഫണ്ട്*** | |

ക്ഷീര സംഘങ്ങൾക്ക് റിവോൾവിംഗ് ഫണ്ട് നൽകുന്നതിന് ഈ വർഷം പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്. സബ്സിഡി-ധനസഹായ മാർഗ്ഗരേഖ പ്രകാരം റിവോൾവിംഗ് ഫണ്ട് ലഭിക്കുന്നതിന് ധനസഹായം നൽകുന്നതിന് തൊട്ടു മുൻപുള്ള വർഷത്തെ ഓഡിറ്റ് സർട്ടിഫിക്കറ്റ് ഹാജരാക്കണം. അപേക്ഷ സമർപ്പിച്ച സംഘങ്ങളിൽ 2022-23 വർഷം ഓഡിറ്റ് നടന്നിട്ടില്ല. 2022-23-ലെ ഓഡിറ്റ് നടക്കാൻ കാലതാമസം ഉണ്ടാകും എന്നറിയിച്ചിട്ടുണ്ട്. അതിനാൽ മാനദണ്ഡ പ്രകാരം മറ്റ് യോഗ്യതയുള്ള ക്ഷീരസംഘങ്ങൾക്ക് 2021-22-ലെ ഓഡിറ്റ് സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ റിവോൾവിംഗ് ഫണ്ട് നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

80 **4.44 <u>ചേളന്നൂർ ബ്ലോക്ക് പഞ്ചായത്ത്</u>**

**കോഴിക്കോട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 25.09.2023 ലെ കത്തും ചേളന്നൂർ ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 15.07.2023 -ലെ 24 (2)/23-24-ാം നമ്പർ തീരുമാനവും (SRG/1326/23 - CC/725/23)**

**വിഷയം:-** തീറ്റപ്പുൽ കൃഷിക്ക് ഉയർന്ന സബ്സിഡി നൽകണമെന്നതു സംബന്ധിച്ച്

| *പ്രോ.നം:* 13/24 | *അടങ്കൽ* | *2,00,000 രൂപ (വികസനഫണ്ട് ജനറൽ -1,00,000 രൂപ ഗുണഭോക്തൃ വിഹിതം - 1,00,000 രൂപ)* |
|---|---|---|
| *പേര്* | ***ക്ഷീര സംഘങ്ങൾ മുഖേന തീറ്റപ്പുൽ കൃഷി*** | |

സബ്സിഡി ധനസഹായ മാർഗ്ഗരേഖ പ്രകാരം തീറ്റപ്പുൽകൃഷിക്ക് ഒരു ഹെക്ടറിന് 18,000 രൂപ നിരക്കിൽ പരമാവധി 36,000 രൂപയാണ് നൽകാവുന്നത്. ഇത് 50,000 രൂപ നിരക്കിൽ നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

81

### 4.45 തിരുവനന്തപുരം എഗ്ഗർ നഴ്സറി

**തിരുവനന്തപുരം എഗ്ഗർ നഴ്സറി സംരംഭകരുടെ 02.08.2023-ലെ കത്ത് (SRG/1424/23)**

**വിഷയം:-** മുടക്കം കൂടാതെ കോഴികുഞ്ഞുങ്ങളെ വിതരണം ചെയ്യുന്നത് സംബന്ധിച്ച്

(I) മൃഗസംരക്ഷണ വകുപ്പിന്റെ കുടപ്പനക്കുന്ന് റീജിയണൽ പൗൾട്ടി ഫാമിൽ നിന്ന് പരിശീലനം ലഭിച്ചവർ നടത്തുന്ന എഗ്ഗർ നേഴ്സറികളിൽ നിന്ന് തദ്ദേശഭരണസ്ഥാപനങ്ങൾ കോഴികുഞ്ഞുങ്ങളെ വാങ്ങുന്നുണ്ട്. മൃഗസംരകഷണ വകുപ്പിന്റെ ഹാച്ചറികളിൽ നിന്നും ഒരു ദിവസം പ്രായമായ കോഴികുഞ്ഞുങ്ങളെ എഗ്ഗർ നേഴ്സറി ഉടമകൾ വാങ്ങണം. കോഴികുഞ്ഞുങ്ങളുടെ വിതരണം വർഷം മുഴുവൻ നടക്കുന്നില്ല. ഓരോ വർഷവും സെപ്റ്റംബറിൽ ആരംഭിച്ച് മാർച്ച് മാസത്തോടെ വിതരണം അവസാനിക്കും. മാർച്ച് മാസത്തിനുശേഷവും ഹാച്ചറികളിൽ നിന്ന് കോഴികുഞ്ഞുങ്ങളെ എടുക്കണം. അല്ലായെങ്കിൽ നേഴ്സറികളുടെ ലൈസൻസ് റദ്ദാകും. ഇങ്ങനെയെടുക്കുന്ന കോഴികുഞ്ഞുങ്ങളെ വളർത്തുന്നതിന് വലിയ സാമ്പത്തിക ബാദ്ധ്യത വരും. അതിനാൽ വർഷം മുഴുവൻ കോഴികുഞ്ഞുങ്ങളെ ഗ്രാമപഞ്ചായത്തു മുഖേന വിതരണം ചെയ്യുന്നതിന് സൗകര്യമൊരുക്കണമെന്നാവശ്യപ്പെട്ടിരിക്കുന്നു.

(II) മാർഗ്ഗരേഖ പ്രകാരം 45 ദിവസം മുതൽ 60 വയസ്സുവരെ പ്രായമുള്ള കോഴികുഞ്ഞുങ്ങൾക്ക് 120 രൂപയാണ്. എന്നാൽ മൃഗസംരക്ഷണ വകുപ്പിന്റെ പുതുക്കിയ നിരക്ക് 130 രൂപയാണ്. അതിനാൽ തദ്ദേശഭരണ സ്ഥാപനങ്ങൾ വാങ്ങുന്ന കോഴികുഞ്ഞുങ്ങളുടെ വില 130 രൂപയായി വർദ്ധിപ്പിക്കണമെന്നാവശ്യപ്പെട്ടിരിക്കുന്നു.

82

### 4.46 കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്ത്

**വയനാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 11.10.2023 ലെ കത്ത് (SRG/1464/23 – CC/644/2023)**

**വിഷയം:-** മൊബൈൽ വെറ്ററിനറി ക്ലിനിക് തുടങ്ങുന്നതു സംബന്ധിച്ച്

| *പ്രോ.നം: 24/24* | ***അടങ്കൽ*** | ***22,00,000 രൂപ*** |
|---|---|---|
| | *വികസനഫണ്ട് ജനറൽ* | *20,00,000 രൂപ* |
| | *സംഭാവന* | *2,00,000 രൂപ* |
| ***പേര്*** | **മൊബൈൽ വെറ്ററിനറി ക്ലിനിക്** | |

കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്തു പ്രദേശത്ത് 9 ഗ്രാമപഞ്ചായത്തുകൾ ഉണ്ട്. എല്ലാ ഗ്രാമപഞ്ചായത്തുകളിലും മൃഗാശുപത്രി ഉണ്ടെങ്കിലും വിശാലമായ ഭൂപ്രദേശമായതിനാൽ മൃഗാശുപത്രിയിലെത്താൻ ഗുണഭോക്താക്കൾക്ക് വളരെയധികം സഞ്ചരിക്കണം. അതിനാൽ മൃഗങ്ങളേയും മറ്റും വീട്ടിൽ ചെന്ന് ചികിത്സിക്കുന്നതിന് മൊബൈൽ വെറ്ററിനറി ക്ലിനിക് തുടങ്ങാൻ ഉദ്ദേശിക്കുന്നു. പ്രോജക്ട് ചെലവ് താഴെ പറയും പ്രകാരമാണ്. 2019 ലെ കന്നുകാലി സെൻസസ് പ്രകാരമുള്ള വളർത്തു മൃഗങ്ങളുടേയും വളർത്തു പക്ഷികളുടേയും എണ്ണം നൽകിയിട്ടുണ്ട്. ഈ പ്രോജക്ടിന് അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

| | |
|---|---|
| മരുന്ന് | 10,00,000 രൂപ |
| ഡോക്ടറുടെ വേതനം | 5,16,300 രൂപ |
| വാഹന വാടക | 4,56,000 രൂപ |
| സ്റ്റേഷനറി | 27,700 രൂപ |
| ആകെ | 20,00,000 രൂപ |

വാടകയ്ക്ക് എടുക്കുന്ന വാഹനത്തിന്റെ ഡ്രൈവർ അറ്റന്ററായി പ്രവർത്തിക്കും അതിന് പ്രത്യേക വേതനം ഇല്ല.

83

## 4.47 അന്തിക്കാട് ബ്ലോക്ക് പഞ്ചായത്ത്

**തൃശ്ശൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 03.10.2023-ലെ കത്തും അന്തിക്കാട് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 18.09.2023-ലെ C-503/23-ാം നമ്പർ കത്തും (SRG/1360/23 - CC/721/23)**

**വിഷയം:-** കറവപശുക്കൾക്കുള്ള കാലിത്തീറ്റ സബ്സിഡി നിരക്ക് വർദ്ധിപ്പിക്കണമെന്നതു സംബന്ധിച്ച്

.

| | | |
|---|---|---|
| *പ്രോ.നം:* 6/24 | *അടങ്കൽ* | *10,00,000 രൂപ (CFC Basic Grant - 5,00,000 രൂപ ഗുണഭോക്തൃ വിഹിതം - 5,00,000രൂപ)* |
| *പേര്* | *കറവ പശുക്കൾക്ക് കാലിത്തീറ്റ സബ്സിഡി* | |

സബ്സിഡി - ധനസഹായ മാർഗ്ഗരേഖ പ്രകാരം കറവപശുക്കൾക്കുള്ള കാലിത്തീറ്റ സബ്സിഡി പൊതുവിഭാഗത്തിന് 50 ശതമാനമാണ് (പരമാവധി 10,000 രൂപ). ഇത് വരുമാന പരിധിയില്ലാതെ 20,000 രൂപയായി ഉയർത്തണമെന്നാവശ്യപ്പെട്ടിരിക്കുന്നു.

84

## 4.48 തച്ചമ്പാറ ഗ്രാമപഞ്ചായത്ത്

**പാലക്കാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 13.09.2023 -ലെ കത്ത് (SRG/ 1281/23)**

**വിഷയം:-** പശു വാങ്ങുന്നതിന് ധനസഹായം നല്കാനുള്ള പ്രോജക്റ്റ് വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച്

| | | |
|---|---|---|
| *പ്രോ.നം: 32/23* | *അടങ്കൽ* | *16,00,000 രൂപ* |
| | | *(വികസനഫണ്ട് ജനറൽ - 8,00,000 രൂപ* |
| | | *ഗുണഭോക്തൃ വിഹിതം 8,00,000 രൂപ)* |
| *പേര്* | *പശു വളർത്തൽ - വനിത* | |

പശുവളർത്തലിനു ധനസഹായം നൽകാനുള്ള മുകളിൽ പറഞ്ഞ പ്രോജക്റ്റ് വനിതാഘടക പദ്ധതിയിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ഇതിന്റെ ഗുണഭോക്തൃ ലിസ്റ്റ് ഗ്രാമസഭ അംഗീകരിച്ചു. അതിനാൽ ഈ ലിസ്റ്റ് പ്രകാരം തന്നെ വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

85

## 4.49 പറക്കോട് ബ്ലോക്ക് പഞ്ചായത്ത്

**പത്തനംതിട്ട ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 19.09.2023-ലെ കത്തും പ്രോജക്റ്റ് റിപ്പോർട്ടും അനുബന്ധരേഖകളും (SRG/1300/23 - CC/704/23).**

**വിഷയം:-** ഒരു കുടുംബത്തിന് കറവപശു, ആട്, മുട്ടക്കോഴി എന്നിവ ഒരുമിച്ചു നൽകുന്ന പ്രോജക്ടിന് അനുമതി സംബന്ധിച്ച്.

| | | |
|---|---|---|
| *പ്രോ.നം: 85/23* | *അടങ്കൽ* | *34,00,000 രൂപ* |
| | | *വികസനഫണ്ട് - 17,00,000 രൂപ* |
| | | *ബാങ്ക് വായ്പ - 16,70,000 രൂപ* |
| | | *ഗുണഭോക്തൃവിഹിതം - 30,000 രൂപ* |
| *പേര്* | *ഗൃഹസമൃദ്ധി - വീട്ടമ്മമാർക്ക് ഒരു കൈത്താങ്ങ്* | |

ഒരു പ്രോജക്റ്റിലൂടെ പാലും മുട്ടയും ഉല്പാദിപ്പിക്കാനും കുടുംബം പുലർത്താൻ വരുമാനം ഉണ്ടാക്കാനുമാണ് ലക്ഷ്യം. ഒരു ഗുണഭോക്താവിനു തന്നെ കറവപശു, പെണ്ണാട്, മുട്ടക്കോഴി എന്നിവ നൽകുന്നു. യൂണിറ്റ് ചെലവ് താഴെപ്പറയും പ്രകാരമാണ്.

| ഇനം | ആകെ ചെലവ് (രൂപ) | സബ്സിഡി (രൂപ) |
|---|---|---|
| കറവപശു എണ്ണം(1) | 60,000 | 30,000 |
| പെണ്ണാട് (1 എണ്ണം) | 9,000 | 4,500 |
| മുട്ടക്കോഴി(10 എണ്ണം) | 11,000 | 500 |
| **ആകെ** | **70,100** | **35,000** |

ഈ പ്രോജക്ട് ബ്ലോക്ക് പഞ്ചായത്ത് നേരിട്ട് നടപ്പാക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

86

**4.50 <u>പറക്കോട് ബ്ലോക്ക് പഞ്ചായത്ത്</u>**

**പത്തനംതിട്ട ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 19.09.2023-ലെ കത്തും പ്രോജക്ട് റിപ്പോർട്ടും അനുബന്ധരേഖകളും (SRG/1301/23 - CC/705/23).**

**വിഷയം:-** ഒരു കുടുംബത്തിന് കറവപശു, ആട്, മുട്ടക്കോഴി എന്നിവ ഒരുമിച്ച നൽകുന്ന പ്രോജക്ടിന് അനുമതി സംബന്ധിച്ച്.

| | | |
|---|---|---|
| ***പ്രോ.നം: 129/24*** | ***അടങ്കൽ*** | ***10,55,000 രൂപ*** |
| | | *SCP- **7,80,000** രൂപ* |
| | | *ബാങ്ക് വായ്പ - **2,70,000** രൂപ* |
| | | *ഗുണഭോക്തൃവിഹിതം - **5,000** രൂപ* |
| ***പേര്*** | ***ഗൃഹസമൃദ്ധി – വീട്ടമ്മമാർക്ക് ഒരു കൈത്താങ്ങ് - SCP*** | |

ഒരു പ്രോജക്ടിലൂടെ തന്നെ പാലും മുട്ടയും ഉല്പാദിപ്പിക്കാനും കുടുംബം പുലർത്താൻ വരുമാനം ഉണ്ടാക്കാനുമാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. കറവപശു, പെണ്ണാട്, മുട്ടക്കോഴി എന്നിവ ഒരു കുടുംബത്തിനു തന്നെ നൽകുന്നു. യൂണിറ്റ് ചെലവ് താഴെപറയും പ്രകാരമാണ്.

| ഇനം | ആകെ ചെലവ് (രൂപ) | സബ്സിഡി (രൂപ) |
|---|---|---|
| കറവപശു എണ്ണം(1) | 60,000 | 45,000 |
| പെണ്ണാട് (1 എണ്ണം) | 9,000 | 6,500 |
| മുട്ടക്കോഴി(10 എണ്ണം) | 11,000 | 500 |
| **ആകെ** | **70,100** | **52,000** |

ബ്ലോക്ക് പഞ്ചായത്ത് മുഖേന ഈ പ്രോജക്ട് നടപ്പാക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

87

**4.51 <u>പാറക്കടവ് ബ്ലോക്ക് പഞ്ചായത്ത്</u>**

**എറണാകുളം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 21.09.2023 ലെ കത്തുകളും (2 എണ്ണം) അനുബന്ധരേഖകളും (SRG/1310/23 - CC/549/2023)**

**വിഷയം:-** ഉയർന്ന ഉല്പാദനക്ഷമതയുള്ള പശുക്കളെ നാട്ടിൽ തന്നെ വളർത്തുന്നതിനുള്ള പ്രോജക്ട് നടപ്പാക്കുന്നതു സംബന്ധിച്ച്

| | | |
|---|---|---|
| ***പ്രോ.നം:*** 144/23 | ***അടങ്കൽ*** | ***20,00,186 രൂപ*** |
| | *വികസനഫണ്ട് ജനറൽ* | *5,00,000 രൂപ* |
| | *തനത് ഫണ്ട്* | *5,00,093 രൂപ* |
| | *ബാങ്ക് വായ്പ* | *9,79,000 രൂപ* |
| | *ഗുണഭോക്തൃ വിഹിതം* | *21,093 രൂപ* |
| ***പേര്*** | **ഗോ വർദ്ധിനി** | |

സങ്കരയിനത്തിൽപ്പെട്ടതും ഉല്പാദനശേഷി ഉള്ളതുമായ കറവപ്പശുക്കളെ കർഷകരിലേക്കെത്തിക്കുന്നതിനാണ് പ്രോജക്ട്. ഇതിനായി അന്യസംസ്ഥാനങ്ങളിൽ നിന്ന് 12 മുതൽ 18 മാസം

പ്രായമുള്ള മുന്തിയ ഇനം കിടാരികളെ വാങ്ങി വിതരണം ചെയ്യുന്നു. കിടാരികളുടെ വിലയുടെ 50 ശതമാനം സബ്സിഡി നൽകുന്നു. വില ജില്ലാതലത്തിൽ നിശ്ചയിക്കും. കിടാരികൾക്കൊപ്പം 50 ശതമാനം സബ്സിഡിയോടെ 9 കിലോ മിനറൽ മിക്സ്ചറും വിരമരുന്നും നൽകും. നൂതന ആശയം ഇല്ല എന്നതിനാൽ നൂതന പ്രോജക്ടുകൾക്കു വേണ്ടിയുള്ള DLEC അനുമതി നിരസിച്ചു. ചെലവ് വിവരം താഴെ പറയും പ്രകാരമാണ്.

| ഇനം | ധനസഹായം (ഒരാൾക്ക്) | ഗുണഭോക്തൃ വിഹിതം (ഒരാൾക്ക്) | ആകെ (ഒരാൾക്ക്) | അടങ്കൽ |
|---|---|---|---|---|
| കിടാരിയുടെ വില (89 എണ്ണം) | 11,000 | 11,000 | 22,000 | 19,58000 |
| മിനറൽ മിക്ചർ (89x9) | 810 | 810 | 1,620 | 1,44,180 |
| വിരമരുന്ന് (89) | 18 | 17 | 35 | 3,115 |
| ആകെ | 11,828 | 11,827 | 23,655 | 21,05,295 |

ഈ പ്രോജക്ട് നടപ്പാക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

88

### 4.52 വേളം ഗ്രാമപഞ്ചായത്ത്

**കോഴിക്കോട് ജില്ലാപ്ലാനിംഗ് ഓഫീസറുടെ 19.08.2023 ലെ കത്തും വേളം ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 19.06.2023 ലെ 1(2)-ാം നമ്പർ തീരുമാനവും (SRG/1205/23 - CC/418/23).**

**വിഷയം:-** KWA ഗ്രാമപഞ്ചായത്തിനു തിരികെ നൽകിയ തുക വിവിധ കുടിവെള്ള പദ്ധതിയുടെ അറ്റകുറ്റപ്പണിക്ക് ഉപയോഗിക്കുന്നതു സംബന്ധിച്ച്

വേളം ഗ്രാമപഞ്ചായത്ത് 2020-21 വർഷം വിവിധ കുടിവെള്ള പദ്ധതികൾക്കായി സി.എഫ്.സി ടൈഡ് ഗ്രാന്റ് ഇനത്തിൽ 23.00 ലക്ഷം രൂപ ഡെപ്പോസിറ്റ് ചെയ്തിരുന്നു. എന്നാൽ ജലജീവൻ മിഷൻ വന്നതിനാൽ ഇപ്രകാരം ഡിപ്പോസിറ്റ് ചെയ്ത 23.00 ലക്ഷം രൂപ ഗ്രാമപഞ്ചായത്തിന് KWA തിരികെ നൽകി. ഈ തുക ഗ്രാമപഞ്ചായത്തിന്റെ നിലവിലുള്ള വിവിധ കുടിവെള്ള പദ്ധതികളുടെ അറ്റകുറ്റപ്പണിക്കായി ഉപയോഗിക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

89

### 4.53 കൽപ്പകഞ്ചേരി ഗ്രാമപഞ്ചായത്ത്

**മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 15.09.2023 ലെ കത്തും കൽപകഞ്ചേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 07.09.2023 ലെ കത്തും കൽപകഞ്ചേരി ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 11.08.2023 ലെ 7(1)-ാം നമ്പർ തീരുമാനവും അനുബന്ധരേഖകളും (SRG/1289/23 - CC/687/2023).**

**വിഷയം:-** വളവന്നൂർ ബാഫഖി യത്തിംഖാന സ്ഥാപനങ്ങൾക്ക് സൗജന്യ കുടിവെള്ള കണക്ഷൻ നൽകുന്നതു സംബന്ധിച്ച്.

| | | |
|---|---|---|
| ***പ്രോ.നം:*** *270/24* | ***അടങ്കൽ*** | ***5,00,000 രൂപ*** *(തനത് ഫണ്ട്)* |
| ***പേര്*** | വളവന്നൂർ ബാഫഖി യത്തിംഖാന സ്ഥാപനങ്ങൾക്ക് കുടിവെള്ള കണക്ഷൻ നൽകൽ | |

കൽപകഞ്ചേരി ഗ്രാമപഞ്ചായത്തിൽ വളവന്നൂർ കുടിവെള്ള പദ്ധതിക്ക് ടാങ്ക് നിർമ്മിക്കുന്നതിനായി 2013 ൽ MLASDF - ൽ ഫണ്ട് അനുവദിച്ചിരുന്നു. ടാങ്ക് നിർമ്മിക്കുന്നതിനായി ഗ്രാമപഞ്ചായത്ത് ആവശ്യപ്പെട്ട പ്രകാരം ബാഫഖി യത്തിംഖാനക്കും അനുബന്ധ സ്ഥാപനങ്ങൾക്കും കുടിവെള്ള കണക്ഷനും കുടിവെള്ളവും സൗജന്യമായി നൽകണമെന്ന നിബന്ധനയോടെ വളവന്നൂർ ബാഫഖി യത്തിംഖാന 15 സെന്റ് സ്ഥലം KWAക്ക് വിട്ടു നൽകി. ഇപ്രകാരം വളവന്നൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതി 09.02.2012 ൽ തീരുമാനമെടുത്തു. ഇതനുസരിച്ച് വളവന്നൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റും വളവന്നൂർ ബാഫഖി യത്തിംഖാന ഓർഫനേജ് കമ്മിറ്റി പ്രസിഡന്റുമായി മുദ്രപത്രത്തിൽ കരാറുണ്ടാക്കി.

ഇതനുസരിച്ച് ഗ്രാമപഞ്ചായത്തോ അനുബന്ധ ഡിപ്പാർട്ട്മെന്റോ വാട്ടർ അതോറിറ്റിയോ യത്തിംഖാനയ്ക്കും അനുബന്ധ സ്ഥാപനങ്ങൾക്കും സൗജന്യമായി കുടിവെള്ളം നൽകാതിരുന്നാൽ കരാർ റദ്ദാക്കി നിർമ്മാണ പ്രവൃത്തികൾ നീക്കം ചെയ്യേണ്ടതാണ്. ഇതിന്റെ അടിസ്ഥാനത്തിൽ വളവന്നൂർ യത്തിംഖാനയ്ക്കും അനുബന്ധ സ്ഥാപനങ്ങൾക്കും സൗജന്യ കുടിവെള്ള കണക്ഷൻ നൽകാനുള്ള പ്രോജക്ടിന് അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

90

4.54 <u>വളവന്നൂർ ഗ്രാമപഞ്ചായത്ത്</u>

**മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 05.12.2023-ലെ കത്തും വളവന്നൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 12.10.2023-ലെ 2(1)-ാം നമ്പർ തീരുമാനവും വളവന്നൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 08.12.2023-ലെ sc1 - 5188/23-ാം നമ്പർ കത്തും അനുബന്ധരേഖകളും (SRG/1628/23 - CC/881/23))**

**വിഷയം:-** വളവന്നൂർ ബാഫക്കി യത്തീംഖാന സ്ഥാപനങ്ങൾക്ക് സൗജന്യ കുടിവെള്ളകണക്ഷൻ നൽകുന്നത് സംബന്ധിച്ച്

| | | |
|---|---|---|
| ***പ്രോ.നം:*** 18/24 | ***അടങ്കൽ*** | *4,90,000 രൂപ (CFC Tied Grant)* |
| ***പേര്*** | ***ബാഫക്കി യത്തീംഖാന കുടിവെള്ള കണക്ഷൻ - തുക ഡിപ്പോസിറ്റ് ചെയ്യൽ*** | |

വളവന്നൂർ - കൽപകഞ്ചേരി കുടിവെള്ള പദ്ധതിക്കായി വാട്ടർ ടാങ്ക് സ്ഥാപിക്കുന്നതിലേയ്ക്ക് ബാഫക്കി യത്തീംഖാനയുടെ ഉടമസ്ഥതയിലുള്ള 15 സെന്റ് സ്ഥലം സൗജന്യമായി വിട്ടു നൽകി ടാങ്ക് സ്ഥാപിച്ചിട്ടുണ്ട്. ഇവിടെ നിന്ന് കൽപകഞ്ചേരി, വളവന്നൂർ ഗ്രാമപഞ്ചായത്തുകളിലേയ്ക്ക് കുടിവെള്ള വിതരണം നടത്തുന്നുണ്ട്. ബാഫക്കി യത്തീംഖാനയ്ക്കും അനുബന്ധ സ്ഥാപനങ്ങൾക്കും കുടിവെള്ള കണക്ഷനും കുടിവെള്ളവും സൗജന്യമായി നൽകണമെന്ന നിബന്ധനയോടെയാണ് സ്ഥലം കേരള വാട്ടർ അതോറിറ്റിക്ക് വിട്ടു നൽകിയത്.

ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 09.02.2012-ലെ 8(12)-ാം നമ്പർ തീരുമാനപ്രകാരം ഈ കുടിവെള്ള പദ്ധതിയിൽ നിന്ന് ബാഫക്കി യത്തീംഖാനയ്ക്കും അനുബന്ധ സ്ഥാപനങ്ങൾക്കും സൗജന്യമായി കുടിവെള്ളം ലഭ്യമാക്കാൻ നിശ്ചയിക്കുകയും ഇതനനുസരിച്ച് വളവന്നൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റും ബാഫക്കി യത്തീം ഖാന ഓർഫനേജ് കമ്മിറ്റി പ്രസിഡന്റുമായി കരാറിലേർപ്പെട്ടിട്ടുമുണ്ട്. ഇതനുസരിച്ച് യത്തീംഖാനയക്കും അനുബന്ധ സ്ഥാപനങ്ങൾക്കും സൗജന്യമായി കുടിവെള്ളം ലഭ്യമാക്കിയില്ലെങ്കിൽ കരാർ റദ്ദാക്കി നിർമ്മാണ പ്രവൃത്തികൾ നീക്കം ചെയ്യേണ്ടതാണ്. ഇതിന്റെ അടിസ്ഥാനത്തിൽ വളവന്നൂർ യത്തീംഖാനയ്ക്കും അനുബന്ധ സ്ഥാപനങ്ങൾക്കും സൗജന്യ കുടിവെള്ള കണക്ഷൻ നൽകാനുള്ള പ്രോജക്ടിന് അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

91

4.55 <u>തവന്നൂർ ഗ്രാമപഞ്ചായത്ത്</u>

**ബഹു.തവന്നൂർ എം.എൽ.എയുടെ 07.08.2023 ലെ കത്തും മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 15.09.2023-ലെ കത്തും അനുബന്ധരേഖകളും (SRG/1264/23 - CC/676/23).**

**വിഷയം:-** കിണർ റീ ചാർജ്ജിംഗിന്റെ ഭാഗമായി പി.വി.സി വാട്ടർ ടാങ്ക് വാങ്ങി നൽകുന്നതു സംബന്ധിച്ച്

| | | |
|---|---|---|
| ***പ്രോ.നം:*** 191/24 | ***അടങ്കൽ*** | ***1,20,000 രൂപ*** *( തനത് ഫണ്ട്)* |
| ***പേര്*** | **കിണർ റീചാർജ്ജിംഗ് - പി.വി.സി വാട്ടർ ടാങ്ക് വാങ്ങി നൽകൽ** | |

മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി പ്രകാരം തവന്നൂർ ഗ്രാമപഞ്ചായത്തിൽ 60 വീടുകളിൽ കിണർ റീ ചാർജ്ജിംഗ് സൗകര്യമൊരുക്കുന്നുണ്ട്. ഇതിനു വേണ്ടി തയ്യാറാക്കിയ

എസ്റ്റിമേറ്റിൽ പുരപ്പുറത്തു നിന്നും പൈപ്പ് വഴി വരുന്ന മഴവെള്ളം ശേഖരിച്ച് ഫിൽറ്റർ ചെയ്യുന്നതിന് 300 ലിറ്റർ പി.വി.സി വാട്ടർ ടാങ്ക് ഉൾപ്പെടുത്തിയിരുന്നുവെങ്കിലും ജില്ലാതല ടെക്നിക്കൽ കമ്മിറ്റി അംഗീകരിച്ചില്ല. അതിനാൽ ടാങ്കിനു വേണ്ടി MGNREGS വിഹിതത്തിനു പകരം ഗ്രാമപഞ്ചായത്തിൽ നിന്ന് വിഹിതം നൽകാൻ ഉദ്ദേശിക്കുന്നു. പിറ്റ് നിർമ്മിച്ച് കോൺക്രീറ്റ് സ്ലാബിനേക്കാൾ പ്രയോജനപ്രദം പി.വി.സി ടാങ്ക് ആണെന്നറിയിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ നിന്നും പി.വി.സി ടാങ്ക് വാങ്ങി നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു. ഗ്രാമസഭ മുഖേന തെരഞ്ഞെടുത്ത 62 പേരാണ് ഇതിന്റെ ഗുണഭോക്താക്കൾ.

92

4.56 <u>കോട്ടായി ഗ്രാമപഞ്ചായത്ത്</u>

**പാലക്കാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 13.09.2023-ലെ കത്തും കോട്ടായി ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 10.08.2023-ലെ 1(3)-ാം നമ്പർ തീരുമാനവും (SRG/ 1275/23-CC/671/23)**

**വിഷയം:-** ധനകാര്യ കമ്മീഷൻ ടൈഡ് ഗ്രാന്റ് ഉപയോഗിച്ച് കുടിവെള്ള പദ്ധതിയുടെ അറ്റകുറ്റപ്പണി നടത്തുന്നതു സംബന്ധിച്ച്.

| | | |
|---|---|---|
| *പ്രോ.നം: 91/24* | *അടങ്കൽ* | *3,60,000 രൂപ (CFC Tied Grant )* |
| *പേര്* | *മഠത്തിൽപ്പടി കുടിവെള്ളപദ്ധതി പുനരുദ്ധാരണം - വാർഡ് 3* | |
| *പ്രോ.നം: 95/24* | *അടങ്കൽ* | *3,84,000 രൂപ (CFC Tied Grant)* |
| *പേര്* | *മുട്ടികടവ് പൈപ്പ് ലൈൻ റിപ്പയർ* | |

കോട്ടായി ഗ്രാമപഞ്ചായത്തിന്റെ സ്വന്തമായ കുടിവെള്ള പദ്ധതികളാണ് മുകളിൽ പറഞ്ഞവ ഈ കുടിവെള്ള പദ്ധതിയുടെ മെയിന്റനൻസ് നടത്തുന്നതിന് CFC Tied Grant ഉപയോഗിക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

93

4.57 <u>വിളയൂർ ഗ്രാമപഞ്ചായത്ത്</u>

**പാലക്കാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 21.09.2023 ലെ കത്തും വിളയൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 14.08.2023 ലെ 20(1)-ാം നമ്പർ തീരുമാനവും (SRG/1311/23 - CC/718/2023).**

**വിഷയം:-** കുടിവെള്ള പദ്ധതിയുടെ വൈദ്യുതി കുടിശ്ശിക അടയ്ക്കുന്നത് സംബന്ധിച്ച്

വിളയൂർ ഗ്രാമപഞ്ചായത്തിൽ മുൻവർഷങ്ങളിൽ ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾ വിവിധ കുടിവെള്ള പദ്ധതികൾ നിർമ്മിച്ച് ഗുണഭോക്തൃ സമിതിക്ക് കൈമാറിയിട്ടുണ്ട്. ജല-ജീവൻ പദ്ധതി വരുന്നതുവരെ ഈ പദ്ധതികളുടെ വൈദ്യുതി ചാർജ്ജ് ഗുണഭോക്തൃസമിതി തന്നെ നൽകി. ജലജീവൻ പദ്ധതിയിലൂടെ കുടിവെള്ളം ലഭിക്കുന്നുണ്ട് എന്നതിനാൽ ഇപ്പോൾ ഗുണഭോക്തൃസമിതി വൈദ്യുതി ചാർജ് അടയ്ക്കുന്നില്ല. ഗുണഭോക്താക്കൾ മാസംതോറും നൽകേണ്ട തുക നൽകുന്നില്ല. ആകെ 30 കുടിവെള്ള പദ്ധതിയുടെ കുടിശികയാണ് നൽകാനുള്ളത്. അതിൽ 14 എണ്ണത്തിന്റെ വൈദ്യുതി കണക്ഷൻ KSEB വിച്ഛേദിച്ചു. കുടിശ്ശിക ഈടാക്കാൻ KSEB റവന്യൂ റിക്കവറി നടപടികൾ ആരംഭിച്ചിട്ടുണ്ട്. ആകെ കുടിശ്ശിക തുക 84,923 രൂപ. ഈ തുക നൽകാൻ തനത് ഫണ്ട് ഇനത്തിൽ 1,00,000 രൂപ ചെലവഴിക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

94

4.58 <u>ഏലപ്പാറ ഗ്രാമപഞ്ചായത്ത്</u>

**ഇടുക്കി ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 01.08.2023 ലെ കത്തും (SRG/ 1070/23 - CC/490/23).**

**വിഷയം:-** പൊതുടാപ്പുകളുടെ കുടിവെള്ള ചാർജ്ജിന്റെ കുടിശ്ശിക അടയ്ക്കുന്നതു സംബന്ധിച്ച്.

| *പ്രോ.നം: 108/23* | *അടങ്കൽ* | *17,00,000 രൂപ (സി.എഫ്.സി. റ്റൈഡ് ഗ്രാന്റ്)* |
|---|---|---|
| *പേര്* | **പൊതുടാപ്പുകളുടെ വെള്ളക്കര കുടിശ്ശിക നൽകൽ** | |

ഏലപ്പാറ ഗ്രാമപഞ്ചായത്തിലെ പൊതുടാപ്പുകളുടെ കുടിവെള്ള ചാർജ്ജിന്റെ കുടിശ്ശികയായി 26,66,299 രൂപയുണ്ട്. ഒറ്റത്തവണ സെറ്റിൽമെന്റ് പ്രകാരം ഇത് 19.00 ലക്ഷം രൂപയായി KWA കുറവു ചെയ്തു നൽകിയിട്ടുണ്ട്. ഈ തുക 31.07.2023 ന് മുമ്പ് അടയ്ക്കണമായിരുന്നു. കുടിവെള്ള ചാർജ്ജിന്റെ കുടിശ്ശിക അടയ്ക്കുന്നതിന് ധനകാര്യകമ്മീഷൻ ടൈഡ് ഗ്രാന്റ് ഉപയോഗിക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

95

**4.59 ഈരാറ്റുപേട്ട ബ്ലോക്ക് പഞ്ചായത്ത്**

**ശ്രീ.വിനോദ്.റ്റി.എൻ, ഉണ്ടത്തിൽ വീട്, പൂഞ്ഞാർ തെക്കേക്കര എന്ന വ്യക്തിയുടെ 26.07.2023 – ലെ കത്തും ഈരാറ്റുപേട്ട ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 01.12.2023–ലെ B–1761/2023–ാം നമ്പർ കത്തും അനുബന്ധരേഖകളും (SRG/1255/23)**

**വിഷയം:–** കൈപ്പള്ളി ഗവ.എൽ.പി.എസ് കോമ്പൗണ്ടിൽ നിർമ്മിച്ച മഴവെള്ള സംഭരണിയുടെ തുക നൽകുന്നത് സംബന്ധിച്ച്

പൂഞ്ഞാർ തെക്കേക്കര ഗ്രാമപഞ്ചായത്തിൽ കൈപ്പള്ളി ഗവ. എൽ.പി. സ്കൂളിൽ 2016–17–ൽ Pradan Manthri Krishi Sinchayee Yojana (PMKSY)/Integrated Watershed Management Programme (IWMP) യിൽ ഉൾപ്പെടുത്തി മഴവെള്ള സംഭരണി നിർമ്മിക്കാൻ ശ്രീ.വിനോദ്. റ്റി.എൻ എന്ന വ്യക്തിയെ ഏൽപ്പിച്ചിരുന്നു. 50,000 ലിറ്റർ സംഭരണശേഷിയുള്ള ഇതിന്റെ നിർമ്മാണം 2016–17–ൽ പൂർത്തിയായില്ല. 2017–18–ൽ പൂർത്തിയാക്കി ബിൽ ബ്ലോക്ക് പഞ്ചായത്തിൽ നൽകിയെങ്കിലും IWMP നിർത്തലാക്കിയതിനാൽ ബിൽ തുകയായ 5.00 ലക്ഷം രൂപ ലഭിച്ചില്ല. ഈ തുക ബ്ലോക്ക് പഞ്ചായത്തിന്റെ പദ്ധതി വിഹിതത്തിൽ നിന്നു നൽകാൻ നിർദ്ദേശം നൽകണമെന്ന് ശ്രീ.വിനോദ്.റ്റി.എൻ ആവശ്യപ്പെട്ടിരിക്കുന്നു.

ഈ വിഷയം സംബന്ധിച്ച് ഈരാറ്റുപേട്ട ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് നൽകിയിട്ടുണ്ട്. മഴവെള്ള സംഭരണിയിൽ മഴവെള്ളം സംഭരിച്ചപ്പോൾ വിള്ളൽ രൂപപ്പെട്ട് ചോർച്ചയുണ്ടായി. ഇതു പരിഹരിക്കണമെന്ന് വാട്ടർഷെഡ് കമ്മിറ്റിയോട് ആവശ്യപ്പെട്ട പ്രകാരം പരിഹരിച്ചു എന്ന് കമ്മിറ്റി അറിയിച്ചുവെങ്കിലും ന്യൂനത പരിഹരിച്ചിട്ടില്ല എന്ന് ബന്ധപ്പെട്ട എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. സമീപവാസികൾ പരാതിപ്പെട്ടതിനാൽ മെഷർമെന്റ് എടുത്ത് ബിൽ തുക നൽകിയിട്ടില്ല. ഇപ്പോൾ ഈ ടാങ്കിൽ മഴവെള്ളം സംഭരിച്ച് സ്കൂളിലെ ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നു.

96

**4.60 കോഡൂർ ഗ്രാമപഞ്ചായത്ത്**

**ബഹു. മലപ്പുറം എം.എൽ.എ.യുടെ 31.10.2023–ലെ കത്തും കോഡൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 15.09.2023–ലെ 12(1)–ാം നമ്പർ തീരുമാനവും (SRG/1542/23)**

**വിഷയം:–** കോഡൂർ ഗ്രാമപഞ്ചായത്തിലെ നുറാടി പമ്പ് ഹൗസിന് പുതിയ ട്രാൻസ് ഫോമർ സ്ഥാപിക്കുന്നതു സംബന്ധിച്ച്

97

കോഡൂർ ഗ്രാമപഞ്ചായത്തിലെ കേരള വാട്ടർ അതോറിറ്റിയുടെ നൂറാടി പമ്പ് ഹൗസ് 1989 മുതൽ പ്രവർത്തിച്ചു വരുന്നു. ആയിരത്തോളം കുടുംബങ്ങൾക്ക് കുടിവെള്ളം നൽകുന്ന ജലസ്രോതസ്സിലാണ് ഈ പമ്പ് ഹൗസ് സ്ഥിതി ചെയ്യുന്നത്. ഈ പമ്പ് ഹൗസിന്റെ പ്രവർത്തനത്തിന് 100 KVA ശേഷിയുള്ള ട്രാൻസ് ഫോമറാണുള്ളത്. ഇവിടുത്തെ പമ്പിംഗ് കാര്യക്ഷമമാക്കുന്നതിന് 40 HP ശക്തിയുള്ള രണ്ട് മോട്ടോറുകൾ പ്രവർത്തിക്കണം. ഇതിനായി ഇപ്പോഴുള്ള 100 KVA ട്രാൻസ് ഫോമറിനു പകരം 200 KVAയുടെ ട്രാൻസ് ഫോമർ വേണം.

ഇതിനുള്ള ഫണ്ട് KWA ക്കോ KSEB ക്കോ ഇല്ലാത്തതിനാൽ ഗ്രാമപഞ്ചായത്തിൽ നിന്ന് ട്രാൻസ് ഫോമറിനുള്ള തുക നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

97

4.61 <u>മൈനാഗപ്പള്ളി ഗ്രാമപഞ്ചായത്ത്</u>

**കൊല്ലം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 03.10.2023-ലെ കത്തും മൈനാഗപ്പള്ളി ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 03.05.2023-ലെ 3(1)-ാം നമ്പർ തീരുമാനവും (SRG/1362/23 – CC/579/23)**

**വിഷയം:-** ജലനിധി പദ്ധതിയിൽ ചെലവഴിക്കാതെ കിടക്കുന്ന വിഹിതം മറ്റു കുടിവെള്ള പദ്ധതിക്ക് ഉപയോഗിക്കുന്നത് സംബന്ധിച്ച്

.

മൈനാഗപ്പള്ളി ഗ്രാമപഞ്ചായത്തിൽ ജലനിധി പ്രോജക്റ്റ് നടപ്പാക്കിയിരുന്നു. ഇപ്പോൾ ഈ പദ്ധതി ഇല്ല. ജലനിധി പദ്ധതിക്കായി സർക്കാർ വിഹിതമായി 2013-14 വർഷം ലഭിച്ച തുകയിൽ 32,79,318 രൂപ കാനറാ ബാങ്ക് മൈനാഗപ്പള്ളി ബ്രാഞ്ചിൽ ബാക്കിയുണ്ട്. ഈ തുക ജലജീവൻ പദ്ധതിപോലുള്ള കുടിവെള്ള പദ്ധതിക്കായി ഉപയോഗിക്കാൻ അനുമതി ആവശ്യപ്പെട്ടിക്കുന്നു.

98

4.62 <u>പാലക്കാട് ജില്ലാ പഞ്ചായത്ത്</u>

**പാലക്കാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 19.08.2023 ലെ കത്തും പാലക്കാട് ജില്ലാ പഞ്ചായത്ത് ഭരണസമിതിയുടെ 31.07.2023 ലെ 11(5)-ാം നമ്പർ തീരുമാനവും (SRG/1203/23 – CC/626/23).**

**വിഷയം:-** മലമ്പുഴ ഗ്രാമപഞ്ചായത്തിലെ വെള്ളെഴുത്താൻ പൊറ്റ പട്ടികവർഗ്ഗ സങ്കേതത്തിൽ വികസന പ്രവൃത്തികൾ നടപ്പാക്കുന്നതു സംബന്ധിച്ച്.

| | | |
|---|---|---|
| ***പ്രോ.നം:*** 86/24 | ***അടങ്കൽ*** | ***50,00,000 രൂപ (റ്റി.എസ്.പി)*** |
| ***പേര്*** | കോളനി ദത്തെടുക്കൽ | |

മലമ്പുഴ ഗ്രാമപഞ്ചായത്തിലെ വെള്ളെഴുത്താൻപൊറ്റ പട്ടികവർഗ്ഗ സങ്കേതം ഏറ്റെടുത്ത് വിവിധ വികസന പ്രവർത്തനങ്ങൾ നടപ്പാക്കാനാണ് പ്രോജക്റ്റ്. വിവിധ പ്രവൃത്തികൾക്കായി 1.00 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ബഹു വർഷമായി നടപ്പാക്കാൻ ഉദ്ദേശിച്ചിരിക്കുന്ന പ്രോജക്റ്റിൽ ഈ വർഷം 50.00 ലക്ഷം രൂപ ചെലവഴിക്കാൻ ഉദ്ദേശിക്കുന്നു. പട്ടികവർഗ്ഗ വികസനവകുപ്പ് മുഖേന ഭാഗികമായി നിർമ്മാണം നടത്തിയ 19 വീടുകളുടെ നവീകരണം, റോഡ്, ചേരിവികസനം, കുടിവെള്ളം എന്നീ മേഖലയിലാണ് വികസനം ഉദ്ദേശിക്കുന്നത്. ഈ പ്രോജക്റ്റ് നടപ്പാക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

99

4.63 <u>കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ</u>

**കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ ജനറൽ സെക്രട്ടറിയുടെ 10.10.2023 -ലെ KGPA/LP/FR/2023/101001 --ാം നമ്പർ കത്തും പാഞ്ഞാൾ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 05.10.2023-ലെ PRE/11/23-ാം നമ്പർ കത്തും (SRG/1426/23)**

**വിഷയം:-** വസ്തു നികുതി പരിഷ്കരണത്തിന്റെ ഭാഗമായി ഫീൽഡുതല പരിശോധനയ്ക്ക് പ്രതിഫലം വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച്

ഗ്രാമപഞ്ചായത്തുകളുടെയും നഗരസഭകളുടെയും വസ്തു നികുതി പരിഷ്കരണത്തിന്റെ ഭാഗമായി ഫീൽഡ്തല പരിശോധന നടത്തി വിവരങ്ങൾ ശേഖരിക്കുന്നതിന് നിരക്ക് നിശ്ചയിച്ചിട്ടുണ്ട്. ഇതിനായി നിശ്ചിത യോഗ്യതയുള്ളവരെ താൽക്കാലികമായി നിയമിക്കാനും ഒരു കെട്ടിടത്തിന് 30 രൂപ വേതനം നൽകാനും സർക്കാർ ഉത്തരവായിട്ടുണ്ട്. ഈ നിരക്ക് പ്രകാരം ആരും ഫീൽഡ് സന്ദർശനത്തിനും വിവരശേഖരണത്തിനും തയ്യാറാകുന്നില്ല. അതിനാൽ ഒരു വീടിന് 75 രൂപയെങ്കിലുമായി നിരക്ക് നിശ്ചയിക്കണമെന്ന് ആവശ്യപ്പെട്ടിരിക്കുന്നു.

100 **4.64 വെൺമണി ഗ്രാമപഞ്ചായത്ത്**

**ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 17.08.2023-ലെ കത്ത് (SRG/ 1192/23 – CC/583/23).**

**വിഷയം:-** മാലിന്യ നിർമ്മാർജ്ജനത്തിന്റെ ഭാഗമായി CCTV സ്ഥാപിക്കുന്നത് സംബന്ധിച്ച്

| | | |
|---|---|---|
| *പ്രോ.നം: 239/24* | ***അടങ്കൽ*** | ***3,15,000 രൂപ***<br>*(CFC –Tied Grant – 3,13,960 രൂപ)*<br>*തനത് ഫണ്ട് – 1040 രൂപ )* |
| ***പേര്*** | ***മാലിന്യം നിർമ്മാർജ്ജനം – പൊതു സ്ഥലങ്ങളിൽ*** CCTV സ്ഥാപിക്കൽ | |

പൊതു സ്ഥലങ്ങളിൽ മാലിന്യം വലിച്ചെറിയുന്നതു തടയുന്നതിന്റെ ഭാഗമായി CCTV സ്ഥാപിക്കുന്നതിന് ധനകാര്യ കമ്മീഷൻ (Tied Grant) ഉപയോഗിച്ചുള്ള പ്രോജക്ടിന് ജില്ലാ ആസൂത്രണസമിതി അനുമതി നിരസിച്ചു. കോഓർഡിനേഷൻ കമ്മിറ്റിയുടെ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

101 **4.65 കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്ത്**

**കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 24.07.2023 -ലെ കത്ത് (SRG/1571/23 – WM1/254/23/തസ്വഭവ)**

**വിഷയം:-** മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്നതിന് യന്ത്രസാമഗ്രികൾ വാങ്ങുന്നതിന് അനുമതി സംബന്ധിച്ച്

| | | |
|---|---|---|
| *പ്രോ.നം:* 56/24 | ***അടങ്കൽ*** | ***24,00,000 രൂപ***<br>*(CFC **റ്റൈഡ് ഗ്രാന്റ് – 5,00,000 രൂപ***<br>*SBM **വിഹിതം – 19,00,000 രൂപ)*** |
| ***പേര്*** | ***ബ്ലോക്ക് RRF ലേയ്ക്ക് യന്ത്രങ്ങൾ വാങ്ങൽ*** | |

കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്ത് 2022-23ൽ റിസോഴ്സ് റിക്കവറി സെന്റർ സ്ഥാപിച്ചിരുന്നു. ഇവിടെ മാലിന്യങ്ങൾ സംസ്കരണത്തിനാവശ്യമായ യന്ത്രങ്ങൾ വാങ്ങുന്നതിന് ഈ വർഷം പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്. യന്ത്രങ്ങൾ വാങ്ങി മാലിന്യ സംസ്കരണം നടത്താനും അക്രഡിറ്റഡ് ഏജൻസികളെ ഏല്പിച്ച് പ്രവർത്തനം നടത്താനുമാണ് ഉദ്ദേശിക്കുന്നത്. ഒപ്പം ഇവയിൽ നിന്ന് മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കാനും ലക്ഷ്യമിടുന്നു. ഈ പ്രോജക്ട് നടപ്പാക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

102 **4.66 മുക്കന്നൂർ ഗ്രാമപഞ്ചായത്ത്**

**എറണാകുളം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 30.11.2023-ലെ കത്തുകളും (2 എണ്ണം) മുക്കന്നൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 20.11.2023-ലെ 5(1) -ാം നമ്പർ തീരുമാനവും അനുബന്ധരേഖകളും (SRG/1586/23 – CC/924/23)**

**വിഷയം:-** സമഗ്ര ശുചിത്വ ഗ്രാമമാക്കി മുക്കന്നൂർ ഗ്രാമപഞ്ചായത്തിനെ മാറ്റുന്നതിന്റെ ഭാഗമായി കാഷ്വൽ സ്വീപ്പർമാരെ നിയമിക്കുന്നത് സംബന്ധിച്ച്.

| | | |
|---|---|---|
| *പ്രോ.നം:* 357/24 | ***അടങ്കൽ*** | ***6,00,000 രൂപ***<br>*(തനത് ഫണ്ട്)* |
| ***പേര്*** | **ക്ലീൻ – ഗ്രീൻ ആന്റ് ഹാപ്പി മുക്കന്നൂർ നടപ്പാക്കുന്നതിനായി ശുചിത്വ തൊഴിലാളികൾക്ക് വേതനം നൽകൽ** | |

എറണാകുളം ജില്ലയിലെ ഏഴാറ്റുമുഖം പ്രകൃതിഗ്രാമം, തൃശൂർ ജില്ലയിലെ ആതിരപ്പള്ളി, വാഴച്ചാൽ തുമ്പൂർമൂഴി, മലക്കപ്പാറ എന്നീ ടൂറിസ്റ്റ് കേന്ദ്രങ്ങളിലേയ്ക്ക് ടൂറിസ്റ്റുകൾക്കുള്ള പ്രവേശന കവാടമാണ് മുക്കന്നൂർ ഗ്രാമപഞ്ചായത്ത്. വിനോദ സഞ്ചാരികൾ പാതയോരങ്ങളിൽ

നിക്ഷേപിക്കുന്ന മാലിന്യങ്ങൾകാഷ്വൽ സ്വീപ്പർമാരെ നിയമിച്ച് സ്ഥിരമായി മാലിന്യങ്ങൾ നീക്കം ചെയ്ത് ശുചിത്വ ഗ്രാമമാക്കി ക്ലീൻ, ഗ്രീൻ & ഹാപ്പി മുക്കന്നൂർ എന്ന ലക്ഷ്യം കൈവിക്കാനാണ് പ്രോജക്ട്. ഇതിന്റെ ഭാഗമായി 10 കാഷ്വൽ സ്വീപ്പർമാരെ മൂന്നുമാസക്കാലത്തേയ്ക്ക് താൽക്കാലികാടിസ്ഥാനത്തിൽ നിയമിക്കാനുള്ള പ്രോജക്ടിന് അനുമതി ആവശ്യപ്പെട്ടിരിക്കുന്നു. മാലിന്യ നിർമ്മാർജ്ജനത്തിന് ഫെഡറൽ ബാങ്കിന്റെ CSR വിഹിതം ഉപയോഗിച്ച് മറ്റു പ്രവർത്തനങ്ങളും ഗ്രാമപഞ്ചായത്ത് നടത്തുന്നുണ്ട്.

103

4.67 കണ്ണൂർ ജില്ലാ പഞ്ചായത്ത്

**കണ്ണൂർ ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 30.09.2023 –ലെ JS1–4470/2022 –ാം നമ്പർ കത്തും (SRG/1431/23)**

**വിഷയം:–** പൊതു ഇടങ്ങളിൽ CCTV സ്ഥാപിക്കുന്നതിനുള്ള സംയുക്ത പ്രോജക്ട് നടപ്പാക്കുന്നത് സംബന്ധിച്ച്

| | | |
|---|---|---|
| *പ്രോ.നം:* 507/24 | ***അടങ്കൽ*** | *1,50,92,100 രൂപ (വികസന ഫണ്ട് – 12,86,100 രൂപ ഗ്രാമപഞ്ചായത്ത് വിഹിതം – 1, 08,56,000 ബ്ലോക്ക് പഞ്ചായത്ത് വിഹിതം – 19,47,000 മുനിസിപ്പാലിറ്റി വിഹിതം – 10,03,000 രൂപ)* |
| ***പേര്*** | ***സ്മാർട്ട് ഐ– പൊതു ഇടങ്ങളിൽ CCTV സ്ഥാപിക്കൽ*** | |

പൊതു ഇടങ്ങളിൽ CCTV സ്ഥാപിക്കുന്നതിന് സ്മാർട്ട് ഐ എന്ന പ്രോജക്ട് ജില്ലാ പഞ്ചായത്ത് 2022–23 വർഷം ആരംഭിച്ച് ഈ വർഷം സ്പിൽഓവറായി തുടരുന്നുണ്ട്. ജില്ലയിലെ ഗ്രാമപഞ്ചായത്തുകൾ, ബ്ലോക്ക് പഞ്ചായത്തുകൾ, ജില്ലാ പഞ്ചായത്ത്, മുനിസിപ്പാലിറ്റികൾ സംയുക്തമായാണ് പ്രോജക്ട് നടപ്പാക്കുന്നത്. ജില്ലാ പഞ്ചായത്ത് മുഖ്യ നിർവ്വഹണ സ്ഥാപനമായി നടപ്പാക്കുന്ന ഈ പ്രോജക്ടിന് മറ്റു തദ്ദേശഭരണസ്ഥാപനങ്ങൾ തുക കൈമാറണം. ജില്ലാ പഞ്ചായത്തിൽ നിന്ന് ഓരോ തദ്ദേശഭരണ സ്ഥാപനത്തിലേയ്ക്കും റിക്വിസിഷൻ നൽകി ഓരോ ബില്ലും പ്രത്യേകമായി ട്രഷറിയിൽ നൽകേണ്ടതുണ്ട്. കോൺട്രാക്ടർക്ക് ബിൽ തുക നൽകുന്നതിന് പങ്കാളികളാകുന്ന തദ്ദേശഭരണ സ്ഥാപനത്തിന്റെ അത്രയും എണ്ണം ബിൽ തയ്യാറാക്കണം. ഇതു പ്രായോഗികമായി ബുദ്ധിമുട്ടുവരും. കൂടാതെ ചില തദ്ദേശഭരണ സ്ഥാപനങ്ങൾ ഈ പ്രോജക്ടിന് CFC Basic Grant ആണ് വകയിരുത്തിയിരിക്കുന്നത്. ഇത് PFMS വഴി ജില്ലാ പഞ്ചായത്തിന്റെ ബാങ്ക് അക്കൗണ്ടിലേയ്ക്കാണ് കൈമാറിയിരിക്കുന്നത്. ഈ പ്രശ്നം ABC പദ്ധതി നടത്തിപ്പിലുമുണ്ട്. സാങ്കേതികമായി വളരെ ബുദ്ധിമുട്ടുണ്ടാക്കുന്ന ഈ പ്രശ്നം പരിഹരിക്കാൻ ഐ.കെ.എം.ന് നിർദ്ദേശം നൽകണമെന്നാവശ്യപ്പെട്ടിരിക്കുന്നു.

104

4.68 മങ്കട ഗ്രാമപഞ്ചായത്ത്

**ബഹു. മങ്കട എം.എൽ.എയുടെ 09.10.2023–ലെ 107/MALI/2023/M നമ്പർ കത്തും മങ്കട ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 09.10.2023–ലെ കത്തും ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 30.09.2023–ലെ 13(1)–ാം നമ്പർ തീരുമാനവും (SRG/1427/23)**

**വിഷയം:–** വീട്ടുകളിൽ നിന്ന് മാലിന്യം ശേഖരിക്കുന്നതിനായി ഉപയോഗിച്ച വാഹനത്തിന് വാടക നൽകുന്നത് സംബന്ധിച്ച്

മങ്കട ഗ്രാമപഞ്ചായത്തിൽ 20.03.2022 മുതൽ 30.06.2022 വരെയുള്ള കാലയളവിൽ വീട്ടുകളിൽ നിന്നും കടകളിൽ നിന്നും മാലിന്യം MCF ലേയ്ക്ക് എത്തിക്കുന്നതിന് വാഹനം വാടകയ്ക്ക് എടുത്തു. വാഹനം വാടകയ്ക്കെടുക്കുന്നതിന് ടെണ്ടറടക്കമുള്ള നടപടിക്രമങ്ങൾ പാലിച്ചിരുന്നില്ല. വാടകയിനത്തിൽ 75,990 രൂപ ഹരിതകർമ്മസേനയുടെ സ്വന്തം വരുമാനത്തിൽ നിന്ന് നൽകി. ഈ തുക ഹരിത കർമ്മസേനയ്ക്ക് തിരികെ നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

ഈ കാലഘട്ടത്തിൽ ഗ്രാമപഞ്ചായത്തിന് സ്വന്തമായി വാഹനം ഇല്ലായിരുന്നു. 2022 ജൂലൈയിൽ വാഹനം സ്വന്തമായി വാങ്ങിയിട്ടുണ്ട്.

105

**4.69 മണിയൂർ ഗ്രാമ പഞ്ചായത്ത്**

**കോഴിക്കോട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 12.12.2023-ലെ കത്തും മണിയൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 16.10.2023-ലെ 23(3)-ാം നമ്പർ കത്തും (SRG/1656/23 – CC/923/23)**

**വിഷയം:-** ***മണിയൂർ തെരവ് ടോയിലറ്റ് കോംപ്ലക്സ് നിർമ്മാണം സംബന്ധിച്ച്***

| | | |
|---|---|---|
| *പ്രോ.നം: 27/24* | *അടങ്കൽ* | *15,50,500 രൂപ (സി.എഫ്.സി. ടൈഡ് ഗ്രാന്റ്)* |
| *പേര്* | *മണിയൂർ തെരുവ് ടോയിലറ്റ് കോംപ്ലക്സ് നിർമ്മാണം* | |

മണിയൂർ ഗ്രാമപഞ്ചായത്തിൽ 13-ാം വാർഡിൽ ടേക്ക് എ ബ്രേക്ക് കെട്ടിടം നിർമ്മിക്കുന്നതിന് തോടന്നൂർ ബ്ലോക്ക് പഞ്ചായത്ത് പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്. മണിയൂർ തെരുവിൽ സ്ഥിതി ചെയ്യുന്ന വപ്രാത്ത് കഴകം ട്രസ്റ്റിനു കീഴിലുള്ള ക്ഷേത്രത്തിന് സമീപമുള്ള സ്ഥലത്താണ് ടേക്ക് എ ബ്രേക്ക് കെട്ടിടം നിർമ്മിക്കുന്നത്. ഈ സ്ഥലം 99 വർഷത്തേയ്ക്ക് ടേക്ക് എ ബ്രേക്കിനായി ഉപയോഗിക്കുന്നതിന് സ്ഥല ഉടമയായ ശ്രീമതി വനജ കക്കിടിയില എന്ന വ്യക്തിയുമായി മണിയൂർ ഗ്രാമപഞ്ചായത്ത് കരാറിലേർപ്പെട്ടിട്ടുണ്ട്. കരാർ രജിസ്റ്റർ ചെയ്യണമെന്ന് ബ്ലോക്ക് പഞ്ചായത്ത് അറിയിച്ചിട്ടുണ്ട്. എന്നാൽ രജിസ്റ്റർ ചെയ്യുന്നത് പ്രായോഗികമല്ല. അതിനാൽ കരാർ രജിസ്റ്റർ ചെയ്യാതെ പ്രോജക്ട് നടപ്പാക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

106

**4.70 Kollam District Ayurvedic Oushadha Nirmmana Vyavasaya Co-operative Society Ltd (BHESHJAM)**

**Kollam District Ayurvedic Oushadha Nirmmana Vyavasaya Co-operative Society Ltd (BHESHJAM) പ്രസിഡന്റിന്റെ 05.12.2023-ലെ കത്തും അനുബന്ധരേഖകളും (SRG/1662/23)**

**വിഷയം:-** ഭേഷജം എന്ന സ്ഥാപനം ഉല്പാദിപ്പിക്കുന്ന ആയുർവേദ മരുന്നുകൾ സർക്കാർ ആയുർവേദ ആശുപത്രികളിൽ നൽകുന്നത് സംബന്ധിച്ച്

വ്യാവസായ വകുപ്പിൽ രജിസ്റ്റർ ചെയ്ത് ആയുർവേദ മരുന്നുകൾ ഉല്പാദിപ്പിച്ച് വിപണനം നടത്തുന്ന ഒരു സഹകരണ സ്ഥാപനമാണ് കൊല്ലം ജില്ലാ ആയുർവേദ ഔഷധ നിർമ്മാണ വ്യവസായ സഹകരണസംഘം (ഭേഷജം). കൊല്ലം ജില്ലയിൽ മുണ്ടയ്ക്കലിൽ പ്രവർത്തിക്കുന്ന ഈ സ്ഥാപനം 09.07.2017 മുതൽ 'ഭേഷജം' ത്തിൽ നിന്ന് ആയുർവേദ മരുന്നു വാങ്ങാൻ തദ്ദേശഭരണ സ്ഥാപനങ്ങളുടെ കീഴിലുള്ള ആയുർവേദ ആശുപത്രികൾക്ക് അനുമതിയുണ്ട്. ഈ സ്ഥാപനത്തിന് ഡ്രഗ് ലൈസൻസ് 31.12.2023 വരെയാണ് ഉണ്ടായിരുന്നത്. 31.12.2023 വരെ 'ഭേഷജം' നിർമ്മിക്കുന്ന ആയുർവേദ മരുന്നുകൾ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് വാങ്ങാനാണ് അനുമതിയുള്ളത്. 01.01.2024 ന് പ്രാബല്യത്തിലാകുന്ന പുതിയ ഡ്രഗ് ലൈസൻസ് ലഭിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ 'ഭേഷജം' ഉല്പാദിപ്പിക്കുന്ന മരുന്നുകൾ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കീഴിലുള്ള ആയുർവേദ ആശുപത്രികൾക്ക്/ഡിസ്പെൻസറികളിലേയ്ക്ക് വാങ്ങുന്നതിന് ഡ്രഗ് ലൈസൻസിന്റേയും GMP (Good Manufacturing Practice) സർട്ടിഫിക്കറ്റിന്റേയും കാലാവധി അവസാനിക്കുന്ന 31.12.2028 വരെ ദീർഘിപ്പിച്ച നൽകണമെന്ന് ആവശ്യപ്പെട്ടിരിക്കുന്നു.

107 4.71 <u>വള്ളിക്കുന്നം ഗ്രാമപഞ്ചായത്ത്</u>

**ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 17.08.2023–ലെ കത്ത് (SRG/1191/23 – CC/486/23).**

**വിഷയം:–** ലൈഫ് ഭവന പദ്ധതി പ്രകാരം വീട് നിർമ്മാണത്തിന് ധനസഹായം നൽകുന്നത് സംബന്ധിച്ച്

വള്ളിക്കുന്നം ഗ്രാമപഞ്ചായത്തിൽ ലൈഫ് 2020 ലിസ്റ്റിൽ താഴെപ്പറയുന്നവർ ഭൂരഹിത ഭവനരഹിത ലിസ്റ്റിൽ ഉണ്ട്.

(1) ശ്രീമതി. ഭദ്രകുമാരി, വിഷ്ണുർ (വാർഡ് 17)
(2) ശ്രീമതി. ഉഷാകുമാരി, കൃഷ്ണവിലാസം (വാർഡ് 16)
(3) ശ്രീമതി. സേതുകുമാരി,നെടിയത്ത് (വാർഡ് 14)

ഇവർ 2010–11 വർഷം ഇ.എം.എസ്. ഭവന പദ്ധതി പ്രകാരം 75,000 രൂപ വീതം വീട് നിർമ്മാണത്തിന് കൈപ്പറ്റിയിരുന്നു. ഈ വീടും സ്ഥലവും പിന്നീട് ഇവർ വിറ്റു. ഭവന നിർമ്മാണത്തിനു കൈപ്പറ്റിയ തുകയും പലിശയും ഗ്രാമപഞ്ചായത്തിൽ തിരികെ അടച്ചു. ഇപ്പോൾ ഇവർ വാടക വീട്ടിൽ താമസിക്കുന്നു. ഇവർക്ക് ലൈഫ് ഭവന പദ്ധതി പ്രകാരം സ്ഥലവും വീടും നൽകുന്നതിന് അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

108 4.72 <u>ബാലുശ്ശേരി ബ്ലോക്ക് പഞ്ചായത്ത്</u>

**കോഴിക്കോട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 16.08.2023 ലെ കത്തും ബാലുശ്ശേരി ബ്ലോക്ക് പഞ്ചായത്തിന്റെ 13.07.2023 ലെ 5(1)–ാം നമ്പർ തീരുമാനവും അനുബന്ധരേഖകളും (SRG/ 1182/23 – CC/526/23).**

വിഷയം:– വീട്ടു നിർമ്മിക്കാൻ ധനസഹായം നൽകുന്നതു സംബന്ധിച്ച്

ബാലുശ്ശേരി ബ്ലോക്ക് പഞ്ചായത്തിലെ ഉണ്ണികുളം ഗ്രാമപഞ്ചായത്തിലെ ശ്രീമതി ദേവി, കുർമ്മൽ എന്ന വ്യക്തി PMAY ഭവനപദ്ധതിയിൽ ഉൾപ്പെട്ടിരുന്നു. ഇവർക്ക് 23 വർഷം മുമ്പ് IAY പദ്ധതി പ്രകാരം വീട് അനുവദിച്ചതിനാൽ ഇനി PMAY യിൽ ഭവന നിർമ്മാണത്തിന് ഉൾപ്പെടുത്താൻ കഴിയില്ല എന്നറിയിച്ചിരിക്കുന്നു. സർക്കാരിന്റെ "കരുതലും കൈതാങ്ങും" പരാതി പരിഹാര അദാലത്തിൽ ഈ വിഷയം വന്നിട്ടുണ്ട്. ഈ വ്യക്തിയുടെ ഭർത്താവ് മരണപ്പെട്ടു. മൂന്നു വർഷം മുമ്പ് മൺകട്ട കൊണ്ടുള്ള വീട്ടു തകർന്നുപോയി. രാത്രിയിൽ മറ്റു വീടുകളിലാണ് താമസിക്കുന്നത്. അതിനാൽ ബാലുശ്ശേരി ബ്ലോക്ക് പഞ്ചായത്തിന്റെ തനതുഫണ്ടുപയോഗിച്ച് വീട്ടു നിർമ്മാണത്തിനു ധനസഹായം നൽകുന്നതിനോ ഉണ്ണികുളം ഗ്രാപഞ്ചായത്തിന്റെ ലൈഫ് ഭവനപദ്ധതിയിൽ ഉൾപ്പെടുത്തി ധനസഹായം നൽകുന്നതിനോ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു

109 4.73 <u>അങ്ങാടിപ്പുറം ഗ്രാമപഞ്ചായത്ത്</u>

**മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 18.08.2023 ലെ കത്തും അങ്ങാടിപ്പുറം ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 21.07.2023 ലെ 4(1)–ാം നമ്പർ തീരുമാനവും (SRG/1194/23 – CC/550/23).**

**വിഷയം:–** ലൈഫ് ഭവനപദ്ധതി പ്രകാരം വീട്ടു നിർമ്മിച്ചു നൽകുന്നതു സംബന്ധിച്ച്

അങ്ങാടിപ്പുറം ഗ്രാമപഞ്ചായത്തിലെ ശ്രീ.അബ്ദുൾ മുനീർ കെ.റ്റി, ആഷിമ ജഹാൻ, കുളങ്ങര തൊടി ലൈഫ് ഗുണഭോക്തൃലിസ്റ്റിൽ 310 ക്രമ നമ്പറായി ഉൾപ്പെട്ടിട്ടുണ്ട്. ഈ വ്യക്തിയുടെ മകനായ 8 വയസ്സുള്ള മുഹമ്മദ് റയാൻ ഓട്ടിസം ബാധിച്ച കുട്ടിയാണ്. ലൈഫ് അന്തിമഗുണഭോക്തൃ ലിസ്റ്റതയ്യാറാക്കുമ്പോൾ കുട്ടിയുടെ ഡിസെബിലിറ്റി സർട്ടിഫിക്കറ്റ് ഉൾപ്പെടുത്തിയിരുന്നില്ല. മെഡിക്കൽ സർട്ടിഫിക്കറ്റ് ഉൾപ്പെടുത്തി മുൻഗണന നൽകി ഭവന നിർമ്മാണത്തിന് ആനുകൂല്യം നൽകണമെന്നാവശ്യപ്പെട്ടിരിക്കുന്നു.

110 **4.74 <u>പുളിമാത്ത് ഗ്രാമപഞ്ചായത്ത്</u>**

**തിരുവനന്തപുരം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 14.09.2023, 13.09.2023 എന്നീ തീയതികളിലെ കത്തും അനുബന്ധരേഖകളും (SRG/1288/23 – CC/529/2023).**

**വിഷയം:-** ലൈഫ് ഭവനപദ്ധതിപ്രകാരം വീട്ടു നിർമ്മിക്കാൻ അനുമതി സംബന്ധിച്ച്.

പുളിമാത്ത് ഗ്രാമപഞ്ചായത്തിലെ 6–ാം വാർഡിൽ താമസിക്കുന്ന ശ്രീമതി റിജം.കെ, സാന്ദ്രാലയം, ഊറാൻകുഴി, കാട്ടുപുറം എന്ന വ്യക്തി 2019–ലെ ലൈഫ് ലിസ്റ്റിൽ ഉണ്ട്. ഈ വ്യക്തിയുടെ റേഷൻകാർഡിൽ ഉൾപ്പെട്ട സഹോദരിമാർക്കെല്ലാം കൂടി 26 സെന്റ് സ്ഥലമുണ്ട്. 2021–ൽ ഈ റേഷൻ കാർഡിൽ നിന്നും സഹോദരിമാരുടെ പേര് കുറവു ചെയ്തിട്ടുണ്ട്. ഇപ്പോൾ ഇവർക്ക് സ്വന്തമായി 3 സെന്റ് സ്ഥലമുണ്ട്. എന്നാൽ ലൈഫ് ഭവനപദ്ധതി പ്രകാരം വീട്ടു ലഭിക്കുന്നതിന് പഴയ റേഷൻകാർഡ് ഹാജരാക്കണമെന്ന് VEO ആവശ്യപ്പെട്ടിട്ടുണ്ട്. ഈ വ്യക്തി ഭിന്നശേഷിക്കാരിയാണ് എന്നറിയിച്ചിട്ടുണ്ട്. പ്രത്യേക പരിഗണനയോടെ ഇവർക്ക് വീട്ടു നിർമ്മാണത്തിന് ധനസഹായം നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

111 **4.75 <u>കയ്പമംഗലം ഗ്രാമപഞ്ചായത്ത്</u>**

**തൃശ്ശൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 26.08.2023 ലെ കത്തും കയ്പമംഗലം ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 08.08.2023 ലെ 10(1)–ാം നമ്പർ തീരുമാനവും ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 22.08.2023 ലെ കത്തും (SRG/1231/23 – CC/646/23).**

**വിഷയം:-** വീട്ടു റിപ്പയറിംഗിനു ധനസഹായം നൽകുന്നതു സംബന്ധിച്ച്

| | | |
|---|---|---|
| *പ്രോ.നം:* 126/23 | *അടങ്കൽ* | *20,00,000 രൂപ ( വികസനഫണ്ട് ജനറൽ)* |
| *പേര്* | **വീട്ടു വാസയോഗ്യമാക്കൽ– ജനറൽ** | |

കൈപ്പമംഗലം ഗ്രാമപഞ്ചായത്തിൽ 2022–23 വർഷം വീട്ടു വാസയോഗ്യമാക്കുന്നതിനുള്ള പ്രോജക്ടിൽ ശ്രീമതി ഷഹന. കെ.എസ് എന്ന വ്യക്തി ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിരുന്നു. ഇവർക്ക് രണ്ടാം ഗഡുവായ 25,000 രൂപ നൽകുന്നതിന് ബാങ്ക് അക്കൗണ്ട് നമ്പർ തെറ്റായാണ് രേഖപ്പെടുത്തിയത്. അതിനാൽ ഈ തുക സർക്കാരിന്റെ കൺസോളിഡേറ്റഡ് അക്കൗണ്ടിലേയ്ക്ക് ക്രഡിറ്റ് ചെയ്തു. ഈ തുക തിരികെ ഗ്രാമപഞ്ചായത്തിന് ലഭ്യമാക്കണമെന്നാവശ്യപ്പെട്ടിരിക്കുന്നു.

112 **4.76 <u>വൈപ്പിൻ ബ്ലോക്ക് പഞ്ചായത്ത്</u>**

**എറണാകുളം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 26.08.2023 ലെ കത്തുകളും (2 എണ്ണം) അനുബന്ധരേഖകളും (SRG/1232/23 – CC/337/23).**

**വിഷയം:-** ലൈഫ് ഭവന പദ്ധതി പ്രകാരം ധനസഹായം നൽകുന്നത് സംബന്ധിച്ച്

വൈപ്പിൻ ബ്ലോക്കു പഞ്ചായത്തിന്റെ 2009–10 വർഷത്തെ IAY ഭവന പദ്ധതിയിൽ ശ്രീ വിനോദ് വെട്ടുവേലിതറ എന്ന വ്യക്തി 76,125 രൂപ കൈപ്പറ്റിയിരുന്നു. അന്നു നിലനിന്ന നിരക്ക് 1.00 ലക്ഷം രൂപയാണ്. ലിന്റൽ ലെവൽവരെ മാത്രമേ നിർമ്മാണം നടന്നുള്ളൂ. ഈ വ്യക്തി 2020 ലൈഫ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ട്. ലിന്റൽ ലെവൽവരെ നിർമ്മിച്ച വീടിനു മുകളിൽ ഇനി നിർമ്മാണം സാധ്യമല്ലാത്തതിനാൽ ഭിത്തിയും ഫൗണ്ടേഷനും പൊളിച്ചു പുതിയ വീട്ടു നിർമ്മിക്കണം. ഗുണഭോക്താവ് 2009–10ൽ കൈപ്പറ്റിയ തുക ലൈഫ് നിരക്കായ 4.00 ലക്ഷം രൂപയിൽ നിന്നു കുറവ് ചെയ്ത് ബാക്കിതുക നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

113 **4.77 <u>പൊന്നാനി ബ്ലോക്ക് പഞ്ചായത്ത്</u>**

**മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 01.09.2023 ലെ കത്തും പൊന്നാനി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 07.08.2023 ലെ കത്തും പൊന്നാനി ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 04.04.2023 ലെ 2(1)–ാം നമ്പർ തീരുമാനവും (SRG/1233/23 – CC/623/23).**

**വിഷയം:-** പട്ടികജാതി വിഭാഗത്തിലെ കുടുംബത്തിന് സ്മാർട് അടുക്കള നിർമ്മിക്കുന്നതു സംബന്ധിച്ച്

| *പ്രോ.നം: 7/23* | ***അടങ്കൽ*** | ***30,00,000 രൂപ ( എസ്.സി.പി)*** |
|---|---|---|
| ***പേര്*** | **പട്ടികജാതി കുടുംബങ്ങൾക്ക് സ്മാർട് അടുക്കള.** | |

പട്ടികജാതി വിഭാഗത്തിലെ കുടുംബങ്ങൾക്ക് സ്മാർട് അടുക്കള എന്ന ഈ പ്രോജക്റ്റിൽ അടുക്കളയിൽ ടൈൽ ഇടൽ, ഫാബ്രിക്കേഷൻ വർക്കുകൾ, സ്ലാബിട്ട് സിങ്ക് ബേസിൻ എന്നിവ സ്ഥാപിക്കാനാണ് ഉദ്ദേശിക്കുന്നത്. ഈ പ്രോജക്റ്റ് നടപ്പാക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു. ഒരു കുടുംബത്തിന് 75,000 രൂപയാണ് നൽകാൻ ഉദ്ദേശിക്കുന്നത്. ആദ്യഗഡുവായി 37,500 രൂപയും ബാക്കി തുക പണിപൂർത്തിയാക്കി വാല്യുവേഷന്റെ അടിസ്ഥാനത്തിലും നൽകാം.

114

**4.78 <u>തലനാട് ഗ്രാമപഞ്ചായത്ത്</u>**

**കോട്ടയം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 04.09.2023 ലെ കത്തും തലനാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് 01.08.2023 ലെ കത്തും ഗ്രാമപഞ്ചായത്ത് VEOയുടെ 26.05.2023 ലെ റിപ്പോർട്ടും (SRG/1239/23 - CC/569/23).**

**വിഷയം:-** ലൈഫ് ഭവനപദ്ധതി പ്രകാരം വീട്ടു നൽകുന്നതു സംബന്ധിച്ച്

തലനാട് ഗ്രാമപഞ്ചായത്തിലെ ശ്രീമതി എൽസി ജോസ്, കാരാമക്കുന്നേൽ, അടുക്കം എന്ന വ്യക്തി ലൈഫ് ഭവനപദ്ധതി 2020 ലെ ലിസ്റ്റിൽ ഉണ്ട്. ക്രമനമ്പർ 15. കരാറിലും ഏർപ്പെട്ടു. ധനസഹായത്തിന്റെ ആദ്യഗഡു അനുവദിക്കുന്നതിനു മുമ്പുള്ള പരിശോധനയിൽ ഇവർ ലിന്റൽ ലവൽവരെ ഭവന നിർമ്മാണം പൂർത്തിയാക്കി എന്നറിയിച്ചു. ഗുണഭോക്താവുമായി ബന്ധപ്പെട്ടപ്പോൾ സെന്റ് സേവ്യേഴ്സ് പള്ളിയിൽ നിന്ന് ഭവന നിർമ്മാണം പൂർത്തീകരിച്ചു നൽകുമെന്നും ഗ്രാമപഞ്ചായത്തിന്റെ ധനസഹായം ആവശ്യമില്ല എന്നും അറിയിച്ചു. ഇപ്പോൾ ഭവന നിർമ്മാണം പൂർത്തിയായി. പള്ളിയിൽ നിന്ന് ധനസഹായം ലഭിക്കാൻ തടസ്സമുണ്ട്. പള്ളി വികാരിയുടെ കത്തു പ്രകാരം ലൈഫ് നിരക്കായ 4.00 ലക്ഷം രൂപയിൽ നിന്ന് അധികമായ ചെലവു മാത്രമെ പള്ളിയിൽ നിന്നു നൽകൂ. ഇവർക്ക് ലൈഫ് പദ്ധതി പ്രകാരം ധനസഹായം നൽകാൻ അനുമതി ആവശ്യപ്പെട്ടിട്ടുണ്ട്.

115

**4.79 <u>വാഴയൂർ ഗ്രാമപഞ്ചായത്ത്</u>**

**ബഹു.കൊണ്ടോട്ടി എം.എൽ.എയുടെ 01.11.2023-ലെ കത്തും വാഴയൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ കത്തും വാഴയൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 26.06.2023-ലെ 2(7)-ാം നമ്പർ കത്തും (SRG/ 1553/23).**

**വിഷയം:-** ലൈഫ് ഭവന പദ്ധതിയിൽ വീടുനിർമ്മിക്കുന്നതിന് ധനസഹായം നൽകുന്നത് സംബന്ധിച്ച്

താഴെപ്പറയുന്ന 9 കുടുംബങ്ങൾ ലൈഫ് 2020 ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ട്. ഇവർ ഗ്രാമപഞ്ചായത്തുമായി കരാർ ഏർപ്പെടുന്നതിന് മുൻപായി വീടിന്റെ മേൽക്കൂര കോൺക്രീറ്റ് പ്രവൃത്തിവരെ പൂർത്തീകരിച്ചു. ലൈഫ് ഭവന പദ്ധതിയിൽ ധനസഹായം ലഭിക്കുമെന്ന പ്രതീക്ഷയിൽ പലവിധത്തിലും കടം വാങ്ങിയാണ് വീട്ടു നിർമ്മാണം പൂർത്തിയാക്കിയതെന്ന് അറിയിച്ചുകൊണ്ട് ലൈഫ് ഭവന പദ്ധതിപ്രകാരം ലഭിക്കേണ്ട തുക അനുവദിക്കണമെന്നാവശ്യപ്പെട്ടിരിക്കുന്നു.

1) ശ്രീമതി.ചിന്നരാമൻ, ആലുങ്ങൽ, വാഴയൂർ, വാർഡ് 6, ഈസ്റ്റ്.പി.ഒ
2) ശ്രീമതി. കുട്ടിമാളു, ചിനക്കൽ, അഴിഞ്ഞിലം, വാർഡ് 2
3) ശ്രീ.ഷാജി.പി.കെ, പത്മനിവാസ്, പാറമ്മൽ, വാർഡ് 15
4) ശ്രീ.സജീഷ്, ബാലത്ത് ഹൗസ്, കാരാട് പറമ്പ്, വാർഡ് 12
5) ശ്രീമതി. നഫീസ വലിയപറമ്പിൽ, പള്ളിപ്പടി, വാർഡ് 15

6) ശ്രീ.ഷിജു, പാട്ടയിൽ, കല്ലുവെട്ടുകുഴി, കാരാട്, വാർഡ് 3
7) ശ്രീ. മണി, പാലക്കാട്, പുതുക്കോട്
8) ശ്രീമതി. സക്കീന, ചെറുപാലക്കാട്, പുതുക്കോട്
9) ശ്രീമതി. റഫീക്ക, ചെറുപാലക്കോട്, പുതുക്കോട്

116

**4.80 <u>കിഴുവിലം ഗ്രാമപഞ്ചായത്ത്</u>**

**തിരുവനന്തപുരം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 26.09.2023-ലെ കത്തുകൾ (2 എണ്ണം) കിഴുവിലം ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 13.09.2023-ലെ 8(14)-ാം നമ്പർ തീരുമാനവും അനുബന്ധരേഖകളും (SRG/1331/23 CC/737/23)**

**വിഷയം:-** ലൈഫ് ഭവന പദ്ധതി പ്രകാരം വീട് നിർമ്മിച്ചു നൽകുന്നത് സംബന്ധിച്ച്

കിഴുവിലം ഗ്രാമപഞ്ചായത്തിലെ ശ്രീമതി.മോളി, വടക്കേവിള, മുടപുരം (വാർഡ് 10) എന്ന വ്യക്തി 2020-ലെ ലൈഫ് ലിസ്റ്റിൽ ക്രമനമ്പർ 224 ആയി ഉൾപ്പെട്ടിട്ടുണ്ട്. രണ്ട് പെൺകുട്ടികൾ അടങ്ങുന്ന ഇവരുടെ കുടുംബം സുരക്ഷിതമല്ലാത്ത വീട്ടിൽ ആണ് താമസിക്കുന്നത് എന്നറിയിച്ചുകൊണ്ട് ഇവർക്കുള്ള ആനുകൂല്യം ആദ്യഘട്ടത്തിൽ തന്നെ നൽകാൻ അനുമതി ആവശ്യപ്പെട്ടിട്ടുണ്ട്.

117

**4.81 <u>ഇലന്തൂർ ഗ്രാമപഞ്ചായത്ത്</u>**

**പത്തനംതിട്ട ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 21.09.2023 ലെ കത്ത് (SRG 1317/23 - CC/726/23).**

**വിഷയം:-** ലൈഫ് ഭവന പദ്ധതി പ്രകാരം വീട് നിർമ്മിച്ചു നൽകുന്നത് സംബന്ധിച്ച്

ഇലന്തൂർ ഗ്രാമപഞ്ചായത്തിലെ ശ്രീ. മനുമോഹൻ, ഒറ്റപ്ലാമൂട്ടിൽ, പരിയാരം പി.ഒ എന്ന വ്യക്തി ലൈഫ് ഭവന രഹിതരുടെ ലിസ്റ്റിൽ 12-ാം നമ്പരായി ഉൾപ്പെട്ടിട്ടുണ്ട്. ഇദ്ദേഹത്തിന്റെ 80 വർഷം പഴക്കമുള്ള കുടുംബ വീട്ടിൽ രോഗബാധിതരായ മാതാപിതാക്കളും മുത്തശ്ശിയും താമസിക്കുന്നു. ഈ വീട് അപേക്ഷകന്റെ അനിയനു കൂടി അവകാശപ്പെട്ടതാണ്. ഈ വ്യക്തി ക്യാൻസർ രോഗബാധിതനും 10 വയസ്സുള്ള മകൾ ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടിയുമാണ്. മാതാപിതാക്കൾക്ക് താമസിക്കുന്നതിനായി പഴയവീട് പൊളിക്കാതെ നിലനിർത്തേണ്ടതുണ്ട്. ഭിന്നശേഷിക്കാരിയായ മകൾക്ക് സഹായകരമായ ഹാൻഡ് റെയിൽസ്, പ്രത്യേക ബാത്ത് റൂം എന്നിവ പുതിയ വീട്ടിൽ വേണം. ലൈഫ് പദ്ധതിക്ക് അപേക്ഷ നൽകിയപ്പോൾ കുടുംബറേഷൻ കാർഡിൽ അപേക്ഷകനും ഉൾപ്പെട്ടിരുന്നു. 80 വർഷം പഴക്കമുള്ള പഴയ വീട് നിലനിർത്തിക്കൊണ്ട് തന്നെ പുതിയ വീട് നിർമ്മിക്കാൻ ഉദ്ദേശിക്കുന്നു. ഇതിന് പ്രത്യേക അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

118

**4.82 <u>മറയൂർ ഗ്രാമ പഞ്ചായത്ത്</u>**

**ഇടുക്കി ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 26.09.2023 ലെ കത്തും മറയൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 07.08.2023 ലെ 12(1)-ാം നമ്പർ തീരുമാനവും അനുബന്ധ രേഖകളും (SRG/ 1334/23 - CC/722/2023)**

**വിഷയം:-** പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾക്ക് ഭവനനിർമ്മാണത്തിന് അധിക തുക നൽകണമെന്നതു സംബന്ധിച്ച്

| | | |
|---|---|---|
| ***പ്രോ.നം:*** 109/24 | ***അടങ്കൽ*** | ***6,25,00,000 രൂപ*** |
| | *റ്റി.എസ്.പി* | *20,00,000 രൂപ* |
| | *സംസ്ഥാനസർക്കാർ വിഹിതം* | *2,64,00,000രൂപ* |
| | *വായ്പ* | *3,41,00,000 രൂപ* |
| ***പേര്*** | **ലൈഫ് ഭവനനിർമ്മാണം - റ്റി.എസ്.പി വിഹിതം** | |

മറയൂർ ഗ്രാമപഞ്ചായത്തിൽ 24 പട്ടികവർഗ്ഗ കുടികളുണ്ട്. ഇവയിൽ ഭൂരിഭാഗവും ദുർഘടമേഖലയിലാണ്. തായണ്ണൻകുടി, മുളകാമുട്ടികുടി, പുതുക്കുടി, വെള്ളക്കൽ കുടി എന്നീ സങ്കേതങ്ങൾ അതീവ ദുർഘടമേഖലയിലാണ് സ്ഥിതി ചെയ്യുന്നത്. ഇവിടെ വീട്ടു നിർമ്മാണത്തിന് തലച്ചുമടായും മറ്റു സാധനസാമഗ്രികൾ എത്തിക്കുന്നതിന് ചെലവ് കൂടും. ലൈഫ് ഭവന പദ്ധതി പ്രകാരം ഈ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് നൽകാവുന്നത് 6.00 ലക്ഷം രൂപയാണ്. ഇത് വർദ്ധിപ്പിച്ചു നൽകണമെന്ന് ഗുണഭോക്താക്കൾ ആവശ്യപ്പെട്ടിട്ടുണ്ട്. ലോക്കൽ റേറ്റ് അനുസരിച്ച് ഒരു വീടിന് അധികമായി 1.80 ലക്ഷം രൂപ ട്രാൻസ്പോർട്ടേഷൻ ഇനത്തിൽ വേണ്ടിവരും എന്ന് മറയൂർ ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. അതിനാൽ അധിക തുക നൽകണമെന്നാവശ്യപ്പെട്ടിരിക്കുന്നു.

119

## 4.83 പട്ടണക്കാട് ഗ്രാമപഞ്ചായത്ത്

**ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 30.09.2023-ലെ കത്തും പട്ടണക്കാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 18.08.2023-ലെ SC2-3031/23-ാം നമ്പർ കത്തും (SRG/1344/23 - CC/631/23)**

**വിഷയം:-** ലൈഫ് ഭവന പദ്ധതിപ്രകാരം വീട് നിർമ്മിക്കുന്നതിന് ധനസഹായം നൽകുന്നത് സംബന്ധിച്ച്.

പട്ടണക്കാട് ഗ്രാമപഞ്ചായത്തിലെ ശ്രീമതി. പ്രസീത W/o പ്രസാദ് എന്ന വ്യക്തി 2020-ലെ പട്ടികജാതി വിഭാഗത്തിലെ ലൈഫ് ഭവന ലിസ്റ്റിൽ ഉണ്ട്. ഇവർ 2010-11-ൽ IAY ഭവന പദ്ധതിയിൽ 60,750 രൂപ കൈപ്പറ്റിയിരുന്നു എങ്കിലും ഭവന നിർമ്മാണം പൂർത്തിയായില്ല. വീട് നിർമ്മാണ സമയത്ത് അപേക്ഷകയുടെ ഭർത്താവ് മരണപ്പെട്ടു. ഏക മകനും വാഹനാപകടത്തിൽ മരണപ്പെട്ടു. ലൈഫ് ഭവന പദ്ധതിപ്രകാരം ധനസഹായം ലഭിക്കണമെങ്കിൽ 2010-11 ൽ വാങ്ങിയ തുക പലിശ സഹിതം തിരികെ അടയ്ക്കേണ്ടതുണ്ട്. എന്നാൽ ഈ വ്യക്തിയുടെ സ്ഥിതി വളരെ ബുദ്ധിമുട്ട് നിറഞ്ഞതാണെന്നറിയിച്ചുകൊണ്ട് വാങ്ങിയ തുകയും പലിശയും ഒഴിവാക്കി ലൈഫ് ഭവന പദ്ധതി പ്രകാരമുള്ള ധനസഹായം നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

120

## 4.84 വള്ളിക്കുന്നം ഗ്രാമപഞ്ചായത്ത്

**ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 30.09.2023-ലെ കത്ത് (SRG/1347/23 - CC/666/23)**

**വിഷയം:-** ലൈഫ് ഗുണഭോക്താവിന് ലഭിക്കേണ്ട അവസാന ഗഡു നൽകുന്നത് സംബന്ധിച്ച്

ലൈഫ് പദ്ധതിയിലെ ഗുണഭോക്താക്കൾക്ക് നൽകേണ്ട തുക ജില്ലാ പഞ്ചായത്തിന്റെ വിഹിതത്തിൽ നിന്ന് നൽകാൻ 30.03.2022 -ൽ ട്രഷറിയിൽ നൽകിയിരുന്നു. അതിൽ ഉൾപ്പെട്ട 3 ഗുണഭോക്താക്കൾക്ക് തുക ലഭിച്ചുവെങ്കിലും ശ്രീമതി. സുകുമാരിയമ്മ, പള്ളിയിൽ വീട്, വാർഡ് 7 എന്ന വ്യക്തിക്ക് ലഭിക്കേണ്ട 1.00 ലക്ഷം രൂപ അക്കൗണ്ടിലേയ്ക്ക് ക്രഡിറ്റായില്ല. അക്കൗണ്ട് നമ്പർ സംബന്ധിച്ച് പ്രശ്നമൊന്നുമില്ല. ബാങ്കിലെ സെർവറിന്റെ പ്രശ്നമായിരുന്നു എന്നറിയിച്ചിരിക്കുന്നു. സാങ്കേതിക പിഴവ് ഗ്രാമപഞ്ചായത്ത് പരിഹരിക്കാൻ വൈകിയതിനാൽ സർക്കാരിലേയ്ക്ക് തുക ക്രെഡിറ്റ് ആയെന്ന് ട്രഷറി ഓഫീസർ അറിയിച്ചു. ഗുണഭോക്താവ് സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്ന വ്യക്തിയാണെന്നറിയിച്ചിട്ടുണ്ട്. അതിനാൽ അർഹതപ്പെട്ട വിഹിതം ഈ വർഷത്തെ ലൈഫ് വിഹിതത്തിൽ നിന്നോ തനത് ഫണ്ടിൽ നിന്നോ നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

121

**4.85 <u>അരൂർ ഗ്രാമപഞ്ചായത്ത്</u>**

**ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 30.09.2023-ലെ കത്തും അരൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 12.09.2023-ലെ 2(1) -ാം നമ്പർ തീരുമാനവും (SRG/1353/23 - CC/724/2023)**

**വിഷയം:-** ഇടിഞ്ഞു തകർന്ന വീട് പുനർ നിർമ്മിക്കുന്നത് സംബന്ധിച്ച്

| | | |
|---|---|---|
| *പ്രോ.നം:* 181/24 | ***അടങ്കൽ*** | ***6,50,000 രൂപ (തനത് ഫണ്ട്)*** |
| ***പേര്*** | ***പകൽ വീടിന്റെ മതിൽ ഇടിഞ്ഞു വീട് തകർന്ന ഷാജി തോപ്പിൽ പറമ്പിലിന്റെ വീടിന്റെ പുനർ നിർമ്മാണം*** | |

അരൂർ ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള 5-ാം വാർഡിൽ സ്ഥിതി ചെയ്യുന്ന പകൽ വീടിന്റെ ചുറ്റുമതിൽ 06.04.2021-ൽ തകർന്ന് ശ്രീ.ഷാജി തോപ്പിൽ പറമ്പിൽ എന്ന വ്യക്തിയുടെ വീട് പൂർണ്ണമായും തകർന്നു പോയി. ഇവർക്ക് പുതിയ വീട് നിർമ്മിച്ചു നൽകാൻ 10.12.2021 ൽ തീരുമാനം എടുത്തു. പുതിയ വീട് നിർമ്മിച്ചു നൽകാൻ ടെണ്ടർ വിളിച്ചുവെങ്കിലും ആരും ടെണ്ടർ എടുത്തില്ല. ശ്രീ.ഷാജി തോപ്പിൽ പറമ്പിൽ 31.08.2023-ൽ മരണപ്പെട്ടു. നിരാലംബയായ ഭാര്യയും ഒരു പെൺകുട്ടിയും മാത്രമുള്ള സാഹചര്യത്തിൽ വീട് നിർമ്മിച്ചു നൽകേണ്ടതുണ്ട്. സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി വീട് നിർമ്മാണത്തിന് 5.60 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. വീട് നിർമ്മിച്ചു നൽകാൻ അനുമതി നൽകണമെന്നും നിർവ്വഹണം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയാണോ എന്ന് വ്യക്തത വരുത്തണമെന്നും ആവശ്യപ്പെട്ടിരിക്കുന്നു.

122

**4.86 <u>പുളിക്കീഴ് ബ്ലോക്ക് പഞ്ചായത്ത്</u>**

**പത്തനംതിട്ട ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 04.10.2023-ലെ കത്തും ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 15.09.2023-ലെ 2 (1)-ാം നമ്പർ തീരുമാനവും (SRG/1366/23 - CC/803/23)**

**വിഷയം:-** പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുടെ അടുക്കള നവീകരിക്കുന്നതിന് ധനസഹായം നൽകുന്നത് സംബന്ധിച്ച്

| | | |
|---|---|---|
| *പ്രോ.നം:* 97/24 | ***അടങ്കൽ*** | ***10,00,000 രൂപ (എസ്.സി.പി)*** |
| ***പേര്*** | ***സ്മാർട്ട് കിച്ചൺ*** | |

നിലവിൽ അടുക്കള ഇല്ലാത്തതോ അപൂർണ്ണമായ അടുക്കള ഉള്ളതോ ആയ കുടുംബത്തിന് അടുക്കള മെച്ചപ്പെടുത്തുന്നതിനാണ് പ്രോജക്ട്. ഒരു ലക്ഷം രൂപ ധനസഹായം നൽകും. ആദ്യഗഡുവായി 25,000 രൂപയും തുടർന്ന് 50,000 രൂപ, 25,000 രൂപ നിരക്കിലും ഗഡുക്കൾ നൽകുന്നു. സ്മാർട്ട് കിച്ചൺ എന്ന പേരിലുള്ള ഈ പ്രോജക്ട് നടപ്പാക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

123

**4.87 <u>വേങ്ങര ഗ്രാമപഞ്ചായത്ത്</u>**

**മലപ്പുറം ജില്ലാപ്ലാനിംഗ് ഓഫീസറുടെ 18.08.2023 ലെ കത്തും വേങ്ങര ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 09.02.2023 ലെ 1(4)-ാം നമ്പർ തീരുമാനവും (SRG/1195/23 - CC/557/23).**

**വിഷയം:-** ഗ്രാമസേവാകേന്ദ്രത്തിലേക്ക് കമ്പ്യൂട്ടർ വാങ്ങുന്നതു സംബന്ധിച്ച്

| പ്രോ.നം: 3/24 | അടങ്കൽ | 4,00,000 രൂപ<br>(തനത് ഫണ്ട്) |
|---|---|---|
| പേര് | ഗ്രാമസേവാ കേന്ദ്രങ്ങളുടെ പ്രവർത്തന ഫണ്ട് നൽകലും അനുബന്ധ പ്രവൃത്തികളും | |

വേങ്ങര ഗ്രാമപഞ്ചായത്ത് ഗ്രാമസേവാ കേന്ദ്രത്തിന്റെ പ്രവർത്തനത്തിനായി പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി ഗ്രാമപഞ്ചായത്ത് രണ്ടാംവാർഡിൽ ഗ്രാമസേവാ കേന്ദ്രത്തിലേക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങാൻ അനുമതി സംബന്ധിച്ച്.

124

4.88 <u>കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്ത്</u>

**മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 18.08.2023 ലെ കത്തും കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 15.06.2023 ലെ 6(1)-ാം നമ്പർ തീരുമാനവും (SRG/1199/23 - CC/581/23).**

**വിഷയം:-** സ്പോർട്സ് ക്ലബ്ബുകൾക്ക് LCD പ്രൊജക്ടർ നൽകുന്നതു സംബന്ധിച്ച്

| പ്രോ.നം: 107/24 | അടങ്കൽ | 17,00,000 രൂപ<br>(തനത് ഫണ്ട്) |
|---|---|---|
| പേര് | ആറ് ഗ്രാമപഞ്ചായത്തുകളിലെ രജിസ്റ്റേർഡ് സ്പോർട്സ് ക്ലബ്ബുകൾക്ക് എൽ.സി.ഡി പ്രൊജക്ടർ | |

രജിസ്റ്റേർഡ് സ്പോർട്സ് ക്ലബ്ബുകൾക്ക് LCD പ്രൊജക്ടർ വാങ്ങി നൽകാൻ ഉദ്ദേശിക്കുന്നു. സ്പോർട്സ് കൗൺസിലിൽ രജിസ്റ്റർ ചെയ്ത ക്ലബ്ബുകൾ കുറവാണ്. അതിനാൽ നെഹ്റു യുവ കേന്ദ്രയിൽ രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്ന ക്ലബ്ബുകൾക്ക് LCD പ്രൊജക്ടർ വാങ്ങി നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു. മികച്ച രീതിയിൽ പ്രവർത്തിക്കുന്ന സ്പോർട്സ് ക്ലബ്ബുകൾക്ക് LCD പ്രൊജക്ടർ വാങ്ങി നൽകാൻ 19.12.2022 ലെ കോഓർഡിനേഷൻ കമ്മിറ്റി അനുമതി നൽകിയിരുന്നു.

125

4.89 <u>കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്ത്</u>

**മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 18.08.2023 ലെ കത്ത് (SRG 1200/23 - CC/582/23)**

**വിഷയം:-** സ്പോർട്സ് ക്ലബ്ബുകൾക്ക് ഫർണിച്ചർ വാങ്ങി നൽകുന്നതു സംബന്ധിച്ച്.

| പ്രോ.നം: 110/24 | അടങ്കൽ | 1,00,000 രൂപ<br>(തനത് ഫണ്ട്) |
|---|---|---|
| പേര് | ആറ് ഗ്രാമപഞ്ചായത്തുകളിലെ രജിസ്റ്റേർഡ് സ്പോർട്സ് ക്ലബ്ബുകൾക്ക് ഫർണിച്ചർ | |

രജിസ്റ്റേർഡ് സ്പോർട്സ് ക്ലബ്ബുകൾക്ക് ഫർണിച്ചർ വാങ്ങി നൽകാൻ ഉദ്ദേശിക്കുന്നു. സ്പോർട്സ് കൗൺസിലിൽ രജിസ്റ്റർ ചെയ്ത സ്പോർട്സ് ക്ലബ്ബുകളുടെ എണ്ണം കുറവാണ്. അതിനാൽ നെഹറു യുവകേന്ദ്രയിൽ രജിസ്റ്റർ ചെയ്ത പ്രവർത്തിക്കുന്ന ക്ലബ്ബുകൾക്കു കൂടി ഫർണിച്ചർ വാങ്ങി നൽകാൻ ആവശ്യപ്പെട്ടിരിക്കുന്നു. മികച്ച രീതിയിൽ പ്രവർത്തിക്കുന്ന ക്ലബ്ബുകൾക്ക് ഫർണിച്ചർ - വാങ്ങി നൽകാൻ കോഓർഡിനേഷൻ കമ്മിറ്റിയുടെ 19.12.2022 ലെ യോഗം അനുമതി നൽകിയിരുന്നു.

126

4.90 <u>മൊറയൂർ ഗ്രാമപഞ്ചായത്ത്</u>

**മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 18.08.2023 ലെ കത്ത് (SRG/ 1202/23 - CC/617/23).**

**വിഷയം:-** ഗ്രാമപഞ്ചായത്ത് ഓഫീസിനു സമീപമുള്ള ട്രാൻസ്ഫോർമർ മാറ്റി സ്ഥാപിക്കുന്നതു സംബന്ധിച്ച്.

| പ്രോ.നം: 154/23 | അടങ്കൽ | 3,50,000 രൂപ<br>(തനത് ഫണ്ട്) |
|---|---|---|
| പേര് | പഞ്ചായത്ത് ഓഫീസിനു സമീപമുള്ള ട്രാൻസ്ഫോർമർ മാറ്റി സ്ഥാപിക്കൽ | |

മൊറയൂർ ഗ്രാമപഞ്ചാത്ത് ഓഫീസിനു മുൻവശത്തുള്ള ട്രാൻസ്ഫോർമർ ഓഫീസ് നവീകരണത്തിനു തടസ്സമാകുന്ന രീതിയിലാണ് സ്ഥിതി ചെയ്യുന്നത്. ഇതു മാറ്റി സ്ഥാപിച്ചാൽ മാത്രമേ സൗകര്യപ്രദമായ രീതിയിൽ റാമ്പു നിർമ്മിക്കലും ഓഫീസ് നവീകരണവും സാധിക്കുകയുള്ളൂ. ട്രാൻസ്ഫോർമർ മാറ്റി സ്ഥാപിക്കാൻ 3,06,070 രൂപ നൽകണമെന്ന് KSEB അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. ഇതിനായി തുക നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

127

**4.91 കീഴരിയൂർ ഗ്രാമപഞ്ചായത്ത്**

**കോഴിക്കോട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 19.08.2023 ലെ കത്തും അനുബന്ധ രേഖകളും (SRG/ 1204/23 – CC/399/23).**

**വിഷയം:-** കോഴിക്കോട് ജില്ലാ ആസൂത്രണസമിതി സെക്രട്ടറിയേറ്റ് കെട്ടിട നിർമ്മാണത്തിനു വിഹിതം നൽകുന്നതു സംബന്ധിച്ച്

| | | |
|---|---|---|
| ***പ്രോ.നം:* 92/24** | ***അടങ്കൽ*** | ***2,00,000 രൂപ*** |
| | *സി.എഫ്.സി. ബേസിക് ഗ്രാന്റ്* | *1,79,000 രൂപ* |
| | *തനത് ഫണ്ട്* | *21,000 രൂപ* |
| ***പേര്*** | ഡി.പി.സി കെട്ടിട നിർമ്മാണം – പഞ്ചായത്ത് വിഹിതം | |

കോഴിക്കോട് ജില്ലാ ആസൂത്രണസമിതി സെക്രട്ടറിയേറ്റ് കെട്ടിടം നിർമ്മിക്കുന്നതിനുള്ള ഗ്രാമപഞ്ചായത്ത് വിഹിതത്തിൽ 1.79 ലക്ഷം രൂപ സി.എഫ്.സി അൺടൈഡ് വിഹിതമുണ്ട്. സി.എഫ്.സി വിഹിതം ബാങ്ക് അക്കൗണ്ടിലേക്ക് മാത്രമേ കൈമാറാൻ കഴിയൂ. ജില്ലാ ആസൂത്രണസമിതി കെട്ടിട നിർമ്മാണത്തിന്റെ ഫണ്ട് ട്രഷറി അക്കൗണ്ടിലാണ് സൂക്ഷിക്കുന്നത്. ട്രഷറി അക്കൗണ്ടിലേക്ക് സി.എഫ്.സി വിഹിതം മാറ്റാൻ കഴിയില്ല. അതിനാൽ ഗ്രാമപഞ്ചായത്തു സെക്രട്ടറിയുടെ ബാങ്ക് അക്കൗണ്ടിലേക്ക് സി.എഫ്.സി വിഹിതം മാറ്റിയതിനുശേഷം ഗ്രാമപഞ്ചായത്ത് സെക്രട്ടറി ജില്ലാ ആസൂത്രണ സമിതിയുടെ ട്രഷറി അക്കൗണ്ടിലേക്ക് വിഹിതം മാറ്റാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

128

**4.92 കോഴിക്കോട് ജില്ലാ പഞ്ചായത്ത്**

**കോഴിക്കോട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 29.09.2023 ലെ കത്തും കോഴിക്കോട് ജില്ലാ പഞ്ചായത്തു സെക്രട്ടറിയുടെ 27.09.2023 ലെ P2-4771/23-ാം നമ്പർ കത്തും അനുബന്ധ രേഖകളും (SRG/ 1341/23).**

**വിഷയം:-** കക്കോടി ഖാദി ഇൻഡസ്ട്രീസ് പ്രൊഡ്യൂസേഴ്സ് കോഓപ്പറേറ്റീവ് സൊസൈറ്റിക്ക് കെട്ടിട നവീകരണത്തിന് ധനസഹായം നൽകുന്നതു സംബന്ധിച്ച്.

| | | |
|---|---|---|
| ***പ്രോ.നം:* 422/24** | ***അടങ്കൽ*** | ***25,00,000 രൂപ*** *(വികസനഫണ്ട് – ജനറൽ)* |
| ***പേര്*** | 2022-23 കക്കോടി ഖാദി കെട്ടിടങ്ങളുടെ വനിതാ തൊഴിലിടങ്ങളുടെ നവീകരണം – ബഹുവർഷം | |

കക്കോടി ഖാദി ഇൻഡസ്ട്രീസ് പ്രൊഡ്യൂസേഴ്സ് കോഓപ്പറേറ്റീവ് സൊസൈറ്റിയുടെ കെട്ടിടം വളരെയേറെ പഴക്കം ചെന്നതാണ്. ഈ സ്ഥാപനത്തിന് പുതിയ കെട്ടിടം നിർമ്മിക്കാനുദ്ദേശിക്കുന്നു. ഈ വർഷം 25.00 ലക്ഷം രൂപയും വരും വർഷം 50.00 ലക്ഷം രൂപയും ഉൾപ്പെടുത്തി ആകെ 75.00 ലക്ഷം രൂപ ചെലവഴിക്കാനാണ് ഉദ്ദേശിക്കുന്നത്. ഖാദി ഗ്രാമവ്യവസായ കമ്മീഷന്റെയും കേരള ഖാദി വ്യവസായ ബോർഡിന്റേയും അംഗീകാരമുള്ള സ്ഥാപനമാണ്. സ്ഥലം സ്ഥാപനത്തിന്റെ സ്വന്തമാണെന്നറിയിച്ചിട്ടുണ്ട്. കെട്ടിടനിർമ്മാണ ചെലവിന്റെ മുഴുവൻ തുകയും നൽകാനാണ് ഉദ്ദേശിക്കുന്നത്. ഈ പ്രോജക്ട് നടപ്പാക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

129

4.93 <u>കതിരൂർ ഗ്രാമപഞ്ചായത്ത്</u>

**കണ്ണൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 14.09.2023 ലെ കത്തും അനുബന്ധരേഖകളും (SRG/1290/23 – CC/416/2023).**

**വിഷയം:-** കതിരൂർ സൂര്യനാരായണ ക്ഷേത്രത്തിൽ ചുമർചിത്രം നിർമ്മിക്കുന്നതു സംബന്ധിച്ച്

| | | |
|---|---|---|
| ***പ്രോ.നം:*** 40/24 | ***അടങ്കൽ*** | ***2,00,000 രൂപ*** *(തനത് ഫണ്ട്)* |
| ***പേര്*** | കതിരൂർ സൂര്യനാരായണക്ഷേത്രത്തിൽ ചുമർ ചിത്രം നിർമ്മിക്കുന്നതു സംബന്ധിച്ച് | |

കതിരൂർ സൂര്യനാരായണ ക്ഷേത്രത്തിൽ ക്ഷേത്രത്തിൽ 40 പാനലുകലിലായി 2400 ചതുരശ്ര അടിയിൽ ഇടമുറിയാതെ ചുമർചിത്രം നിർമ്മിക്കാനാണ് പ്രോജക്ട്. ക്ഷേത്രകമ്മിറ്റിയുടേയും ഗ്രാമപഞ്ചായത്തിന്റേയും പൊതുജനങ്ങളുടേയും സഹായത്തോടെയാണ് ചിത്രങ്ങൾ തയ്യാറാക്കുന്നത്. ഇതിന് 25 ലക്ഷം രൂപ ചെലവ് വരും. ഇതിൽ 1.50 രൂപയുടെ പെയിന്റും 10 ചിത്രകാരന്മാർക്ക് 25 ദിവസത്തെ ഭക്ഷണത്തിനുമായി 50000 രൂപയും (ആകെ 2.00 ലക്ഷം രൂപ) ഗ്രാമപഞ്ചായത്തിൽ നിന്ന് ചെലവഴിക്കുന്നു. മറ്റ് ചെലവുകൾ ജനകീയ കമ്മിറ്റിയാണ് വഹിക്കുന്നത്. ഇതു പൂർത്തിയാകുമ്പോൾ ഇന്ത്യയിലെ ഏറ്റവും നീളംകൂടിയ ക്ഷേത്ര ചുവർ ചിത്രമായി മാറും എന്നറിയിച്ചിരിക്കുന്നു. ഇത്തരത്തിൽ ചിത്രങ്ങൾ തയ്യാറാക്കുന്നതിന് ഗ്രാമപഞ്ചായത്തും സൂര്യനാരായണക്ഷേത്ര ഭാരവാഹികളും തമ്മിൽ കരാർ ഉടമ്പടിയായെന്നും ഇതനുസരിച്ച് പൊതു ജനങ്ങൾക്ക് ഈ ചിത്രങ്ങൾ കാണാനും പഠിക്കാനും സൗകര്യമൊരുക്കമെന്നും അറിയിച്ചിട്ടുണ്ട്. ഈ തുക ചെലവഴിക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

130

4.94 <u>തൃക്കരുവ ഗ്രാമപഞ്ചായത്ത്</u>

**കൊല്ലം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 24.08.2023 ലെ കത്ത് (SRG/1227/23 – CC/335/23).**

**വിഷയം:-** കെട്ടിട നമ്പർ ഇല്ലാത്ത കുടുംബങ്ങൾക്ക് സെപ്റ്റിക് ടാങ്ക് നൽകുന്നതു സംബന്ധിച്ച്.

| | | |
|---|---|---|
| ***പ്രോ.നം:*** 132/24 | ***അടങ്കൽ*** | ***22,54,900 രൂപ*** |
| | ***സി.എഫ്.സി റ്റൈഡ് ഗ്രാന്റ്*** | ***10,34,900 രൂപ*** |
| | ***കേന്ദ്രാവിഷ്കൃത വിഹിതം*** | ***12,20,000 രൂപ*** |
| ***പേര്*** | സെപ്റ്റിക് ടാങ്ക് സ്ഥാപിക്കൽ | |

അഷ്ടമുടി കായൽ തീരത്ത് താമസിക്കുന്ന സാധാരണക്കാരായ പല കുടുംബങ്ങൾക്കും സെപ്റ്റിക് ടാങ്ക് ഇല്ലാത്ത കക്കൂസുകളാണ് ഉള്ളത്. ഇത് കായൽ മലിനീകരണത്തിനു കാരണമാകുന്നുണ്ട്. കായൽ തീരത്ത് താമസിക്കുന്ന പല കുടുംബങ്ങളുടേയും വീടുകൾക്ക് UA നമ്പർ ആണുള്ളത്. ചിലർക്കു നമ്പർ ഇല്ല. UA നമ്പർ മാത്രമുള്ള കുടുംബങ്ങൾക്കും നമ്പർ ഇതുവരെ ലഭിക്കാത്ത കുടുംബങ്ങൾക്കും സെപ്റ്റിക് ടാങ്ക് നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു. ഒപ്പം BPL, APL നോക്കാതെ ടാങ്ക് നൽകുന്നതിനും അനുമതി ആവശ്യപ്പെട്ടിരിക്കുന്നു. ഫൈബർ സെപ്റ്റിക് ടാങ്ക് ആണ് നൽകുന്നത്.

131

4.95 <u>തെക്കുംഭാഗം ഗ്രാമപഞ്ചായത്ത്</u>

**കൊല്ലം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 24.08.2023 ലെ കത്ത് (SRG/1228/23 – CC/371/23).**

**വിഷയം:-** കെട്ടിട നമ്പർ ഇല്ലാത്ത കുടുംബങ്ങൾക്ക് സെപ്റ്റിക് ടാങ്ക് നൽകുന്നതു സംബന്ധിച്ച്.

| പ്രോ.നം: 97/23 | അടങ്കൽ | 67,00,000 രൂപ |
|---|---|---|
| | ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 5,00,000 രൂപ |
| | ജില്ലാ പഞ്ചായത്ത് വിഹിതം | 35,00,000 രൂപ |
| | സി.എഫ്.സി റ്റൈഡ് ഗ്രാന്റ് | 7,00,000 രൂപ |
| | മറ്റ തദ്ദേശഭരണസ്ഥാപന വിഹിതം (കോർപ്പറേഷൻ നഗരസഞ്ചയം) | 20,00,000 രൂപ |
| പേര് | **ജീവനാണ് അഷ്ടമുടി - ജീവിക്കണം അഷ്ടമുടി - രണ്ടാം ഘട്ടം സെപ്റ്റിക് ടാങ്ക് സ്ഥാപിക്കൽ** | |

അഷ്ടമുടികായൽ തീരത്ത് താമസിക്കുന്ന പല കുടുംബങ്ങൾക്കും വീടിനു UA നമ്പർ മാത്രമാണുള്ളത്. ചിലർക്ക് ഒരു നമ്പറും ഇല്ല. ഈ കുടുംബങ്ങളിൽ പലരുടേയും കക്കൂസുകൾക്ക് സെപ്റ്റിക് ടാങ്ക് ഇല്ല. ഇത് അഷ്ടമുടി കായൽ മലിനീകരണത്തിന് കാരണമാകുന്നു. UA നമ്പർ മാത്രമുള്ളവർക്കും വീട്ടുനമ്പർ ഇല്ലാത്തവർക്കും പ്രീ ഫാബ്രിക്കേറ്റഡ് സിന്തറ്റിക് ടാങ്ക് നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു. ഒപ്പം APL, BPL പരിഗണനകൂടാതെ തന്നെ ടാങ്ക് വിതരണം ചെയ്യാനും അനുമതി ആവശ്യപ്പെട്ടിട്ടുണ്ട്.

132

### 4.96 വല്ലച്ചിറ ഗ്രാപഞ്ചായത്ത്

**തൃശ്ശൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 26.08.2023 ലെ കത്തും വല്ലച്ചിറ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 03.08.2023 ലെ 22/10-ാം നമ്പർ തീരുമാനവും (SRG/1230/23 – CC/637/23).**

**വിഷയം:-** ഗ്രാപഞ്ചായത്തിൽ ഓണാഘോഷ പരിപാടി നടത്തുന്നതു സംബന്ധിച്ച്.

| പ്രോ.നം: 49/24 | അടങ്കൽ | 1,50,000 രൂപ |
|---|---|---|
| | വികസനഫണ്ട് ജനറൽ | 50,000 രൂപ |
| | തനത്ഫണ്ട് | 1,00,000 രൂപ |
| പേര് | **ഓണാഘോഷ സാംസ്കാരികോത്സവം** | |

ഓണാഘോഷവുമായി ബന്ധപ്പെട്ട് സാംസ്കാരികോത്സവം നടത്തുന്നതിനാണ് പ്രോജക്ട്. വിവിധ ക്ലബ്ബുകളുടേയും മറ്റും സഹകരണത്തോടെയാണ് പരിപാടി നടത്തുന്നത്. മുൻകാലങ്ങളിലും ഗ്രാമപഞ്ചായത്തിൽ നിന്നും തുക ചെലവഴിച്ചിട്ടുണ്ട്. ഇതിന്മേൽ ഓഡിറ്റ കുറിപ്പുണ്ട്. ഈ വർഷവും തുടർന്നുള്ള വർഷവും ഇതേ രീതിയിൽ പ്രോജക്ട് നടപ്പാക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

133

### 4. 97 പാലക്കാട് ബ്ലോക്ക് പഞ്ചായത്ത്

**പാലക്കാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 13.09.2023-ലെ കത്തും പാലക്കാട് ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 11.07.2023-ലെ 4(8)-ാം നമ്പർ തീരുമാനവും അനുബന്ധരേഖകളും (SRG/ 1276/23– CC/672/23)**

**വിഷയം:-** കാഴ്ചശക്തിയില്ലാത്തവർക്ക് ആൻഡ്രോയിഡ് ഓപ്പറേറ്റിംഗ് സിസ്റ്റം ഉള്ള ഫോൺ വാങ്ങുന്നത് സംബന്ധിച്ച്

| പ്രോ.നം: 137/23 | അടങ്കൽ | 1,00,000 രൂപ |
|---|---|---|
| | | (വികസനഫണ്ട് ജനറൽ – 75,000 രൂപ ) |
| | | തനത് ഫണ്ട് – 25,000 രൂപ) |
| പേര് | കാഴ്ചശക്തിയില്ലാത്തവർക്ക് മൊബൈൽ ഫോൺ വാങ്ങി നൽകൽ | |

പാലക്കാട് ബ്ലോക്ക് പഞ്ചായത്ത് കാഴ്ചശക്തി ഇല്ലാത്തവർക്ക് മൊബൈൽ ഫോൺ വാങ്ങി നൽകുന്നതിന് കഴിഞ്ഞ വർഷം പ്രോജക്ട് ഏറ്റെടുത്തിരുന്നു. പരമാവധി ധനസഹായം 3000 രൂപയിൽ പരിമിതപ്പെടുത്തണമെന്ന നിബന്ധനയോടെ 14.02.2023-ലെ കോഓർഡിഷൻ കമ്മിറ്റി യോഗം ഇതിന് അനുമതി നൽകുകയും ചെയ്തു. എന്നാൽ ആൻഡ്രോയിഡ് ഒ.എസ്. ഉള്ള ഫോൺ നൽകുകയാണെങ്കിൽ GPS സംവിധാനം ഉപയോഗിക്കുന്നതടക്കമുള്ള പ്രയോജനം ലഭിക്കുമെന്നും അതിനാൽ ഇത്തരം ഫോൺ വാങ്ങി നൽകാൻ അനുമതി നൽകണമെന്നും ആവശ്യപ്പെട്ടിരിക്കുന്നു. പരമാവധി 12,000 രൂപ ഒരു ഫോണിന് ചെലവഴിക്കാനാണ് ഉദ്ദേശിക്കുന്നത്.

134

**4. 98 <u>അട്ടപ്പാടി ബ്ലോക്ക് പഞ്ചായത്ത്</u>**

**പാലക്കാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 13.09.2023-ലെ കത്തും അട്ടപ്പാടി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 08.08.2023-ലെ കത്തും (SRG/ 1277/23- CC/673/23)**

**വിഷയം:-** ബ്ലോക്ക് പഞ്ചായത്ത് കോമ്പൗണ്ടിൽ ഓപ്പൺ ജിം, ഇൻഡോർ സ്റ്റേഡിയം നിർമ്മിക്കുന്നത് സംബന്ധിച്ച്

| | | |
|---|---|---|
| ***പ്രോ.നം: 100/24*** | ***അടങ്കൽ*** | ***25,00,000 രൂപ*** |
| | | ***(വികസനഫണ്ട് ജനറൽ )*** |
| ***പേര്*** | ***ബ്ലോക്ക് പഞ്ചായത്ത് കോമ്പൗണ്ടിൽ ഓപ്പൺ ജിം ഇൻഡോർ സ്റ്റേഡിയം*** | |

ബ്ലോക്ക് പഞ്ചായത്ത് കോമ്പൗണ്ടിൽ കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ ഓഫീസിനു സമീപം ഇൻഡോർ സ്റ്റേഡിയത്തിന് 30 സെന്റ് സ്ഥലം കണ്ടെത്തിയിട്ടുണ്ട്. പട്ടികവർഗ്ഗ വിഭാഗത്തിലുൾപ്പെടെയുള്ള യുവതീയുവാക്കളുടെ കലാകായിക പ്രവർത്തനം പ്രോത്സാഹിപ്പിക്കുന്നതിന് ഓപ്പൺ ജിം, ഇൻഡോർ സ്റ്റേഡിയം എന്നിവ നിർമ്മിക്കാൻ ഉദ്ദേശിക്കുന്നു. മാർഗ്ഗരേഖ പ്രകാരം ജില്ലാപഞ്ചായത്തിനാണ് ഇൻഡോർ സ്റ്റേഡിയം
135 നിർമ്മിക്കാവുന്നത്. ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഈ സ്ഥലത്ത് ബ്ലോക്ക് പഞ്ചായത്ത് നേരിട്ട് ഓപ്പൺ ജിം ഇൻഡോർ സ്റ്റേഡിയം നിർമ്മിക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

**4. 99 <u>ലക്കിടിപേരൂർ ഗ്രാമപഞ്ചായത്ത്</u>**

**പാലക്കാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 13.09.2023-ലെ കത്തും അനുബന്ധരേഖകളും (SRG/ 1280/23- CC/699/23)**

**വിഷയം:-** KSEBയുടെ സെക്ഷൻ ഓഫീസിനു വാടക നല്കുന്നത് സംബന്ധിച്ച്

ലക്കിടി പേരൂർ ഗ്രാമപഞ്ചായത്തിൽ ലക്കിടി കൂട്ടുപാതയിൽ 2020 ഒക്ടോബർ മാസം മുതൽ KSEB സെക്ഷൻ ഓഫീസ് പ്രവർത്തിച്ചു വരുന്നു. KSEBക്ക് കെട്ടിടം പണിയാൻ 10 സെന്റ് സ്ഥലം സൗജന്യമായി നൽകണമെന്ന നിർദ്ദേശത്തോടെ 2 വർഷക്കാലത്തേയ്ക്ക് വാടക നൽകാൻ സർക്കാർ അനുമതി നൽകിയിരുന്നു. തുടർന്ന് ഒരു വർഷത്തേയ്ക്ക് കൂടി വാടക നൽകാൻ കോഓർഡിനേഷൻ കമ്മിറ്റിയുടെ 21.10.2022-ലെ യോഗത്തിൽ അനുമതി നൽകി. KSEBയ്ക്ക് 10 സെന്റ് സ്ഥലം സൗജന്യമായി നൽകുകയോ കെട്ടിടത്തിന്റെ വാടക നൽകുകയോ ചെയ്തില്ലെങ്കിൽ സെക്ഷൻ ഓഫീസ് പ്രവർത്തനം നിർത്തിവയ്ക്കുമെന്ന് KSEB എക്സിക്യൂട്ടീവ് എഞ്ചിനീയർ 29.05.2023-ൽ കത്തു മേഖേന അറിയിച്ചിട്ടുണ്ട്. ലക്കിടി പേരൂർ 1 വില്ലേജിലെ പുറമ്പോക്ക് ഭൂമി KSEBയ്ക്കായി വിട്ടു നൽകണമെന്ന് ജില്ലാ കളക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. നടപടി ഒന്നും ആയിട്ടില്ല. KSEB ക്കായി കെട്ടിടം പണിയുന്നതുവരെ തുടർന്നും ഗ്രാമപഞ്ചായത്തിൽ നിന്നും വാടക നല്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

**4.100 <u>തൃശ്ശൂർ ജില്ലാ പഞ്ചായത്ത്</u>**

136 **തൃശ്ശൂർ ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 04.08.2023-ലെ DPT/ A4-4125/2023 -ാം നമ്പർ കത്തും അനുബന്ധരേഖകളും (SRG/ 1214/23)**

**വിഷയം:-** പട്ടികജാതി സങ്കേതങ്ങളിൽ ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കുന്നത് സംബന്ധിച്ച്

| *പ്രോ.നം: 964/23* | *അടങ്കൽ* | *12,00,000 രൂപ (SCP)* |
|---|---|---|
| *പേര്* | *തളിക്കുളം ഡിവിഷനിലെ എസ്.സി കോളനികളിൽ ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ* | |

തൃശ്ശൂർ ജില്ലാ പഞ്ചായത്ത് തളിക്കുളം ഡിവിഷനിലെ വിവിധ ഗ്രാമപഞ്ചായത്തുകളിലായുള്ള പട്ടികജാതി സങ്കേതങ്ങളിൽ ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

137

4.101 <u>മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്ത്</u>

**ബഹു. സുൽത്താൻബത്തേരി എം.എൽ.എയുടെ 21.09.2023-ലെ 1656/SBY/ICB/MLA/2023-ാം നമ്പർ കത്തും മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 21.09.2023-ലെ 401009/PDDC02/General/2023/3698-ാം നമ്പർ കത്തും (SRG/ 1429/23).**

**വിഷയം:-** സപ്ലൈകോ മാവേലി സ്റ്റോറിന് കെട്ടിട വാടക നൽകുന്നത് സംബന്ധിച്ച്

മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്തിൽ നിലവിൽ രണ്ട് മാവേലി സ്റ്റോർ പ്രവർത്തിക്കുന്നുണ്ട്. ഒരു മാവേലിസ്റ്റോർ കൂടി തുടങ്ങാൻ ഉദ്ദേശിക്കുന്നു. ഇതിനായി പള്ളിവക വാടക കെട്ടിടം കണ്ടെത്തിയിട്ടുണ്ട്. ആദ്യത്തെ ഒരു വർഷം സൗജന്യമായും തുടർന്നുള്ള വർഷങ്ങളിൽ പ്രതിമാസം 8000 രൂപ നിരക്കിലുമാണ് വാടക നൽകേണ്ടത്. നിലവിൽ മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്ന രണ്ട് മാവേലിസ്റ്റോറുകളുടെ വാടക സപ്ലൈകോയാണ് നൽകുന്നത്. 04.02.2013-ലെ 301/2013/തസ്വഭവ ഉത്തരവ് പ്രകാരം പുതുതായി ആരംഭിക്കുന്ന മാവേലി സ്റ്റോറുകൾക്ക് അടുത്ത അഞ്ചുവർഷത്തെ വാടകരഹിത കെട്ടിടവും രണ്ടാമത് ആരംഭിക്കുന്ന മാവേലി സ്റ്റോറുകൾക്ക് അത് പ്രവർത്തിക്കുന്ന കാലത്തേയ്ക്ക് വാടകരഹിത കെട്ടിടവും കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾക്കും ഫർണിഷിംഗിനുമായി ഒരു ലക്ഷം രൂപയും അതത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് വഹിക്കാൻ അനുമതിയുണ്ട്.

മൂന്നാമത് ആരംഭിക്കാൻ ഉദ്ദേശിക്കുന്ന മാവേലിസ്റ്റോറിന്റെ വാടക നൽകാനും മാവേലി സ്റ്റോറിൽ അടിസ്ഥാന സൗകര്യമൊരുക്കാനും 1.00 ലക്ഷം രൂപ സപ്ലൈകോ അക്കൗണ്ടിൽ അടയ്ക്കാനും അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

138

4.102 <u>നെല്ലിയാമ്പതി ഗ്രാമപഞ്ചായത്ത്</u>

**പാലക്കാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 21.09.2023-ലെ കത്തും നെല്ലിയാമ്പതി ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 21.03.2023-ലെ 13(1) -ാം നമ്പർ തീരുമാനവും (SRG/ 1312/23 - CC/719/23).**

**വിഷയം:-** ഹരിതകർമ്മസേനയ്ക്ക് വയബിലിറ്റി ഗ്യാപ് ഫണ്ടിൽ നിന്ന് വേതനം നൽകുന്നത് സംബന്ധിച്ച്

നെല്ലിയാമ്പതി ഗ്രാമപഞ്ചായത്തിലെ 13 വാർഡുകളിലായി നിലവിൽ 9 ഹരിതകർമ്മ സേനാംഗങ്ങൾ ആണ് പ്രവർത്തിക്കുന്നത്. ഹരിതകർമ്മസേനയ്ക്ക് പ്രതിമാസം ആകെ 20000 രൂപ മാത്രമാണ് വരുമാനം. ഗ്രാമപഞ്ചായത്തിലെ ഭൂരിഭാഗം പ്രദേശവും വനം/എസ്റ്റേറ്റ് മേഖലയാണ്. യൂസർ ഫീ വളരെ കുറവാണ്. പ്രതിമാസം 3000 രൂപയിൽ താഴെയാണ് ഒരംഗത്തിന് കിട്ടുന്ന വേതനം. 2022 നവംബർ മാസംവരെ വേതനം നൽകിയത് വയബിലിറ്റി ഗ്യാപ് ഫണ്ടിൽ നിന്നാണ്. ഹരിത കർമ്മസേന സ്വയംപര്യാപ്തത കൈവരിക്കുന്നതുവരെ വയബിലിറ്റി ഗ്യാപ് ഫണ്ടിൽ നിന്ന് വേതനം നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

139

4.103 ഉഴവൂർ ബ്ലോക്ക് പഞ്ചായത്ത്

**ഉഴവൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 20.09.2023 ലെ കത്തും ഉഴവൂർ ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 16.08.2023 ലെ 3(1)-ാം നമ്പർ തീരുമാനവും (SRG/1315/23-CC/638/23, SRG/1570/23 - LSGD - DA/349/2023/LSGD)).**

**വിഷയം:-** വിവിധ ആവശ്യങ്ങൾക്കുവേണ്ടി നിർമ്മിച്ച കെട്ടിടം ഭിന്നശേഷിക്കാരായ കുട്ടികൾക്കുവേണ്ടി ഉപയോഗിക്കുന്നതു സംബന്ധിച്ച്

| *പ്രോ.നം: 149/24* | ***അടങ്കൽ*** | ***7,00,000 രൂപ*** |
|---|---|---|
| | *വികസനഫണ്ട് ജനറൽ* | *3,60,700 രൂപ* |
| | *തനത് ഫണ്ട്* | *3,39,300 രൂപ* |
| ***പേര്*** | **സമന്വയ - മൾട്ടിസെൻസറി പാർക്ക് കെട്ടിടം അറ്റകുറ്റപ്പണി** | |

ഉഴവൂർ ബ്ലോക്ക് പഞ്ചായത്ത് 2009-10 മുതൽ 2014-15 വരെയുള്ള കാലഘട്ടത്തിൽ വിവിധ പദ്ധതിയിൽ ഉൾപ്പെടുത്തി കെട്ടിട നിർമ്മാണത്തിനായി 6 പ്രോജക്ടുകൾ നടപ്പാക്കി. ഈ കെട്ടിടങ്ങൾ ഇപ്പോൾ ഉപയോഗിക്കുന്നില്ല. ഈ കെട്ടിടങ്ങൾ റീ ഫർണിഷിംഗ് / മോഡിഫൈ ചെയ്ത് സമന്വയ മൾട്ടി സെൻസറി പാർക്ക് ആക്കി മാറ്റാൻ ഈ വർഷം പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്. ഭിന്നശേഷി കുട്ടികൾക്ക് വിവിധ തെറാപ്പികൾ, കായികശേഷി വികസനം, കുട്ടികൾക്കും രക്ഷിതാക്കൾക്കും കൗൺസിലിംഗ് എന്നിവയാണ് സെൻസറി പാർക്കുകൊണ്ട് ഉദ്ദേശിക്കുന്നത്. സ്കൂളുകളിൽ സമഗ്രശിക്ഷ കേരള (SSK), BRC എന്നിവയുമായി സഹകരിച്ച് പ്രവർത്തിക്കാനാണ് ലക്ഷ്യം.

ഇപ്പോൾ ഉപയോഗിക്കാതെ കിടക്കുന്ന കെട്ടിടങ്ങൾ ഈ ആവശ്യത്തിനായി ഉപയോഗിക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു. വികസനഫണ്ട് ജനറൽ ഉപയോഗിച്ച് നിർമ്മിച്ച താഴെ പറയുന്ന കെട്ടിടങ്ങളാണ് സെൻസറി പാർക്കിനായി ഉപയോഗിക്കാൻ ഉദ്ദേശിക്കുന്നത്.

| **ക്രമ നമ്പർ** | **പ്രോജക്ട് നം.** | **പ്രോജക്ടിന്റെ പേര്** | **അടങ്കൽ തുക (രൂപ)** | **ചെലവഴിച്ച തുക (രൂപ)** |
|---|---|---|---|---|
| 1 | 7/2010 | പട്ടിത്താനം വനിതാ സ്വയംതൊഴിൽ ഉത്പന്ന വിപണന കേന്ദ്രം | 4,00,000 രൂപ | 4,00,000 രൂപ |
| 2 | 22/2012 | പട്ടികജാതി സ്വയംതൊഴിൽ പരിശീലന ഉത്പന്ന വിതരണ കേന്ദ്രം | 6,82,000 രൂപ | 6,82,000 രൂപ |
| 3 | 25/2013 | കാണക്കാരി കാർഷിക വിജ്ഞാനകേന്ദ്രം | 3,00,000 രൂപ | 1,88,357 രൂപ |
| 4 | 61/2013 | കാണക്കാരി കാർഷിക വിജ്ഞാന കേന്ദ്രം | 1,25,000 രൂപ | 1,20,191 രൂപ |
| 5 | 6/2014 | കാണക്കാരി വനിതാ സ്റ്റാർ നിർമ്മാണം | 6,00,000 രൂപ | 6,00,000 രൂപ |
| 6 | 45/15 | കാണക്കാരി പട്ടിത്താനം മാർക്കറ്റ് സ്റ്റാൾ | 3,00,000 രൂപ | 2,96,244 രൂപ |

140

4.104 Kerala State Remote Sensing & Envionement Centre

**കേരള സ്റ്റേറ്റ് റിമോട്ട് സെൻസിംഗ് ആന്റ് എൻവയൺമെന്റ് ( KSREC) ഡയറക്ടറുടെ 17.08.2023-ലെ A - 1441/2023/KSREC നമ്പർ കത്ത് (SRG/ 1572/23 - LSGD/DC1/316/23/LSGD)**

**വിഷയം:-** കേരള സ്റ്റേറ്റ് റിമോട്ട് സെൻസിംഗ് ആന്റ് എൻവയൺമെന്റ് സെന്റർ (KSREC) മുഖേന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് GIS മാപ്പിംഗ് നടത്തുന്നതിന് അനുമതി

നൽകണമെന്നതു സംബന്ധിച്ച്

കേരളത്തിന്റെ സ്ഥലപര, പ്രാദേശിക ആസൂത്രണത്തിനും വികസനത്തിനുമായ വിവരങ്ങൾ റിമോട്ട് സെൻസിംഗ്, ജി.ഐ.എസ് തുടങ്ങിയ സാങ്കേതികവിദ്യകൾ ഉപയോഗിച്ച് ശേഖരിക്കുയും അവ വിവിധ വകുപ്പുകൾക്കും സ്ഥാപനങ്ങൾക്കും ലഭ്യമാക്കുകയും ചെയ്യുക എന്നതാണ് KSRECന്റെ പ്രധാന പ്രവർത്തനം. ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റി മുഖേന ജി.ഐ.എസ്. മാപ്പിംഗ് നടത്തുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. റിമോട്ട് സെൻസിംഗ് ജി.ഐ.എസ് പ്രവർത്തനങ്ങളിൽ സംസ്ഥാനത്തിലെ നോഡൽ ഏജൻസിയായ KSREC ന് GIS മാപ്പിംഗിൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് സഹായം നൽകാനും കഴിയും. ഇവ പരിഗണിച്ച് GIS മാപ്പിംഗ് KSREC വഴി നടത്തുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകണമെന്നാവശ്യപ്പെട്ടിരിക്കുന്നു.

141

4.105 <u>വെച്ചൂർ ഗ്രാമപഞ്ചായത്ത്</u>

**കോട്ടയം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 21.09.2023 ലെ കത്തും അനുബന്ധരേഖകളും (SRG 1314/23 – CC/386/23).**

**വിഷയം:-** തേജസ് സ്പെഷ്യൽ സ്കൂളിലെ കുട്ടികൾക്ക് ആഹാരം നൽകുന്നതു സംബന്ധിച്ച്.

| *പ്രോ.നം: 111/24* | ***അടങ്കൽ*** | *1,00,000 രൂപ*<br>*(വികസന ഫണ്ട് ജനറൽ)* |
|---|---|---|
| ***പേര്*** | **തേജസ് സ്പെഷ്യൽ സ്കൂളിലേക്ക് ആഹാരം നൽകൽ** | |

വെച്ചൂർ ഗ്രാമപഞ്ചായത്തിൽ ബഡ്സ് സ്കൂൾ ഇല്ല. തേജസ് ചാരിറ്റബിൾ ട്രസ്റ്റ് നടത്തുന്ന സ്പെഷ്യൽ സ്കൂളിലാണ് മാനസിക ശാരീരിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾ പഠിക്കുന്നത്. ഈ സ്കൂൾ സൗജന്യമായാണ് പ്രവർത്തിക്കുന്നതെന്ന് സ്കൂൾ മാനേജിംഗ് ട്രസ്റ്റ് അറിയിച്ചിട്ടുണ്ട്. ഈ സ്കൂളിലെ കുട്ടികൾക്ക് ഭക്ഷണത്തിന് ധനസഹായം നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

142

4.106 <u>തിരുവനന്തപുരം ജില്ലാ പഞ്ചായത്ത്</u>

**തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 06.06.2023-ലെ E7/4183/21/ റ്റി.ഡി.പി നമ്പർ കത്തും കോഓർഡിനേഷൻ കമ്മിറ്റിയുടെ 26.07.2023-ലെ യോഗ തീരുമാനവും (ഖണ്ഡിക 4.36) സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ 18.09.2023-ലെ C1/26892/ DTP നമ്പർ കത്തും അനുബന്ധരേഖകളും (SRG/847/23)**

**വിഷയം:-** സർക്കാർ കൊമേഷ്യൽ ഇൻസ്റ്റിറ്റ്യൂട്ടിന്റേയും ഗവ. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ഡിസൈനിംഗ് സ്ഥാപനങ്ങളിലെയും പ്രോജക്ടുകൾ നടപ്പാക്കുന്നത് സംബന്ധിച്ച്

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള തിരുവനന്തപുരം ജില്ലയിലെ മണ്ണന്തല സർക്കാർ കൊമേഷ്യൽ ഇൻസ്റ്റിറ്റ്യൂട്ട് , ജില്ലയിലെ ഏഴ് ഗവ.ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ഡിസൈനിംഗ് സ്ഥാപനങ്ങൾ എന്നിവയുടെ നടത്തിപ്പ് ജില്ലാ പഞ്ചായത്തിന് കൈമാറിയിട്ടുള്ളതാണ്. ഈ സ്ഥാപനങ്ങളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട വിവിധ ആവശ്യങ്ങൾക്കുള്ള പ്രോജക്ടുകളുടെ നിർവ്വഹണ ഉദ്യോഗസ്ഥൻ ജില്ലാ പഞ്ചായത്ത് സെക്രട്ടറിയാണ്. ഈ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട പ്രോജക്ടുകളുടെ സുഗമമായ നടത്തിപ്പിന് ഈ സ്ഥാപനങ്ങളുടെ മേധാവികളെ നിർവ്വഹണ ഉദ്യോഗസ്ഥനാക്കണമെന്ന് ജില്ലാ പഞ്ചായത്ത് സെക്രട്ടറി ആവശ്യപ്പെട്ടിരുന്നു. 7 ജി.ഐ.എഫ്.ഡി. സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട പ്രോജക്ടുകളുടെ നിർവ്വഹണ ഉദ്യോഗസ്ഥനായി സൂപ്രണ്ട്, ഗവ.ടെക്നിക്കൽ ഹൈസ്കൂൾ, മഞ്ച, നെടുമങ്ങാടിനെയും മണ്ണന്തല ഗവ. കൊമേഷ്യൽ ഇൻസ്റ്റിറ്റ്യൂട്ടുമായി ബന്ധപ്പെട്ട പ്രോജക്ടുകളുടെ നിർവ്വഹണ ഉദ്യോഗസ്ഥനായി സൂപ്രണ്ട്, ഗവ. കൊമേഷ്യൽ

ഇൻസ്റ്റിറ്റ്യൂട്ട് മണ്ണുത്തലയേയും നിയമിക്കണമെന്നായിരുന്നു ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ ശുപാർശ.

കോഓർഡിനേഷൻ കമ്മിറ്റിയുടെ 26.07.2022-ലെ യോഗം ഇത് പരിഗണിക്കുകയും അനുമതി നൽകുകയും ചെയ്തു. ഒപ്പം ഇവർക്ക് ഡി.ഡി.ഒ കോഡ് അനുവദിക്കുന്ന പഞ്ചായത്ത് ഡയറക്ടർ ശുപാർശ ചെയ്ത പ്രകാരം ഇവർക്ക് ധനവകുപ്പ് ഡി.ഡി.ഒ കോഡ് അനുവദിച്ചു. എന്നാൽ ഈ ഉദ്യോഗസ്ഥരെ നിർവ്വഹണ ഉദ്യോഗസ്ഥരായി സുലേഖയിൽ ഉൾപ്പെടുത്തിയിട്ടില്ല. അതിനാൽ ഇവരെ നിർവ്വഹണ ഉദ്യോഗസ്ഥരായി സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തണമെന്നാവശ്യപ്പെട്ടിരിക്കുന്നു.

143

4.107 <u>മണ്ണു പരിശോധന പ്രോജക്ടുകളുടെ നിർവ്വഹണം</u>

**മലപ്പുറം, തിരുവനന്തപുരം ജില്ലാ മണ്ണു പരിശോധന അസിസ്റ്റന്റ് സോയിൽ കെമിസ്റ്റുമാരുടെ 16.04.2022, 16.05.2022 എന്നീ തീയതികളിലെ കത്തുകളും കൃഷി ഡയറക്ടറുടെ 26.09.2023-ലെ TF(2) 10976/2023 -ാം നമ്പർ കത്തും അനുബന്ധരേഖകളും (SRG/837/23)**

**വിഷയം:-** ജില്ലയിലെ മണ്ണു പരിശോധന പ്രോജക്ടുകളുടെ നിർവ്വഹണ ഉദ്യോഗസ്ഥരെയും വെറ്റിംഗ് ഓഫീസറെയും നിശ്ചയിക്കുന്നത് സംബന്ധിച്ച്

ജില്ലാ പഞ്ചായത്തിന്റെ കാർഷിക ആവശ്യങ്ങൾക്കുള്ള മണ്ണ് പരിശോധനാ പ്രോജക്ടുകളുടെ നിലവിലെ നിർവ്വഹണ ഉദ്യോഗസ്ഥൻ കൃഷി ഡെപ്യൂട്ടി ഡയറക്ടർ (വൈ.പി) ആണ്. ഈ ഉദ്യോഗസ്ഥന്റെ ജോലിഭാരം കണക്കിലെടുത്ത് മണ്ണു പരിശോധന സംബന്ധിച്ച പ്രോജക്ടുകളുടെ ഉദ്യോഗസ്ഥനായി ജില്ലാ മണ്ണു പരിശോധന ലബോറട്ടറി അസിസ്റ്റന്റ് സോയിൽ കെമിസിറ്റിനെ നിയമിക്കണമെന്ന് മലപ്പുറം, തിരുവനന്തപുരം ജില്ലകളിൽ നിന്നാവശ്യപ്പെട്ടിരുന്നു. ഇവർക്ക് വ്യക്തതതയോടെ ഡി.ഡി.ഒ കോഡ് നൽകി ബന്ധപ്പെട്ട പ്രോജക്ടുകൾ വെറ്റ ചെയ്യേണ്ടതാരാണെന്ന് നിശ്ചയിച്ചിട്ടില്ല. ഈ വിഷയത്തിൽ കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ അഭിപ്രായമാരാഞ്ഞു.

കാർഷിക ആവശ്യങ്ങൾക്കുള്ള മണ്ണു പരിശോധനാ പ്രോജക്ടുകളുടെ നിർവ്വഹണ ഉദ്യോഗസ്ഥരായി മണ്ണു പരിശോധനാശാലകളിലെ അസിസ്റ്റന്റ് സോയിൽ കെമിസ്റ്റുമാരെ നിയോഗിക്കാവുന്നതാണെന്നും ഈ പ്രോജക്ടുകളുടെ വെറ്റിംഗ് ഓഫീസർമാരായി അതത് ജില്ലയിലെ പ്രിൻസിപ്പൽ കൃഷി ഓഫീസർമാരെ നിശ്ചയിക്കാവുന്നതാണെന്നും കൃഷി ഡയറക്ടർ 26.09.2023-ൽ കത്ത് മുഖേന അറിയിച്ചിട്ടുണ്ട്.

144

4.108 <u>തൈക്കാട്ടുശ്ശേരി ബ്ലോക്ക് പഞ്ചായത്ത്</u>

**ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 30.09.2023 ലെ കത്തും തൈക്കാട്ടുശ്ശേരി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 25.09.2023-ലെ കത്തും (SRG/1350/23 - CC/694/23).**

**വിഷയം:-** ചേന്നംപള്ളിപ്പുറം വാർഡിൽ പതിയാമൂല ഭാഗത്ത് കാന നിർമ്മിക്കുന്നത് സംബന്ധിച്ച്

| | | |
|---|---|---|
| *പ്രോ.നം:* 40/24 | ***അടങ്കൽ*** | *7,50,000 രൂപ*<br>*തനത് ഫണ്ട് - 1,77,000 രൂപ* |
| | | *CFC Tied Grant - 5,73,000 രൂപ* |
| ***പേര്*** | **ചേന്നം പള്ളിപ്പുറം വാർഡ് 6 പതിയാമൂല കാന കവർ സ്ലാബ് നിർമ്മാണം** | |

തൈക്കാട്ടുശ്ശേരി ബ്ലോക്ക് പഞ്ചായത്തിലെ ചേന്നംപള്ളിപ്പുറം ഗ്രാമപഞ്ചായത്തിൽ പതിയാമൂല ഭാഗത്തും 14-ാം നമ്പർ അങ്കണവാടി പരിസരത്തും വെള്ളക്കെട്ട് പ്രശ്നമുണ്ട്. ഇവിടെ കക്കൂസ് മാലിന്യമടക്കം മലിനജലം കെട്ടിക്കിടക്കുന്നു. ഇതു പരിഹരിക്കാൻ കവർ സ്ലാബ് ഉൾപ്പെടെ കാന നിർമ്മിക്കണം. ഗ്രാവൽ റോഡ്, പതിയാമൂല, വാഴച്ചിറ റോഡ് എന്നിവടങ്ങളിൽ കാന

നിർമ്മിച്ച് മലിനജലം പള്ളിപ്പുറം തവനക്കടവ് PWD റോഡിൽ നിലവിലുള്ള കലുങ്കിലേയ്ക്ക് ബന്ധിപ്പിക്കണം. ഇതിനായി ഗ്രാമപഞ്ചായത്ത് റോഡിൽ 47 മീറ്റർ നീളത്തിലും PWD റോഡിൽ 17 മീറ്ററും കാന നിർമ്മിച്ച് സ്ലാബ് ഇടണം. PWD റോഡിൽ കാന നിർമ്മിച്ച് സ്ലാബ് ഇടാൻ PWD എക്സിക്യൂട്ടീവ് എഞ്ചിനീയർ NOC നൽകിയിട്ടുണ്ട്. PWD റോഡിൽ 17 മീറ്റർ ഭാഗത്ത് കാന നിർമ്മിച്ച് സ്ലാബിടാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

145

**4.109 <u>താനൂർ ബ്ലോക്ക് പഞ്ചായത്ത്</u>**

**മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 05.10.2023 ലെ കത്തും അനുബന്ധ രേഖകളും (SRG/ 1435/23 – CC/665/2023).**

**വിഷയം:-** ബ്ലോക്കുപഞ്ചായത്തിലേക്ക് ഡിജിറ്റൽ ക്യാമറ വാങ്ങുന്നതു സംബന്ധിച്ച്.

| | | |
|---|---|---|
| *പ്രോ.നം:* 59/24 | ***അടങ്കൽ*** | ***50,000 രൂപ*** *(നോൺറോഡ് മെയിന്റനൻസ് ഗ്രാന്റ്)* |
| ***പേര്*** | **ഡോക്യുമെന്റേഷൻ ആവശ്യാർത്ഥം ഡിജിറ്റൽ ക്യാമറ വാങ്ങൽ** | |

ബ്ലോക്ക് പഞ്ചായത്തിലേക്ക് ഡോക്യുമെന്റേഷൻ ആവശ്യത്തിന് നോൺറോഡ് മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിച്ച് ഡിജിറ്റൽ ക്യാമറ വാങ്ങാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

146

**4.110 <u>കിഴക്കോത്ത് ഗ്രാമപഞ്ചായത്ത്</u>**

**കിഴക്കോത്ത് ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 03.10.2023-ലെ കത്തും കിഴക്കോത്ത് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 01.07.2023-ലെ 10(1) നമ്പർ തീരുമാനവും (SRG/1425/23)**

**വിഷയം:-** KSEB സബ് എഞ്ചിനീയർ ഓഫീസിന് പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സിലെ മുറി അനുവദിക്കണമെന്നതു സംബന്ധിച്ച്

ഗ്രമപഞ്ചായത്തിൽ 2014 മുതൽ KSEB യുടെ സബ് എഞ്ചിനീയർ ഓഫീസ് പ്രവർത്തിക്കുന്നുണ്ട്. KSEB ക്ക് സൗജന്യമായി ഓഫീസ് മുറി അനുവദിക്കണമെന്ന നിബന്ധനയോടെയാണ് സബ് എഞ്ചിനീയർ ഓഫീസ് അനുവദിച്ചത്. 2014 മുതൽ പ്രവർത്തിക്കുന്ന ഓഫീസ് മുറി വാടക നൽകാത്തതിനാൽ (വാടക രഹിതമായാണ് ഉപയോഗിച്ചുകൊണ്ടിരുന്നത്) ഒഴിഞ്ഞു നൽകേണ്ടി വന്നു. കഴിഞ്ഞ ഒരു വർഷമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന മുറിയിൽ അടിസ്ഥാന സൗകര്യമില്ല. ഈ സാഹചര്യത്തിൽ ഗ്രാമപഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സിൽ ലേലം കൊള്ളാതെ ഒഴിഞ്ഞു കിടക്കുന്ന ഒരു മുറി വാടക രഹിതമായി KSEB സബ് എഞ്ചിനീയർ ഓഫീസിനായി നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

147

**4.111 <u>തിരുവനന്തപുരം ജില്ലാ പഞ്ചായത്ത്</u>**

**സർക്കാരിന്റെ 15.11.2023 -ലെ DE2/131/2023/തസ്വഭവ നമ്പർ കത്തും തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 23.03.2023-ലെ P4/2115/2021/TDP നമ്പർ കത്തും ജില്ലാ പഞ്ചായത്ത് ഭരണസമിതിയുടെ 01.02.2023-ലെ 8(16)-ാം നമ്പർ തീരുമാനവും (SRG/1585/23)**

**വിഷയം:-** തിരുവനന്തപുരം ജില്ലാ പഞ്ചായത്തിന് യു ട്യൂബ് ചാനൽ തുടങ്ങുന്നത് സംബന്ധിച്ച്

തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് നടത്തുന്ന വിവിധ സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾ, ജനകീയ പദ്ധതികൾ, സർക്കാരിന്റെ വിവിധ ക്ഷേമ പദ്ധതികൾ എന്നിവ പൊതുജനങ്ങളിലേയ്ക്ക് എത്തിക്കുന്നതിന് യൂട്യൂബ് ചാനൽ തുടങ്ങാൻ ജില്ലാ പഞ്ചായത്ത് ഉദ്ദേശിക്കുന്നു. ഇതുവഴി ഡോക്യുമെന്റേഷനും ഉദ്ദേശിക്കുന്നു. സോഷ്യൽ മീഡിയ കൈകാര്യം ചെയ്യുന്നതിന് ജില്ലയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സ്റ്റാർട്ടപ്പുകളെ ടെണ്ടറിലൂടെ തെരഞ്ഞെടുക്കാനും ഇതിനായി തനത് ഫണ്ട് ചെലവഴിക്കാനും അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

148 4.112 വയനാട് ബ്ലോക്ക് പഞ്ചായത്ത്

**വയനാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 11.10.2023-ലെ കത്തും കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 08.08.2023-ലെ 4/4/2-ാം നമ്പർ തീരുമാനവും (SRG/1466/23 - CC/836/23)**

**വിഷയം:-** ഷീ ലോഡ്ജിലേയ്ക്ക് ആവശ്യമായ ഫർണിച്ചർ വാങ്ങുന്നത് സംബന്ധിച്ച്

| | | |
|---|---|---|
| *പ്രോ.നം: 183/24* | *അടങ്കൽ* | *11,00,000 രൂപ (വികസനഫണ്ട് ജനറൽ)* |
| *പേര്* | *ഷീ ലോഡ്ജിലേയ്ക്ക് ആവശ്യമായ ഫർണിച്ചർ ഉപകരണങ്ങൾ വാങ്ങൽ* | |

കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് ഇപ്പോൾ പുതിയ കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ബ്ലോക്ക് പഞ്ചായത്തിന്റെ പഴയ കെട്ടിടം ഷീ ലോഡ്ജിനു വേണ്ടി നവീകരിച്ചിട്ടുണ്ട്. ഇത് കല്പറ്റ ടൗണിനോട് ചേർന്ന് ബസ് സ്റ്റാൻഡിനടുത്തായതിനാൽ ഷീ ലോഡ്ജിന് അനുയോജ്യമാണ്. ഷീ ലോഡ്ജിന് ആവശ്യമായ ഫർണിച്ചറും മറ്റും വാങ്ങുന്നതിനുള്ള പ്രോജക്ടിന് അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

149 4.113 കോതമംഗലം നഗരസഭ

**കോതമംഗലം നഗരസഭാ ചെയർമാന്റെ 24.09.2022, 18.05.2023, 18.09.2023 എന്നീ തീയതികളിലെ കത്തുകളും നഗരകാര്യ ഡയറക്ടറുടെ 29.11.2022-ലെ DUA/9742/2022-DC3 നമ്പർ കത്തും അനുബന്ധരേഖകളും (SRG/1541/23)**

**വിഷയം:-** വിവിധ കേന്ദ്രാവിഷ്കൃത പദ്ധതിയിൽ ലഭിച്ച ബാക്കി തുക നഗരസഭയുടെ മറ്റാവശ്യത്തിന് ഉപയോഗിക്കാൻ അനുമതി സംബന്ധിച്ച്

വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി പല സമയങ്ങളിലായി ലഭിച്ചിട്ടുള്ള തുകയിൽ പദ്ധതി പൂർത്തിയായതിനുശേഷം 1,82,17,088 രൂപ നഗരസഭയുടെ വിവിധ ബാങ്ക് അക്കൗണ്ടുകളിലായി ബാക്കിയുണ്ട്. വിശദാംശം താഴെ ചേർക്കുന്നു.

| ക്രമ നം | പദ്ധതിയുടെ പേര് | ബാക്കിയുള്ള തുക (31.03.2022 വരെ) | ബാങ്കിന്റെ പേര് |
|---|---|---|---|
| 1 | KURDFC | 41,399 | SBI |
| 2 | B Fund | 1,28,516 | SBI |
| 3 | IHSDP | 2,91,498 | IDBI |
| 4 | IDSMT | 32,775 | SBI |
| 5 | Kudumbasree | 3,33,905 | Union Bank |
| 6 | SHASU | 1,40,818 | South Indian Bank |
| 7 | SSAB Fund | 66,705 | Union Bank |
| 8 | Solid Waste Mangement Fund | 1,37,89,597 | IDBI |
| 9 | IDSMT | 33,59,100 | Federal Bank |
| 10 | IDSMT | 32,775 | SBI |
| | **ആകെ** | **1,82,17,088 രൂപ** | |

റിട്ടയർ ചെയ്ത ജീവനക്കാർക്ക് പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്ന വകയിൽ സർക്കാരിൽ നിന്നും 6,90,18,642 രൂപ നഗരസഭയക്ക് ലഭിക്കാനുണ്ട്. നഗരസഭയ്ക്ക് ഇപ്പോൾ സാമ്പത്തിക പ്രതിസന്ധിയുണ്ട്. മുകളിൽ പറഞ്ഞ തുക വിവിധ പദ്ധതികൾ പൂർത്തിയാക്കിയതിനുശേഷം മിച്ചമുള്ളതാണ്. ഈ തുക നഗരസഭയ്ക്ക് മോഡേൺ ഗ്യാസ് ക്രിമിറ്റോറിയത്തിന്റെയും ടൗൺഹാൾ കം ഇൻഡോർ സ്റ്റേഡിയത്തിന്റെയും നിർമ്മാണത്തിനുള്ള അടിസ്ഥാന

ചെലവുകൾക്ക് ഉപയോഗിക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു. നഗരസഭയുടെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് ഈ തുക സർക്കാരിലേയ്ക്ക് തിരികെ അടയ്ക്കാമെന്ന് അറിയിച്ചിട്ടുണ്ട്.

150

**4.114 Kerala State Labour co-operative Federation Ltd ( LABOUR FED)**

**Kerala State Labour Co-operative Federation മാനേജിംഗ് ഡയറക്ടറുടെ കത്ത് (ലഭിച്ചത് 03.11.2023) (SRG/1463/23)**

**വിഷയം:-** തദ്ദേശഭരണസ്ഥാപനങ്ങളുടെ നിർമ്മാണ പ്രവർത്തികൾ ലേബർ കോൺട്രാക്ട് കോഓപ്പറേറ്റീവ് സൊസൈറ്റികളെ ഏൽപ്പിക്കണമെന്നതു സംബന്ധിച്ച്.

(i) കോവിഡ് മഹാമാരിക്ക് ശേഷം ലേബർ കോൺട്രാക്ട് സൊസൈറ്റികൾക്ക് നിർമ്മാണ പ്രവൃത്തികളുടെ കരാർ ലഭിക്കുന്നതിൽ കുറവു വന്നിട്ടുണ്ട്. തദ്ദേശസ്വയംഭരണ വകുപ്പിന്റെ 11.08.2017-ലെ 2780/2017/തസ്വഭവ ഉത്തരവു പ്രകാരം ലേബർ കോൺട്രാക്ട് സൊസൈറ്റികളെ വിവിധ പ്രവൃത്തികൾ പ്രത്യേക പരിഗണനയോടെ ഏൽപ്പിക്കുന്നതിന് ഏറ്റവും ഒടുവിലത്തെ സാമ്പത്തിക വർഷത്തിൽ താഴെപ്പറയുന്ന പ്രകാരമുള്ള തുകയ്ക്കുള്ള ജോലികൾ ഏറ്റെടുത്ത് പൂർത്തിയാക്കിയിരിക്കണം എന്ന നിബന്ധനയുണ്ട്.

| | |
|---|---|
| A ക്ലാസ്സ് ലേബർ സഹകരണ സംഘം | 500 ലക്ഷം രൂപ |
| B ക്ലാസ്സ് ലേബർ സഹകരണ സംഘം | 300 ലക്ഷം രൂപ |
| C ക്ലാസ്സ് ലേബർ സഹകരണ സംഘം | 100 ലക്ഷം രൂപ |

പ്രളയം, കോവിഡ് മൂലമുള്ള സാമ്പത്തിക പ്രതിസന്ധിമൂലവും PWD ലൈസൻസ് നിർബന്ധമാക്കിയതിനാലും C ക്ലാസ്സ് സംഘങ്ങൾക്ക് മുൻ വർഷം 100 ലക്ഷം രൂപയുടെ പ്രവൃത്തിയെടുത്തി രിക്കണമെന്ന നിബന്ധന പാലിക്കാൻ കഴിയുന്നില്ല. അതിനാൽ മുകളിൽപ്പറഞ്ഞ നിബന്ധന ഒഴിവാക്കുകയോ മൂന്ന് വർഷത്തേയ്ക്ക് ഇളവ് അനുവദിക്കുകയോ ചെയ്യണമെന്നാവശ്യപ്പെട്ടിരിക്കുന്നു. മൂന്നു വർഷത്തെ ഇളവാണ് അനുവദിക്കുന്ന തെങ്കിൽ മുകളിൽപ്പറഞ്ഞ ഉത്തരവിലെ തൊട്ടു മുൻവർഷമെന്നത് തൊട്ടു മുമ്പുള്ള മൂന്നു വർഷമെന്ന് ഭേദഗതി ചെയ്ത് സഹകരണ വകുപ്പിന്റെ 09.01.2018-ലെ 1/2018/സഹ. ഉത്തരവിലെ നിബന്ധനകൾ പാലിച്ച് പ്രവൃത്തികൾ LCCS കൾക്ക് ലഭ്യമാക്കാൻ നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ടിരിക്കുന്നു

151

**4.115 തകഴി ഗ്രാമപഞ്ചായത്ത്**

**ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 30.09.2023-ലെ കത്ത് (SRG/1345/23 – CC/642/23)**

**വിഷയം:-** വയോജനങ്ങൾക്ക് കണ്ണട വാങ്ങി നൽകുന്നത് സംബന്ധിച്ച് .

| | | |
|---|---|---|
| *പ്രോ.നം:* 57/23 | *അടങ്കൽ* | *1,50,000 രൂപ (വികസനഫണ്ട് ജനറൽ )* |
| *പേര്* | *നേർക്കാഴ്ച – വയോജനങ്ങൾക്ക് കണ്ണട* | |

നേർക്കാഴ്ച എന്ന പേരിൽ വയോജനങ്ങൾക്ക് കണ്ണിന്റെ ടെസ്റ്റ് നടത്തി അനുയോജ്യമായ കണ്ണട വാങ്ങി നൽകാനുള്ള പ്രോജക്ടിന് അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

152

**4.116 ഇടമലക്കുടി ഗ്രാമപഞ്ചായത്ത്**

**ഇടുക്കി ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 07.10.2023 ലെ കത്തും ഇടമലക്കുടി ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 02.08.2023-ലെ 4(1) -ാം നമ്പർ തീരുമാനവും (SRG/1508/23 – CC/772/23)**

**വിഷയം:-** ഗ്രാമപഞ്ചായത്തു മുഖേന നടപ്പാക്കുന്ന സാധന സാമഗ്രികൾ ഉൾപ്പെട്ടിട്ടുള്ള പ്രോജക്ടുകളിൽ പ്രാദേശിക നിരക്കിൽ ഗതാഗത കൂലി ഉൾപ്പെടുത്തണമെന്നതു സംബന്ധിച്ച്

ഇടമലക്കുടി ഗ്രാമപഞ്ചായത്ത് വന മേഖലയിലാണ് സ്ഥിതി ചെയ്യുന്നത്. ഇവിടേയ്ക്ക് യാത്രയ്ക്ക് ഉപയോഗിക്കുന്നത് ഓഫ് റോഡിന് അനുയോജ്യമായ പ്രത്യേക വാഹനമാണ്. അതിനാൽ സാധന സാമഗ്രികളും മറ്റും ഗ്രാമപഞ്ചായത്തിലേയ്ക്ക് കൊണ്ടുപേകുന്നതിന് ഗതാഗത കൂലി കൂടുതലാണ്. ഇതിന്റെ അടിസ്ഥാനത്തിൽ താഴെപ്പറയുന്നവ കോഓർഡിനേഷൻ കമ്മിറ്റിയുടെ പരിഗണനയ്ക്കായി നൽകിയിരിക്കുന്നു.

(i) ഗ്രാമപപഞ്ചായത്ത് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കുന്ന പ്രോജക്ടുകളിൽ സാധനസാമഗ്രികൾ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ പ്രാദേശിക നിരക്കിൽ ട്രാൻസ്പോർട്ടേഷൻ ചാർജ്ജ് പ്രോജക്ടിൽ ഉൾപ്പെടുത്തണം.

(ii) ഗ്രാമപഞ്ചായത്തിൽ നടപ്പാക്കുന്ന വകുപ്പുകളുടേതടക്കമുള്ള മറ്റു പദ്ധതികളിൽ സാധന സാമഗ്രികൾ ഉൾപ്പെട്ടിട്ടുണ്ട് എങ്കിൽ പ്രാദേശിക നിരക്കിൽ ട്രാൻസ്പോർട്ടേഷൻ ചാർജ്ജ് തനത് ഫണ്ടിൽ നിന്ന് നൽകുന്നതിന് അനുമതി.

(iii) MGNREGS -ൽ മെറ്റീരിയൽ വർക്കിന് പ്രാദേശിക നിരക്കിലെ ട്രാൻസ്പോർട്ടേഷൻ ചാർജ്ജ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്താൻ അനുമതി.

153

**4.117 രാമങ്കരി ഗ്രാമപഞ്ചായത്ത്**

**ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 30.09.2023-ലെ കത്തും രാമങ്കരി ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 26.08.2023-ലെ 1(3)-ാം നമ്പർ തീരുമാനവും (SRG/1351/23 – CC/703/23)**

**വിഷയം:-** പട്ടികജാതി വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് സൈക്കിൾ വിതരണം

| | | |
|---|---|---|
| ***പ്രോ.നം:*** *70/24* | ***അടങ്കൽ*** | ***2,87,000 രൂപ (SCP)*** |
| ***പേര്*** | ***പട്ടികജാതി വിദ്യാർത്ഥികൾക്ക് സൈക്കിൾ വിതരണം*** | |

പട്ടികജാതി വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് സൈക്കിൾ നൽകുന്നതിനുള്ള പ്രോജക്ട് നടപ്പാക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു

154

**4.118 വാഴക്കാട് ഗ്രാമപഞ്ചായത്ത്**

**ബഹു.കൊണ്ടോട്ടി എം.എൽ.എ യുടെ 09.08.2023-ലെ വാഴക്കാട് ഗവ.ഐ.റ്റി.ഐ- PTA യുടെ 03.08.2023-ലെ കത്തും അനുബന്ധരേഖകളും (SRG/1646/23 – LSGD – DB1/431/23/LSGD)**

**വിഷയം:-** വാഴക്കാട് ITI യുടെ വൈദ്യുതി ബിൽ അടയ്ക്കുന്നത് സംബന്ധിച്ച്

വാഴക്കാട് ഗ്രാമപഞ്ചായത്തിൽ 2021 വർഷം പുതുതായി ഒരു ITI ആരംഭിച്ചു. ബന്ധപ്പെട്ട തദ്ദേശഭരണസ്ഥാപനം സൗജന്യമായി ഭൂമി കൈമാറി അവിടെ സ്വന്തമായി കെട്ടിടവും മറ്റ് അനുബന്ധ സൗകര്യങ്ങളും തയ്യാറാക്കുന്നത് വരെ ITI പ്രവർത്തിക്കുന്നതിനാവശ്യമായ ഭൗതിക സാഹചര്യങ്ങൾ (താൽക്കാലിക കെട്ടിടം, വൈദ്യുതി, ജലം, വാർഷിക അറ്റകുറ്റപ്പണി, മറ്റ് അത്യാവശ്യ കാര്യങ്ങൾ) തദ്ദേശഭരണ സ്ഥാപനം ലഭ്യമാക്കാം എന്ന ധാരണയിലാണ് വ്യാവസായിക പരിശീലന വകുപ്പ് ITI അനുവദിച്ചത്. നിലവിൽ വാഴക്കാട് ഗ്രാമപഞ്ചായത്ത്

സൗജന്യമായി ലഭ്യമാക്കിയ ദാറുൽഉലൂം അസോസിയേഷന്റെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിലാണ് ITI പ്രവർത്തിക്കുന്നത്. ഇതിന് വാടകയില്ല. വൈദ്യുതി ചാർജ്ജിനത്തിൽ രണ്ടു മാസത്തേയ്ക്ക് 9000 രൂപ ITI യിൽ ആകുന്നുണ്ട്. ഇത് ഗ്രാമപഞ്ചായത്ത് നൽകണമെന്നും വ്യാവസായിക വകുപ്പിൽ നിന്ന് ലഭിക്കുന്ന വിഹിതത്തിൽ നിന്നും ഇതിന് തുക ചെലവഴിക്കരുതെന്നും ട്രെയിനിംഗ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. വൈദ്യുതി ചാർജ്ജ് അടയ്ക്കാൻ തദ്ദേശസ്വയംഭരണ വകുപ്പ് റൂറൽ ഡയറക്ടറോട് അനുമതി ആവശ്യപ്പെട്ടുവെങ്കിലും അനുമതി നൽകിയില്ല. ITI യുടെ വൈദ്യുതി ചാർജ്ജടയ്ക്കാൻ പ്രത്യേകാനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

155

**4.119 ജില്ലാ ആസൂത്രണസമിതി, മലപ്പുറം**

**മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 12.10.2023-ലെ കത്ത് (SRG/1432/23)**

**വിഷയം:-** മലപ്പുറം ജില്ലയിൽ കായികമേള, ശാസ്ത്രമേള, കലാമേള എന്നിവയുടെ നടത്തിപ്പിന് തദ്ദേശഭരണസ്ഥാപനങ്ങളുടെ തനത്ഫണ്ട് വിഹിതം ഉപയോഗിക്കുന്നത് സംബന്ധിച്ച്.

ഉപജില്ലാ തലത്തിലും റവന്യൂ ജില്ലാതലത്തിലും വിദ്യാർത്ഥികളുടെ കലാ-കായിക-ശാസ്ത്ര മേളകൾ നടത്തേണ്ടതുണ്ട്. മറ്റു ജില്ലകളെ അപേക്ഷിച്ച് മലപ്പുറം വലിയ ജില്ല ആയതിനാൽ ചെലവ് കൂടുതലാണ്. 2022-23 വർഷം കലാ-കായിക ശാസ്ത്ര മേളകൾ റവന്യൂ ജില്ലാതലത്തിൽ നടത്തുന്നതിന് 77.50 ലക്ഷം രൂപ ചെലവു വന്നു. കൂടാതെ സംസ്ഥാന മേളകളിൽ പങ്കെടുക്കുന്നതിന് 2.00 ലക്ഷം രൂപയും ചെലവായി. എന്നാൽ സർക്കാരിൽ നിന്ന് അനുവദിച്ചത് 64.50 ലക്ഷം രൂപയാണ്. ഇതോടൊപ്പം 8.50 ലക്ഷം രൂപ ഉപജില്ലാ ഓഫീസുകൾ മുഖേന ലഭിച്ചു. ഇനിയും 8 ലക്ഷം രൂപ പല ഇനങ്ങളിലായി നല്കാനുണ്ട്. ഈ വിഷയം 09.10.2023-ലെ ജില്ലാ ആസൂത്രണസമിതി യോഗത്തിൽ ചർച്ച ചെയ്യുകയും ഈ കുറവ് പരിഹരിക്കാൻ ജില്ലയിലെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ടിൽ നിന്ന് വിഹിതം വാങ്ങാൻ തീരുമാനിക്കുകയും ചെയ്തു. ഗ്രാമപഞ്ചായത്തുകളിൽ നിന്നും മുനിസിപ്പാലിറ്റികളിൽ നിന്നും 10,000 രൂപ വീതവും ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്ന് 5000 രൂപ വീതവും ജില്ലാ പഞ്ചായത്തിൽ നിന്ന് 50,000 രൂപയും ഇതിനായി വാങ്ങാനാണ് ഉദ്ദേശിക്കുന്നത്. ജില്ലയിലെ തദ്ദേശഭരണസ്ഥാപനങ്ങൾക്ക് ഈ നിരക്കിൽ വിഹിതം വിനിയോഗിക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

156

**4.120 കേരള സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ് ചെയർമാന്റെ 23.11.23-ലെ കത്തും അനുബന്ധരേഖകളും (SRG/1642/23)**

**വിഷയം:-** കേരള സ്റ്റേറ്റ് ഡ്രഗ്സ് & ഫർമസ്യൂട്ടിക്കൽസിൽ നിന്നും മരുന്ന് വാങ്ങുന്നത് സംബന്ധിച്ച്

നിലവിലെ സബ്സിഡി ധനസഹായ മാർഗ്ഗരേഖ പ്രകാരവും കോഓർഡിനേഷൻ കമ്മിറ്റിയുടെ 26.09.2023-ലെ യോഗ തീരുമാനത്തിന്റെഅടിസ്ഥാനത്തിലുള്ള 25.10.2023-ലെ ഡി.എ1/363/2023/തസ്വഭവ നമ്പർ സർക്കുലർ പ്രകാരവും അലോപ്പതി മരുന്നുകൾ കേരള സ്റ്റേറ്റ് മെഡിക്കൽ സർവ്വീസ് കോപ്പറേഷനിൽ (KMSCL) നിന്ന് മാത്രമേ വാങ്ങാവൂ. അലോപ്പതി മരുന്നുകൾ KMSCL-ൽ നിന്ന് ലഭിക്കാൻ കാലതാമസം വന്നാൽ കാരുണ്യ, മാവേലി സ്റ്റോർ, സപ്ലൈകോ, ജൻഔഷധി, നീതി സ്റ്റോറുകൾ എന്നിവയുടെ ഔട്ട് ലറ്റുകളിൽ നിന്നു വാങ്ങാൻ അനുമതി നൽകിയിട്ടുണ്ട്. കേരള സ്റ്റേറ്റ് ഡ്രഗ്സ് & ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡ് (KSDP) മരുന്നു നിർമ്മിക്കുന്ന കമ്പനി ആയതിനാൽ മുകളിൽ പറഞ്ഞ സ്ഥാപനങ്ങളെക്കാൾ വിലക്കുറവിൽ ജനറിക് മരുന്നുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നേരിട്ട് എത്തിച്ചു നൽകാൻ KSDPക്ക് സാധിക്കുമെന്നറിയിച്ചിരിക്കുന്നു. അതിനാൽ KSDP യിൽ നിന്ന് കൂടി മരുന്നു വാങ്ങാൻ തദ്ദേശഭരണസ്ഥാപനങ്ങൾക്ക് അനുമതി നൽകണമെന്നാവശ്യപ്പെട്ടിരിക്കുന്നു.

157 4.121 <u>തിരുവനന്തപുരം ജില്ലാ പഞ്ചായത്ത്</u>

**സർക്കാരിന്റെ 14.11.2023-ലെ ഡി.എ1/360/2023 തസ്വഭവ നമ്പർ കത്ത്, 30.11.2023 -ലെ ഡി.എ1/405/2023 തസ്വഭവ നമ്പർ കത്ത്, തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 21.09.2023-ലെ കത്തും തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 18.11.2023-ലെ E3/4828/2017/ TDP നമ്പർ കത്തും തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് ഭരണസമിതിയുടെ 20.09.2023-ലെ 7(3) -ാം നമ്പർ തീരുമാനവും തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് ഭരണസമിതിയുടെ 14.11.2023-ലെ 8(2)-ാം നമ്പർ തീരുമാനവും അനുബന്ധരേഖകളും (SRG/1548/23, SRG/1590/23)**

**വിഷയം:-** സ്നേഹം മെഡിക്കൽ പാലിയേറ്റീവ് സൊസൈറ്റിയിൽ നിന്ന് മരുന്ന് വാങ്ങുന്നത് സംബന്ധിച്ച്.

(i) തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് 2018 മുതൽ 'ആശ്വാസ്' എന്ന പേരിൽ നടപ്പിലാക്കി വരുന്ന പദ്ധതി പ്രകാരം കരൾ, വൃക്ക എന്നിവ മാറ്റി വച്ച ജില്ലയിലെ നിർദ്ധനരായ രോഗികൾക്ക് മരുന്ന വിതരണം നടത്തുന്നുണ്ട്. ജില്ലാ പഞ്ചായത്തിന്റെ നേരിട്ടുള്ള നിയന്ത്രണത്തിലുള്ളതും ചാരിറ്റി സൊസൈറ്റി ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ളതുമായ സ്നേഹം മെഡിക്കൽ പാലിയേറ്റീവ് സർവ്വീസ് സൊസൈറ്റിയുടെ കീഴിൽ നാല് മെഡിക്കൽ സ്റ്റോറുകൾ പ്രവർത്തിക്കുന്നുണ്ട്.
നിലവിലെ സബ്സിഡി -ധനസഹായ മാർഗ്ഗരേഖ പ്രകാരവും കോഓർഡിനേഷൻ കമ്മിറ്റിയുടെ 26.09.2023-ലെ യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിലെ 25.10.2023-ലെ ഡി.എ1/363/2023/തസ്വഭവ നമ്പർ സർക്കുലർ പ്രകാരവും അലോപ്പതി മരുന്നുകൾ കേരള സ്റ്റേറ്റ് മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ (KMSCL) നിന്നു മാത്രമേ വാങ്ങാവൂ. അലോപ്പതി മരുന്നുകൾ KMSCL ൽ നിന്നും ലഭിക്കാൻ കാലതാമസം വന്നാൽ കാരുണ്യ, മാവേലി സ്റ്റോർ, സപ്ലൈകോ, ജൻഔഷധി, നീതി സ്റ്റോറുകൾ എന്നിവയുടെ ഔട്ട് ലറ്റുകളിൽ നിന്നു വാങ്ങാൻ അനുമതി നൽകിയിട്ടുണ്ട്.
ഈ സ്ഥാപനങ്ങളോടൊപ്പം ജില്ലാ പഞ്ചായത്തിന് കീഴിലുള്ള സ്നേഹം മെഡിക്കൽ പാലിയേറ്റീവ് സർവ്വീസ് സൊസൈറ്റിയുടെ കീഴിലുള്ള മെഡിക്കൽ സ്റ്റോറിനെ കൂടി ഉൾപ്പെടുത്തണമെന്നാവശ്യപ്പെട്ടിരിക്കുന്നു. ഒപ്പം 'ആശ്വാസ്' പദ്ധതിയിലെ ഗുണഭോക്താക്കൾക്ക് നൽകുന്നതിനുള്ള മരുന്ന് സ്നേഹം പാലിയേറ്റീവ് സൊസൈറ്റിയുടെ കീഴിൽ പ്രവർത്തിക്കുന്ന ന്യായവില മെഡിക്കൽ സ്റ്റോറുകളിൽ നിന്നും വാങ്ങാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

(ii) കരൾ, വൃക്ക മാറ്റി വച്ചവർക്ക് മരുന്ന് വാങ്ങി നൽകാൻ 66.00 ലക്ഷം രൂപയുടെ പ്രോജക്ടിന് ജില്ലാ ആസൂത്രണസമിതി അനുമതി നൽകിയിരുന്നു. എന്നാൽ ആരോഗ്യ വകുപ്പ് ഡയറക്ടർ പ്രോജക്ട് വെറ്റ ചെയ്തില്ല. രോഗികൾക്ക് 2023 ഏപ്രിൽ, മെയ്, ജൂൺ ജൂലൈ മാസങ്ങളിൽ മരുന്നു നൽകിയ വകയിൽ 22,48,060 രൂപ സ്നേഹം പാലിയേറ്റീവ് സൊസൈറ്റിക്ക് നൽകാനുണ്ടായിരുന്നു. ജില്ലാ പഞ്ചായത്ത് ഭരണ സമിതിയുടെ നിർദ്ദേശ പ്രകാരം ഈ തുക 11.09.2023-ൽ ജില്ലാ പഞ്ചായത്ത് സെക്രട്ടറി സ്നേഹം പാലിയേറ്റീവ് കെയർ സൊസൈറ്റിക്ക് അനുവദിച്ച് നൽകി. ഇതിന് സാധൂകരണം നൽകണമെന്നാവശ്യപ്പെട്ടിരിക്കുന്നു.

158 4.122 <u>ചേന്നംപള്ളിപ്പുറം ഗ്രാമപഞ്ചായത്ത്</u>

**ചേന്നംപള്ളിപ്പുറം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 04.10.2023-ലെ C1-51/23-ാം നമ്പർ കത്തും ചേന്നംപള്ളിപ്പുറം ഗ്രാമപഞ്ചായത്ത് ഭരണസമിതി തീരുമാനവും (SRG/1396/23)**

**വിഷയം:-** നെടിയാട്ടുചാലിൽ ഷട്ടർ സ്ഥാപിക്കാനുള്ള തുക മൈനർ ഇറിഗേഷൻ വകുപ്പിന് ഡെപ്പോസിറ്റ് ചെയ്യുന്നത് സംബന്ധിച്ച്

| | | |
|---|---|---|
| ***പ്രോ.നം: 264/24*** | ***അടങ്കൽ*** | ***45,00,000 രൂപ (CFC Tied Grant )*** |
| ***പേര്*** | ***ഓരുജലം നിയന്ത്രിക്കുന്നതിനുള്ള ഷട്ടർ സ്ഥാപിക്കൽ*** | |

വേമ്പനാട് കായലുമായി ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തിന്റെ 8, 9 വാർഡുകളിലായി വേമ്പനാട് കായലുമായി ബന്ധപ്പെട്ടുള്ള നെടിയാട്ടുചാൽ ജലാശയം നെൽക്കൃഷിക്ക് ഉപയോഗിക്കുന്നു. വേമ്പനാട് കായലിൽ നിന്നുള്ള ഓര് (ഉപ്പ്) കയറുന്നതുമൂലം കൃഷിക്ക് തടസ്സമുണ്ടാകുന്നുണ്ട്. ഒപ്പം സമീപവാസികൾക്ക് ശുദ്ധജലവും ലഭിക്കില്ല. വേനൽക്കാലത്ത് ഒരുമുട്ട് ഇടാറുണ്ട്. ഇതിനു പകരം ഷട്ടർ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നു. ഇതിനായി തുക മൈനർ ഇറിഗേഷൻ വകുപ്പിന് ഡെപ്പോസിറ്റ് ചെയ്യാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

159

4.123 <u>നാദാപുരം ഗ്രാമപഞ്ചായത്ത്</u>

**കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ സംസ്ഥാന വൈസ് പ്രസിഡന്റ് കൂടിയായ നാദാപുരം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 06.10.2023-ലെ കത്തും അനുബന്ധ രേഖകളും (SRG/1422/23)**

**വിഷയം:-** തദ്ദേശഭരണസ്ഥാപനങ്ങളിലെ ജനപ്രതിനിധികളായ എയ്ഡഡ് സ്കൂളിലെ അദ്ധ്യാപകർക്കും അനദ്ധ്യാപകർക്കും അവധി അനുവദിക്കുന്നത് സംബന്ധിച്ച്

.

തദ്ദേശഭരണ സ്ഥാപനങ്ങളിലെ അദ്ധ്യക്ഷൻമാർ, അംഗങ്ങൾ എന്നിവർ എയ്ഡഡ് സ്കൂളുകളിലും മറ്റും അദ്ധ്യാപകരായും അനദ്ധ്യാപകരായും ജോലി ചെയ്യുന്നുണ്ട്. ജനപ്രതിനിധികൾ എന്ന നിലയിൽ പല ഉത്തരവാദിത്തങ്ങളും നിർവ്വഹിക്കേണ്ടതുണ്ട്. ഇവർക്ക് സർക്കാരിന്റെ വിവിധ ഉത്തരവുകളനുസരിച്ച് സ്പെഷ്യൽ ക്യാഷ്വൽ ലീവ്, ഡ്യൂട്ടി ലീവ് വേതന രഹിത ലീവ് തുടങ്ങിയവയെടുക്കാം. എന്നാൽ ഇതു സംബന്ധിച്ച് വ്യക്തത കുറവുള്ളതിനാൽ പല സ്ഥാപന മേധാവികളും വ്യത്യസ്ത നിലപാടാണ് എടുക്കുന്നത്. അതിനാൽ വ്യക്തതയോടെ ഉത്തരവിറക്കണമെന്നാവശ്യപ്പെട്ടിരിക്കുന്നു. താഴെപ്പറയുന്ന രണ്ട് കാര്യങ്ങളിലാണ് വ്യക്തത വരുത്തേണ്ടത്.

(i) തദ്ദേശഭരണസ്ഥാപനങ്ങളിലെ പ്രസിഡന്റുമാർക്കും നഗരസഭാ ചെയർപേഴ്സൺമാർക്കും മറ്റ് തൊഴിലിൽ ഏർപ്പെടുന്നതിന് 25.11.2002-ലെ 203/2002/ തസ്വഭവ ഉത്തരവ് പ്രകാരം തടസ്സമില്ല. ഇതു സംബന്ധിച്ച് വ്യക്തത വരുത്തണം.

(ii) കോഓർഡിനേഷൻ കമ്മിറ്റിയുടെ 12.17.2017-ലെ യോഗ തീരുമാന പ്രകാരം ജനകീയാസൂത്രണ പ്രവർത്തനങ്ങളിൽ പങ്കെടുക്കുന്ന തദ്ദേശഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളായിരിക്കുന്ന എയ്ഡഡ് സ്കൂൾ/കോളേജ് അദ്ധ്യാപകർ, എയ്ഡഡ് സ്കൂൾ/കോളേജ് അദ്ധ്യാപകേതര ജീവനക്കാർ, അർദ്ധ സർക്കാർ ജീവനക്കാർ, സഹകരണ സ്ഥാപനങ്ങളിലെ ജീവനക്കാർ എന്നിവർക്ക് 13-ാം പഞ്ചവൽസര പദ്ധതിയിലെ ജനകീയാസൂത്രണ പ്രവർത്തനങ്ങൾ കൂടാതെ വിവിധ ആവശ്യങ്ങൾക്കായുള്ള ഗ്രാമസഭ, വാർഡ് വികസന സമിതി, കുടുംബശ്രീ, അയൽസഭ, വാർഡ്തല സാനിറ്ററി കമ്മിറ്റി, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട വിവിധ പരിശീലനങ്ങൾ എന്നിവയ്ക്ക് ഒരു വർഷം പരമാവധി 15 ദിവസം ഡ്യൂട്ടി ലീവ് അനുവദിച്ചുകൊണ്ട് 09.10.2017-ലെ 3248/2017/തസ്വഭവ നമ്പർ പ്രകാരം ഉത്തരവായിട്ടുണ്ട്. ഈ ഉത്തരവ് 14-ാം പദ്ധതിക്കു കൂടി ബാധമാക്കണമെന്ന് ആവശ്യപ്പെട്ടിരിക്കുന്നു.

160

4.124 <u>മൂന്നാർ ഗ്രാമപഞ്ചായത്ത്</u>

**മൂന്നാർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 17.10.2023-ലെ കത്തുകൾ (2 എണ്ണം) (SRG/1433/23)**

**വിഷയം:-** ഗ്രാമപഞ്ചായത്തിലെ വയോജനങ്ങൾക്ക് കിടക്ക വാങ്ങി നൽകുന്നത് സംബന്ധിച്ച്

.

വയോജനങ്ങൾക്ക് കിടക്ക വാങ്ങി  നൽകുന്നതിന് പ്രോജക്ട് ഏറ്റെടുക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

161

### 4.125 <u>ഇടമുളയ്ക്കൽ ഗ്രാമപഞ്ചായത്ത്</u>

**കൊല്ലം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 03.10.2023-ലെ കത്തും ഇടമുളയ്ക്കൽ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 08.12.2022-ലെ VII (1)-ാം നമ്പർ തീരുമാനവും (SRG/1364/23 - CC/728/23)**

**വിഷയം:-** MGNREGS ആക്ഷൻ പ്ലാനിൽ ഉൾപ്പെടാത്ത  പ്രദേശത്ത് കോൺക്രീറ്റിംഗ് നടത്തിയതിന്  തുക നൽകുന്നത് സംബന്ധിച്ച്

ഇടമുളയ്ക്കൽ ഗ്രാമപഞ്ചായത്ത് 2019-20-ൽ വിവിധ കോൺക്രീറ്റിംഗ് പ്രവൃത്തികൾ MGNREGS -ൽ എടുത്തിരുന്നു. ആക്ഷൻ പ്ലാനിൽ ഉൾപ്പെട്ടിരുന്ന  ഈ പ്രവൃത്തികൾ ടെണ്ടർ ചെയ്യാൻ താമസിച്ചതിനാൽ 2020-21 ൽ ഇതിലുൾപ്പെട്ട റോഡുകളുടെ ചില ഭാഗങ്ങൾ ഗ്രാമപഞ്ചായത്ത് വികസനഫണ്ട് ഉപയോഗിച്ച് ചെയ്തു.  അതിനാൽ MGNREGS  പ്രകാരം ടെണ്ടർ ചെയ്ത് പ്രവൃത്തി ആരംഭിച്ചപ്പോൾ റോഡിന്റെ നീളം എസ്റ്റിമേറ്റിൽ ഉള്ളതിനേക്കാൾ കുറച്ചു ചെയ്താൽ മതിയെന്ന സാഹചര്യം വന്നു.  അതിനാൽ MGNREGS ആക്ഷൻ പ്ലാനിൽ ഉൾപ്പെടാത്ത  കൈതക്കെട്ട് - ആലുവിളതടം റോഡ് (വാർഡ് 2)  എ.കെ.എം എച്ച്.എസ് ബ്രാഞ്ച് റോഡ് (വാർഡ് 3) തിരുഅറയ്ക്കൽ - തുപ്പോട്ട് ഏലാ റോഡ് (വാർഡ് 5) എന്നീ റോഡുകളുടെ കോൺക്രീറ്റിംഗ് നടത്തി. ഇതിന്റെ വേതനം തൊഴിലുറപ്പ് തൊഴിലാളികൾക്ക് നൽകി. എന്നാൽ മെറ്റീരിയൽ നൽകിയ  ശ്രീ.മണി ജെ, പുതിയവിള പുത്തൻവീട് എന്ന വെന്റർക്ക് 3,78,763 രൂപ നൽകാനുണ്ട്. ഈ തുക ഗ്രാമപഞ്ചായത്തിന്റെ  തനത് ഫണ്ടിൽ നിന്ന് നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.